

രാമകഥ

മലയാളത്തിൽ

സി.കെ.മൂസ്സത്


കേരളസാഹിത്യ അക്കാദമി


കേരളസാഹിത്യ അക്കാദമി

രാമകഥ — മലയാളത്തിൽ

Malayalam
Ramakatha—Malayalathil
By C. K. Moosad
Edited by T. P. Balakrishnan Nair
First Published March 1989
Printed at Chris Printers, Kottayam-3
B N 226 1-2000 Rights reserved
Published by Kerala Sahitya Akademi, Trichur

Price Rs. 17.00
Distributors:
National Book Stall, Kottayam

Cover design: K. N Sasidharan

രാമകഥ – മലയാളത്തിൽ

(പഠനം)

സി. കെ. മൂസ്സത്

സംശോധനം:

ടി. പി. ബാലകൃഷ്ണൻ നായർ

കേരളസാഹിത്യഅക്കാദമി

തൃശ്ശൂർ

ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1 പരമാണുലോകം
2 ശാസ്ത്രചിന്തകൾ
3 സാഹിത്യവീക്ഷണം
4 പുതിയ കാഴ്ചപ്പാടുകൾ
5 പ്രാചീനഗണിതം—മലയാളത്തിൽ
6 ഭൗതികശാസ്ത്രങ്ങൾ
7 ശ്രീശങ്കരാചാര്യർ
8 മലയാളം—മലയാളം—ഇംഗ്ലീഷ് നിഘണ്ടു
9 ശാസ്ത്രസാഹിത്യപ്രസ്ഥാനം
10 കേളപ്പൻ എന്ന മഹാമനുഷ്യൻ
11 മഹാകവി വള്ളത്തോൾ (വാല്യം ഒന്നു്)
12 കെ. മാധവൻ നായർ
13 മോഹിനിയാട്ടം (ഇംഗ്ലീഷ്)
14 തപാൽമുദ്രയുടെ അത്ഭുതകഥ (വിവർത്തനം)

ആമുഖം

ഗ്രന്ഥരചനയുടെ പശ്ചാത്തലം

രാമകഥയ്ക്ക് ഇന്ത്യയിലുടനീളം പ്രചാരമുണ്ടെന്നതിനു സംശയമില്ല. ഇന്ത്യയിൽ മാത്രമല്ല ശ്രീലങ്ക, ബർമ്മ, ടിബത്ത്, ജാവാ, ഇന്തോനേഷ്യ, ഇന്തോചൈന, മലയാ, കംബോഡിയാ എന്നീ അയൽപ്രദേശങ്ങളിലും രാമകഥാസാഹിത്യത്തിന്റെ സ്വാധീനം കാണാമെന്നു പറയുന്നു. ഇന്ത്യയിലുള്ള രാമകഥാസാഹിത്യവൈപുല്യത്തെപ്പറ്റി കേരളവർമ്മ വലിയകോയിത്തമ്പുരാൻ 1908–ൽ എഴുതിയിരുന്നു. രാമചരിതം, രാമകഥപ്പാട്ട്, രാമായണചമ്പു, ആട്ടക്കഥാസാഹിത്യം, തുള്ളൽകൃതികൾ എന്നിവയിലെല്ലാം രാമകഥ പരാമൃഷ്ടമാകുന്നുണ്ട്. 1938 കാലത്തു കണ്ണമ്പുഴ എസ്. കൃഷ്ണവാരിയർ വാല്മീകിരാമായണത്തിനു് ഒരു വിസ്തൃതവ്യാഖ്യാനം തയ്യാറാക്കി ക്യാപ്റ്റൻ ഗോദവർമ്മ രാജാ രക്ഷാധികാരിയായി പ്രസിദ്ധീകരിച്ചതും കണ്ടിട്ടുണ്ട്. അന്നത്തെ സാമൂതിരികോളേജ് പ്രിൻസിപ്പൽ ഏ. വി. കൃഷ്ണമേനോൻ ആ വിശിഷ്ടസംരംഭത്തെ ശ്ലാഘിച്ചതും ഞാൻ ഓർമ്മിക്കുന്നു. അദ്ധ്യാത്മരാമായണം മൂലത്തിനു് പല പരിഷ്കാരങ്ങളും വരുത്തിയാണു് എഴുത്തച്ഛൻ കിളിപ്പാട്ടു രചിച്ചതു്. മൂലത്തിനു വൃത്താനുവൃത്തമായ പരിഭാഷ കപ്രശ്ശേരി അപ്പുണ്ണിക്കയ്യാ ഇറക്കിയതും ഡോ. ഏ. രാമചന്ദ്രദേവ് എഴുതിയ വ്യാഖ്യാനഗ്രന്ഥവും വിശദമായി പരിശോധിച്ച കാര്യവും മറച്ചുവയ്ക്കുന്നില്ല. എഴുത്തച്ഛൻകൃതിയുടെ മഹത്വം കണക്കിലെടുത്തു് അദ്ധ്യാത്മരാമായണസദാചാരങ്ങൾ എന്ന ഒരു പ്രസിദ്ധീകരണം പേട്ടയിൽ രാമൻപിള്ള ആശാനെഴുതായിട്ടുമുണ്ടു്.

ഭാഷയിലെ പ്രഥമ മഹാകാവ്യമായ ശ്രീരാമചന്ദ്രവിലാസം മുതൽ ആശാന്റെ ബാലരാമായണം, ആറൂരിന്റെ ലഘുരാമായണം, മൂലൂരിന്റെ ശ്രീരാമോദന്തം വിവർത്തനം എന്നിവയും ഈ ഗ്രന്ഥരചനയ്ക്കുവേണ്ടി പരിശോധിച്ചു. ശ്രീരാമോദന്തത്തിലെന്നപോലെ കമ്പരാമായണത്തിലും ആറൂരിന്റെ ലഘുരാമായണത്തിലും ഗ്രന്ഥാരംഭം ലങ്കാപുരി കേന്ദ്രമാക്കിയാണു്. ഇതിലേക്കു് ഒരു ന്യായീകരണം ആറൂർ നല്കിയതിങ്ങനെയാകുന്നു. 'രാവണോല്പത്തിയും മറ്റും രാമായണത്തിൽ ഉത്തരഭാഗത്തിലാണു പ്രസ്താവിച്ചിരിക്കുന്നതെങ്കിലും കഥാ

ക്രമമനുസരിപ്പാനായി ഇതിൽ ആദ്യംതന്നെ ചേർത്തിരിക്കുന്നു.' കമ്പരാമായണത്തിനു പാലക്കാട്ട്, വള്ളുവനാട്ട്, പൊന്നാനി പ്രദേശത്തെ ഭഗവതിക്ഷേത്രങ്ങളോടനുബന്ധിച്ച് ഓലപ്പാവ കൂത്തുവഴി പ്രചാരം കിട്ടിയിരിക്കണം. ഒറ്റപ്പാലക്കാരനായ പനങ്കടവത്തു നാരായണന്റെ കമ്പരാമായണഗദ്യഗ്രന്ഥം ഭാഗ്യ മെന്നു പറയട്ടേ കണ്ടുകിട്ടി, പുത്രൻ പി. കെ. എസ്. മണി യുമായി ബന്ധപ്പെട്ടാണു് ചില വിവരങ്ങൾ ഗ്രന്ഥകാരനെ പ്പറ്റി സമ്പാദിച്ചതു്. തലശ്ശേരിക്കടുത്തു മട്ടന്നൂരിലെ ബന്ധു ഗൃഹത്തിൽനിന്നു് ഒരു പഴയ സീതാവിജയം കിളിപ്പാട്ടും താളിയോലഗ്രന്ഥവും സമ്പാദിക്കാൻ കഴിഞ്ഞിരുന്നു.

കൂടാതെ പി. കുഞ്ഞിരാമൻ നായരുടെ ചാരിത്രരക്ഷ, സീത, ശ്രീരാമചരിതം, സീതാദേവി എന്നീ കൃതികളും പുത്തേ ഴത്തു രാമൻ മേനോന്റെ രാമായണകഥാഗ്രന്ഥങ്ങളും പഠനവി ഷയമായിട്ടുണ്ടു്. കവികുലഗുരു പി. വി കൃഷ്ണവാരിയർ രചിച്ച ചിന്താഗ്രസ്തനായ ശ്രീരാമൻ, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാ ടിന്റെ അശോകവനികയിലെ സീതയും മഹാകവി കുമാരനാ ശാന്റെ ചിന്താവിഷ്ടയായ സീതയെന്നപോലെ പരാമർശമർ ഹിക്കുന്നതായി കണ്ടു. എങ്കിലും എഴുത്തച്ഛന്റെ അദ്ധ്യാത്മരാ മായണത്തിനുള്ള പ്രാധാന്യവും പ്രശസ്തിയും അന്യൂനമായി നില കൊള്ളും.

രാമകഥാസാഹിത്യം പരശുരാമക്ഷേത്രത്തിൽ എത്ര വൈ വിധ്യമാർന്നു പ്രചരിച്ചു എന്നതിലേക്കു് ഒരു ചെറുകൈത്തിരി യായി ഈ ഗ്രന്ഥം പ്രയോജനപ്പെട്ടുമെന്നാണു് എന്റെ വിശ്വാ സം. ധാർമ്മികമൂല്യങ്ങൾ അനുദിനം ച്യുതിപ്പെട്ടുവരുന്ന ഈ കാലത്തു് രാമകഥയ്ക്കു പ്രത്യേക പ്രസക്തിയുണ്ടു്. വർഷങ്ങൾക്കു മുമ്പു് എഴുതിക്കൊടുത്ത 'രാമകഥ—മലയാളത്തിൽ' എന്ന ഗ്രന്ഥ ത്തിനു് ഈ സന്ദർഭത്തിൽ വെളിച്ചം കാണാൻ അവസരമുണ്ടാ ക്കിയ പുതിയ അക്കാദമി നേതൃത്വത്തോടുള്ള എന്റെ കടപ്പാടും കൂടി രേഖപ്പെടുത്തി ഈ ആമുഖം അവസാനിപ്പിക്കട്ടേ.

പാലക്കാട്
5–2–'89

പ്രൊഫ. സി. കെ. മൂസ്സത്

ഉള്ളടക്കം

1 രാമകഥ: മലയാളത്തിൽ——ആമുഖം 9

2 രാമചരിതവും രാമകഥപ്പാട്ടും 13

3 കണ്ണശ്ശരാമായണവും രാമായണചമ്പുവും 16
ഭോജചമ്പു, രാമായണംപാന, ബാലിവധം, സീതാദുഃഖം കിളിപ്പാട്ടുകൾ

4 ശ്രീരാമായണഗാനഗന്ധർവൻ ജയിക്കുന്നു. 25
ഇരുപത്തിനാലുവൃത്തം, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

5 കേരളവർമ്മരാമായണം 36
പാതാളരാമായണംകിളിപ്പാട്ട്, സീതാവിജയം, പാതാളരാവണവധം ആട്ടക്കഥ, ശതമുഖരാവണവധം, മത്സ്യവല്ലഭവിജയം ആട്ടക്കഥ, ഉത്തര രാമചരിത കാവ്യം, കുട്ടികളുടെ രാമായണം—ഗദ്യം

6 കൊച്ചു കിളിപ്പാട്ടുകൾ 43
രാമാശ്വമേധം, സീതാവിജയം, കുശലവോപാഖ്യാനം

7 ആട്ടക്കഥാസാഹിത്യം 49
രാമനാട്ടം (ഒന്നാമത്തെ ആട്ടക്കഥ), ലവണാസുരവധം, ശ്രീരാമാശ്വമേധം, രാമാനുകരണം, ഔഷധാപഹരണം

8 രാമകഥ തുള്ളൽപ്പാട്ടുകളിൽ 57
കുംഭകർണ്ണവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, സുന്ദരകാണ്ഡം, ഭരതശപഥം,

9 കമ്പരാമായണകഥാമൃതം 63

10 കൊട്ടാരത്തിൽ ശങ്കുണ്ണി തുടങ്ങിയവരുടെ സംഭാവന 73
ശ്രീരാമാവതാരം, സീതാവിവാഹം, ശ്രീരാമപട്ടാഭിഷേകം, ഊർമ്മിള, ലക്ഷ്മണപ്രവാസം, വിഭീഷണാഭിഷേകം (ഖണ്ഡകാവ്യങ്ങൾ)

11 പ്രതിമാനാടകം, ഹനുമന്നാടകം ——വിവർത്തനങ്ങൾ 80
അഭിഷേകനാടകം, ഉന്മത്തരാഘവം (പ്രേക്ഷണകം), കൊച്ചുസീത

12 ഉത്തരരാമചരിതം നാടകത്തിലൂടെ 86

13 പേട്ടയിൽ രാമൻപിള്ള ആശാന്റെ രാമായണകൃതികൾ 94
അദ്ധ്യാത്മരാമായണസഭാചാരങ്ങൾ, സന്ധ്യാനാമം, കനകലതാസ്വയംവരം

14 രാമചന്ദ്രവിലാസവും ഭാഷാരഘുവംശവും 101

15 വാല്മീകിരാമായണം—വൃത്താനുവൃത്തവിവർത്തനം 109

16 രാമകഥ—പദ്മപുരാണത്തിൽ 116

17 നമ്മുടെ ബാലരാമായണങ്ങൾ 123
ശ്രീരാമോദന്തവും ലഘുരാമായണവും, ബാലരാമായണം, സീതാദേവി, ബാലരാമായണം ഗാഥ

18 ചിന്താവിഷ്ടയായ സീത 130
പുത്തുമയും പൊലിമയും, ചിന്താഗ്രസ്തനായ ശ്രീരാമൻ, അശോകോദ്യാനത്തിലെ സീത

19 രാമായണവും വടക്കുംകൂറും 135

20 രാമകഥാസ്വാധീനം സമൂഹത്തിൽ 140
വെണ്ണിക്കുളത്തിന്റെയും നാലപ്പാട്ടിന്റെയും സംഭാവനകൾ: വാതിൽത്തുറപ്പാട്ടുകൾ, തുള്ളൽസീതാസ്വരാമായണം, പഞ്ചകന്യാദർശനം, സുലോചന, ദൈവഗതി; പാഠകവും ചാക്യാർകൂത്തും

21 രാമകഥ പി. യിലൂടെ 148
ചാരിത്രരക്ഷ, സീത (ഗദ്യനാടകം), ശ്രീരാമചരിതം കാവ്യം

22 പൂത്തേഴത്തിന്റെ രാമായണകഥകൾ 153

23 ശ്രീകണ്ഠൻനായരുടെ നാടകത്രയം 157
സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത

24 രാവണപക്ഷവും രാമപക്ഷവും 160

25 രാമായണത്തിലെ ദ്വേഷിപ്രഭാവം 163

1. രാമകഥ: മലയാളത്തിൽ—ആമുഖം

ഭാരതീയസംസ്കാരസമ്പത്തിൽ ആകൃഷ്ടരായി ഇന്ത്യയിലെത്തിയ വിദേശികളിൽ ഒരാളാണ് ഫാദർ കാമിൽ ബുൽക്കെ. ഭാരതീയ ചിന്താധാര മനസ്സിലാക്കുന്നതിനു് അദ്ദേഹം സംസ്കൃതവും ഹിന്ദിയും പഠിച്ചു. ഡി. ഫിൽ ബിരുദം സമ്പാദിക്കുന്നതിനായി അദ്ദേഹം തെരഞ്ഞെടുത്ത ഗവേഷണവിഷയം 'രാമകഥയുടെ വളച്ച്' എന്നതായിരുന്നു. രാമകഥ സംബന്ധിച്ചു് ഇന്ത്യയ്ക്കകത്തും പുറത്തും പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ കൃതികളും പഠനങ്ങളും ഫാദർ ബുൽക്കെ പരിശോധിച്ചിട്ടുള്ളതായി ഈ ഗവേഷണഗ്രന്ഥത്തിലെ ഓരോ പേജും തെളിയിക്കുന്നു. ഫാദർ ബുൽക്കെയുടെ രാമകഥ, രാമകഥയെപ്പറ്റിയുള്ള സമഗ്രമായ ഒരു വിജ്ഞാനകോശംതന്നെ ആയിട്ടുണ്ടു്. എണ്ണൂറിൽ അധികം പേജുള്ള ആ ഗ്രന്ഥത്തിലെ ഇരുപത്തൊന്നു് അധ്യായങ്ങളെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രഥമ ഭാഗത്തിലെ അഞ്ചു് അധ്യായങ്ങളും രാമകഥയെപ്പറ്റി ഉദ്ഭോദകാലംതൊട്ടു് നിലവിലുള്ള സാഹിത്യരേഖകളെ പര്യവേക്ഷണം ചെയ്യാൻ വിനിയോഗിച്ചിരിക്കുകയാണു്. വിശ്വാമിത്രൻ, അഗസ്ത്യൻ, വസിഷ്ഠൻ, ഭരദ്വാജൻ, ജനകൻ, സീത എന്നീ കഥാപാത്രങ്ങളും പരസ്പരം ബന്ധപ്പെട്ട നിലയിൽ അല്പെങ്കിലും ഇതിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടു്. നന്നാലു് അധ്യായം വീതം വരുന്ന രണ്ടും മൂന്നും ഭാഗങ്ങളിലെ ഉള്ളടക്കം രാമകഥയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള ഒരു വിദഗ്ധപഠനവും രാമകഥാസാഹിത്യത്തെക്കുറിച്ചുള്ള ഒരു സിംഹാവലോകനവുമാണു്. ഒടുവിലുള്ള നാലാംഭാഗം എട്ടു് അധ്യായങ്ങളും കൊണ്ടു് കനപ്പിച്ചതാണു്. രാമകഥയുടെ വളച്ചു്യും വികാസവും ചച്ചുചെയ്യപ്പെടുന്നതു് ഈ ഭാഗത്താണു്. 1950—ൽ ഹിന്ദിയിൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിനു് ഇതിനിടയ്ക്കു് മൂന്നു പതിപ്പുകളും വേണ്ടിവന്നു. പ്രയാഗ സർവ്വകലാശാല ഗ്രന്ഥകാരനു് ഡി. ഫിൽ ബിരുദം നല്കുകയും ചെയ്തു. ഇത്രയും സംഗതികളും ഗ്രന്ഥത്തിന്റെ ജനസമ്മതിക്കും ആധികാരികസ്വഭാവത്തിനും മതിയായ തെളിവാകുന്നു. മറ്റു ഭാഷകളിലെ രാമകഥയെ സംബന്ധിച്ചുള്ള അവലോകനത്തിനു് കേരളസാഹിത്യ അക്കാദമിയുടെ ഈ പ്രസിദ്ധീകരണം നമുക്കു് ഒരു പുതിയ വാതിൽ തുറന്നു തന്നിരിക്കുകയാണു്.

1979 സെപ്റ്റംബർ ലക്കം ഗ്രന്ഥാലോകത്തിൽ ഞാൻ 'രാമകഥ: ഉദ്ഭവവും വളച്ച്യും' എന്ന ഗ്രന്ഥത്തിനു് ഒരു നിരൂപണം എഴുതുകയുണ്ടായി. പ്രസ്തുത കൃതി ഗവേഷണപ്രധാനമായ വസ്തുതകളുടെ ഒരു അമൂല്യഭണ്ഡാഗാരമാണു്. അതിന്റെ പ്രസിദ്ധീകരണത്തിൽ സാഹിത്യഅക്കാദമി അഭിനന്ദനം അർഹിക്കുന്നു. മലയാളത്തിലെ രാമകഥാപ്രതിപാദകങ്ങളായ കൃതികളെല്ലാം സമഗ്രമായി സ്മരിച്ചുകൊണ്ടു് 'രാമകഥഃ മലയാളത്തിൽ' എന്നൊരു സഹോദരപ്രസിദ്ധീകരണത്തിന്റെ പ്രസക്തി കേരള സാഹിത്യ അക്കാദമി കാണുന്നുണ്ടെന്നു പ്രതീക്ഷിക്കാം.

ഇന്ത്യയിൽ മാത്രമല്ല, ശ്രീലങ്ക, ബർമ, ടിബറ്റ്, ജാവ, ഇന്തോനേഷ്യ, ഇന്തോചൈന, മലയ, കംബോഡിയ എന്നീ അയൽപ്രദേശങ്ങളിലും രാമകഥാസാഹിത്യത്തിന്റെ സ്വാധീനം കാണാം. വാമൊഴിയായി

പ്രചരിച്ച കഥ പുനരവതരണം ചെയ്യുന്നതിൽ പ്രാദേശികമായ അഭിനിവേശങ്ങളും ചരിത്രപരമായ സവിശേഷതകളും കാരണം അല്പസ്വല്പമായ നിറഭേദമോ രൂപഭേദമോ വന്നുപെട്ടിരിക്കാം. ഈവക വശങ്ങളിലേക്കെല്ലാം ഗ്രന്ഥകാരന്റെ അന്വേഷണബുദ്ധി പരതി ചെന്നിട്ടുണ്ട്. കഥാവസ്തുവിനുതന്നെ പരിവർത്തനവും പരിവർത്തനവും വൻതോതിൽ വന്നുപെട്ടിട്ടുള്ളതായി അദ്ദേഹത്തിനു ബോദ്ധ്യമായിരിക്കുകയാണു്. വിഭീഷണനും ത്രിജടയും തമ്മിൽ ബന്ധമുള്ളതിന്റെ യാതൊരു സൂചനയും വാല്മീകിരാമായണത്തിൽ ഇല്ല. പക്ഷേ, കമ്പരാമായണത്തിൽ (ഗോവിന്ദരാജടിപ്പണി) ത്രിജടയെ വിഭീഷണപുത്രിയാക്കുമ്പോഴും, ആനന്ദരാമായണകർത്താവു് ത്രിജടയെ കാണുന്നതു് വിഭീഷണപത്നിയായിട്ടാണു്. ചിലർക്കു് ത്രിജട വിഭീഷണസഹോദരി മാത്രമാകുന്നു. സീതയെ ചില പ്രദേശക്കാർ രാവണപുത്രിയായും മറ്റു ചിലർ ദശരഥപുത്രിയായും ചിത്രീകരിച്ചിരിക്കുകയാണു്. നമ്മുടെ പാട്ടുകളിലാണെങ്കിൽ 'ജനകന്റെ മകളല്ലോ ചീതപ്പെണ്ണു്, അവരക്കല്ലൊ രാമച്ചേട്ടൻമുണ്ട കൊടുത്തു' എന്ന നിലപാലിക്കുന്നു. മാധവകന്ദളിയുടെ ആസ്സാമിയ രാമായണത്തിൽ ഹനുമാൻ അശോകവനിക തകർക്കുന്നതിനുമുമ്പു് രാവണനെ അന്വേഷിക്കുന്നു. 'ഞാൻ സൗരാഷ്ട്രക്കാരനായ ഒരു ബ്രാഹ്മണവഴിപോക്കനാണു്. തലേദിവസത്തെ ഏകാദശിവ്രതത്താൽ ക്ഷീണിതനാണെങ്കിലും രാജസന്നിധിയിൽ വേദപാരായണം ചെയ്തശേഷം വ്രതം അവസാനിപ്പിക്കാമെന്നു വച്ചിരിക്കുകയാണു്'' വേദപാരായണം നടത്തി രാജപ്രീതി വന്നശേഷമാണു് ഫലമൂലാശനത്തിന്റെ പേരിൽ അശോകവനിക നശിപ്പിക്കുന്നതു്.

വാല്മീകിരാമായണത്തിൽ സീതയുടെ രക്ഷയ്ക്കായി ലക്ഷ്മണൻ ശൂർപ്പണഖയുടെ മൂക്കു് അരിഞ്ഞിട്ടതായേ പറയുന്നുള്ള. അധ്യാത്മരാമായണം മൂലത്തിലാകട്ടെ,

'തതോ രാമാജ്ഞയാ ഖഡ്ഗമാദായ പരിഗൃഹ്യ താം
ചിച്ഛേദ നാസാം കർണ്ണൗ ച ലക്ഷ്മണോഽലഘുവിക്രമഃ'

ഇങ്ങനെ മൂക്കും കാതും മുറിച്ച എന്നായി. എഴുത്തച്ഛൻ ഒരടികൂടി മുന്നോട്ടവച്ചു് കാതും മൂക്കും മുലയുമെല്ലാം ഛേദിച്ചതാക്കി. കമ്പരാമായണക്കാരൻ ലക്ഷ്മണനെക്കൊണ്ടു് ഖഡ്ഗം എടുപ്പിച്ചു് ശൂർപ്പണഖയുടെ മുടി, നാസിക, കർണ്ണം, അധരം, കുചം എന്നിവ ഛേദിച്ചുവീഴ്ത്തായി പറയുന്നു.

ഉത്തരകാണ്ഡത്തിൽ നഗരത്തിലെ ഒരു ചിത്രകാരൻ മരപ്പലകയിൽ വരച്ച ഏതാനും വർണ്ണചിത്രങ്ങളം ലക്ഷ്മണൻ സീതയ്ക്കു് കാഴ്ചവച്ചതായി പറയുന്നു. ഉന്നതങ്ങളായ ഗിരിശൃംഗങ്ങളം, വെള്ളച്ചാട്ടങ്ങളം, തപോവനങ്ങളം, മാൻ മേയും മലഞ്ചെരിവുകളം, മയിലാട്ടം മരത്തോപ്പുകളം ഇവയിലെല്ലാം സീത താത്പര്യം കാണിച്ചതായി പറഞ്ഞിട്ടുണ്ട്. കമ്പരാമായണത്തിൽ ഭർത്തൃമാതാക്കളം സീതയെക്കൊണ്ടു് ശ്രീരാമന്റെ ആവണപ്പലകമേൽ രാവണരൂപം വരപ്പിച്ചു് തെറ്റിദ്ധാരണ ഉണ്ടാക്കാൻ ശ്രമിച്ചതായി ഒരു പരാമർശമുണ്ട്. അപ്പോഴും ശ്രീരാമനിൽ എന്തൊരു അവസ്ഥാഭേദമാണു് മാനസികമായി വന്നുപെടുന്നതു്.

രാമായണകഥയെ ബുദ്ധമതക്കാർ കുറെയൊക്കെ വികൃതമാക്കിയിട്ടുണ്ട്. ബൗദ്ധമതത്തിലെ ദശരഥജാതകം എന്ന പുസ്തകത്തിൽ രാമായണകഥ വിവരിച്ചതു് രസകരമായിട്ടുണ്ട്. ജേതവനത്തിലെ ഒരു ഗൃഹസ്ഥൻ പിതൃദുഃഖത്തിൽ വിഷമിക്കുമ്പോഴും സമാശ്വസിപ്പിക്കാൻ ബുദ്ധ

ദേവൻ പറയുന്നതായിട്ടാണ് കഥ അവതരിപ്പിക്കപ്പെട്ടുന്നത്. അതനുസരിച്ച് വാരാണസിയിലെ രാജാവായ ദശരഥനു് പതിനായിരം ഭാര്യമാരുണ്ടായിരുന്നു. പട്ടമഹിഷിയിൽ രണ്ടു് ആൺമക്കളും ഒരു മകളുമുണ്ടായി. മൂത്ത മകൻ ശ്രീരാമൻ, അനുജൻ ലക്ഷ്മണൻ, രാജകുമാരി സീത. കാലം കുറെ കഴിഞ്ഞു് പട്ടമഹിഷി അന്തരിച്ചപ്പോൾ ദശരഥൻ മറ്റൊരുവളെ പട്ടമഹിഷിയായി സ്വീകരിച്ചു. അതിലുണ്ടായ പുത്രനാണു് ഭരതൻ. രാജ്യാവകാശം ഭരതനു കിട്ടണമെന്നു് പുതിയ മഹാരാജ്ഞി മഹാരാജാവിനോടു് അപേക്ഷിച്ചു. മഹാരാജാവു് ഈ അപേക്ഷ സ്വീകരിച്ചില്ല. അദ്ദേഹം തന്റെ പൂർവ്വം രാമലക്ഷ്മണന്മാരോടു് കുറച്ചുകാലം കാട്ടിൽ കഴിച്ചുകൊള്ളാനും തന്റെ കാലശേഷം രാജ്യഭാരം ഏറ്റെടുത്തുകൊള്ളാനുമാണു് നിർദ്ദേശിച്ചതു്. വനവാസത്തിനു സീതയും രാമലക്ഷ്മണന്മാരോടു് ഒന്നിച്ചു പോയിരുന്നു. ഒൻപതു വർഷങ്ങൾക്കുശേഷം പുത്രദുഃഖത്താൽ ദശരഥൻ ചരമമടഞ്ഞു. ഭരതൻ ശേഷക്രിയകളും നടത്തി. രാജ്യാധികാരം കൈയേൽക്കുന്നതിനെ ജനങ്ങളും അംഗീകരിച്ചില്ല. രാമനെ കൂട്ടിക്കൊണ്ടുവരുന്നതിനു് ഭരതൻ ചതുരംഗസേനയുമായി കാട്ടിലേക്കു പുറപ്പെട്ടു. പഞ്ചവടിയിൽ വസിക്കുന്ന രാമനെ കണ്ടു് കാൽക്കൽ വീണു് നമസ്കരിച്ചു് നാട്ടിലേക്കു് എഴുന്നള്ളേണ്ടതിന്റെ സാഹചര്യം അറിയിച്ചു. രാമൻ ലക്ഷ്മണനോടും സീതയോടും ഒരു തടാകത്തിൽ ഇറങ്ങി നില്ക്കാൻ പറഞ്ഞു. ദുഃഖംമൂലം തറയിൽ വീഴുന്നതു് ഒഴിവാക്കാനാണു് ഇങ്ങനെ രാമൻ നിർദ്ദേശിച്ചതു്.

'ഹേ സീതേ ലക്ഷ്മണാ നിങ്ങളീ വെള്ളത്തിലിറങ്ങുവിൻ;
അച്ഛൻ മരിച്ചുപോയെന്നു ഭരതൻ പറയുന്നിതാ'

ഈ ശ്ലോകം രാമൻ മൂന്നുതവണ ചൊല്ലി സീതയും ലക്ഷ്മണനും മൂർച്ഛിച്ചുവീണു. സേവകന്മാർ അവരെ കരയ്ക്കുകയറ്റി സമാശ്വസിപ്പിച്ചു. പന്ത്രണ്ടു വർഷം കഴിഞ്ഞു് നാട്ടിൽ മടങ്ങി എത്താനായിരുന്നു താതനിയോഗമെന്നു് രാമൻ ഭരതനെ ഓർമ്മിപ്പിച്ചു. താതാജ്ഞയെ ശിരസാ വഹിക്കുകയാണെന്നുള്ള രാമഭാഷിതം കേട്ടു് ഭരതൻ രാമപാദുകങ്ങളെ വാരാണസിയിലേക്കു് ആനയിച്ചു. രാമപാദുകങ്ങൾ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചു് ജ്യേഷ്ഠന്റെ ഒരു പ്രതിപുരുഷനെന്ന നിലയിൽ രാജ്യകാര്യങ്ങളും ഭരതൻ നിർവഹിച്ചു. മൂന്നുകൊല്ലം കഴിഞ്ഞു് രാമൻ വാരാണസിയിൽ തിരിച്ചെത്തി ഏറെക്കാലം രാജ്യഭരണം നടത്തി സ്വർഗ്ഗാരോഹണം ചെയ്തുവെന്നാണു് രത്നച്ചുരുക്കം.

ഈ കഥ വിവരിച്ചശേഷം ബുദ്ധദേവൻ പറഞ്ഞു: 'ആ ദശരഥൻ തന്നെയാണു് ശുദ്ധോദനമഹാരാജാവു്; രാമന്റെ അമ്മയാണു് മഹാമായ. രാഹുലന്റെ അമ്മയാകുന്ന സീത; ഭരതൻ ആനന്ദനും ലക്ഷ്മണൻ ശാരീപുത്രനുമാകുന്നു; ആ സഭതന്നെയാണു് ബുദ്ധന്റെ സഭ; താൻ തന്നെയാണു് രാമൻ' രാമായണകഥയുടെ പ്രചാരത്തെ ബുദ്ധമതപ്രചാരണത്തിനുകൂടി ഉപയോഗപ്പെടുത്തി എന്നു മാത്രമാണു് ഇതിൽനിന്നു ധരിക്കേണ്ടതു്.

വാല്മീകിരാമായണത്തിനും അധ്യാത്മരാമായണത്തിനും *കമ്പരാമാ

* കമ്പരാമായണത്തിനു് വിദ്വാൻ ശ്രീധരനുണ്ണി തയ്യാറാക്കിയ വ്യാഖ്യാനം ശ്രീരാമവിലാസക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

യണത്തിനും* തുളസീദാസരാമായണത്തിനും മലയാളത്തിൽ വിവർത്തനം ഉണ്ടായിട്ടുണ്ട്.

അയനം എന്ന വാക്കിനു് മാർഗ്ഗം എന്ന അർത്ഥമുണ്ടു്. ധർമ്മമാർഗ്ഗത്തിൽനിന്നു് തെല്ലുപോലും വ്യതിചലിക്കാതെയാണു് രാമൻ ജീവിതയാത്ര തുടർന്നതു്. സത്യത്തിന്റെയും ധർമ്മത്തിന്റെയും രക്ഷയ്ക്കും അധർമ്മധ്വംസനത്തിനും എത്ര ത്യാഗവും സഹിക്കാൻ തയ്യാറാവുക എന്ന ആഖ്യാനമാണു് ആദികവി രാമായണരചനയിലൂടെ ലോകത്തിനു നൽകിയിരിക്കുന്നതു്. കെ. പി. നാരായണപിഷാരടിയുടെ പദങ്ങളും ആശയങ്ങളും കടമെടുത്തുകൊണ്ടു് രാമന്റെ മഹത്ത്വത്തെക്കുറിച്ചു് നമുക്കു് മനനം ചെയ്യാം: 'അച്ഛന്റെ സത്യം പരിപാലിക്കാൻവേണ്ടി രാജ്യം ഉപേക്ഷിച്ചു് പതിന്നാലുവർഷത്തേക്കു് വനവാസം സ്വീകരിച്ചു എന്നതാണു് രാമന്റെ ആദ്യത്തെ ത്യാഗം. ഏതു ഭരതനുവേണ്ടിയാണോ താൻ രാജ്യമുപേക്ഷിച്ചതു് ആ ഭരതൻതന്നെ അയോധ്യാവാസികളോടുകൂടി കാട്ടിൽച്ചെന്നു് രാജ്യം രാമന്റെ കാൽക്കൽ അടിയറവെച്ചിട്ടും സത്യപരിപാലനത്തിനുവേണ്ടി അതു് സ്വീകരിച്ചില്ലെന്നതാണു് രാമന്റെ രണ്ടാമത്തെ ത്യാഗം. ഏതു സീതയ്ക്കുവേണ്ടിയാണോ രാമൻ സുഗ്രീവസഖ്യം, ബാലിവധം, സേതുബന്ധനം, രാവണവധം എന്നിങ്ങനെയുള്ള മഹാപ്രയാസങ്ങളും പലതും സഹിച്ചതു് ആ സീതയെ ഗർഭിണിയായിരിക്കെ ജനാപവാദപരിഹാരത്തിനുവേണ്ടി കാട്ടിലെറിഞ്ഞു കളഞ്ഞതാണു് ആ ധീരഹൃദയന്റെ മൂന്നാമത്തെ മഹാത്യാഗം. ഏതാപത്തിലും തനിക്കു് തുണനിന്നിട്ടുള്ള ലക്ഷ്മണനെത്തന്നെ മുനിവേഷധരനായ കാലനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയനുസരിച്ചു് പരിത്യജിക്കേണ്ടിവന്നപ്പോഴാം അതിനും മടിക്കാതിരുന്നതാണു് ഒടുവിലത്തെ ദുഷ്കരമായ ത്യാഗം. ഇങ്ങനെ അസാധാരണങ്ങളായ ത്യാഗങ്ങളാം നിറഞ്ഞതാണു് ശ്രീരാമന്റെ ജീവിതം.' ഇതിനു പുറമേ ഏകപത്നീവ്രതം, ചാരിത്രനിഷ്ഠ, സഹോദരസ്നേഹം, ആശ്രിതവാത്സല്യം, പ്രതിപക്ഷബഹുമാനം മുതലായ ഗുണങ്ങളുംകൂടി രാമൻ ഉത്തമനിദർശനമാകുന്നു.

മഹാകവി കാളിദാസൻ രഘുവംശകാവ്യത്തിൽ ആറേഴസർഗ്ഗങ്ങളാം രാമായണകഥാഖ്യാനത്തിനു വിനിയോഗിച്ചിട്ടുണ്ടു്. മഹാത്മജി ആദർശഭരണത്തെ രാമരാജ്യമെന്ന വാക്കുകൊണ്ടു വിവരിച്ചു. തന്റെ ജീവിതം കഴിയുന്നത്ര ത്യാഗമുദ്ധവും സേവനസമ്പന്നവുമാക്കാൻ ആ കർമ്മയോഗിക്കു് ആത്മധൈര്യം കൊടുത്തതു് ചെറുപ്പകാലത്തു കൈക്കൊണ്ട തുളസീദാസരാമായണപാരായണമായിരുന്നുവെന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

മലയാളസാഹിത്യത്തിൽ കഥകളിപ്പദങ്ങളാം, ചമ്പൂഗദ്യം തുള്ളൽപ്പാട്ടു്, കിളിപ്പാട്ടു്, വാതിൽ തുറപ്പാട്ടു്, മഹാകാവ്യം, ഖണ്ഡകാവ്യം തുടങ്ങി ഗദ്യപദ്യാത്മകമായി പരന്നുകിടക്കുന്ന രാമകഥയെ നമുക്കൊന്നു പരിചയപ്പെടാൻ ശ്രമിക്കുക. ശ്രമിക്കുക മാത്രമേ ധർമ്മമായുള്ളൂ. എത്രമാത്രം വിജയിച്ചു എന്നതു് കാലം വിധിയെഴുതിക്കൊള്ളട്ടെ.

---

* തുളസീദാസരാമായണത്തിനു് ടി. കെ. രാമൻമേനോന്റെ വ്യാഖ്യാനവും കാവുങ്ങൽ നീലകണ്ഠപ്പിള്ളയുടെ ഗദ്യവിവർത്തനവും മുമ്പേ നമുക്കു് ലഭിച്ചിട്ടുണ്ടു്. പി. കെ. ഭട്ടതിരിയും വെണ്ണിക്കുളം ഗോപാലക്കുറുപ്പും ഇതിന്റെ പദ്യവിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

2. രാമചരിതവും രാമകഥപ്പാട്ടും

പ്രാചീന മലയാളമാതൃകയിലുള്ള ഒരു പദ്യഗ്രന്ഥമാണ് ചീരാമകവിയുടെ രാമചരിതം. മൂലദ്രാവിഡഭാഷയിൽനിന്നും മലയാളം ഉരുത്തിരിഞ്ഞ കാലഘട്ടത്തിലുണ്ടായ ഒരു മലയാളകൃതിയാണ് ഇതെന്ന് ഉള്ളൂർ സമർഥിച്ചിട്ടുണ്ട്.

ആതിതേവനിലമിഴന്ത മനകാമ്പുടയ ചീ—
രാമനൻപിനൊടിയമ്പിന തമിഴ്കവി വല്ലോർ
പോതിൻമാതിനിടമാവരുടൽ വീഴ്വളവു പിൻ
പോകിപോകചയനൻചരണതാരടവരേ

എന്ന ഗാനഭാഗത്തിൽനിന്ന് രാമചരിതകർത്താവ് ഒരു ചീരാമനാണെന്നും അദ്ദേഹം ഒരു പരമഭാഗവതനായിരുന്നുവെന്നും വെളിവാകുന്നുണ്ട്. അദ്ദേഹത്തിന്റെ കൃതിയിൽ നിഷ്ണാതരാകുന്നവർ ആയുരന്തത്തിൽ ലക്ഷ്മീദേവിയോടും ശ്രീപത്മനാഭനോടും ചേരുമെന്ന് കവിതന്നെ പ്രസ്താവിച്ചിട്ടുള്ളതിന്റെ പശ്ചാത്തലത്തിൽ ഗ്രന്ഥകർത്താവ് തിരുവിതാംകൂർ രാജാവായ ഒരു രാമവർമ്മ ആണെന്നതന്നെ കരുതിവരുന്നു.

'തമിഴ്കവി' എന്ന പ്രയോഗം മലയാളമല്ലെന്ന സൂചനയ്ക്ക് ഇടം നല്കുന്നില്ല. ബ്രഹ്മാണ്ഡപുരാണം, ഭാഷാഗദ്യമായി എഴുതുമ്പോഴും കണ്ണശ്ശപ്പണിക്കർ പറഞ്ഞതു് 'തമിഴായ്കൊണ്ടറിയിക്കിനേറൻ' എന്നാണ്. തായ്മൊഴി എന്ന പദം തമിഴായി രൂപാന്തരപ്പെട്ട എന്നേയുള്ളൂ.

രാമചരിതമെന്നാണ് ഗ്രന്ഥനാമമെങ്കിലും രാമായണം കഥ മുഴുവൻ പ്രതിപാദിക്കുക ഗ്രന്ഥകാരന്റെ ഉദ്ദേശസീമയിൽപ്പെടുന്നില്ല.

ഊനമറെഴുമിരാമ ചരിതത്തിലൊരു തെ—
ല്ലൂഴിയിൽ ചെറിയവക്കറിയുമാറുരചെയ്വാൻ

സുന്ദരകാണ്ഡംവരെയുള്ള ഭാഗം വിട്ടുകളഞ്ഞു, രാമായണത്തിൽ 'ഒരു തെല്ല്' അതായതു് യുദ്ധകാണ്ഡംകഥ മാത്രം എഴുതാനാണ് ഉദ്ദേശിച്ചതു് എന്നു് വ്യക്തമാക്കപ്പെടുന്നുണ്ട്. ഈ ഗ്രന്ഥം തിരുവിതാംകൂർ സൈന്യവകുപ്പിന്റെ ആവശ്യത്തിലേക്കു് എഴുതപ്പെട്ടതാണെന്ന ഐതിഹ്യത്തിനു് ഉപോദ്ബലകമായി 'ഇകലിൽ വെൻറി വിളയും' എന്ന ഫലശ്രുതി ചേർന്നതിനെ ഉള്ളൂർ എടുത്തുപറയുന്നു.

വാല്മീകിരാമായണത്തെ മാത്രം ആസ്പദമാക്കിയാണ് രാമചരിത്തിന്റെ നിർമ്മാണമെന്നു പറഞ്ഞുകൂടാ. 'താരതമ്യവിവേചനം ചെയ്യുന്നതായാൽ രാമചരിതം ഏതെങ്കിലും ഒരു മൂലഗ്രന്ഥത്തെ സമ്പൂർണമായി ആസ്പദമാക്കി പോയിട്ടില്ലെന്നും അപേക്ഷിതസംഘടങ്ങളിലെല്ലാം സ്വതന്ത്രഗതിയായി സഞ്ചരിക്കുന്നുണ്ടെന്നും വിമർശകദൃഷ്ടിയിൽ സ്ഫുരിക്കുന്നതാണ്'', എന്നാണ് ആദ്യപതിപ്പ് പ്രസിദ്ധം ചെയ്ത കെ. സാംബശിവശാസ്ത്രിയുടെ അഭിപ്രായം.

ഹനുമാൻ ലങ്കയിൽ സീതാന്വേഷണം ചെയ്യുമ്പോഴും വായുഭഗവാനാണു് മാർഗ്ഗനിർദ്ദേശം ചെയ്തതെന്നു് അധ്യാത്മരാമായണം കിളിപ്പാട്ടിൽ എഴുത്തച്ഛൻ സൂചിപ്പിക്കുന്നുണ്ടല്ലോ.

കനകമണിരചിതഭവനങ്ങളിലെങ്ങുമേ
കാണാഞ്ഞു പിന്നെയും നീളെ നോക്കും വിധൗ
കുസുമചയ സുരഭിയൊട്ടു പവനനതി ശ്രുഢമായു്
കൂടെത്തടഞ്ഞു കുട്ടിക്കൊണ്ടു പോയുടൻ
.....
ആശ്രുഗനാശ്രു കാട്ടിക്കൊടുത്തീടിനാൻ

ഈ ഭാഗം എഴുത്തച്ഛൻ രാമചരിതകാരനെ അനുകരിച്ചു് എഴുതിയതാവണമെന്നു് സാംബശിവശാസ്ത്രികളും ചൂണ്ടിക്കാട്ടിയിരുന്നു.

വീരർതൻ മണിവിളക്കേ! മെന്മൊഴിയാളെക്കാണ്മാ–
നാരെനിക്കുതകുവോരെൻറകമഴൻറുഴൻറനേരം
താരിടൈ മണം പുണർന്തു തരുനിരതടൈന്തു പായ്ന്ത
മാരുതതേവൻ വന്തു വഴിയിതെൻറരുളിച്ചെയ്താൻ

എന്ന രണ്ടാം വൃത്തത്തിൽ ചീരാമകവിയാണു് വായുഭഗവാനെ ആദ്യമായി രംഗപ്രവേശം ചെയ്യിച്ചതു്. കമ്പരാമായണത്തിലുമുണ്ടു് വായുഭഗവാൻ പ്രസ്തുത സന്ദർഭത്തിൽ ഹനുമാനു് മാർഗ്ഗനിർദ്ദേശം ചെയ്തതായ സൂചന. അധ്യാത്മരാമായണം മൂലത്തിൽ ഇങ്ങനെയൊരു പ്രസ്താവം ഇല്ലാത്ത സ്ഥിതിക്കു് എഴുത്തച്ഛൻ രാമചരിതകാരനേയോ കമ്പനേയോ ഉപജീവിച്ചിട്ടുണ്ടെന്നു പറയാനെ തരമുള്ള.

കംകേൽണ്വവണ്ണനയിലും സ്വതന്ത്രമായ സമീപനമാണു് രാമചരിതകാരൻ സ്വീകരിച്ചിട്ടുള്ളതു്. വാല്മീകിരാമായണമായോ അധ്യാത്മരാമായണമായോ അതിനു് പറയത്തക്ക സാദൃശ്യമൊന്നും കാണുന്നില്ല. സീതാദേവിയുടെ കേശാദിപാദവർണ്ണനമടങ്ങുന്ന 117–ാം വൃത്തം കവിയുടെ വർണ്ണനാപാടവത്തിനു് നിദർശനമാണു്.

പൂക്കൾ നിറഞ്ഞ കാട്ടിലെ മത്തമയൂരത്തിൻറെ പീലിനിരകളെ ഓർമ്മിപ്പിക്കുന്ന മുടി, അളകങ്ങളാൽ ആഭ കൂടിയ നവമതികലയൊത്ത നെറ്റി, ഭർത്തൃനയനങ്ങളായ വരിവണ്ടിനു് കളിയാടാൻള്ള താമരപ്പൂവിനോടൊത്ത മുഖം, എന്നിവയുടെ വർണ്ണന പിൽക്കാലത്തു് കൃഷ്ണഗാഥാകാരനും മറ്റും സ്വീകരിച്ചിട്ടുണ്ടു്. ദേവിയുടെ നാസികയെ ശ്രുകതുണ്ഡത്തോടും തിലകുസുമത്തോടും പവിഴത്തോടും താരതമ്യപ്പെടുത്തുന്ന പതിവും രാമചരിതകാരനിൽനിന്നു് പില്ക്കാലകവികൾ പകർത്തിയിട്ടുണ്ടു്. കറുത്തതലമുടി കാട്ടിൽനിന്നു് ചുണ്ടാകുന്ന ബദരഫലം കൊത്താൻ വന്നിറങ്ങിയ തത്തമ്മയുടെ കൊക്കാണു് മൂക്കെന്നു പറഞ്ഞാൽ തേൻ നിറഞ്ഞ തിലസുമം ശുണ്ഠ്യു വന്നേക്കും. പവിഴത്തിനു തുല്യമെന്നു പറഞ്ഞാൽ ചെന്താമരയല്ലിവകവച്ചു തരുമോ എന്നിങ്ങനെ നായികയുടെ മുഖത്തിനു ചുറ്റും കവിഭാവന പറന്നു ചുറ്റുകയാണു്.

ഭക്തിഭാവപ്രകാശനത്തിലും ചീരാമകവി മുന്നിട്ടുനില്ക്കുന്നു. 'വൻപിറവിയാമോതയിൽ കിടന്തു നീന്തുമതൊഴിന്തു കൊംവതിനു്' ഒരൊറ്റ മാശ്ര

മേയുള്ള. വിഷ്ണുഭക്തനായ ചീരാമൻ നിർമ്മിച്ച രാമചരിതം പാഠകം. അതു് പാഠകന്നവക്കു് സർവ്വൈശ്വര്യങ്ങളും സംസിദ്ധമാകും എന്നാണു് കവി ഫലശ്രുതിയിൽ വെളിവാക്കിയിട്ടുള്ളതു്. 97—ാം വൃത്തത്തിലെ സ്തോത്രത്തിൽ കവിയുടെ മനസ്സു് സ്വച്ഛന്ദം നർത്തനം ചെയ്യുകയാണു്. പ്രസ്തുത സ്തോത്രത്തിൽ സംസ്കൃതപദങ്ങളെ ദ്രാവിഡലിപികളിൽ എഴുതുവാനും കേവലം സംസ്കൃതരൂപങ്ങളും ഉപയോഗിക്കുവാനും ശംഭു, സ്ഥാണു തുടങ്ങിയ പദങ്ങളെ ചമ്പുവായ നമ, താണുവായ നമ എന്നിങ്ങനെ സൗകര്യമനുസരിച്ചു് ദ്രാവിഡവൽകരിക്കുവാനും ചീരാമകവി മടിച്ചിട്ടില്ല.

കൃഷ്ണഗാഥാകാരനും എഴുത്തച്ഛനും മാർഗ്ഗദർശകമായിട്ടുള്ള രാമചരിതത്തിനു് തമിഴ്മിശ്രഭാഷാരൂപമാതൃക എന്ന ചരിത്രപ്രാധാന്യം മാത്രമല്ല ഉള്ളതെന്നു മനസ്സിലാക്കാൻ കാലം വൈകിയെന്നേ പറയാനുള്ളു.

രാമകഥപ്പാട്ടു്

പ്രാചീനമലയാളമാതൃകകളും എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാംഭാഗമായി ഉള്ളൂർ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽ രാമചരിതത്തിന്റെ മാത്രമല്ല രാമകഥയുടേയും ഏതാനും അംശങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. തിരുവനന്തപുരത്തിനു തെക്കു് നെയ്യാറിൻകര താലൂക്കിൽ കോവളത്തിനടുത്തുള്ള *അവ്വാടുതുറ എന്ന സ്ഥലത്തു് ജീവിച്ച അയ്യപ്പിള്ള ആശാനാണു് ഗ്രന്ഥകാരൻ. രാമകഥപ്പാട്ടിന്റെ സവ്യാഖ്യാനമായ പൂർണ്ണാവതരണത്തിനു് ഡോ. പി. കെ. നാരായണപിള്ളയോടാണു് സഹൃദയലോകം കടപ്പെട്ടതു്.

1400—ാമാണ്ടിനോടടുത്തു് കോവളത്തു ജീവിച്ച അയ്യപ്പിള്ള ആശാൻ രചിച്ച രാമകഥപ്പാട്ടു് അഥവാ രാമകാവ്യമാണു് മലയാളത്തിലെ ആദ്യത്തെ പൂർണ്ണരാമായണകൃതി. രാമചരിതത്തിലെപ്പോലെ രാമകഥപ്പാട്ടിലും യുദ്ധവർണ്ണനകൾക്കു് പ്രാമുഖ്യം കൊടുക്കുന്നുണ്ടു്. രാമചരിതത്തിന്റെ അപൂർണ്ണത പരിഹരിക്കാൻ സംഗീതമാധുരിമയോടുകൂടി രചിക്കപ്പെട്ട രാമകഥപ്പാട്ടിൽ ദ്രാവിഡവൃത്തങ്ങളിലും ഗാനരീതികളിലുമായി ഇരുനൂറ്റെഴുപത്തൊമ്പതു വിഭാഗങ്ങളുണ്ടു്. ആകെ ശീലുകളുടെ എണ്ണം മൂവായിരത്തി ഒരുനൂറ്റി അറുപത്തിമൂന്നു് ആകുന്നു.

അശ്വത്ഥാമാവു് പ്രസാദിച്ച നല്ലിയ മൂന്നു പഴം ഭക്ഷിച്ച ശേഷമാണു് അയ്യപ്പിള്ള ആശാനു് സരസ്വതീപ്രസാദം ലഭിച്ചു് ആത്മചോദനാമൂലം കവിത എഴുതാൻ ആരംഭിച്ചതെന്നും കൈകൊട്ടിപ്പാട്ടായി രാമകഥ ചൊല്ലി എന്നുമാണു് ഐതിഹ്യം. ദ്രാവിഡരീതിയിൽ ശ്രീരാമനെ മാനുഷീകരിച്ചു് അവതരിപ്പിക്കുവാനാണു് ആശാൻ ശ്രമിച്ചതു്. അതുകൊണ്ടു് സംസ്കൃതത്തിന്റെ അന്തരീക്ഷം രാമകഥപ്പാട്ടിൽ കാണുന്നില്ല. ശ്രീരാമനും ഖരനും തമ്മിലുള്ള യുദ്ധവർണ്ണനയിൽനിന്നു് ഏതാനും വരികൾ ഉദ്ധരിക്കാം.

അറിതു വിൽ ധരണിതനിൽ വീഴവേ
അച്യുതനഭിമാന്യക്ഷയമോടെ
കുറവൊട്ടനീക്കവെയിരുന്നുറസ്സും
കോപമോടുടൻ വിട്ടാനസുരേശൻ

---

1 ആവിനേയും (പക്ഷി) ആടിനേയും കൊണ്ടു് വ്യാപരിക്കുന്ന തുറമുഖമെന്ന അർഥത്തിലാണു് അവ്വാടുതുറ അഥവാ ഔവാടുതുറ എന്ന പേരുവന്നതു്

അസുരേശൻ കണപൈട്ടൊഴകിതു യുധിരം
രാഘവനുടയ കഞ്ചുകവും മുറിത്തു
മദമൊട്ട തേരു മുടക്കിയരക്കൻ
വരുവതുകണ്ട ശ്രീരാമനരേന്ദ്രൻ
വിധിയെന്നുള്ളിൽ കരുതിന ശ്രുടോട്ട
വിശേശൻ കാകുസ്ഥൻ നിശമായ്
ഉദിചെയ്കമേ ശോഭകലന്നും
ഉടലെങ്ങും തീപോലെ ചുവന്നും
ചുവന്നിതുരാമകുമാരനരേന്ദ്രൻ
സൊണ്ണംപോലുടൽ പൂരിത്തെങ്കും
ഭവനേശൻ നിന്നതു ഖരനറിന്തു
ബുദ്ധിചലിത്തിണുകാതെ നിന്നാൻ.

ഇതോട്ടുകൂടിയാണ് ദ്രാവിഡാന്തരീക്ഷം ഉൾക്കൊണ്ട സംസ്കൃതകൃതികൾ രൂപംകൊണ്ടതു്. ആശാന്റെ വർണ്ണനാപാടവവും കവിതാശക്തിയും രാമകഥപ്പാട്ടിൽ ഉടനീളം വ്യക്തമാകുന്നു. കവി വാല്മീകിയെ ആശ്രയിച്ചിട്ടുണ്ടെങ്കിലും വാല്മീകിരാമായണത്തിന്റെ വെറും പകർത്തിയെഴുത്തല്ല രാമകഥപ്പാട്ടു്. കണ്ണശ്ശകൃതികൾ കണ്ടതിനുശേഷമാണു് രാമകഥപ്പാട്ടിന്റെ രചനയെന്നു് സംശയം തോന്നാം. എന്നാൽ കണ്ണശ്ശരാമായണത്തിന്റെ സ്വാധീനം രാമകഥപ്പാട്ടിൽ.കുറവാണു്.

രാമകഥപ്പാട്ടു് ഒരു ഇതിഹാസഗാനകാവ്യമാണു്. മലയാളവും, തമിഴും, സംസ്കൃതവും ഇണങ്ങിച്ചേർന്നു് മനോഹരമായ ശൈലിയാണു് അയ്യപ്പിള്ള ആശാന്റേതു്. മലയാളത്തിലുണ്ടായ ആദ്യത്തെ സമ്പൂർണ്ണരാമായണം രാമകഥപ്പാട്ടാണു്.

3. കണ്ണശ്ശരാമായണവും രാമായണചമ്പുവും

എഴുത്തച്ഛനും അയ്യപ്പിള്ള ആശാനും മാർഗ്ഗദർശകമായ ഒരു സാഹിത്യകൃതിയാണു് കണ്ണശ്ശരാമായണം. തിരുവല്ലാ താലൂക്കിൽ ചേന്ന നിരണം എന്ന സ്ഥലത്തു് തൃക്കപാലീശ്വരം എന്ന ശിവക്ഷേത്രത്തിനു സമീപം കണ്ണശ്ശൻപറമ്പു് എന്ന പേരിൽ ഒരു പുരയിടം ഇപ്പോഴുമുണ്ടു്.—തിരുരിനടുത്തു് തൃക്കണ്ടിയൂരിലെ തുഞ്ചൻപറമ്പുപോലെ. മൂന്നു കവികളെ സംഭാവന ചെയ്ത സ്ഥലമാണു് നിരണം. ഭഗവദ്ഗീതാവിവർത്തകൻ മാധവപ്പണിക്കർ ഒന്നാമൻ; ഭാരതമാലാകർത്താവു് ശങ്കരപ്പണിക്കർ ദ്വിതീയൻ; രാമായണാദി വിവിധ ഗ്രന്ഥങ്ങളുടെ കർത്താവു് രാമപ്പണിക്കർ മൂന്നാമൻ. കൊല്ലവർഷം 525—നും 625—നും ഇടയ്ക്കു് നിരണം കവികൾ ജീവിച്ചിരുന്നുവെന്നു് അനുമാനിക്കുന്നു.

നിരണംകവികളുടെ കൃതികളിൽ രാമായണംപോലെ വിശിഷ്ടവും വിശ്വാകർഷകവുമായ ഒരു പ്രബന്ധമില്ലെന്നുള്ളതു് സർവ്വസമ്മതമാണു്. അതിൽ ഓരോ ശീലിലും കാണുന്ന ശബ്ദസുഖവും അർഥചമത്കാരവും ഏതു സഹൃദയനേയും ആനന്ദപരവശനാക്കുകതന്നെ ചെയ്യുമെന്നാണു് ഉള്ളൂരിന്റെ അഭിപ്രായം. രസപുഷ്ടിക്കുവേണ്ടി അഭിനന്ദനീയമായ പല സ്വാതന്ത്ര്യങ്ങളും കവി പ്രദർശിപ്പിച്ചിട്ടുണ്ടു്. സംക്ഷേപിക്കാനും വികസിപ്പിക്കാനും കവി മടികാണിച്ചിട്ടില്ല. അന്യകൃതികളിൽനിന്നു് സന്ദർഭോചിതമായ ശ്ലോകങ്ങളും പാകപ്പെടുത്തി ഇതിൽ ചേർത്തിട്ടുണ്ടു്.

ബാലകാണ്ഡത്തിലെ വസന്തവർണ്ണനയും, വിശ്വാമിത്രന്റെ തപോഭംഗത്തിനൊരുങ്ങുന്ന രംഭയുടെ വാങ്മയചിത്രവും എത്ര മനോഹരമായിരിക്കുന്നു എന്നു നോക്കുക:

അരിയ ജലാശയമതിൽ നീരാടി—
യനന്തരമേ പൂമ്പൊടിയുമണിഞ്ഞേ
പെരിയ സുഗന്ധവശാഗതരാകിയ
ഭൃംഗമഹാ ഝങ്കാരത്തോടേ,
പരപ്പൊരു വൻമരമൊക്കെയിളക്കി—
വരുന്ന മഹാവനഗജസമനായേ,
വിരവൊട്ടെന്നൽ ഇയന്നഴകോടേ
വീചി മുനിവരനു് അരികതുകാലം.

അതു കാലം ഗാനം കേൾക്കായിത്
അതീവ മനോഹരമാധുര്യത്തോടും,
വിധിനാലേ നയനങ്ങൾ തുറന്നു് അതി—
വിസ്മയമോടു് ഇമ്മുനികുലവരനും
ഗതധൈര്യം നോക്കുന്നതുകാലം
ഗഗനേചരനാരീമണി രംഭയെ,
അതിശയമാകിയ സൗന്ദര്യത്തോടു്
അടവിയിലൂടെ നടപ്പതു കണ്ടാൻ.

കണ്ടാൽ പുഷ്പാവചയം ചെയ്വതു
കരുതിനടന്നു വിലാസത്തോടേ,
വണ്ടാർകുഴൽ അമരാംഗന താനേ
വരുവതും; അണയ വരുന്നതിനാലേ,
ഉണ്ടാകിയ ലജ്ജാഭാവത്താൽ
ഉടനെ ലതകം മറഞ്ഞു സമീപേ
കണ്ടാൽ നയനമനോഹരമായ
കടാക്ഷത്തോടവം നിന്നതുമെല്ലാം.

'കാലാഗ്നികനത്തൊടെരിഞ്ഞു വരുന്ന'പോലെ വന്നടുക്കുന്ന പരശുരാമന്റെ വരവു്, മദ്യപാനാസക്തനായ സുഗ്രീവനെപ്പറ്റി ക്രുദ്ധനായ

ലക്ഷ്മണന്റെ താരയോട്ടുള്ള ചോദ്യം, സുന്ദരകാണ്ഡത്തിൽ ഹനുമാൻ കാണുന്ന രാവണന്റെ രൂപം, യുദ്ധകാണ്ഡത്തിലെ ആദിത്യഹൃദയസ്തോത്രം തുടങ്ങിയ ഭാഗങ്ങളും അതീവ ഹൃദ്യങ്ങളാണു്. ദേവകളും വിഷ്ണുവിനെ സ്തുതിക്കുന്ന ഭാഗം ഹൃദയാവർജകമാണു്. എഴുത്തച്ഛനു് മാതൃകകാട്ടിയ ഭക്തനെ ഈ ഗാനങ്ങളിൽ നമുക്കു കാണാം. ഒരെണ്ണം ഇവിടെ ഉദ്ധരിക്കാം.

ജയ, കൂർമ്മാകൃതിയായു് മന്ദരഗിരി
ചെമ്മേ മുതുകിലെടുത്തവനെ ജയ;
ഭയകര സൂകര വിഗ്രഹമായേ പ—
ണ്ടവനിയെയുയർത്തവനേ! ജയ;
നയമറിയാത്ത ഹിരണ്യനെ വെൽവാൻ
നരസിംഹാകൃതിയായവനേ ജയ;
ജയമെങ്ങൾക്കുണ്ടാവാൻ കുറളായു്
ചെന്നു് അസുരേന്ദ്രനെ വെന്നവനേ ജയ!

സീതാപരിത്യാഗഘട്ടത്തിലെ സംഘർഷാത്മകമായ അന്തരീക്ഷം ഹൃദയോൻമാഥിയാണു്. സീത സ്വന്തം സ്ഥിതിഗതികളെക്കുറിച്ചു് പിന്തിരിഞ്ഞുനോക്കുകയാണു്. വിവാഹം കഴിഞ്ഞു മടങ്ങുമ്പോൾ ഭർത്താവിനു് പരശുരാമനുമായി ഏറുമുട്ടേണ്ടിവന്നു: യുവരാജാവായി അഭിഷേകം ചെയ്യാൻ നിശ്ചയിച്ചതു് നടന്നില്ലെന്നു മാത്രമല്ല, വനവാസത്തിനുപോകേണ്ടതായും വന്നുചേർന്നു. സഹയാത്രയ്ക്കു് അനുവാദം കിട്ടാൻ ബുദ്ധിമുട്ടി. ശൂർപ്പണഖയും സഹോദരൻ രാവണനും എന്തെല്ലാം പ്രയാസങ്ങളാണു് തന്റെ മുമ്പിൽ വലിച്ചിട്ടതു്; രാവണവധം കഴിഞ്ഞ ഉടനെ വേണ്ടിവന്നു ഒരു അഗ്നിപരീക്ഷ; നാട്ടിലെത്തി സൈരജീവിതം നയിക്കാമെന്നു വിചാരിച്ച ഗർഭിണിയായ തന്നെ ഭർത്താവുതന്നെ പരിത്യജിച്ചു് കാട്ടിൽ വിടാനായി ലക്ഷ്മണനെ നിയോഗിച്ചിരിക്കുന്നു. നിരപരാധിയായ താൻ മുനിപത്നിമാരുമൊത്തു് ജീവിക്കണമെങ്കിലും എന്തുകൊണ്ടു് താൻ പരിത്യക്തയായെന്നു് അവരോടു് പറയേണ്ടിവരും. ദുഃഖിതയായ സീത ലക്ഷ്മണനോടു പറയുന്നതു നോക്കുക:

ഓർത്താൽ മുനിവരരോടും പത്നിക—
ളോടും ഞാനിനിയെന്തേ ചൊൽവൻ
ധാത്രീപാലകനെന്തേ നിന്നെ—
ത്താൻ കളവാനെന്നവർ ചോദിച്ചാൽ
പേർത്തും ഞാനിരിയാതെ മരിപ്പൻ
പിമ്പൊരു സന്തതിയില്ലായ്കയിനാൽ
മാർത്താണ്ഡാന്വയവും മുടിയും ഹാ!
മമ പാപമിതെത്രതോ സൗമിത്രേ!
ഏതാകിലുമിനിയെന്നെക്കള നീ—
യേതുമൊഴിഞ്ഞിവിടെ സൗമിത്രേ!
ചേതോഹരനെൻ ഭർത്താ ചൊന്നവ
ചെയ്കനിനക്കിതിളക്കുതല്ലോ

ഭാവതരംഗിതമായ കാവ്യഗംഗയുടെ കൂലം കുത്തിയുള്ള പ്രവാഹമാണു് കണ്ണശ്ശന്റെ രാമായണഗാനകാവ്യം എന്നതിനു് സംശയമില്ല.

രാമായണചമ്പു

നിരണംകൃതി എന്നപോലെ എഴുത്തച്ഛനെ സ്വാധീനിച്ച മറെറാരു രാമകഥാത്മകമായ കൃതിയാണു് രാമായണംചമ്പു. കോഴിക്കോട്ട സാമൂതിരിസദസ്സിലെ പതിനെട്ടരക്കവികളിൽ അരക്കവിപട്ടത്തിനേ പുനം നമ്പൂതിരി അവകാശിയായിരുന്നുള്ള. ഇദ്ദേഹം എ. ഡി. 15-ാം നൂററാണ്ടിൽ ജീവിച്ച ഒരു പ്രതിഭാധനനായിരുന്നുവെന്നു് ഏതു് കവിതാഭാഗവും വിളംബരം ചെയ്യുന്നു.

കണ്ടോളേം കൺകുളിർക്കും മണിഭവനമനോ—
ഹാരിണീ, രാജലക്ഷ്മീ—
കണ്ണാശ്ലേഷം കലർന്നുള്ളഖില വസുമതീ—
പാലമാലാഭിരാമാ,
ഭണ്ഡാരം കൊണ്ടു പൂണ്ണാ ഗജമദസുരഭീ
ഭൂതശൃംഗാടകാ, പ—
ണ്ടണ്ടായീപോലയോദ്ധ്യാനഗരി പരിചിതാ
രാജധാനീ രഘൂണാം

....

മല്ലാർ പൂങ്കാവിലയ്യാ! മൃദുലപവനമേ—
റുയലാടിക്കളിക്കും
മല്ലാക്ഷീണാം മദോദഞ്ചിത സുലളിതസം—
ഗീതഭംഗീമനോജ്ഞാ,
ഉല്ലാസം പൂണ്ടു പൊന്നിൻ കൊടിമരമുകളിൽ
കാററലച്ചംബുദാളീം
മെല്ലേ മെല്ലേ മുകുള്ളും കനകമയ പതാ—
കാവലീലാളനീയാ.

അയോദ്ധ്യാവർണ്ണനയാണു് സന്ദർഭം. രാജധാനിയുടെ ഗാംഭീര്യവും സമ്പന്നതയും പ്രകൃതിസൗന്ദര്യപ്പൊലിമയും എടുത്തുകാട്ടുന്ന തരത്തിലാണു് പുനത്തിന്റെ അയോധ്യാവർണ്ണനയെന്നുള്ളതിനു് സംശയമില്ല.

ലങ്കാദഹനവർണ്ണനയിൽ കവിയുടെ ഭാവന അത്യധികം പ്രദീപ്തമാകുന്നുണ്ടു്. അഗ്നിയുടെ സംഹാരതാണ്ഡവവും അഗ്നിശമനസംരംഭങ്ങളും സമാന്തരമായി വർണ്ണിച്ചുപോകുന്നു. ശൂർപ്പണഖ ശ്രീരാമനെ പ്രാപിച്ചു് തന്റെ കാമപാരവശ്യമറിയിക്കുന്ന ഘട്ടം നമ്പൂതിരിഫലിതത്തിനു് ദൃഷ്ടാന്തമാണു്. ശൂർപ്പണഖ അംഗഭംഗം വന്ന നിലയിൽ ചോരയൊലിപ്പിച്ചുകൊണ്ടു പായുന്നതും മറും പുനം ശരിയായി വരച്ചുകാട്ടിയിട്ടുണ്ടു്. ശൂർപ്പണഖ രാവണനോടു് സങ്കടം പറയുന്ന ഭാഗവും തികച്ചും ചമത്കാരപൂർണ്ണമാണു്. അശ്വമേധത്തിലെ ബ്രാഹ്മണരുടേയും മറും വരവു് പുനം നമ്പൂതിരി വർണ്ണിച്ചിരിക്കുന്നതുകണ്ടാൽ വെണ്മണിയും കുഞ്ചൻനമ്പ്യാരും

കൂടി സലാംവച്ചുപോകും. അഭിഷേകാവസരത്തിൽ ശ്രീരാമനോട് വസിഷ്ഠൻ ചെയ്യുന്ന ഉപദേശം ഏറ്റവും രമണീയമായിരിക്കുന്നു. ആകപ്പാടെ നോക്കുകയാണെങ്കിൽ കൃഷ്ണഗാഥ കഴിഞ്ഞാൽ രാമായണചമ്പുവിനേക്കാളും മഹനീയമായൊരു സ്ഥാനം ഭാഷയ്ക്ക് ലഭിച്ചിട്ടില്ലെന്നാണ് ഉള്ളൂരിന്റെ അഭിപ്രായം.

രഘുവംശം, മാഘം, നൈഷധീയചരിതം, ഭോജചമ്പു, ഉത്തരരാമചരിതം, ബാലരാമായണം, രഘുവീരചരിതം, അനർഘരാഘവം, ഹനുമന്നാടകം തുടങ്ങിയ കൃതികളിൽനിന്നെല്ലാം ഗദ്യപദ്യങ്ങളും പുനത്തിന്റെ കൃതിയിൽ ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. രാമചരിതകാരനെ ഉപജീവിച്ചിട്ടുള്ളതിനു ഒരു ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കട്ടെ.

വിണ്ണോർ കോനേതുമാകാ പുണരുവതിനവ—
നോക്ക് ഗാത്രേഷു നീളെ—
ക്കണ്ണല്ലോ; വഹനിയോടുള്ളണവു മമ നിന—
ച്ചാൽ മരിച്ചെന്നിവേണ്ടാ
എണ്ണേറും ജന്തുവൃന്ദം കൊടിയ നരകകോ—
ടീഷു കേഴം ദശായാം
കണ്ണീർപോലും കൊടാതൊരുകുലയനവൻ
കാലനും നില്ല ദൂരെ'

ദേവേന്ദ്രനും കാലനും മറ്റും എന്തിനു കൊള്ളാം ശ്രീരാമന്റെ കഴിവും അഴകും ചിന്തിച്ചാൽ എന്നു ശൂർപ്പണഖ അൽഭുതപ്പെട്ടുന്നതാണ് സന്ദർഭം. രാമചരിതം നൂറിരുപത്തി ഒന്നാം വൃത്തം അനുകരിച്ചും ഉപജീവിച്ചും രചിച്ചതാണിതു്. ഗർഭിണിയായ സീതയെ വർണിക്കുന്ന ഒരു ഭാഗം നോക്കുക.

'വക്ഷോജാഗ്രം കറുത്തും, വടിവൊട്ട നട്ട ചീർ—
ത്തും, വശംകെട്ട വീർത്തും,
പ്രക്ഷാമാംഗം വിയത്തും പ്രതവിധികളയർ—
ത്തും വിളർത്തും കപോലം,
ഭക്ഷ്യദ്രവ്യം മുറുത്തും, കളഭതതി ചെറു—
ത്തും, വിനോദം വെറുത്തും,
മുഖ്യം ദൈവത്തെയോർത്തും, ജനകനൃപസുതാ—
ഗർഭമേറേറം ബഭാസേ.'

ഉത്തരരാമായണഘട്ടത്തിൽ ലവൻ ലക്ഷ്മണപുത്രനായ ചന്ദ്രകേതുവിനോട് ഏറ്റുമുട്ടുന്നു.

'ഒക്കെയമ്പു വരവെന്തിതൊരാശ്രമാന്തേ?
തിക്കാരമിത്തൊഴിലെടുത്തതടക്കുവൻ ഞാൻ;
ഇക്കണ്ടതിൽച്ചില കഴുത്തുകളും തുണ്ടമാക്കി—
ച്ചെക്കൻ കളിക്കു, മതിർകെട്ടണയായ്ക നല്ലൂ'

ഒപ്പത്തിനൊപ്പം ഒട്ടും വിട്ടുകൊടുക്കാതെ ചന്ദ്രകേതു ലവനോട് പറയുന്നതു നോക്കുക:

'എന്നേ ധാർഷ്ട്യക്കുറുന്നേ, ഭുവനവിജയിനോ
രാവണാരാതിതന്നോ—
ടിന്നീയോ പോരിനാളായതു? ചപലവടോ,
നന്നെടോ വൈഭവം കേഴം;
ഒന്നിന്നൊന്നായ്ത്തിമിത്തിത്തരമടവു തുടർ—
ന്നീടിലെന്നാര്യപാദം—
തന്നാണാ ചെറടങ്ങാ ഖലദമനമഹോ—
ത്സാഹി മത്സായകോയം.'

രാവണൻ സീതയോട് രാമനല്ല താനാണ് ദേവിക്കനുരൂപനായ ഭർത്താവെന്നു പറയുന്നതിനിടയ്ക്ക് ഭർത്താവിനു യോജിച്ചിരിക്കില്ല ഭാര്യ എന്നു് ഉപപാദിക്കുന്നതു നോക്കുക:

'മുണ്ടി നെട്ടന്നു, നെട്ടീ പുനരഴകിയലും
മുണ്ടനയ്യോ! തടിച്ചി—
ക്കുണ്ടാമല്ലോ തദാനീം മെലിയ,നിഹ മെലി—
ച്ചിക്കൊരോ പൊണ്ണനുണ്ടാം;
കണ്ടാലാകാത വന്നങ്ങൊരു തരുണി മഹാ
സുന്ദരി, സുന്ദരന്നു—
ക്കണ്ടാലാകാത നാരീ; പരിചിനൊടു വയോ—
വർണ്ണമീവണ്ണമല്ലോ

സീതാസ്വയംവരത്തിലും മറ്റുമുള്ള നമ്പൂതിരിമാരുടെ സംഭാഷണം, മന്ത്രവാദികളുടെ ആനബന്ധോഷിക്കൽ, മുറിവൈദ്യന്മാരുടെ തട്ടിപ്പ്, ടേജനങ്ങളുടെ ഉക്തിപ്രത്യുക്തികളും, ജ്യോത്സ്യന്മാരുടെ വീമ്പുപറച്ചിൽ ഇത്തരത്തിലുള്ള വിഷയങ്ങളെ കവി വിനോദരസികത വിതറി തന്മയത്വത്തോടെ വർണ്ണിച്ചിരിക്കുന്നു. കുഞ്ചൻനമ്പ്യാർ പിൽക്കാലത്തു ചെയ്തതുപോലെ പുനത്തിന്റെ ഭാവനയിൽ കോസലം കേരളമാകുകയാണു്. ഭാഷാശൈലികളും പഴഞ്ചൊല്ലുകളും ലോഭംകൂടാതെ തരംകിട്ടുന്നിടത്തെല്ലാം പ്രയോഗിച്ചിട്ടുണ്ടു്. ശൂർപ്പണഖ ലങ്കയിലേക്കു് പലായനം ചെയ്യുന്ന ഭാഗം വർണ്ണിക്കുന്ന ഗദ്യം ചമ്പുക്കളിലെ മണിപ്രവാളഭാഷയുടെ സൗകുമാര്യവും രസികതാവും എത്രകണ്ടു് ആകാമെന്നതിനു നിദർശനമായിട്ടുണ്ടു്. ബീഭത്സാദിരസങ്ങളെ വർണ്ണിക്കുന്നതിനും പുനത്തിനു നല്ല കഴിവുണ്ടു്.

ഭാഷാചമ്പുക്കളിൽ വിപുലതകൊണ്ടും ആകർഷകത്വംകൊണ്ടും മുൻപന്തിയിൽ നില്ക്കുന്നതു് രാമായണം ചമ്പുവാണെന്നു് ആരും സമ്മതിക്കും. അതിൽ രാവണോത്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, വിഷ്ണ്വാഭിഷേകം, ഖരവധം, സുഗ്രീവസഖ്യം, ബാലിവധം, ഉദ്യാനപ്രവേശം, അംഗുലീയാങ്കം, ലങ്കാപ്രവേശം, രാവണവധം, അഗ്നിപ്രവേശം, അയോദ്ധ്യാപ്രവേശം, പട്ടാഭിഷേകം, സീതാപരിത്യാഗം, അശ്വമേധം, സ്വർഗ്ഗാരോഹണം എന്നിങ്ങനെ ഇരുപതു ഭാഗങ്ങളാണു് അടങ്ങിയിരിക്കുന്നു. ചമ്പൂപ്രസ്ഥാനമണ്ഡലത്തിലെ

സുപ്രതിഷ്ഠിതനായ ഒരു മഹാകവിയാണു് പുനം. വൈപുല്യത്തിലും, വൈവിധ്യത്തിലും, പരിഹാസരസികതയിലുമെല്ലാം അദ്ദേഹത്തിന്റെ രാമായണചമ്പു, ചമ്പൂപ്രസ്ഥാനത്തിലെ ഏറ്റവും ശ്രദ്ധേയമായ കൃതിയായി നിലകൊള്ളുന്നു.

ഭോജചമ്പു—വിവർത്തനം

11–ാംനൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ധാരാനഗരം വാണിരുന്ന ഭോജരാജാവിന്റെ ഒരു ചമ്പുവാണു് ചമ്പൂരാമായണം അഥവാ ഭോജചമ്പു. പ്രസ്തുത കൃതി കടത്തനാട്ടു കൃഷ്ണവാരിയർ വിവർത്തനം ചെയ്തു കവനോദയം പുസ്തകമാലയിൽ 34–ാം നമ്പരായി പ്രസാധനം ചെയ്തിട്ടുണ്ടു്. വിവർത്തനസ്വഭാവം കാണിക്കാൻ ചില ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം.

ഏണാക്ഷിതൻ സൂക്ഷ്മമതായ മദ്ധ്യം
കാണായ്കകൊണ്ടംബരമായിരുന്ന
തൽക്കാലമാ വിഷ്ണുപദാപദേശാ—
ലക്കാശ്യമില്ലെങ്കിലുമംബരംതാൻ

ഭവിരാമാഖ്യയാൽ കാന്തി കവിവാക്കിനു ചേർത്തുടൻ
അലങ്കരിച്ചു കാരുണ്യാകുലം രഘുകുലം ഹരിഃ
അനുജന്മാരു മൂന്നുണ്ടായനലത്രയഭാസ്സകലം
ശ്രേഷ്ഠമാം ഗുണവൃന്ദത്താൽ ജ്യേഷ്ഠനോടനരൂപികലം

ഗർഭിണിയായ കൗസല്യയുടെ വിവരണം പുനത്തിനുകൂടി അനുകരണീയമായി തോന്നിയിട്ടുണ്ടു്. റാണിമാർ മൂവരും പ്രസവിച്ച വിശേഷമാണു് രണ്ടാമത്തെ ശ്ലോകത്തിൽ വർണ്ണിച്ചിട്ടുള്ളതു്.

യാഗരക്ഷയ്ക്കായി രാമലക്ഷ്മണന്മാരെ തന്റെ കൂടെ അയയ്ക്കുണമെന്നു് വിശ്വാമിത്രൻ, ദശരഥനോടു് ആവശ്യപ്പെടുന്നു. ആ ഭാഗം ഗദ്യത്തിൽ വിവരിച്ചതുകൂടി എടുത്തുകാട്ടാം. 'അല്ലയോ രാജാവേ! അവിടത്തെ പുത്രനും സൗമിത്രിമാത്രത്യനും ചാപമാത്രമിത്രനും, വിനയാഭിരാമനുമായ രാമനെക്കൊണ്ടു് യാഗരക്ഷചെയ്യിച്ചു് രാക്ഷസദ്രോഹമെന്നിയേ യാഗാവസാനം മംഗലസ്നാനം സാധിപ്പാൻ ആഗ്രഹിക്കുന്നു.'—അങ്ങനെ പോകുന്നു ഭോജചമ്പുവിന്റെ വിവർത്തനം.

രാമായണം പാന

രാമായണം മുഴുവൻ പാനയായി രചിച്ചിട്ടുള്ള ഒരു ഗാനകാവ്യമാണു് രാമായണം പാന. ഗ്രന്ഥകർത്താവു് ആരെന്നോ ഏതു് ദേശക്കാരനെന്നോ അറിയുന്നില്ല. ചില ഭാഗം ഉദ്ധരിക്കാം.

കണ്ടാലെത്രയും പേടിയാകുന്നൊരു
പക്ഷിരാജൻ വരുന്നതു കണ്ടാലും
വാരിരാശിയിൽത്തന്നെ കിടന്നൊരു
മൈനാകം പോന്നു വന്നീടുകില്ലല്ലീ?

നമ്മുടെ കുലനാശത്തിനായൊരു
ധൂമഹേതുവുദിച്ചീടുകില്ലല്ലീ?
വൻപുകോലുമിപ്പക്ഷിരാജൽതന്നെ—
ക്കണ്ണുകാണുകിൽപ്പേടിയാകും ദൃഢം.

സീതാദേവിയെ തേരിലേറ്റി കൊണ്ടുപോകുമ്പോൾ ജടായു തേരു തടയുവാൻ മുന്നോട്ടാഞ്ഞടുക്കുന്നതാണു് സന്ദർഭം. പറക്കുന്ന മൈനാകംപോലെ വലിപ്പവും ചലനശക്തിയും സംഹാരവൈഭവവുമുള്ള ജടായുവിനെ കണ്ട മാത്രയിൽ രാണവണസാരഥി ഭയപ്പെട്ടുപോയി.

സീതയുടെ അഗ്നിപ്രവേശനസന്ദർഭവും സുന്ദരമായിട്ടുണ്ടു്.

അന്നപ്പേടയരവിന്ദപ്പൊയ്കയി—
ലൻപിനോടു ചാടീടുന്നതുപോലെ
അതിഘോരമായി ജ്വലിച്ചീടുന്നൊ—
രഗ്നിയിൽപ്പത്മപത്രാക്ഷി ചാടിനാൾ
.....
പ്രളയാഗ്നിയെപ്പോലെ കത്തിക്കാളി—
ജ്വലിച്ചീടുന്ന പാവകദേവനും
അതിശീതളനായി ചമഞ്ഞിതു;
കുളിർകൊണ്ടു സഹിച്ചില്ലുഞ്ഞെല്ലാക്കും.

സീതാദേവിയുടെ ചാരിത്ര്യശുദ്ധി ഏതു് എരിതീയിനെ ഹിമശീതളമാക്കുകയില്ല എന്നാണു് കവിവിവക്ഷ.

ബാലിവധം കിളിപ്പാട്ടു്

ബാലിവധം കിളിപ്പാട്ടു് ഭാഷാരീതി പരിശോധിക്കുമ്പോൾ 9—ാം ശതകത്തിലുണ്ടായ കൃതിയാണെന്നു് ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പ്രണേതാവിനെപ്പറ്റി യാതൊന്നും അറിവില്ല. കൃതിയുടെ ആദ്യപകുതി കേകയിലും ഒടുവിലത്തെ പകുതി കാകളി, മണികാഞ്ചി തുടങ്ങിയ വിവിധ വൃത്തങ്ങളിലുമാണു് നിബദ്ധമായിട്ടുള്ളതു്. കിഷ്കിന്ധാകാണ്ഡത്തിന്റെ തുടക്കംമുതൽ ബാലിവധം കഴിഞ്ഞു് സുഗ്രീവപട്ടാഭിഷേകംവരെ ഉള്ള ഭാഗമാണു് പ്രതിപാദ്യം. കിളിപ്പാട്ടിന്റെ സ്വരൂപമെന്തെന്നു കാണിക്കാൻ ബാലിസുഗ്രീവയുദ്ധത്തിൽനിന്നു് ചില വരികൾ ഉദ്ധരിക്കാം:

മുറുക്കിയരതല കനത്തേറീടും മുഷ്ടി
ചുരുട്ടിക്കനല്കണ്ണും ചുവത്തിട്ടംഷുകളും
കഴറ്റിബ്ഭുജബലമുടയ മുടിമന്ന—
നരിശമൊടും മുഷ്ടി പൊരുതീടിനനേരം
അലയാഴികളും തമ്മിലണഞ്ഞു പൊരുംപോലെ
അടുത്ത മലതമ്മിലെതിർത്തു പൊരുംപോലെ
.....

തണ്ടയും തണ്ടയും തമ്മിലിടയുന്ന
കണ്ട മരാമരംകൊണ്ട തല്ലീട്ടന്ന
കുന്നുംമലയും പറിച്ചെറിഞ്ഞീടന്ന
കുന്നിക്കു തോല്ക്കയില്ലെന്ന ചൊല്ലീടന്ന
കാല്കകം കെട്ടിപ്പകരി തിരിയുന്ന.
കാല്കമ്മേലിട്ട ചവിട്ടിത്തകക്കുന്ന

സീതാദുഃഖം കിളിപ്പാട്ട്

9–ാം ശതകത്തിൽ ആരോപിച്ച ഒരു ചെറിയ കിളിപ്പാട്ടാണ് സീതാദുഃഖം. വാല്മീകിയുടെ ഉത്തരരാമായണകഥയെ വികൃതരൂപത്തിൽ രൂപാന്തരപ്പെട്ടുത്തുവാനായിരുന്ന ഗ്രന്ഥകാരന്റെ ശ്രമം. പട്ടാഭിഷേകം കഴിഞ്ഞു് ശ്രീരാമൻ ഒരിക്കൽ നായാട്ടിനു് പോയപ്പോൾ കൗസല്യ, കൈകേയി സുമിത്ര എന്നീ രാജമാതാക്കൾ സീതാദേവിയോടു് രാവണന്റെ പടം വരച്ചുകാണിക്കാൻ ആവശ്യപ്പെട്ട. വൈമനസ്യത്തോടുകൂടിയാണെങ്കിലും സീത ലങ്കേശ്വരന്റെ ചിത്രം എഴുതി. ഓരോ മുഖത്തിലും ഓരോ ഭാവം പ്രകാശിപ്പിച്ചുകൊണ്ടുള്ള ആ ചിത്രം വാങ്ങി അമ്മായിമാർ മൂവരും യോജിച്ചു് ആവണപ്പലകമേൽ വച്ചു. 'വിശന്നു വെയിൽകൊണ്ടു വരുന്ന രാമദേവ'നെ അതിന്മേലിരുത്തി. പടം സീത വരച്ചതാണെന്നറിഞ്ഞ രാമൻ ക്രുദ്ധനായി. സീതയുടെ സമാധാനവും പരിദേവനവും ചെവിക്കൊള്ളാതെ വനവാസത്തിൽ തന്റെ പത്നിയുടെ എല്ലാ പ്രവൃത്തികളിലും കാപട്യം കണ്ടു. 'കളിപ്പാനെന്നേക്കായിൽ മുതിന്നുപോകുംമുമ്പേ മലർക്കാവിലേ പോയാൽ വൈകിയേ വരുതാനും' എന്നും മറ്റും അദ്ദേഹം പല ദുഃശങ്കകളേയും എടുത്തിട്ടു. ഒടുവിൽ ലക്ഷ്മണനോടു് ദേവിയെ 'മണിയും കൊട്ടി മെല്ലെയലകിൽ നടത്തണം' എന്നു് ആജ്ഞാപിക്കുകകൂടി ചെയ്തു. ലക്ഷ്മണൻ അതിനു വിസമ്മതിച്ചു. 'ലക്ഷ്മണാ നിനക്കിനി ഭാര്യയായിരുത്തുവാൻ നിശ്ചയം നിനയ്ക്കുന്ന ഇപ്പോൾ ഞാനറിഞ്ഞിതു' എന്നുംമറ്റും കൊള്ളിവാക്കുകൾ പറയുന്നതു് സീത ദുഃഖത്തോടെ കേൾക്കുകയാണു്. സീതയെ ലക്ഷ്മണൻ ശ്രീരാമനിയോഗമനുസരിച്ചു് മുനിയുടെ ആശ്രമപരിസരത്തിൽ ഉപേക്ഷിച്ചു. മുനിയാകട്ടെ ഗർഭിണിയായ ദേവിയുടെ പാതിവ്രത്യനിഷ്ഠയിൽ വിശ്വസിച്ചു് അവരെ ആശ്രമത്തിൽ പാർപ്പിച്ചു.....
.....

ശിശുക്കളെ കാണാൻ ശ്രീരാമൻ ലക്ഷ്മണസഹിതനായി ആശ്രമത്തിലേക്കു പോകുകയും അവിടെ സീത ഭൂമി പിളർന്നു് അതിൽ അപ്രത്യക്ഷയാകയും ചെയ്യുന്നു. സീതയുടെ തലമുടി ശ്രീരാമന്റെ കൈയിൽപ്പെട്ട. പാലാഴിയിൽ ചെന്നു് അതു വാസുകിയുടെ വാലിന്മേൽ ചുറ്റി. ഭഗവാൻ സർപ്പശായിയാകുന്നതു് ഇക്കാരണത്താലാണത്രെ. മഹാവിഷ്ണുവിന്റെ മെത്ത വാസുകിയാണെന്ന ധരിക്കത്തക്കനിലയിൽ പുരാണപരമായി അജ്ഞനായിരുന്ന ഗ്രന്ഥകാരനെന്ന വ്യക്തം. കമ്പരാമായണാംശം ചേർത്താണു് ഇതിവൃത്തം ആസൂത്രണം ചെയ്തതെന്നതിനു് സംശയമില്ല.

4. ശ്രീരാമായണഗാനഗന്ധർവൻ ജയിക്കുന്നു

മുക്കുവത്തിയിൽപ്പാരാശര്യനെന്നപോലൊരു
ചക്കാലത്തരുണിയിൽജ്ജാതനേതൊരു ദിവ്യൻ
പഞ്ചമവേദാദി സൽഗ്രന്ഥ സന്തതിയാകും
പഞ്ചാമൃതത്താൽപ്പാരിൻ താപത്തെ ശമിപ്പിച്ചു;
ആ രാമാനുജാചാര്യപുംഗവൻ ജയിക്കുന്നു
ശ്രീരാമായണഗാനഗന്ധർവ്വൻ ജയിക്കുന്നു

.....

ചേണൊക്കും പുതു മലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ,നമസ്കാരം!

—തുഞ്ചത്തു് എഴുത്തച്ഛൻ, സാ. മ.—വള്ളത്തോൾ

എഴുത്തച്ഛൻകൃതികളിൽ തിളക്കം മുറ്റിയതു് അദ്ധ്യാത്മരാമായണം തന്നെ. സോദരസ്ഥാനത്തു നില്ക്കും മഹാഭാരതം കിളിപ്പാട്ടു്. അല്പം പിന്നിലാവും ഹരിനാമകീർത്തനം *ഇരുപത്തിനാലുവൃത്തം എന്നിവ. ഭൂമിയുടെ ദുഃസ്ഥിതി മാറ്റാൻ ബ്രഹ്മാവു് പാൽക്കടൽതീരത്തു ചെയ്ത വിഷ്ണുസ്തുതിയുടെ ഫലമായാണു് അയോദ്ധ്യയിൽ 'കോമളന്മാരായൊരു സോദരന്മാരുമായു് ശ്യാമളനിറം പൂണ്ട ലോകാഭിരാമദേവൻ' അവതരിക്കുന്നതു്. കേരളഭാഷയുടെ ദുഃസ്ഥിതി നീക്കാൻ എഴുത്തച്ഛൻ അദ്ധ്യാത്മരാമായണത്തെ നമ്മുടെ സമൂഹത്തിനിണങ്ങുമാറു് കൃപപ്പെട്ടത്തി അവതരിപ്പിക്കുകയാണുണ്ടായതു്. ഉച്ചത്തിൽ പഞ്ചഗ്രഹം നില്ക്കുന്ന സമയത്തായിരുന്നു ശ്രീരാമന്റെ ജനനം. വ്യാഴം ചന്ദ്രനൊന്നിച്ചായതുകൊണ്ടു് ഭഗവാനു് കേസരിയോഗമുണ്ടായിരുന്നു. കേസരിയോഗമുള്ള എഴുത്തച്ഛൻകൃതികളും ചൈതന്യമുള്ള വിവർത്തനങ്ങളാകയാൽ ഒരുതരത്തിൽ അവതാരങ്ങളും തന്നെ. ഗോകൃപത്തിൽ ഭൂമിയെ മുൻനിർത്തി ബ്രഹ്മാവു് മഹാവിഷ്ണുവിനോടു് അപേക്ഷിച്ചപോലെ മൂലദ്രാവിഡഭാഷയെ മുൻനിർത്തി കേരളസംസ്കാരത്തിന്റെ സർഗ്ഗാത്മക തനിമ സംസ്കൃതസാഹിത്യത്തോടു് ചെയ്ത പ്രാർത്ഥനയുടെ ഫലമായാണു് എഴുത്തച്ഛന്റെ കിളിപ്പാട്ടസാഹിത്യരൂപം ഉയിർകൊണ്ടതെന്നു പറയാം. —പ്രത്യേകിച്ചു് അദ്ധ്യാത്മരാമായണം കിളിപ്പാട്ടു്.

---

1 ഇരുപത്തിനാലുവൃത്തം എഴുത്തച്ഛന്റെ കൃതിയാണെന്ന അഭിപ്രായത്തോടു് സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, ആർ. നാരായണപണിക്കർ തുടങ്ങിയവർ യോജിക്കുന്നില്ല. എഴുത്തച്ഛനല്ല ഇതിന്റെ കർത്താവെന്നു വ്യക്തമാക്കുന്ന ആന്തരമായ തെളിവുകളും ധാരാളമുണ്ടു്. വശ്യവാക്കായ ഇതിന്റെ കർത്താവു് ആരായിരുന്നാലും ഈ കൃതി ഒരു ഉത്തമകാവ്യംതന്നെയാണു്. മനോഹരമായ അനേകം ഘട്ടങ്ങളും ഇതിലുണ്ടു്.

ഇരുപത്തിനാലുവൃത്തം

കൃഷ്ണഗാഥയിലെ സുപരിചിതമായ ശീലുകളും സംസ്കൃതവൃത്തങ്ങളു പുതിയ രൂപത്തിൽ പരീക്ഷണാർത്ഥം സമന്വയിപ്പിച്ച് അവതരിപ്പിക്ക കയായിരുന്നു തുഞ്ചന്റെ കാവ്യസപര്യയുടെ അദ്യഘട്ടം. ശ്ലോകരൂപം പൂർണ്ണമായി ഉപേക്ഷിക്കാതെ നാലുവരികളിൽ അന്വയിപ്പിച്ച നിർത്തുന്ന ഗാനരീതികളും പ്രയോഗിക്കപ്പെട്ടതു് എങ്ങനെയെന്നു് ഇരുപത്തിനാലു വൃത്തത്തിൽനിന്നു് മനസ്സിലാക്കാം.

പൊന്മണിക്കുംഭംപോലെ വിളങ്ങുന്ന
നൻമുലയിണ ചാഞ്ഞു കൗസല്യേടെ
ഇമ്മൂന്നുലോകം പെറ്റ ഹരിജന്മം
കാണ്മാനെന്നപോലെ; ഹരിഗോവിന്ദ.

ഇരുപത്തിനാലുവൃത്തം രണ്ടാംവൃത്തത്തിൽ ഉള്ള ഇതു് ചമ്പൂശ്ലോകത്തിന്റെ അനുകരണമാണു്. പക്ഷേ, ശ്ലോകമൊട്ടല്ലതാനും.

സീതയായൊരു കല്പവല്ലി പടർന്ന രാമസുരദ്രുമ—
ച്ഛായതന്നിൽ വസിച്ചു മാമുനിപക്ഷിമണ്ഡലമാദരാൽ
രാവണാക്ഷ മഹാതപത്തിനൊരാതപത്രമുദാരവാങ്—
മാധുരീഫലമാസ്വദിച്ചു മദിച്ചു; രാമഹരേ ഹരേ.

തുടങ്ങിയ വരികളും പ്രസിദ്ധ സംസ്കൃതശ്ലോകത്തിന്റെ[1] ഛായപിടിച്ചു് വാങ്മയനിണതുതന്നെ. ഭാഷയിലും വൃത്തത്തിലും പുതുമ വരുത്തുക മാത്രമേ എഴുത്തച്ഛൻ ചെയ്തിട്ടുള്ളൂ.

ഹരിരാക്ഷസവരസോദരഹനുമാനൊട് സഹിതം
തരുണീമണിനിജസീതയോടൊരുമിച്ചതിമധുരം

എന്ന ഈരടി ശങ്കരചരിതം വൃത്തമാണെന്നു പറയാം; പക്ഷേ, കൃഷ്ണഗാഥ യിലെ,

കമലാകരപരിലാളിതകഴൽതന്നിണ കനിവോ—
ടമരാവലിവിരവോടഥ തൊഴുതീടിന സമയേ

എന്ന വരികളുടെ മാതൃകയിൽ രൂപംകൊണ്ടതുമാണു്.[2]

അയോദ്ധ്യാവർണ്ണന, ശ്രീരാമന്റെ വിരഹതാപം, സീതാദർശനത്തി നായുള്ള രാവണന്റെ പുറപ്പാടു് തുടങ്ങിയ ഭാഗങ്ങളെല്ലാം അത്യന്തം ഹൃദ യാവർജകങ്ങളായിട്ടുണ്ടു്. രാവണൻ ഹനുമാനോടു് ചോദിച്ച ചോദ്യങ്ങ ളും, ഹനുമാൻ കൊടുക്കുന്ന മറുപടിയും ഏറെക്കുറെ രാമായണചമ്പുവിന്റെ

---

1 മല്ലികാവൃത്തമാണു് 'രം സജം ജഭരാഗമിഹ നായകമതു' ഹി മല്ലികാ,

2 ഇതും ശങ്കരചരിതംതന്നെ. 'സനജം നഭസേഗണങ്ങളൊടിഹ ശങ്കര ചരിതം'

രൂപാന്തരമായിത്തോന്നാം. അയോദ്ധ്യാവർണ്ണനയും മറ്റും രാമായണചമ്പൂശ്ലോകങ്ങളെ അവലംബിച്ചു രചിച്ചതാണെങ്കിലും ഇരുപത്തിനാലുവൃത്തത്തിന്റെ രചന ഹൃദയംഗമമായിട്ടുണ്ട്.

അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

എഴുത്തച്ഛനു മുമ്പു രാമകഥാപരമായി രാമചരിതം, രാമകഥപ്പാട്ട്, കണ്ണശ്ശൻകൃതികൾ എന്നിവയുണ്ടായിരുന്നു. പക്ഷേ, ആ കൃതികൾക്കു കേരളീയരുടെ ഹൃദയത്തെ സ്പർശിക്കുവാൻ കഴിഞ്ഞിരുന്നില്ല. എഴുത്തച്ഛൻ ഭാഷയ്ക്കു നല്കിയ നിത്യനവത്വത്തെപ്പറ്റി പി. അനന്തൻപിള്ള എഴുതി. ''കൃഷ്ണഗാഥയിൽനിന്നും എഴുത്തച്ഛന്റെ രാമായണത്തിലേക്കു കടക്കുമ്പോൾ അവാച്യമായ ഒരു ഭാവഭേദം നമുക്കനുഭവമാകുകയാണു്. മലയാളികൾക്കു് അത്യന്തം സുഗമമായ ഭാഷാരീതിയാണു് ഇതിനു പ്രധാനകാരണമെന്നു രാമായണമോ ഭാരതമോ വായിച്ചവരോടു് പ്രത്യേകിച്ചു് പറയേണ്ടതില്ല. 'ഭാരതീ പദാവലി തോന്നേണം കാലേ കാലേ' എന്നുള്ള പ്രാർത്ഥനയോടുകൂടിയാണു് ആരംഭം. കേരളീയരായ നമുക്കു വേണ്ട ആശയങ്ങൾ മാത്രം സമുദ്രം പോലെ വിസ്തൃതമായ ഭാരതീയേതിഹാസങ്ങളിൽനിന്നു സമാഹരിച്ചു് സരസമായി പ്രതിപാദിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്'' മഹാകവികളുടെ മുഖ്യഗുണമായ പ്രതിഭോശക്തിയും ഔചിത്യബോധവും എഴുത്തച്ഛൻകൃതികളെ സാമാന്യമായും അദ്ധ്യാത്മരാമായണത്തെ പ്രത്യേകമായും അനവദ്യസുന്ദരമാക്കുന്നു.

ഔചിത്യബോധമില്ലാതെ പദാനുപദ തർജ്ജമയ്യായി പുറപ്പെട്ടിരുന്നുവെങ്കിൽ പ്രസ്തുത കൃതികൾക്കു് ശോഭ കുറഞ്ഞുപോകുമായിരുന്നു. ഇതിഹാസങ്ങളുടെ മുഖ്യധർമ്മം മനുഷ്യരിൽ കൃത്യാകൃത്യബോധമുണർത്തി ധർമ്മമാർഗ്ഗത്തിൽ പിടിച്ചു നിർത്തുക എന്നതാണു്. എഴുത്തച്ഛൻ സന്മാർഗ്ഗോപദേശം ചെയ്തിട്ടുണ്ടു് എന്ന കാരണത്താൽ കവിതാസൗന്ദര്യം ഇല്ലാതാകുകയില്ലല്ലോ. അദ്ദേഹത്തിന്റെ വർണ്ണനകൾ സ്വതന്ത്രമല്ലെന്നു വാദിക്കുന്നവർ ഷേക്സ്പിയർനാടകങ്ങൾക്കും അത്തരം ദോഷം ആരോപിച്ചേക്കും. അങ്ങിനെ ചിന്തിച്ചാൽ ലോകത്തിൽ കല്പിതകൃതികൾ എന്നൊരിനം ഇല്ലാതായേക്കും. തന്റെ കാലത്തിനുമുമ്പു് സ്വരാജ്യത്തും അന്യരാജ്യത്തും ഉള്ള സാഹിത്യങ്ങളിൽ കണ്ട കഥാവസ്തുക്കളെ ഗ്രഹിച്ചു് മണലെടുത്തു കനകപ്പൊടിയാക്കുന്ന പോലെ നാടകങ്ങൾ നിർമ്മിച്ച ഷേക്സ്പിയറെപ്പോലെ, ഇന്ത്യയിലെ പുരാണേതിഹാസകഥാഭോഗങ്ങളെ മൂലകൃതികളേക്കാൾ ആസ്വാദ്യതരങ്ങളാക്കി തന്റെ നാട്ടുകാർക്കു നൽകി മാതൃക കാട്ടുകയാണു് എഴുത്തച്ഛൻ സാധിച്ചതു്.

ഇതിലേക്കു് ഒരു പ്രത്യേക സൗകര്യം എഴുത്തച്ഛനു ദൈവായത്തമായും സ്വായത്തമായും ലഭിച്ചു. മഹാകവി കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചൂണ്ടിക്കാട്ടിയ പോലെ ഉത്തരകേരളത്തിലെ എഴുത്തച്ഛൻസമുദായം പഴയ ബുദ്ധമതവിശ്വാസത്തിന്റെ പൈതൃകം ഉള്ളവരാണു്; പില്ക്കാലത്തു് ഹിന്ദുമതം സ്വീകരിച്ചവരും. ദക്ഷിണേന്ത്യയിൽ വിപുലമായി പര്യടനം നടത്തുകവഴി ശൈവവൈഷ്ണവ ചിന്താഗതികളുടെ സമന്വയത്തിന്റെ ആവശ്യം ബോധ്യപ്പെടാൻ പാകത്തിൽ ഹരിഹരപ്രതിഷ്ഠയുടെ സന്ദേശം ഉൾക്കൊള്ളുകയും ചെയ്തിരുന്നു. തമിഴ്നാട്ടിലാണെങ്കിൽ ഈ സമന്വയം പ്രാവർത്തികമായിട്ടില്ല. എഴുത്തച്ഛനാകട്ടെ,

ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി—
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ
പണ്ടേക്കണക്കെ വരുവാൻ നിൻ കൃപാവലിക—
ളുണ്ടാകയെങ്കലിഹ നാരായണായ നമഃ.

സന്ധ്യക്കു് 'നമശ്ശിവായ' ചൊല്ലുന്നവരെ നാരായണായനമഃ എന്ന സപ്പാക്ഷരമന്ത്രംകൂടി ചൊല്ലിപ്പിക്കാൻ എഴുത്തച്ഛനു കഴിഞ്ഞു.

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഗ്രഹസദസ്സിൽ ആലപിച്ചു കേൾക്കാൻ പാകത്തിൽ ഗാനശീലുകൾ മെനഞ്ഞെടുക്കുക എന്ന ഉദ്ദേശമാണു് ഇരുപത്തിനാലുവൃത്ത രചനയ്ക്കുണ്ടായിരുന്നതു് എന്നു നാം കണ്ടുവല്ലോ; ഗാനവൃത്തങ്ങളെ നാലുവരികളാക്കി ഈശ്വരനാമം ഘടിപ്പിച്ചു് ഹരിനാമകീർത്തനവും രാമായണം ഇരുപത്തിനാലുവൃത്തവും രചിക്കപ്പെട്ട.

ഇരുപത്തിനാലുവൃത്തം ഏഴാം വൃത്തത്തിൽ ശൂർപ്പണഖ രാമലക്ഷ്മണന്മാരെ സമീപിച്ചു് പ്രണയാഭ്യർത്ഥന നടത്തുന്നതിൽ രാമായണചമ്പുവിന്റെ സ്വാധീനം പ്രകടമായി കാണുന്നുണ്ടു്. ഈ സംഭവത്തെ അധ്യാത്മരാമായണത്തിലും ശ്രീരാമന്റെ അന്തസ്സിനു നിരക്കാത്ത ഭാഷയിൽ വിവരിച്ചിട്ടുള്ളതു സ്ത്രീയുടെ അപഥസഞ്ചാരത്തെ അപലപിക്കാനാകാം.

''ഒരുത്തനായാലവനരികേ ശൃംഗാരിപ്പാ—
നൊരുത്തി വേണമതിനിവളുണ്ടെനിക്കിപ്പോൾ
ഒരുത്തി വേണമവനതിനാരെന്നു തിര—
ഞ്ഞിരിക്കുംനേരമിപ്പോൾ നിന്നെയും കണ്ടുകിട്ടി.
വരുന്നും ദൈവമൊന്നു കൊതിച്ചാലിനി നിന്നെ
വരിച്ചുകൊള്ളമവനില്ല സംശയമേതും
തെരിക്കെന്നിനിക്കാലം കളഞ്ഞീടാതെ ചെൽക
കരത്തെ ഗ്രഹിച്ചീടും കടുക്കെന്നവനെടോ''

എന്നുവരെ ശ്രീരാമനെകൊണ്ടു് പറയിക്കേണ്ടിയിരുന്നുവോ എന്നു നമുക്കു തോന്നാം. പാഠകത്തിൽ പറയുന്നതു് ശൂർപ്പണഖ ലക്ഷ്മണനെ എടുത്തുകൊണ്ടു് ആകാശത്തിലേക്കു് ഉയർന്നുവെന്നും ലക്ഷ്മണൻ അവളെ അംഗഭംഗം ചെയ്തു എന്നുമാണു്.

നീലപർവ്വതത്തിന്റെ മുകളിൽനിന്നു ചാടി
നാലഞ്ചുവഴി വരുമരുവിയാറുപോലെ
ചോരയുമൊലിപ്പിച്ചു കാളരാത്രിയെപ്പോലെ
ഘോരയാം നിശാചരി വേഗത്തിൽ നടകൊണ്ടാൾ.

രണ്ടു കാതും രണ്ടു കുചങ്ങളും മുക്കുമായാൽ എണ്ണം അഞ്ചാകുമല്ലോ. രക്തപ്രവാഹം നാലഞ്ചുവഴിയായി ഒലിച്ചു ചാടുകയുംചെയ്തു. ഏതായാലും ഇത്തരം ഭാഗം ഒരു പ്രത്യേക കൃതിയെ അവലംബിച്ചായിരുന്നില്ല. ഇരുപത്തിനാലു വൃത്തമായാലും അദ്ധ്യാത്മരാമായണമായാലും എഴുത്തച്ഛൻ കൈയാളുന്നതു് മനുഷ്യദൗർബല്യങ്ങളും അല്പാല്പമായി കലർന്ന ഒരു ആദർശപുരുഷനായാണു്; പൂർണ്ണദിവ്യാവതാരമായിട്ടല്ല. സ്തോത്രങ്ങളും വരുന്നിടത്തു മാത്രം അവതാരസൂചനകളും കൊടുക്കുക എന്നതായിരുന്ന എഴുത്തച്ഛന്റെ സാമാന്യസമീപനം.

ദൈവാംശവും മനുഷ്യാംശവും കലർത്തി ജീവാത്മാപരമാത്മാ സങ്കല്പങ്ങളെ സമന്വയിപ്പിക്കുക വിഷമമാണ്. കമ്പരാമായണം വലിയ പുരുഷാരത്തിന്റെ മുമ്പിൽ കഥാപ്രസംഗശൈലിയിൽ വിവരിക്കാൻ പാകത്തിൽ സജ്ജമാക്കിയ കൃതിയാണ്. ശ്രോതാക്കൾക്കു മുഷിവു തോന്നാത്ത വിധം കഥാകഥനം നടത്തണമല്ലോ. അതിനുവേണ്ടി ശൂർപ്പണഖയെക്കൊണ്ടു സീതയെപ്പറ്റി ശ്രീരാമനോട് ഏഷണി പറയിപ്പിക്കുന്നു കമ്പരാമായണത്തിൽ. അതായതു് ശ്രീരാമന്റെ അസാന്നിദ്ധ്യത്തിൽ സഹോദരനുമായി സീത ആലിംഗനചുംബനാദികളും നടത്തിവരുന്നതായിട്ട്. അദ്ധ്യാത്മരാമായണകാരനു് അത്തരം സ്വാതന്ത്ര്യമൊന്നും എടുത്തുകൂടാ.

അധ്യാത്മരാമായണത്തിൽ കഥ അവതരിപ്പിക്കുന്നതു് ഉമാമഹേശ്വര സംവാദമായിട്ടാണു്; വൈഷ്ണവകഥ ശ്രീപാർവ്വതിക്കുവേണ്ടി ശ്രീപരമേശ്വരൻ ഉൽഘോഷിക്കുമെങ്കിൽ ശൈവവൈഷ്ണവ സംഘർഷപ്രശ്നം സ്വയം അപ്രത്യക്ഷമാകുമല്ലോ. ഭൂഭാരം തീർക്കാൻ ത്രിമൂർത്തികളിൽ ബ്രഹ്മാവു്, ശ്രീപരമേശ്വരൻ നിർദ്ദേശിച്ചതനുസരിച്ചു്, മഹാവിഷ്ണുസമക്ഷം ഒരു നിവേദനം സമർപ്പിക്കുകയാണു്. ത്രിമൂർത്തികളുടെ ഏകതാത്മാണു് ഈ അവതരണത്തിലൂടെ കവി നമ്മെ ഭംഗ്യന്തരേണ ബോധ്യപ്പെടുത്തുന്നതു്.

മൽഭക്തിവിമുഖന്മാർ നാനാശാസ്ത്രഗർത്തങ്ങളിൽ
സൽഭാവം പൂണ്ട ചാടിവീണ മോഹിച്ചീടുന്ന
ഭക്തിഹീനന്മാക്കു നൂറായിരം ജന്മംകൊണ്ടും
സിദ്ധിക്കയില്ല തത്ത്വജ്ഞാനവും കൈവല്യവും

എന്നു പരമശിവൻ പറഞ്ഞുവെച്ചു. അടുത്തുതന്നെ എന്താണു് ഭക്തി എന്ന പദംകൊണ്ടുദ്ദേശിച്ചതു് എന്നു വ്യക്തമാക്കുന്നുമുണ്ടു്. ബ്രഹ്മാവു് വിഷ്ണുസന്നിധിയിൽ എത്തി സ്തുതിക്കുന്നതു ശ്രദ്ധിക്കുക.

വിശ്വത്തെ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിച്ചീടും
വിശ്വനായകാ പോററീ നിത്യവും നമോസ്തുതേ
സാദ്ധ്യായതപോദാനയജ്ഞാദി കർമ്മങ്ങളാൽ
സാദ്ധ്യമല്ലൊരുവനും കൈവല്യമൊരുനാളും
മുക്തിയെ സിദ്ധിക്കേണമെങ്കിലോ ഭവൽപ്പാദ—
ഭക്തികൊണ്ടൊഴിഞ്ഞു മറെറാന്നിനാലാവതില്ല.

ഇതു് സർവ്വവ്യാപിയായ വിഷ്ണുവിനോടു് ബ്രഹ്മാവു പറയുന്നതാണു്. രാക്ഷസന്മാരും വാനരന്മാരുമടക്കം സർവ്വജീവജാലങ്ങളിലും ഈശ്വരചൈതന്യം ദർശിച്ചു് എല്ലാവരോടും ഭക്തിബഹുമാനവാത്സല്യാദികളും പ്രാവർത്തികമാക്കുകയല്ലാതെ തപസ്സും ദാനവും മറ്റും അനുഷ്ഠിച്ചതുകൊണ്ടു ഫലമില്ല.

സംസ്കൃതപക്ഷപാതമോ തമിഴ്ഭ്രമമോ കൂടാതെ സുവർണ്ണമാധ്യമാർഗ്ഗം മലയാളത്തിനു സജ്ജമാക്കിയവരിൽ മുൻപന്തിയിൽ നില്ക്കുന്നതു് എഴുത്തച്ഛൻതന്നെയാണു്. ഗാനാത്മകമായ കിളിപ്പാട്ടുവൃത്തങ്ങളാണു് കഥാകഥനത്തിനു പററിയ മാധ്യമമെന്നു് എഴുത്തച്ഛൻ കണ്ടെത്തി. കേക, കാകളി അന്നനട എന്നീ കിളിപ്പാട്ടുവൃത്തങ്ങൾക്കു് കേരളത്തിൽ നല്ല പ്രചാരം ലഭിച്ചിട്ടുണ്ടു്. 'ജി'യുടെ 'ഓടക്കുഴൽ' എന്ന സമാഹാരത്തിലെ 60 പദ്യങ്ങളിൽ 45 എണ്ണം ദ്രാവിഡവൃത്തനിബദ്ധമാണു്. അവയിൽത്തന്നെ

കിളിപ്പാട്ടുകളുടെ ശതമാനമാണ് ഏറിയിരിക്കുന്നതു്. തുഞ്ചത്തു ഗുരുവരൻ കാണിച്ച രാമായണവിവർത്തനമാതൃകയാണു് ബുദ്ധചരിതരചനയ്ക്കു് തനിക്കു് സ്വീകാര്യമായതെന്നു് ആശാൻ സമ്മതിച്ചിട്ടുണ്ടു്.

വിവർത്തനവിഷയത്തിൽ പദാനുപദം വേണോ സ്വതന്ത്രാനുവാദം വേണോ എന്നതു് വളരെ ചർച്ചചെയ്യപ്പെടാവുള്ള ഒരു കാര്യമാണു്. ഇന്നലെയുടെ സ്മാരകസൗധമായിട്ടല്ല, നാളേയ്ക്കു വേണ്ട കൈവിളക്കായിട്ടാണു് എഴുത്തച്ഛൻ രാമായണത്തെ വിവർത്തനംചെയ്യുന്നതു്. സന്ദർഭത്തിനു യോജിക്കാത്തഭാഗങ്ങൾ വിട്ടുകളയാൻ എഴുത്തച്ഛൻ മടിച്ചില്ല. അദ്ധ്യാത്മരാമായണം മൂലഗ്രന്ഥത്തിൽ ശ്രീരാമനെ തായാട്ടു കാട്ടുന്ന കൗസ്തുഭക്കല്ലനായി ചിത്രണംചെയ്തിട്ടുണ്ടു്. അമ്മയോടു ക്ഷണമാവശ്യപ്പെട്ട ചെന്നപ്പോൾ കൗസല്യ കർമ്മനിരതയായതുകാരണം മകന്റെ വാക്കുകൾ കേട്ടില്ല. മകനാകട്ടെ ദേഷ്യപ്പെട്ടു് വടിയെടുത്തു് പാത്രങ്ങളെല്ലാം തല്ലിപ്പൊട്ടിച്ചു. ഉറിയിൽ തൂക്കിയ പാലും വെണ്ണയും തള്ളിയിട്ടു. പാലും തൈരും — ലക്ഷ്മണനും ഭരതനും ശത്രുഘ്നനും വീതിച്ചുകൊടുത്തു. പാചകക്കാരൻ കൗസല്യയുടെ സമീപം പരാതിപ്പെടുന്നതും മറ്റും മൂലത്തിലില്ലാതെ എഴുത്തച്ഛന്റെ കൃതികളിൽ ഇല്ല.

സീതാവിവാഹചടങ്ങു വിവരിച്ചിടത്തും അനുവാചകസഹസ്രങ്ങളുടെ സൗന്ദര്യബോധത്തോടു നീതിപുലർത്തുവാനാണു് എഴുത്തച്ഛൻ ശ്രദ്ധിച്ചതു്. നാടകീയതയോടെയാണു് ചാപഭഞ്ജനരംഗം അദ്ദേഹം വർണ്ണിച്ചതു്. അയ്യായിരം ആളുകൾ ചേർന്നു് ഹുങ്കാരത്തോടെ ആനയിച്ച അലംകൃതമായ കൂറ്റൻ ശൈവചാപംനോക്കി 'വില്ലെടുക്കാമോ കലയ്ക്കാമോ' എന്നു ശ്രീരാമൻ ആരായുന്നു. വിശ്വാമിത്രൻ 'അത്ഗർഭമായി പറയുന്നതെന്നെന്നല്ലേ?

'എല്ലാമാ, മാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ'

എല്ലാമാം, കല്യാണം, വന്നുകൂടീടും എന്നീ പദങ്ങളുടെ സ്വാരസ്യം ശ്രദ്ധേയമാണു്. നാലുദിവസമായി നാലുകല്യാണങ്ങളും നടക്കാനുള്ള നാന്ദിയാകും അതെന്നു് വിശ്വാമിത്രൻ വിവക്ഷിച്ചുവോ എന്തോ?

മന്ദഹാസവും പൂണ്ടു രാഘവനതു കേട്ടു
മന്ദമന്ദം പോയ്ചെന്നുനിന്നു കണ്ടിതു ചാപം
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം

....

ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ;
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും

ഒരേ ഇടിമുഴക്കം ഉരഗങ്ങളിലും മയിൽപ്പേടകളിലും ഭിന്നവികാരങ്ങളെ ഉണ്ടാക്കി എന്നു് ഏതു ചമത്കാരത്തോടെയാണു് വിഷയം അവതരിപ്പിച്ചിരിക്കുന്നതു്. ഉരഗങ്ങളും എന്നു് ബഹുവചനവും മയിൽപ്പേട എന്ന ഏക

വചനവുമാണു് പ്രയോഗിച്ചിരിക്കുന്നതു്. കുലച്ചു വലിച്ചു മുറിച്ചു എന്നീ ക്രിയാപദങ്ങളും ആദ്യം വിന്യസിച്ചതും നാടകീയതയെവർധിപ്പിക്കാൻ ചെയ്ത പൊടിക്കൈകളാണു്.

ഗർഭചിഹ്നങ്ങളെല്ലാം വഹ്നിച്ചുവരുംതോറു—
മുൾപ്രേമം കൂടുകുടെ വർധിച്ചു നൃപേന്ദ്രനും
തൽപ്രണയിനിമാർക്കുള്ളാഭരണങ്ങളും പോലെ
വിപ്രാദി പ്രജകൾക്കും ഭ്രമിക്കും ദേവകൾക്കും
അല്പമായു് ചമഞ്ഞിതു സന്താപം ദിനംതോറു—
മല്പഭോഷിണിമാക്കും വർധിച്ചു തേജസ്സേറ്റവും

കൗസല്യാദേവി തുടങ്ങിയവർക്കു് ഗർഭചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടതു് വിവരിക്കുന്നതാണു് സുന്ദരം. ഗർഭകാലത്തു് ആഭരണങ്ങൾ ഉപേക്ഷിക്കാൻ രാജ്ഞിമാരും ശത്രുഭയമുപേക്ഷിക്കാൻ മഹർഷിമാരും തയ്യാറായി.

സീതയെ തേരിലേറ്റി രാവണൻ ഒന്നിച്ചുകേറിയ സംഭവം വിവരിക്കുന്നതു് ഇങ്ങനെയാണു്.

പംക്തികന്ധരൻ തേരിലാമ്മാറു കരേറിനാൻ
ചെന്താർബാണനും തേരിലേറിനാനതുനേരം

സീതയെ ബലാൽക്കാരമായി വലിച്ചു തേരിൽകയറ്റി താനും കയറി വാഹനം വിട്ട എന്ന പറയുന്നതു് ശ്രുഷ്ടവിവരണമാകും. കാവ്യാന്തരീക്ഷത്തിനു യോജിച്ചതരത്തിൽ വസ്തുതാവിവരണം നടക്കുമ്പോഴാണു് കാവ്യം ആസ്വാദ്യമാകുന്നതു്. ഇത്തരം ചമത്കാരസൃഷ്ടി എഴുത്തച്ഛനു് അധികം ഇഷ്ടപ്പെട്ടതായി തോന്നുന്നു.

ജനകനരപതിവരമകൾക്കും ദശാസ്യനും
ചെമ്മേ വിറച്ചിതു വാമഭാഗം തുലോം

ഇടതുവശം തുടിക്കുന്നതു് പുരുഷനു അമംഗളസൂചകമാണെങ്കിലും സ്ത്രീകൾക്കു് അതു് ശുഭസൂചകമാണു്. ഒരു സംഭവം വിവരിക്കുന്നതോടുകൂടി ഭാവിയിലേക്കു് വിരൽ ചൂണ്ടുന്നതു് ശ്രുണപ്രദമാകുമല്ലോ. അസ്വസ്ഥതയോടുകൂടിയാണു് ഹനുമാൻ ലങ്കാപുരിയിൽ എത്തിയതെന്നു് പ്രസ്താവിക്കേണ്ടിടത്തും ഇതേ കവനകലാസൂത്രം പ്രയോഗിക്കപ്പെട്ടുന്നു.

ചരമഗിരിശിരസി രവിയും പ്രവേശിച്ചിതു
ചാരുലങ്കാ ഗോപുരാഗ്രേ കപീന്ദ്രനും

ഇവിടെ മറെറാന്നുകൂടി ധ്വനിപ്പിക്കുവാൻ കവിക്കു കഴിഞ്ഞിരിക്കുന്നു. കപീന്ദ്രൻ ലങ്കാഗോപുരാഗ്രത്തിലെത്തിയതു് രവികുലശിരോമണിയായ ശ്രീരാമൻ ലങ്കാധിപചരമലക്ഷ്യത്തെ സാധിതപ്രായമാക്കി എന്ന സൂചനകൂടി സഹൃദയന്മാക്കു ലഭിക്കാം.

സുന്ദരകാണ്ഡത്തിനു് കാവ്യസൗകുമാര്യാതിശയം കൂടുതലുണ്ടു്. മറ്റു കാണ്ഡങ്ങളിൽനിന്നു് വ്യത്യസ്തമാണു് തുടക്കംതന്നെ.

കഥയ മമ കഥയ മമ കഥകളതിസാദരം
കാകുൽസ്ഥലീലകളും കേട്ടാൽ മതി വരാ

എന്നുള്ള പാർവതിയുടെ കഥാശ്രവണതാല്പര്യപ്രകടനവും ഹിമഗിരിസുത യ്ക്കു വേണ്ടി കഥ തുടർന്നു് ആഖ്യാനംചെയ്യാനുള്ള ഗംഗാധരന്റെ സന്നദ്ധത യും എടുത്തുപറയുന്നുണ്ടു്. ഹനുമാൻ വാലുമുയർത്തി തെക്കൻകടൽ ചാടിക്ക ടക്കാൻ ഒരുങ്ങിനില്ക്കുന്ന ചിത്രം ആസ്വാദ്യമായിരിക്കുന്നു.

അനലശിഖകളുമനിലസുതഹൃദയവും തെളി—
ഞ്ഞാഹന്ത! വിഷ്ണുപദം ഗമിച്ചു തദാ
വിബുധപതിയൊടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക—
ളംബരത്തോളമുയർന്നു ചെന്നു മുദാ.

ലങ്കാദഹനഘട്ടത്തിലുള്ള ഈ ഭാഗമെല്ലാം എഴുത്തച്ഛൻ സ്വയം എഴുതിച്ചേർ ത്തതാണു്. മൂലത്തെ മാററിവച്ചാണു് ഈ ഭാഗം എഴുതിയതെന്നു സാരം. ലങ്കാപുരിയുടെ പഴയ ഭ്രുതിപരിപൂർണ്ണതയുടെ സ്ഥാനത്തു് മറെറാരർഥ ത്തിൽ ഭ്രുതിപരിപൂർണ്ണത ചമഞ്ഞിരിക്കുകയാണെന്നു് കവി പറയുന്നു. ഹനു മാന്റെ ഹൃദയവും രൗജ്വാലകളും വിഷ്ണുപദത്തിലേക്കുയർന്നു. ലങ്കാദഹന വാർത്ത ദേവേന്ദ്രനോടു് ആദ്യമുണർത്തിക്കുവാനുള്ള തിടുക്കം അഗ്നിജ്വാല കളെ പ്രകടമാക്കുകയാണോ എന്നു് ആരും സംശയിച്ചുപോകും.

രാവണൻ സീതയുടെ മുൻപിൽ ശ്രീരാമനെ തരംതാഴ്ത്തിക്കാട്ടാൻ ഉപ യോഗിച്ച പദാവലികളത്രയും സ്തുതിവാക്യങ്ങളായി മാറുകയാണു്.

ശപചനുമൊരവനിസുരവരനുമവനൊക്കുമി—
ശാക്കളും ഗോക്കളും ഭേദമില്ലേതുമേ.

ഭഗവദ്ഗീതയിലെ 'ശുനി ചൈവ ശ്വപാകേ ച പണ്ഡിതാഃ സമദർശിനഃ', (V: 18) എന്നാശയം അറിയാതെ സ്മരിച്ചുപോവുകയാണു്, രാവണന്റെ വാക്യങ്ങളിൽ. 'പുരുഷസ്ത്രീജാതിനാമാശ്രമാദികളല്ല കാരണം മമ ഭജനത്തിനു ജഗത്ത്രയേ' എന്നു് ശ്രീരാമൻ ശബരിയോടു പറഞ്ഞിട്ടുണ്ടു്. രാവണനാകട്ടെ മതാനുഷ്ഠാനങ്ങളും മുറപോലെ ചെയ്യും. അതു കഴിഞ്ഞാൽ ശ്വപചനെ പുച്ഛിക്കും. മാത്രമല്ല ഏതു് അധർമ്മം ചെയ്യുന്നതിനും തന്റെ ഇരുപതു കൈകൾക്കു് ലൈസൻസു് കിട്ടിയ മട്ടിൽ അഹംബുദ്ധിയും തലക്കനവും കാണിക്കുകയും ചെയ്യും.

പ്രതാപലങ്കേശ്വരന്റെ മുമ്പിൽ ഹനുമാൻ തന്റെ വാലുചുരുട്ടി സ്വയം ഒരു പീഠം ഉയർത്തി ഒരു ചോദ്യചിഹ്നംപോലെ മുഖവുമായിരിക്കുന്നു. രാവ ണന്റെ വീരസ്യം കേട്ടു്,

നിനവു തവ മനസി പെരുതെത്രയും നന്നു നീ
നിന്നോടെതിരൊരു ന്യൂനൂറായിരം
രജനിചരകുലപതികളായു് ഞെളിഞ്ഞുള്ളൊരു
രാവണന്മാരൊരുമിച്ചെതിത്തീടിലും
നിയതമിതു മമ ചെറുവിരല്ലു പോരാ പിന്നെ
നീയെന്തുചെയ്യുന്നിതെന്നോടു കുശല!

മൂലത്തിലെ രണ്ടുവരികളുടെ ഭാഷാന്തരമാണിത്. 'നമേ സമാ രാവണ കോടയോധമാ രാമസ്യ ദൂതോഽഹമപാരവിക്രമഃ' കോടി രാവണന്മാർ എന്നു പറയുന്നതിനേക്കാൾ മലയാളത്തിൽ നൂറുനൂറായിരം രാവണന്മാർ എന്നു പറയുമ്പോൾ ശക്തി കൂടുമല്ലോ. വാണീദേവി മലയാളഭാഷയുടെ സമസ്തകഴിവുകളേയും എഴുത്തച്ഛന്റെ നാരായത്തുമ്പത്തു് സമാഹരിച്ചുകൊടുത്തിരിക്കുകയാണു്.

കവിയുടെ ഭക്തിലഹരിമൂലമുണ്ടാകുന്ന സ്ഥലകാല വിഭ്രാന്തികൾ ഗൃഹസദസ്സിനു് ഒരു പ്രശ്നമാകില്ലല്ലോ ശ്രീരാമപട്ടാഭിഷേകം നിശ്ചയിച്ച വിവരം അറിഞ്ഞു് കൗസല്യ പുത്രന്റെ ഭരണവിജയത്തിനും യശസ്സിനും വേണ്ടി ഭഗവതിപൂജ നടത്തി.

ദുർഗ്ഗേ ഭഗവതി ദുഷ്കൃതനാശിനി
ദുർഗ്ഗതിനീക്കി തുണച്ചീടുകംബികേ

അയോദ്ധ്യാരാജധാനിയിൽ കൊട്ടങ്ങല്ലൂർ ഭഗവതി, തിരുമാന്ധാംകുന്നത്തു ഭഗവതി, ലോകനാർകാവിലമ്മ എന്നീ ദേവിമാരെ കുടിവച്ചിട്ടുണ്ടോ എന്നു തോന്നും, സാധാരണക്കാരുടെ നിലവിലുള്ള പ്രാർത്ഥനയുടെ സ്വരവും സ്വഭാവവും കാണുമ്പോൾ. ഭക്തി കയറിയ കൗസല്യയും സീതയും എല്ലാം കേരളസ്ത്രീയായി മാറുകയായി. സുമന്ത്രർ നിർദ്ദേശം കൊടുക്കുന്നു, ശ്രീരാമപട്ടാഭിഷേകദിവസം ദേവാലയത്തിൽ വിശേഷാൽ പൂജ നടത്തണമെന്നു്. ശ്രീരാമന്റെ കാലത്തു് ക്ഷേത്രങ്ങളുണ്ടായിരുന്നോ എന്ന ചരിത്രപ്രശ്നം ഇവിടെ അപ്രസക്തമാണു് എഴുത്തച്ഛനാവശ്യം സമകാലികകേരളത്തിൽ ഭക്തിയുടെ അന്തരീക്ഷം പുലർത്തുകാണുക എന്നതുമാത്രമാണു്. ചരിത്രപണ്ഡിതന്മാരെ തൃപ്തിപ്പെടുത്തുക എന്നതല്ല.

വേദാന്തവിഷയങ്ങൾ വരുന്നിടത്തു് പാകപ്പിഴകൾ ഒന്നും പിണയാതെ നോക്കും. എഴുത്തച്ഛൻ, സാരസ്യം വർദ്ധിപ്പിക്കാൻ മൂലത്തിലെ ക്രമീകരണത്തെ മാറ്റിയെടുക്കുവാനും തയ്യാറാണു്. രാമലക്ഷ്മണന്മാർ സീതാദേവിയോടൊപ്പം വനവാസത്തിനിറങ്ങുന്ന സന്ദർഭം എഴുത്തച്ഛൻ ചിത്രീകരിച്ചിരിക്കുന്നതു് ഇങ്ങനെയാണു്:

മുന്നിൽ നീ നടക്കേണം വഴിയേ വൈദേഹിയും
പിന്നാലെ ഞാനും നടന്നീടുവാൻ ഗതഭയം
ജീവാത്മപരമാത്മാക്കൾകണക്കെ മദ്ധ്യസ്ഥയാകും
ദേവിയാം മഹാമായാശക്തിയെന്നതുപോലെ

മൂലത്തിലുള്ള ഉപമാനത്തിൽ ജീവാത്മാവു്, മായ, പരമാത്മാവു് എന്ന ക്രമം ശരിപ്പെടുത്തുവാൻ ജീവാത്മസ്ഥാനിയായ ലക്ഷ്മണനെ മുൻപിലും മായാദേവിയായ സീതയെ മദ്ധ്യത്തിലും രാമപരമാത്മാവു പുറകിലും നടക്കുക എന്ന സമ്പ്രദായം എഴുത്തച്ഛൻ ഔചിത്യപൂർവ്വം സ്വീകരിച്ചിരിക്കുകയാണു്.

മൂലകൃതിയിൽ വസ്തുസ്ഥിതികഥനമായി ശ്ലോകത്തിൽ കഴിച്ച ബാലിസുഗ്രീവയുദ്ധം പത്തിരുപതു വരികളിലായി എഴുത്തച്ഛൻ വികസിപ്പിച്ചു് ആ രംഗത്തിന്റെ ചടുലത വർദ്ധിപ്പിച്ചിരിക്കുന്നു. ആ യുദ്ധവർണ്ണന വായിക്കുമ്പോൾ പ്രദർശനശാലയിലെ ഓണത്തല്ലോ, കളരി മൽപ്പിടുത്തമോ എന്തോ നടന്നു എന്ന തോന്നലുണ്ടാകും. മൂലത്തിലെ ശുഷ്കവിവരണത്തിൽ ഇതൊന്നുമില്ല.

രാമബാണമേറ്റ് ആസന്നമൃത്യുവായ ബാലി ശ്രീരാമനോട് ചില ചോദ്യങ്ങളും ചോദിക്കുന്നുണ്ട്. ഉത്തരം കിട്ടാൻ പ്രയാസമായ ചോദ്യങ്ങൾ. ബാലി ധർമ്മമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ച കാര്യത്തിനാണ് താൻ അപ്പെയ്തതു് എന്നു് ശ്രീരാമൻ വ്യക്തമാക്കി. അധികാരസ്ഥാനമേറ്റ സുഗ്രീവൻ സന്ധിവ്യവസ്ഥകളും വിസ്മരിച്ചു് സീതാന്വേഷണത്തിനു് ശ്രമിക്കാതായപ്പോഴും ലക്ഷ്മണൻ കിഷ്കിന്ധയിലെത്തി ചെറുതാണൊലിയിട്ടു. അപ്പോഴും രാജ്യം പ്രകമ്പനംകൊണ്ടു. ആ ഭാഗം നമ്മരസം കലർത്തിയാണു് എഴുത്തച്ഛൻ വർണ്ണിച്ചിട്ടുള്ളതു്. ലക്ഷ്മണനെ കണ്ടപ്പോഴും പ്രാകൃതരായ കപികളും കല്ലും മരവും കൈയിലേന്തി കോട്ടമതിലിന്റെ മുകളിൽ നിന്നു് ശബ്ദമുണ്ടാക്കി എന്നു മാത്രമേ മൂലത്തിലുള്ളു. രസം പിടിപ്പിക്കാൻ എഴുത്തച്ഛൻ ചേർത്തതാണു് പേടിച്ചു് കപികളും മലമൂത്രവിസർജ്ജനം ചെയ്തു് അങ്ങുമിങ്ങും ചാടിയോടി തുടങ്ങിയ കാര്യങ്ങളും.

എഴുത്തച്ഛന്റെ ധർമ്മബോധം ഉച്ചകോടിയിലെത്തുന്നതു് ഉത്തരരാമായണനിർമ്മാണത്തിനു് വാല്മീകിയെ ആധാരമാക്കാൻ തീരുമാനിച്ചപ്പോഴാണു്. 111 സർഗ്ഗങ്ങളിലായി പരന്നുകിടക്കുന്ന ഉത്തരരാമായണകഥാഭാഗത്തെ മൂന്നു് അധ്യായങ്ങളിൽ ഒതുക്കി എന്നതു സംക്ഷേപണകലയ്ക്കു് ഒരു മകുടംചാർത്തലായി കണക്കാക്കാം. സീതയെ അകാരണമായി കാട്ടിൽ ഉപേക്ഷിച്ചപ്പോഴും ശ്രീരാമന്റെ ധർമ്മബോധം പമ്പകടക്കുകയാണെന്നു ചിലർക്കു തോന്നാം. എന്നാൽ സീതയുടെ ഭർതൃഭക്തി, പുത്രവാത്സല്യം, ത്യാഗസന്നദ്ധത, ആദ്ധ്യാത്മികത എന്നിവ അനാവരണം ചെയ്യപ്പെടുന്നതു് ഈ ഘട്ടത്തിലാണു്. രാമായണം ശരിക്കു് സീതായനമായി മാറുന്നതു് ഇവിടെയാകുന്നു. രാവണവധം കഴിഞ്ഞു് സൈരമായി ഏതാനും വർഷത്തെ രാജ്യഭാരം കഴിഞ്ഞശേഷം സീത ഗർഭിണിയാണെന്ന വിവരം ശ്രീരാമചന്ദ്രൻ ഗ്രഹിക്കുന്നു. ഗർഭകാലത്തെ ആഗ്രഹമെന്തായാലും സാധിച്ചുകൊടുക്കാമെന്നു് വാക്കുകൊടുക്കുന്നു. ഒരു പുഞ്ചിരിമാത്രമായിരുന്നു അതിനു സീതാദേവിയുടെ മറുപടി. പുഞ്ചിരിയുടെ അർത്ഥസൂചന വിവരിക്കാൻ പറഞ്ഞപ്പോഴും 'തപോവനാനി പുണ്യാനി ദ്രഷ്ടുമിച്ഛാമി രാഘവ' എന്നായിരുന്നു സീതയുടെ മറുപടി. അടുത്ത പ്രാതത്തിൽ അതു സാധിപ്പിക്കുന്നുണ്ടെന്നു ശ്രീരാമൻ പറഞ്ഞു.

പിന്നീടാണു് നമ്മസചിവനിൽനിന്നു് സീതയെപ്പറ്റി പ്രജകളുടെ ഇടയിൽ സംശയങ്ങളുള്ളതായി രാമൻ അറിയുന്നതു്. സീത പതിവ്രതയാണു്, അനർഘയാണു് എന്നു് ശ്രീരാമനു് അറിയാം. ജനാഭിപ്രായമാനിക്കേണ്ട ബാധ്യത രാജാവിനുണ്ടു്. ശ്രീരാമൻ ലക്ഷ്മണനെ വിളിച്ചു് സുമന്ത്രരുടെ അകമ്പടിയോടുകൂടി സീതയെ ഗംഗാനദി കടത്തി വാല്മീകിയുടെ ആശ്രമപരിസരത്തു ഉപേക്ഷിച്ചുപോരാൻ ആജ്ഞാപിച്ചു. ഒരേ തേരിൽ സഞ്ചരിക്കുമ്പോഴും സീതയ്ക്കും ലക്ഷ്മണനും ഭിന്നവികാരങ്ങളുണ്ടായി. സീത ഗർഭസ്ഥശിശുവിന്റെ ശ്രേയസ്സിനെ മുൻനിറുത്തി ഒരു ദിവസത്തെ ആശ്രമസന്ദർശനത്തിനു പോകുകയാണു് എന്നു് സന്തോഷിച്ചിരിക്കുക. ലക്ഷ്മണനാകട്ടെ മാതൃതുല്യയായ ദേവി ഗർഭിണിയായിരിക്കേ അപരിചിതമായ ആശ്രമപരിസരത്തിൽ ഉപേക്ഷിച്ചുപോരാൻ ജ്യേഷ്ഠൻ തന്നെ നിയോഗിച്ചിരിക്കുന്നതിലെ വ്യർത്ഥയാണു്. 'വാവിട്ടു കരയുന്ന ലക്ഷ്മണനെ' കണ്ടു് സീതാദേവി ഒന്നോ രണ്ടോ ദിവസം ജ്യേഷ്ഠനെ വേർപിരിയുന്നതുകൊണ്ടുള്ള ദുഃഖമാകാം ലക്ഷ്മണനെ അലട്ടുന്നതെന്നു

വിചാരിച്ചു. ജനഹിതം മാനിക്കാനുള്ള ജ്യേഷ്ഠന്റെ ധർമ്മവ്യഗ്രത ഒരു വശത്തു്, സീതാദേവിയുടെ നിരപരാധിത്വം മറുവശത്തു്. വിഷമംപിടിച്ച ജോലിയാണു് തനിക്കു കിട്ടിയതു്. ലോകനിന്ദിതനായി തീരുന്നതിനേക്കാൾ മരണമാണു് സ്വീകാര്യമെന്നുപോലും ലക്ഷ്മണൻ ചിന്തിച്ചുപോകുന്നു. ഏതായാലും ലക്ഷ്മണൻ സീതയെ വസ്തുത ധരിപ്പിച്ചു. ഭർത്തൃനിയോഗം സ്വീകരിക്കാൻ തനിക്കു് സന്തോഷമേ ഉള്ളൂ എന്നു് സീത അറിയിച്ചു. ഭർത്താവിന്റെ സൽപ്പേരിനുവേണ്ടി ഏതു ദുഃഖവും സഹിക്കാൻ താൻ തയ്യാറാണെന്നു് അമ്മമാരെ അറിയിക്കാൻ ലക്ഷ്മണനെ സീത പറഞ്ഞേല്പിച്ചു. ലക്ഷ്മണൻ തേർ തെളിച്ചു് വിദൂരതയിൽ മറയുമ്പോഴും സമയം സൂര്യാസ്തമയത്തോടടുത്തിരുന്നു. തന്റെ പാതിവ്രത്യശുദ്ധിയിൽ വിശ്വസിച്ചുകൊണ്ടു് ഭാഗീരഥീതീരത്തു് ഏകാകിനിയായി നില്ക്കുമ്പോഴും വാല്മീകിമഹർഷി കാര്യമറിഞ്ഞു് ദേവിയെ ആശ്രമത്തിലേക്കു് കൂട്ടികൊണ്ടുപോയി. ക്രൗഞ്ചമിഥുനത്തിൽ ഒന്നിന്റെ ശോകാവേഗത്തെ വച്ചുകൊണ്ടു തുടങ്ങിയ കാവ്യം ശോകത്തിന്റെ ഘനീഭൂതഭാവത്തിൽ എത്തിനില്ക്കുന്ന ഉത്തരരാമായണഭാഗം അത്യധികം ആസ്വാദ്യമായി തോന്നുകയാണു്.

എഴുത്തച്ഛനു് ജാതിചിന്തയുടെ അർഥശൂന്യതയെപ്പറ്റി ജനങ്ങളിൽ ബോധമുളവാക്കുക എന്ന ലക്ഷ്യവും രാമായണനിർമ്മാണത്തിലൂടെ സാധിക്കാനുണ്ടായിരുന്നു. ഭക്തിയുടേയും വേദാന്തചിന്തയുടേയും അന്തരീക്ഷത്തിൽ അതു സാധിക്കുക എന്നതു സാമൂഹ്യമായ ഒരാവശ്യംകൂടി ആയിരുന്നു. മരണത്തിന്റെ മുൻപിൽ അഹന്തയും ജാതിഭ്രാന്തും നിസ്സാരങ്ങളാണെന്നു് ലക്ഷ്മണോപദേശത്തിൽ വെളിവാക്കിയിട്ടുണ്ടു്. ജാതിയും സ്ത്രീപുരുഷഭേദവും ഭക്തിയുടെ കാര്യത്തിൽ നിസ്സാരങ്ങളാണെന്നു് ശ്രീരാമൻ ശബരിയോടു തെളിച്ചുപറഞ്ഞിട്ടുണ്ടു്. വേദപുരാണങ്ങളുടെ അടിസ്ഥാനത്തിൽ ആലോചിക്കുമ്പോഴും ജാതിചിന്ത അശാസ്ത്രീയവും, അർഥശൂന്യവുമാണെന്നു കാണാം. ശ്രീരാമൻ ഹനുമാനു നല്കുന്ന ഉപദേശത്തിൽ എല്ലാ ജീവജാലങ്ങളും പരമാത്മാവിന്റെ അംശങ്ങളാണെന്നു സൂചിപ്പിച്ചിട്ടുണ്ടു്.

അയോദ്ധ്യാധിപനായ ദശരഥനും, വാനരരാജാവായ ബാലിക്കും, രാക്ഷസരാജാവായ രാവണനും ഒരേ തരത്തിൽ ശവസംസ്കാരം നടത്തിയതായി രാമായണം വിളിച്ചുപറയുന്നു. ജടായുവിന്റെ സ്മരണയ്ക്കുവേണ്ടി സമ്പാതി പിതൃതർപ്പണം ചെയ്യുന്നതും അർഥവത്താണു്. വനവാസത്തിനു ഭർത്താവൊന്നിച്ചു പുറപ്പെടാനുള്ള തന്റെ അവകാശത്തെ സ്ഥാപിക്കാൻ സീതാപാണിഗ്രഹണമന്ത്രാർത്ഥത്തെ അനുസ്മരിക്കുന്നുണ്ടു്. വികാരവിചാരങ്ങളും പ്രവൃത്തിയും സമാനമാകട്ടെയെന്ന ആശംസയാണു് പാണിഗ്രഹണമന്ത്രത്തിന്റെ കാതലായ ഭാഗം. അതിൽനിന്നും സ്ത്രീയ്ക്കും പുരുഷനും തുല്യതയാണു് ഉദ്ദേശിച്ചിരിക്കുന്നതു് എന്ന വ്യക്തമാണല്ലോ. വേദാന്തചിന്തയുടേയും കേതിപ്രഹസ്തത്തിന്റേയും അന്തരീക്ഷത്തിൽ മനുഷ്യനിൽ ഏകാത്മതാബോധം വളർത്തുക എന്നതു് രാമായണരചനയുടെ ഉദ്ദേശ്യങ്ങളിൽപ്പെടുന്നു. സാഹിത്യഭംഗിയും സാമൂഹ്യപ്രാധാന്യവും ഉൾക്കൊള്ളുന്ന അധ്യാത്മരാമായണത്തെ കേരളീയർ തങ്ങളുടെ പവിത്രഗ്രന്ഥമായി കരുതിപ്പോരുന്നു.

കർക്കടകമാസത്തിൽ പഴമയെ തട്ടി പുറത്താക്കി പുതുമയെ കുടിവയ്ക്കലും പിതൃതർപ്പണവും വാവൂട്ടും നടത്തുന്നതിനു സമാന്തരമായി കുടുംബാന്തരീക്ഷത്തിൽ ധാർമ്മികമൂല്യങ്ങളും വളർത്താൻ അധ്യാത്മരാമായണം പാരാ

യണം ചെയ്യുപോരുന്നുണ്ട്. സമത്വത്തിനേറെയും സാഹോദര്യത്തിനേറെയും മറ്റു മാനുഷികബന്ധങ്ങളുടേയും ഉജ്വലസന്ദേശം എന്തെന്നു് കേരളീയ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ളതു് എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടാണു്. കേരളത്തിന്റെ സംസ്കാരിക നവോത്ഥാനത്തിന്റെ തീപ്പന്തമുയർത്തിപ്പിടിച്ച തുഞ്ചത്തു് എഴുത്തച്ഛനെ കേരളഭാഷയുടെ പിതാവായി സങ്കൽപ്പിക്കുന്നതിൽ ഒരു അപാകതയുമില്ല.

5. കേരളവർമ്മരാമായണം

തുഞ്ചത്തു് എഴുത്തച്ഛനുശേഷം കിളിപ്പാട്ടുരീതിയിൽ ഗ്രന്ഥരചന നടത്തി വിജയം വരിച്ചവരിൽ വരിഷ്ഠൻ കോട്ടയം കേരളവർമ്മത്തമ്പുരാനാണു്. കേരളവർമ്മരാമായണം, വൈരാഗ്യചന്ദ്രോദയം ഹംസപ്പാട്ടു് ഇവ രണ്ടുമാണു് തമ്പുരാന്റെ മുഖ്യകൃതികൾ. കൊ. വ. 820—ാമാണ്ടിടക്കായിരിക്കണം തമ്പുരാന്റെ ജനനമെന്നു് അഭ്യൂഹിക്കുന്നു. സുന്ദരകാണ്ഡാവസാനം വരെയുള്ള വാല്മീകിരാമായണവും പാതാളരാമായണവും രാമകഥാപരമായി തമ്പുരാൻ രചിച്ചിട്ടുണ്ടു്.

....'തമ്പുരാന്റെ ഭാഷ മൂഢന്മാക്കും തിരിയുമാറു് അത്രമാത്രം ലളിതവും പ്രസന്നവുമാണു്. സംസ്കൃതപ്രത്യയങ്ങളും പ്രയോഗിക്കുന്നതിനു് അദ്ദേഹത്തിനു വളരെ വൈമുഖ്യമുണ്ടു്. മൂലത്തിലെ വിഷയങ്ങളും യാതൊന്നും വിടാതെ കവി വാല്മീകിയുടെ കാവ്യതല്ലജത്തെ അക്ലിഷ്ടമനോഹരമായി അദ്വിതീയമായ രസസംപൂർത്തിയോടുകൂടി വിവർത്തനം ചെയ്തിരിക്കുന്നു. 'ശബ്ദാർത്ഥാലങ്കാരങ്ങളും പാരമായ് ദീക്ഷിച്ചീല' എന്നു പറഞ്ഞിട്ടുള്ളതു പരമാർത്ഥംതന്നെ. ദ്വിതീയാക്ഷരപ്രാസഘടനയിൽപ്പോലും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിട്ടില്ല. അങ്ങിങ്ങു ചില ഈരടികളും നടുക്കുവച്ചതന്നെ ഒടിഞ്ഞുപോയിട്ടുണ്ടു്. ആമാതിരിയിലുള്ള സൗന്ദര്യാധായകത്വത്തിന്റെ അവസ്ഥ എങ്ങനെയിരുന്നാലും തമ്പുരാന്റെ രാമായണം അതിന്റെ അകൃത്രിമമായ രാമണീയകംകൊണ്ടു കൈരളിയുടെ മികച്ച കണ്ഠാഭരണങ്ങളിൽ ഒന്നായി പരിലസിക്കുന്നു'. എന്നാണു് ഉള്ളൂർ കേരളവർമ്മരാമായണത്തെ വിലയിരുത്തിയതു്.

എഴുത്തച്ഛനെപ്പോലെ കേരളവർമ്മയും മൂലത്തിലെ ആശയങ്ങളെ സമഞ്ജസമായി വികസിപ്പിച്ചിട്ടുണ്ടു്. ലങ്കാദഹനഘട്ടത്തിലെ രാക്ഷസന്മാരുടെ സ്ഥിതി വാല്മീകിരാമായണത്തിൽ ചുരുക്കം വാക്കുകളേക്കൊണ്ടു കാര്യം പറഞ്ഞുതീർത്തിരിക്കുകയാണു്. തമ്പുരാനാകട്ടെ വളരെ വിസ്തരിച്ചുതന്നെ ആ സംഭവത്തെ വിവരിച്ചിട്ടുണ്ടു്.

വിച്ഛിന്നാഭിഷേക ഘട്ടത്തിന്റെ വികാരമൂർച്ഛ വളർത്താൻ പറ്റിയ വിധത്തിലാണു് കൗസല്യയുടെ വിഷ്ണുപൂജ അവതരിപ്പിച്ചിട്ടുള്ളതു്. വനവാസത്തെക്കുറിച്ചു് കേട്ടറിഞ്ഞു് കോപാകുലനാകുന്ന ലക്ഷ്മണനേയും സദ്വചനങ്ങൾകൊണ്ടു് ശ്രീരാമൻ സമാധാനപ്പെടുത്തുന്നുണ്ടു്. ധർമ്മാർത്ഥകാമങ്ങളും മൂന്നും അനുഷ്ഠിക്കേണ്ടതിന്റെ ആവശ്യം വിവരിച്ചുകൊടുക്കുന്നതു നോക്കുക.

ത്രിവർഗ്ഗമന്യോന്യം വിരുദ്ധമാകുമ്പോൾ
ദ്വിവർഗ്ഗത്തെ വിട്ടിങ്ങെടുക്കണം ധർമ്മം
ത്രിവർഗ്ഗവുമൊരു വിരുദ്ധം കൂടാതെ
അനുഷ്ഠിക്കാമെങ്കിലനുഷ്ഠിക്ക നല്ലൂ.

ആ ദിവസംവരെ ത്രിവർഗ്ഗങ്ങളെ പിണക്കം കൂടാതെ അനുഷ്ഠിക്കാൻ കഴിഞ്ഞത ഭാഗ്യം. പുതിയ ചുറ്റുപാടിൽ ദ്വിവർഗ്ഗത്തെ ത്യജിച്ചു ധർമ്മാചരണത്തിനു മുതിരുകയാണു്. ലക്ഷ്മണൻ എതിരു പറയരുതു് അമ്മയാണെങ്കിൽ പതിശുശ്രൂഷ നടത്തി കൊട്ടാരത്തിൽത്തന്നെയിരിക്കണം.

ശ്രീരാമൻ വനവാസത്തിനു പുറപ്പെടാൻ സീതയോടനുമതി ചോദിക്കുന്ന രംഗം ദമ്പതീപ്രണയത്തിനു് ഉത്തമനിദർശനമായി സൂചിക്കാവുന്നതാണു്. സഹയാത്രയ്ക്കു് ഉള്ള ആഗ്രഹം സീത പ്രകടിപ്പിക്കുന്നു. അച്ഛനമ്മമാരെ ശുശ്രൂഷിച്ചു് അയോധ്യയിൽ വസിക്കുകയാണു് വേണ്ടതെന്നും ആ സമയത്തു് എങ്ങനെ പെരുമാറണമെന്നും ഉപദേശിക്കുകയാണു് ശ്രീരാമൻ. ഈ സമയത്തു് കോപതാപങ്ങളോടുകൂടി സീത അവളുടെ വാദമുഖങ്ങളും തീരുമാനങ്ങളും അറിയിക്കുന്നു. വനവാസത്തിന്റെ വൈഷമ്യങ്ങൾ സ്ത്രീകൾക്കു ചിന്തിക്കാൻ വയ്യാത്തത്ര ഗുരുതരമാണെന്നും അതുകൊണ്ടു് കാട്ടിലേക്കു കൊണ്ടുപോകുക നിവൃത്തിയില്ലെന്നും ശ്രീരാമൻ പറഞ്ഞു സീതയാകട്ടെ ശ്രീരാമന്റെ ഭയമാണു് ഒന്നിച്ചുവരുന്നതിൽനിന്നു് തന്നെ വിലക്കുന്നതു് എന്നു പറഞ്ഞു് ശ്രീരാമനെ ചൊടിപ്പിക്കുന്നു. നല്ല തന്റേടക്കാരിയായാണു് തമ്പുരാൻ സീതയെ അവതരിപ്പിച്ചിരിക്കുന്നതു്.

രാമനില്ലാത്ത അയോധ്യയെ 'പെരിച്ചാഴി കുമൻ പെരിയ പൂച്ചയും നിറഞ്ഞിരിക്കുന്ന പുര'മായിട്ടാണു് തമ്പുരാൻ വർണ്ണിച്ചിട്ടുള്ളതു്. ആരണ്യകാണ്ഡത്തിൽ മാരീചൻ മനോഹരമായ പൊന്മാനായി വരുന്നതും സീതയെ പ്രലോഭിപ്പിക്കുന്നതുമായ ഭാഗം വളരെ ഭംഗിയായി കൈകാര്യം ചെയ്തിട്ടുണ്ടു്.

ഇന്ദ്രനീലപ്രഭാശോഭയാം കൊമ്പുകൾ
ചന്ദ്രമേഘച്ഛവി സമ്മിശ്രമാനനം
ചെന്താമരപോലുള്ള മുഖാഗ്രവും
ചിന്താവിഷമമാം ദൃഷ്ടിവിലാസവും

....

പുല്ലുകൾ കണ്ടു പറിച്ചു മൃദുലമാം
പല്ലവംതന്നെക്കടിച്ചു ചവയ്ക്കുയും
മെല്ലവേ കാതിൽ ഖുരത്താൽ ചൊറിയുകയും
പുല്ലിനെയോരോന്നു പോമ്പോലും മണക്കയും

പുല്ലു കടിച്ചു ചവയ്ക്കുന്നതും കൊമ്പുകൊണ്ടു ചെവി ചൊറിയുന്നതും മറ്റും ഹൃദ്യമായിട്ടുണ്ടു്. മാനിന്റെ നീക്കങ്ങളുടെ വിശദാംശങ്ങളിലേക്കെല്ലാം തമ്പുരാൻ കടന്നു ചെല്ലുന്നുണ്ടു്.

ബാലകാണ്ഡവും സുന്ദരകാണ്ഡവും കേകയിലും ആരണ്യകാണ്ഡവും യുദ്ധകാണ്ഡവും കൈകളിയിലും അയോദ്ധ്യാകാണ്ഡം അന്നനടയിലും കിഷ്കി

സ്ഥാകാണ്ഡം ദ്രുതകാകളിയിലുമാണ് രചിച്ചിട്ടുള്ളത്. ആരണ്യകാണ്ഡത്തിന്റെ ആരംഭത്തിൽ സംസ്കൃതമയമായ ഒരു ശ്രീരാമസ്തോത്രം ഘടിപ്പിച്ചിട്ടുള്ളതു നോക്കുക:

സലിലനിധിശായിനം സദയ, മനപായിനം
ഭജത ബഹു മായിനം പ്രണതസുഖദായിനം
കമലദളലോചനം കരിഭയ വിമോചനം
ഖഗപരിവൃഢാസനം കലികലുഷനാശനം

....

രുചിരതരകന്ധരം മനസിജസുന്ദരം
മഹിതജഗതാകരം മധുരരുചിബന്ധുരം
സുഖവിജിതസാരസം മുദിതവരമാനസം
കനകരുചിവാസസം കരവിധൃതഗോരസം
മൃദുലകുടിലാളകം മൃഗമദസുഫാലകം
പരമവനിനായകം ഭജത വരദായകം

തമ്പുരാന്റെ കൃതികളിൽ രചനാഗ്രഹണം മുററിയതു രാമായണംതന്നെ. പക്ഷേ, സുന്ദരകാണ്ഡത്തിനപ്പുറം പോയില്ല എന്നൊരു ദുഃഖമേ അതേപ്പററി പറയാനുള്ള.

പാതാളരാമായണം കിളിപ്പാട്ട്

കേരളവമ്മയുടെ കൃതിയായ പാതാളരാമായണം എന്നൊന്നുകൂടി വകകൊള്ളിച്ചു കാണുന്നു. കേരളസാഹിത്യചരിത്രത്തിൽ കൊടുത്തിട്ടുള്ള ഇതിവൃത്തം ഇവിടെ ഉദ്ധരിക്കാം: 'രാമരാവണയുദ്ധത്തിൽ രാവണനെ സഹായിക്കുന്നതിനായി അധോഭുവനവാസിയായ പാതാളരാവണൻ വിഭീഷണന്റെ വേഷത്തിൽ ഹനുമാന്റെ ലാംഗൂലപ്രാകാരത്തെ അതിലംഘിച്ച്, ഉറങ്ങിക്കിടന്നിരുന്ന രാമലക്ഷ്മണന്മാരെ അപഹരിച്ചുകൊണ്ടു പോകുന്നു. നൂതനരാവണന്റെ വാസസ്ഥാനം സുഗ്രീവനിൽനിന്നു ഗ്രഹിച്ച് ആ രാക്ഷസരാജാവിനെ ജയിക്കുവാനുള്ള ഉപായവും മനസ്സിലാക്കി ഹനുമാൻ അവിടേക്കു പോകുന്നു. ആ സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തിനു ദ്വാരപാലകനായ മത്സ്യവല്ലനെ ജയിക്കേണ്ടിവരുന്നു. ആ യുവാവ് ഹനുമാന്റെ പുത്രനാണ്. രണ്ടുപേരും ആളറിയാതെ അന്യോന്യം അതിഘോരമായി യുദ്ധം ചെയ്യുന്നു. ഒടുവിൽ പരമാർത്ഥം മനസ്സിലാക്കി മത്സ്യവല്ലൻ പിതാവിനെ ഗ്രഹയിലേക്കു കടക്കുവാൻ അനുവദിക്കുന്നു. അകത്തു ചെന്നപ്പോൾ ഒരു വൃദ്ധ ഒരു കുടവും കൈയിൽവച്ചുകൊണ്ടു വിലപിക്കുന്നതു കണ്ട ഹനുമാൻ അതിന്റെ കാരണമെന്തെന്നു ചോദിക്കുകയും തന്റെ മകനേയും എവിടെനിന്നോ കൊണ്ടുവന്നിട്ടുള്ള വേറെ രണ്ടു യുവാക്കന്മാരേയും പാതാളരാവണൻ പുത്രോൽപ്പത്തിക്കുവേണ്ടി അന്നകുരുതി കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുകയാൽ അതിനു ശുദ്ധജലം കൊണ്ടുവന്നു കൊടുക്കുവാനാണ് താൻ പോകുന്നതെന്നു ആ സ്ത്രീ മറുപടിപറഞ്ഞു. ഹനുമാൻ ആ ദുഷ്ടനെക്കൊന്നു അവളുടെ പുത്രനെ അവിടത്തെ രാജാവായി അഭിഷേകം ചെയ്യാമെന്നു പ്രതിജ്ഞചെയ്തു, ആ കുടത്തിൽ ഒരു തവളയുടെ രൂപത്തിൽ അകത്തേക്കു പോകുന്നു. അന്തഃപുരത്തിൽ അതിസുന്ദരമായ ഒരു വാനരപ്പെതലിന്റെ

രൂപംപൂണ്ട്മാരുതി രാമലക്ഷ്മണന്മാരുടെ മുമ്പിൽ സാക്ഷാത്കാരമായി ചാടിക്കളിക്കുകയും രാക്ഷസരാജാവിന്റെ ഭാര്യയായ സരമയുടെ പ്രീതിക്കു പാത്രീഭവിക്കുകയും ചെയ്തു. അപ്പോഴും പാതാളരാവണൻ ആ കുരങ്ങിനെ കടന്നുപിടിക്കുവാൻ ഒരുങ്ങുകയും ആ തക്കം നോക്കി ഹനുമാൻ തന്റെ ശത്രുവിനെ വാൽകൊണ്ടു ചുറ്റി യുദ്ധത്താൽ വധിച്ചു രാമലക്ഷ്മണന്മാരെ വീണ്ടുകൊണ്ടു തിരിയെപ്പോകയും ചെയ്തു. 'ഇതാണു് ആ ഇതിവൃത്തം.'

ഇതു് നാലു പാദങ്ങളിലായാണു് രചിക്കപ്പെട്ടതു്. ഒന്നാംപാദം കളകാഞ്ചിയിലും രണ്ടാമത്തേതു് കേകയിലും മൂന്നാമത്തേതു് അന്നനടയിലും നാലാമത്തേതു് കാകളിയിലുമാണു് നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. ഹനുമാനും മത്സ്യവല്ലനും തമ്മിലുള്ള യുദ്ധത്തിലെ ഏതാനും ഭാഗം പകർത്താം:

അതുനേരമടുത്തനിലനന്ദന—
നതികഠിനമായവനെത്താഡിച്ചാൻ.
പിടിച്ചു കൈത്തലം ഞെരിച്ചു മുഷ്ടികൊ—
ണ്ടിടിച്ചു മാറിടം പൊടിയുമാറഹോ
അടുത്തുടൽ നഖം പതിച്ചു മെയ്യുളി—
ലൊലിക്കും ചോരയാലണിഞ്ഞിരുവരും

സീതാവിജയം കിളിപ്പാട്ടു്

സീതാവിജയം നാലുവൃത്തവും കോട്ടയം കേരളവർമ്മയുടെ കൃതിയാകാം. ശ്രീരാമപട്ടാഭിഷേകത്തിനുശേഷം ശതമുഖരാവണനെ വധിക്കുവാനായി ശ്രീരാമനേറെയും സഹോദരന്മാരുടേയും സുഹൃത്തുക്കളുടേയും സൈന്യങ്ങളും സീതയോടൊപ്പം പോകുകയാണു്. സീതയുടെ പാതിവ്രത്യശക്തികൊണ്ടു് ശതമുഖരാവണൻ വധിക്കപ്പെടുന്നു. മടക്കയാത്രയിൽ കൈലാസത്തിലിറങ്ങി പരമശിവനെ കാണുന്നതും മറ്റും വണ്ണനാവിഷയമായിട്ടുണ്ടു്. വസിഷ്ഠൻ ശതാനന്ദനെ കേൾപ്പിക്കുന്ന തരത്തിലാണു് കഥ അവതരിപ്പിക്കുന്നതു്.

കാശ്യപനു് പതിമൂനു് പത്നിമാരുണ്ടു്. അവരിൽ 'ദനുവാമവനംക്കു്' ശതാനനൻ പിറന്നു. മാതൃദോഷത്താൽ ദ്യുകാലത്തുണ്ടായ സന്തതിയാണു് ശതാനനൻ. അവൻ ഘോരതപം ചെയ്തു് മനുഷ്യക്കും ദേവന്മാക്കും ഒരു പേടിസ്വപ്നമായി. മായാപുരിയിൽ വാഴുന്ന മായാവിയായ ആ അസുരനെ വധിച്ചു് ജഗത്രയത്തെ രക്ഷിക്കേണ്ടതു് ശ്രീരാമന്റെ കടമയാണെന്നു് അഗസ്ത്യൻ അരുളിചെയ്തു. അഗസ്ത്യനിദ്ദേശം കേട്ടു് അതിനൊരു പദ്ധതിയുണ്ടാക്കാൻ ഹനുമാനെ നിയോഗിച്ചു. ഹനുമാനെ വാഹനമാക്കി എല്ലാവരും മായാപുരിയിലെത്തിച്ചേർന്നു് മായാപുരിയുടെ മതിലും കിടങ്ങും തകർത്തു് ഏവരും യുദ്ധത്തിനൊരുങ്ങി നില്പായി. യുദ്ധത്തിൽ ശതാനനന്റെ ഓരോ തുള്ളി ചോരയിൽനിന്നും അസുരപ്പട കണക്കറ്റുയർന്നുവന്നു. സീതയുടെ ആത്മീയബലത്തിനു മാത്രമേ അവനെ നശിപ്പിക്കാൻ കഴിയൂ എന്ന കാര്യം ശ്രീരാമചന്ദ്രൻ മനസ്സിലാക്കി. രാമനിദ്ദേശമനുസരിച്ചു് സീതാദേവി ശതമുഖനുമായി യുദ്ധം തുടങ്ങി. യുദ്ധത്തിന്റെ ഭീകരത വിവരിക്കുക പ്രയാസമാണു്. യുദ്ധത്തിൽ ദേവി ശതമുഖനെ വധിച്ചു. എല്ലാവരും ജാനകീദേവിയെ തൊഴുതു് ബഹുമാനമർപ്പിച്ചു. ശ്രീരാമചന്ദ്രനാകട്ടെ തന്റെ കഴുത്തിലെ രത്നഹാരം ഊരി സീതയുടെ കഴുത്തില

ണിയിച്ചു. അസാധാരണത്വമുള്ള ഒരു രത്നഹാരമായിരുന്നു അതു്. അതു ധരിക്കുന്നവക്കു് ബ്രഹ്മപദം ലഭിക്കും. ശ്രീരാമചന്ദ്രന്റെ അനുമതിയോടുകൂടി ആ ദിവ്യമാല്യം സീതാദേവി ഹനുമാനു് സമ്മാനിച്ചു. യുദ്ധത്തിൽ മരിച്ചവരെയെല്ലാം ശ്രീരാമൻ വാമനേത്രംകൊണ്ടു് ജീവിപ്പിച്ചു. എല്ലാവരും ഹനുമാന്റെ കഴുത്തിൽ കരേറി ദ്വീപങ്ങളും സാഗരങ്ങളും കടന്നു് കൈലാസത്തിലിറങ്ങി, പരമശിവനേയും പാർവ്വതിയേയും വന്ദിച്ചു. അവിടെവച്ചു് വിശ്വരൂപം പ്രദർശിപ്പിച്ച രാമനെ എല്ലാവരും പാടി സ്തുതിച്ചു. ത്രയ്യംബകനോടും പരിവാരങ്ങളോടും ശ്രീരാമൻ യാത്ര പറഞ്ഞു് അയോദ്ധ്യയിൽ മടങ്ങി എത്തുന്നതോടുകൂടി സീതാവിജയം സമാപിക്കുകയാണു്.

കവിതയുടെ മാതൃക കാണിക്കാൻ മൂന്നാംഭാഗത്തിൽനിന്നു് ഏതാനും വരികളും ഉദ്ധരിക്കാം.

നിഖിലനിശിചരശമനകരനഖിലനായകൻ
നിന്നു പരിശ്രാന്തനായു് സമരാങ്കണേ.
കമലദലനയനനഥ ജനകമകൾതന്നുടെ
കൈയിൽക്കൊടുത്തിതു കാർമ്മുകവും തദാ
മിഥിലനൃപസുതയുമഥ വാങ്ങിനാളം ചാപവും
മേന്മ തകും ബാണജാലവും തൂണിയും.
നിജരമണിനികടഭുവി ജനകസുതയും തദാ
നിന്നു ജയലക്ഷ്മിയെന്നപോലെ മുദാ
രഘുപതിയുമതുപൊഴുതു മൃദുഹസിതപൂർവ്വകം
രമ്യാംഗിമാനസം കണ്ടരുളിച്ചെയ്തു.
ദശവദനമതിചതുരമുരുഭയദസംഗരേ
ദണ്ഡമൊഴിഞ്ഞു ഞാൻ കൊന്നേൻ പ്രിയതമേ!

വിബുധപതിജിതമരിയ ദശമുഖതനൂജനെ
വീരനാം സൗമിത്രി കൊന്നു ജിതശ്രമം
മധുതനയമമിതബലമപി ലവണനെത്തദാ
മാനിയാം ശത്രുഘ്നനും വധിച്ചീടിനാൻ
ഗഗനചരപരിവൃഢരൊടധിരണമനന്തരം
ഗന്ധർവ വീരരെക്കൊന്നു ഭരതനും
ഗതവദനനിവനവരിലധികബലനാകയാൽ
ശാരദാംഭോജവക്ത്രേ! വധിച്ചീട്ട നീ.
നിഹതനിവനിഹ സമരഭുവി ഭവതിയാലതു
നിശ്ചയം; യുദ്ധം തുടങ്ങു നീ വല്ലഭേ!

പാതാളരാവണവധം ആട്ടക്കഥ

കല്ലമ്പള്ളി വിഷ്ണുനമ്പൂതിരി പാതാളരാവണവധം എന്ന ഒരു ആട്ടക്കഥ രചിച്ചിട്ടുണ്ടു്. അതിൽ ഹനുമാന്റെ സമുദ്രതരണം ഒരു ദണ്ഡകത്തിലൂടെയാണു് അവതരിപ്പിച്ചിട്ടുള്ളതു്.

സിന്ധുതരണായ നിജബന്ധു രഘുനാഥനുടെ
ബന്ധുരപദത്തളിർ വണങ്ങി
അംബോധിയേഴമതി ഡംഭോട്ട വൈരിഗിരി—
ദംഭോളി ചാടി.....നടകൊണ്ട സമയത്തിൽ

ദ്വാരപാലനായി വസിക്കുന്ന മത്സ്യവല്ലഭൻ മാരുതിയോടേറുമുട്ടുന്ന രംഗമാണ് തുടന്നു കാണുന്നതു്. അച്ഛനും മകനും പരസ്പരം മനസ്സിലാക്കാതെ ഏറുമുട്ടുകയാണു്. മാത്യു ആർനോൾഡിന്റെ 'റെസ്റ്റം' എന്ന കൃതിയിൽ അച്ഛനും മകനും പരസ്പരം അറിയാതെ ഏറുമുട്ടുന്ന ഒരു രംഗമുണ്ടു്. അതുപോലൊരു സ്ഥിതിവിശേഷമാണു് ഹനുമാനു് മത്സ്യവല്ലഭനെന്ന ദ്വാരപാലകനോടു് പടവെട്ടിയപ്പോഴും അനുഭവപ്പെട്ടതു്. ഹനുമാൻ തന്റെ വിശ്വരൂപം പ്രദർശിപ്പിച്ചപ്പോഴാണു് മത്സ്യവല്ലനു് സ്വപിതാവാണതെന്നു മനസ്സിലാകുന്നതും ബഹുമാനത്തിന്റെ അന്തരീക്ഷം ഉദയം ചെയ്യുന്നതും. മറ്റു പ്രത്യേകതയൊന്നും ഈ ആട്ടക്കഥയിലില്ല.

ശതമുഖരാവണവധം ആട്ടക്കഥ

സീതാവിജയത്തിലെ ഇതിവൃത്തമുപയോഗിച്ചാണു് ശ്രീ കരയംവെട്ടത്തു് സുകുമാരൻനായർ തന്റെ ശതമുഖരാവണവധം ആട്ടക്കഥ രചിച്ചതു്. അതിലെ ആദ്യശ്ലോകം ഇവിടെ ഉദ്ധരിക്കാം.

ശ്രീമാൻ രാമോ നിഹത്യ ത്രിദശഗണരിപും
രാവണം ലക്ഷ്മണേന
ഭ്രാത്രാ ദാരൈശ്ച സാകം നിശിചരപതിനാ
ഭാനുപുത്രാദി കീശൈഃ
കൗബേരം പുഷ്പകാഖ്യം ദിവിഷദഭിനുതേ
യാനമാരുഹ്യ തൂർണ്ണം
പ്രാപ്യായോധ്യാമവാത്സീദ് ഗണിതസുഹൃണോ
മോദയൻ സർവ്വലോകാൻ.

ശ്രീരാമൻ ദുഷ്ടസംഹാരംചെയ്യും ശിഷ്ടരക്ഷചെയ്യും വിളങ്ങുമ്പോഴും ശതമുഖനാകട്ടെ തനിക്കു സമനായി ആരുമില്ലെന്നു് അഹങ്കരിച്ചു കഴിയുകയാണു്. ശതമുഖനെ സീതാദേവി വധിക്കുന്നതോടുകൂടി ആട്ടക്കഥ അവസാനിക്കുന്നു. അവസാനത്തെ ശ്ലോകത്തിൽ ആട്ടക്കഥാകർത്താവിന്റെ പേരു തുടങ്ങിയ കാര്യങ്ങളും ഘടിപ്പിച്ചിട്ടുണ്ടു്.

മൽസ്യവല്ലഭവിജയം ആട്ടക്കഥ

രാമകഥ ആട്ടക്കഥയ്ക്കു പ്രേരണ നല്കുന്നുണ്ടെന്നതിനു് മറ്റൊരു ദൃഷ്ടാന്തമാണു് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ മത്സ്യവല്ലഭവിജയം എന്ന ആട്ടക്കഥ. ഹനുമാനും മത്സ്യവല്ലഭനും തമ്മിലുണ്ടായ യുദ്ധമാണു് ഇതിലെ മുഖ്യപ്രതിപാദ്യം. പോരുവിളിയിൽനിന്നു് ചില വരികളും ചുവടെ ചേർക്കുന്നു.

മക്കടാധമ! നില്ലെടാ ശാ! മക്കടാധമ! നില്ലെടാ
ഉൽക്കടേന മദേന നീ മമ നിഷ്ഫലേ കിമുപേതനായ് (മക്ക)

.....

കാനനേചരജന്തുവായൊരു വാനരന്നുടെ ദുർമ്മദം
ഹീനമാക്കുവതിന്ന മാമക ജാതിധർമ്മമതോക്കണം (മക്ക)

ഉത്തരരാമചരിതകാവ്യം

ഉത്തരരാമായണംകഥയെ അവലംബിച്ച് കിളിപ്പാട്ടുരീതിയിൽ ആറ്റൂർ കൃഷ്ണപിഷാരടി രചിച്ച കൃതിയാണ് ഉത്തരരാമചരിതം കാവ്യം. പത്തു സർഗ്ഗമാണ് കാവ്യത്തിലുള്ളത്. തജ്ജമ അനവദ്യസുന്ദരമായിരിക്കുന്നു. ശ്രീരാമപട്ടാഭിഷേകം കഴിഞ്ഞു പട്ടണപ്രദക്ഷിണത്തിനിറങ്ങിയപ്പോഴത്തെ കോലാഹലം ആറ്റൂർ വർണ്ണിക്കുന്നതു നോക്കുക.

വീഥികളെല്ലാമതി വിചിത്രമായ് വിതാനിച്ചു
ചാതുര്യമേറും പല ശില്പകൗശലങ്ങളും
ദീപമാല്യാദികളും സുഗന്ധദ്രവ്യങ്ങളു—
മാദരപൂർവം നിറച്ചീടിനാർ സുരജനം
ആന തേർ തുരഗാദി വാഹനസമൂഹവും
മാനുഷനിശാചര വാനരസൈന്യങ്ങളും
സംഗീതഘോഷങ്ങളും മംഗലവാദ്യങ്ങളും
സമ്മതമാന്ന പൗരമുഖ്യരുമമാത്യരും
മന്നവന്മാരുമക്കാത്മജപൗലസ്ത്യന്മാരും
മുന്നണിയായിട്ടെഴുന്നള്ളിനാൻ നൃപേശ്വരൻ
അന്നേരം സൗധങ്ങളിൽനിന്നുടൻ പൗര—
കന്യമാരെല്ലാം മുദാ പൂമഴ ചൊരിഞ്ഞീടിനാർ.

കോട്ടയം കേരളവർമ്മയുടെ ശ്രീരാമനില്ലാത്ത അയോധ്യാപുരിയുടെ വർണ്ണനയും ഇതും തമ്മിൽ തട്ടിച്ചുനോക്കുന്നതു രസകരമായിരിക്കും. ഏതാണ്ടു കേരളവർമ്മയുടെ ചുവടുപിടിച്ചാണ് ആറ്റൂർ നിങ്ങിയതെന്നു പറയാം. സർഗാന്ത്യത്തിലെല്ലാം ദണ്ഡകമാണ് പ്രയോഗിച്ചിട്ടുള്ളതു്.

കുട്ടികളുടെ രാമായണം—ഗദ്യം

ആദികവിയുടെ ആദികാവ്യത്തിലേക്ക് ബാലമനസ്സുകളെ സമഗ്രമാക്കി ഇറക്കി ആസ്വദിപ്പിക്കാൻ ഒരു പരിശ്രമം ഉത്തരകേരളത്തിൽ നിന്നുണ്ടായി. ആദികാണ്ഡം, അയോധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിങ്ങനെ ഏഴുകാണ്ഡങ്ങളായി കുട്ടികളുടെ രാമായണമെന്നൊരു ഗദ്യകൃതിചേക്കിൽ ഗോവിന്ദൻകുട്ടിനായർ എഴുതിയതു് മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഭാരതസംസ്കാരത്തിന്റെ ഹിമാലയശിഖരത്തിൽനിന്നുൽഭവിച്ച രാമകഥയാകുന്ന ഗംഗാപ്രവാഹം ദക്ഷിണവാരിധിയിൽ പുതുവീചികളെയുണ്ടു

മ്പോഴും ആ മോഹനപ്രവാഹത്തിന്റെ സൗകുമാര്യത്തിനോ പ്രൗഢതയ്ക്കോ മങ്ങലേല്ക്കാതെ അതേപടി കുട്ടികളുടെ പ്രത്യേകിച്ച് ഇന്നത്തെ വിദ്യാർത്ഥികളുടെ—ഹൃദയത്തിലെത്തിക്കുവാൻ ഈ പുസ്തകം ഗണനീയമായ പങ്കു വഹിക്കും' എന്നു് കെ. മാധവനാർ അവതാരികയിൽ പ്രസ്താവിക്കുന്നുണ്ടു്. രാജാജിയുടെ രാമായണഗ്രന്ഥത്തെ മാതൃകയാക്കിയാകാം ഗ്രന്ഥകാരൻ പുസ്തകത്തെ ആസൂത്രണം ചെയ്തതു്. ബാലകാണ്ഡത്തിനു പകരം ആദികാണ്ഡമെന്നാണു് പ്രഥമകാണ്ഡത്തിനു പേരിട്ടതു്. സീതാവിവാഹമുൾപ്പെടെയുള്ള കഥയാണു് അതിലെ ഉള്ളടക്കം. കഥാകഥനവേളയിൽ തുഞ്ചത്താചാര്യന്റെ വരികളും ഗ്രന്ഥകാരൻ ഉദ്ധരിച്ചു ചേർത്തിട്ടുണ്ടു്. എങ്കിലും വാല്മീകിയെ മുൻനിറുത്തിത്തന്നെയാണു് കുട്ടികളുടെ രാമായണം ആകൃതിപ്പെട്ടിട്ടുള്ളതു്.

പ്രതിപാദനരീതി കാണിക്കുവാൻ ഗ്രന്ഥാരംഭത്തിൽനിന്നു് ഏതാനും വരികളും ഉദ്ധരിക്കാം: 'വളരെ വളരെക്കാലംമുമ്പു്—ത്രേതായുഗത്തിൽ—നമ്മുടെ ഭാരതവർഷത്തിൽ ദശരഥൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. സൂര്യവംശത്തിൽ ജനിച്ച അദ്ദേഹത്തിന്റെ അച്ഛന്റെ പേർ അജൻ എന്നായിരുന്നു; പിതാമഹന്റേതു് രഘു എന്നും; രഘു പലതുകൊണ്ടും പ്രശസ്തനായ ഒരു ഭരണാധിപനായിരുന്നതിനാൽ അദ്ദേഹത്തിന്റെ കാലശേഷം അവരുടെ വംശത്തിനു് രഘുവംശമെന്നുകൂടി പേർ സിദ്ധിച്ചു.'

6. കൊച്ചു കിളിപ്പാട്ടുകൾ

രാമാശ്വമേധം കിളിപ്പാട്ടു്

രാമായണം ഉത്തരകാണ്ഡത്തിൽ വിസ്തരിച്ച അശ്വമേധവും, സീതാദേവിയുടെ അന്തർധാനവുമാണു് ഈ കൃതിയിലെ പ്രതിപാദ്യം. ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ കിരീടധാരണോത്സവം പ്രമാണിച്ചു് ആരംഭിച്ച ചിത്രാഗ്രന്ഥാവലിയിലെ ഒന്നാം പുസ്തകമായി ഇതു് പ്രസാധനം ചെയ്തിട്ടുണ്ടു്. ചിത്രതിരുനാൾ ഗ്രന്ഥശാലയ്ക്കുവേണ്ടി ആറ്റൂർ എഴുതിയ ആമുഖോപന്യാസത്തിൽ ഈ കൃതിയുടെ താളിയോലപ്പതിപ്പു് കൊ. വ. 806—ൽ തയ്യാറാക്കപ്പെട്ടതാണെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അതിന്റെ നിർമ്മാണകാലം അതിനുംമുമ്പാണെന്നൂഹിക്കാം. നിർമ്മാണകാലത്തുതന്നെ തെക്കൻതിരുവിതാംകൂറിൽ പ്രചരിക്കത്തക്കവിധം അതു പ്രസിദ്ധി നേടിക്കഴിഞ്ഞിരുന്നു. തെക്കൻതിരുവിതാംകൂർ മുഞ്ചിറദേശത്തു് അമ്മവീട്ടിൽ ഗോവിന്ദപ്പിള്ളയാണു് താളിയോലഗ്രന്ഥം പ്രസിദ്ധീകരണത്തിനേല്പിച്ചതു്.

അഞ്ചു നിറം കലർന്നീടുന്ന ശാരികേ
പഞ്ചതാരാ ഗുളം തേനും പഴങ്ങളും

സഞ്ചിതമാക്കിത്തരുന്നതുണ്ടിന്നു ഞാ—
നഞ്ചാതെ സേവിച്ച പൈദാഹവും തീർത്തു

നാരായണന്റെ കഥ വിവരിക്കാനായി കവി കിളിയോടപേക്ഷിക്കുകയാണു്. അങ്ങനെ കിളിപ്പാട്ടിന്റെ ചട്ടവട്ടങ്ങൾക്കുള്ളിൽ നിന്നാണു് രാമാശ്വമേധത്തിന്റെ രചന.

അർഥകല്പനയെ സംബന്ധിച്ചിടത്തോളം ഏറെക്കുറെ വാല്മീകിരാമായണത്തെയാണു് ഉപജീവിച്ചതെന്നു പറയാം. എങ്കിലും രഘുവംശശ്ലോകങ്ങളുടെ സ്വാധീനവും ഗ്രന്ഥഭാഗങ്ങളിൽ അങ്ങിങ്ങായി പതിഞ്ഞു കാണുന്നുണ്ടു്. ഇക്കാര്യം പണ്ഡിതനായ ആറ്റൂരുതന്നെ സോദാഹരണം എടുത്തുകാട്ടിയിട്ടുണ്ടു്.

ജനാസ്ഥാ ലോകപഥാത്
പ്രതിസംഹൃതചക്ഷുഷഃ
തസ്ഥസ്തേ/വാങ്മുഖാഃ സർവേ
ഫലിതാ ഇവ ശാലയഃ. (XV 78)

എന്ന രഘുവംശശ്ലോകം സ്വല്പം വിപുലീകരിച്ചാണു് കവി ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതു്.

കണ്ടുനില്പും ജനങ്ങൾക്കുമോരോതര—
മുണ്ടായ്ത്തുടങ്ങി വിഷാദമതുനേരം
തണ്ടു പറിഞ്ഞു വിളഞ്ഞ കതിർപോലെ—
യിണ്ടലോടും തല കുമ്പിട്ടുപോയിതേ
ഇന്നിവരെന്തന്നെ നന്നെന്നു വരികിലു—
മിന്നിയും ദൂഷണം ചൊല്പും മഹാജനം

....

വിവരണം അങ്ങനെ നീണ്ടുപോകുന്നു. ഓരോ സന്ദർഭം വർണ്ണിക്കുമ്പോഴും അതതിന്റെ ജീവനും പുഷ്ടിയും നമുക്കു് അനുഭവമാകണമെന്ന നിർബന്ധം കവിക്കുണ്ടായിരുന്നു. പലപ്പോഴും തുഞ്ചത്തു ഗുരുപാദരുടെ പ്രയോഗങ്ങളെ അല്പമാത്രഭേദത്തോടെ പ്രയോഗിച്ചു കാണുന്നുണ്ടു്.

'താന്താൻ നടേ ചെയ്ത പുണ്യപാപങ്ങളെ
താന്താനനുഭവിച്ചീടുകെന്നേവരൂ'

എന്ന ഈരടി ഗ്രന്ഥഭാഗത്തിലുണ്ടു്. ഏതായാലും കവി ഭക്തനും വിരക്തനും വ്യുത്പന്നനും സഹൃദയനുമായിരുന്നു. അഷ്ടദോഷങ്ങളും തന്നെ ബാധിച്ചിട്ടില്ലെന്നും തന്മൂലം നാരായണകഥകൾ കേൾക്കാൻ താനധികാരിയാണെന്നും കവി കിളിമകളെ ബോധിപ്പിക്കുന്നതു് നോക്കുക:

മുട്ടാതെയീശ്വരസേവചെയ്തീടുവോ—
ക്കെട്ടുപേരുണ്ടു വിരോധികളായിട്ടു;
ദുഷ്ടനാം മന്മഥനഗ്രേസരനതിൽ
കിട്ടും ധനമെന്നൊരാശ രണ്ടാമതും

നഷ്ടമാമെന്നൊരു പേടി മൂന്നാമതും
കഷ്ടമായുള്ളൊരു നിദ്രനാലാമതും
ഒട്ടും പൊറാത പൈദാഹമഞ്ചാമതു—
മിഷ്ടവിയോഗാദി പീഡയാറാമതും
തുഷ്ടിയില്ലായ്മയേഴാമതറികനീ
യെട്ടാമതായതഹംഭാവമെന്നിവ—
രെട്ടപേരും കൂടി ദേഹിനാം ജീവന-
മെട്ടായ്പ്പകുത്തുകൊണ്ടീടുന്നിതു ബലാൽ

വാല്മീകിയുടെ നിർദ്ദേശമനുസരിച്ച് സീതാസുതന്മാർ രാമായണകാവ്യം ഭംഗിയായി ചൊല്ലുകയാണ്. അതുണ്ടാക്കിയ പ്രതികരണമോ?

പാടിത്തുടങ്ങിനാരക്കഥാസാരത്തെ—
യാടിത്തുടങ്ങി ശിരസ്സുകളേവക്കും
കൂടിത്തുടങ്ങി കരംകൊണ്ടു മേളവു—
മോടീതു നല്ലപേക്ഷള്ളിലേ വേദന

വൃന്ദാവനത്തിൽ വേണുഗാനമാലപിക്കപ്പെട്ടപ്പോഴും ജന്തുക്കൾക്കുണ്ടായ ഭാവഭേദത്തെ ചെറുശ്ശേരി വർണ്ണിച്ചിട്ടുണ്ടല്ലോ. അതേപോലെ ലവകുശന്മാരുടെ രാമായണഗാനാലാപം കേട്ട ജന്തുക്കൾക്കും ജാതിസ്വഭാവമാറ്റമുണ്ടായി. ഗായകന്മാരിൽ കാണപ്പെടുന്ന അലൗകികസൗന്ദര്യവും മുഖശ്രീയും സദസ്സിനെ ആകർഷിച്ചു. അതിനു മുമ്പു കണ്ടിട്ടില്ലെങ്കിലും കണ്ട പ്രതീതി പലർക്കുമുണ്ടായി. ശ്രീരാമൻതന്നെ അവരെ നേരിൽ കാണുമ്പോഴും അവർ സീതാപുത്രന്മാരാണെന്നു വാല്മീകി വെളിപ്പെടുത്തി. സീത ജീവിച്ചിരിപ്പുണ്ടെന്നറികയാൽ അവരെ വരുത്തി വേണം അശ്വമേധം എന്നു തീരുമാനിക്കപ്പെട്ടു. സീത ആനയിക്കപ്പെട്ടു. 'മാൽപൂണ്ട മാഴ്കിത്തളർന്ന കഴഞ്ചവം കാൽവിരൽ കൊണ്ടുവരച്ചു നിന്നീടിനാൾ'—മാലോകരുടെ ബോധ്യത്തിനുവേണ്ടിയാണ് നിർദ്ദോഷിയായ തന്നെ ശ്രീരാമൻ ഉപേക്ഷിച്ചതു്. വീണ്ടും അതേ സ്ഥിതിയാണ് തനിക്കു വന്നുപെട്ടതെന്നോർത്തുള്ള ദുഃഖം എല്ലാ സീമകളെയും തകർത്തൊഴുകി. അമ്മയായ ഭൂമിദേവിതന്നെ തനിക്കൊരു പോംവഴികാട്ടണമെന്നു പ്രാർഥിച്ചു. മഹീതലം പൊട്ടിപ്പിളർന്നു. ഒരു വൻതേജസ്സു മേലോട്ടുയർന്നു. അപ്രത്യക്ഷയായ സീതയെ വീണ്ടെടുക്കുമെന്നു കോപാകുലനായ രാമൻ പറഞ്ഞുവെങ്കിലും വാല്മീകി ശ്രീരാമനെ സമാധാനപ്പെടുത്തി നിർത്തി. രാമൻ യാഗം പൂർത്തിയാക്കി മുനിമാരുടെ അനുഗ്രഹം നേടി. രാജാക്കന്മാരും മുനിമാരും വിടപറഞ്ഞു. കാവ്യാവസാനത്തിൽ ഭക്തജനങ്ങളെ മുൻനിർത്തി ഒരു ശ്രീരാമസ്തോത്രം കവി സംഘടിപ്പിച്ചിട്ടുണ്ട്.

ജഗദീശ്വരൻതന്നെ അവതാരമെടുത്തതാണ് ശ്രീരാമൻ. അതുകൊണ്ട് രാമരാജ്യമെന്നാൽ ഫലത്തിൽ ദൈവരാജ്യംതന്നെയാണ്. രാമരാജ്യത്തിന്റെ സ്വഭാവമെന്തായിരുന്നുവെന്നു വിവരിച്ചുകൊണ്ടാണ് ഗ്രന്ഥം സമാപിക്കുന്നതു്.

സീതാവിജയം കിളിപ്പാട്ട്

വടക്കെ മലബാറിൽ മട്ടന്നൂരിലെ ഒരു പ്രഭുഗൃഹമായ കല്ലൂർ ഇല്ലത്തെ ഗ്രന്ഥശേഖരത്തിൽനിന്നു് ഈ ലേഖകനു് കണ്ടെടുക്കാൻകഴിഞ്ഞ കൃതിയാണു് സീതാവിജയം കിളിപ്പാട്ടു്. മൂകാംബികാമാഹാത്മ്യം, ശതമുഖരാമായണം, സീതാവിജയം എന്നീ മൂന്നു കിളിപ്പാട്ടുകളും ഒരേ ഗ്രന്ഥത്തിൽ പകർത്തി വച്ചതായിട്ടാണു് കണ്ടതു്. ഇതിൽ ശതമുഖരാമായണം കിളിപ്പാട്ടിനെപ്പറ്റി ആർ. നാരായണപ്പണിക്കരുടെ 'തുഞ്ചത്തു് എഴുത്തച്ഛൻ' എന്ന പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ടു്. ഏതാനും വരികളും ഉദ്ധരിച്ചിട്ടുമുണ്ടു്. മുൻപു പ്രതിപാദിച്ച സീതാവിജയം കിളിപ്പാട്ടിനു് ശതമുഖരാമായണം എന്നും ശതമുഖരാവണവധം എന്നുംകൂടി പേരുണ്ടു്. അതിന്റെ മൂലം സ്കാന്ദപുരാണമന്തർഗതമായ വാസിഷ്ഠോത്തരരാമായണത്തിൽ പെട്ടതാണു് എന്നു് ഉള്ളൂർ വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ പരാമർശിക്കുന്ന സീതാവിജയം ഇതിൽനിന്നും വ്യത്യസ്തമാണു്.

നമ്മുടെ സീതാവിജയം ആരംഭിക്കുന്നതു് വിഭീഷണൻ, സുഗ്രീവൻ എന്നിവരോടൊപ്പം ശ്രീരാമൻ തലകൂപ്പി രാവണജഡം നോക്കിനിൽക്കുന്നതായിട്ടാണു്. മണ്ഡോദരി ദുഃഖത്തോടെ പ്രവേശിച്ചു് തന്റെ ഉപദേശങ്ങളും തള്ളിക്കളഞ്ഞതിന്റെ ഫലമാണു് ഭർത്താവിനു് ഈ ദുർഗ്ഗതി വന്നുപെട്ടതെന്നു ശ്രീരാമനോടു പറഞ്ഞു് കുണ്ഠിതപ്പെടുന്നു. കഴിഞ്ഞകാര്യങ്ങളെപ്പറ്റി വിലപിച്ചിട്ടു കാര്യമില്ല. അനന്തരകാലത്തേക്കു കടക്കുകയാണു വേണ്ടതു്. മാന്യമായ നിലയിൽ രാവണന്റെ ശവദാഹം നടത്തി ലങ്കാഭരണം മുന്നോട്ടു കൊണ്ടുപോകാൻ വിഭീഷണൻ ഒരുങ്ങണം. എല്ലാവരും അദ്ദേഹത്തെ സഹായിക്കണം. അതെല്ലാം യഥാവിധി നടന്നു. പക്ഷേ, എല്ലാത്തിനും നിമിത്തമായ സീതാദേവിയെ വിളിച്ചുകൊണ്ടുവരേണ്ട കാര്യം വിഭീഷണൻ സൂചിപ്പിക്കുന്നു. സീതാദേവിയെ ആനയിക്കുന്നതിനു് അനുമതി നല്കുന്നു. 'കണ്ണുനീരോടുംകൂടി പൊന്നിൻതാമരനാണും തമ്മുഖമതും താഴ്ത്തി' ശ്രീരാമസന്നിധിയിൽ പ്രവേശിക്കുന്ന സീതാദേവി പ്രതീക്ഷിയ്ക്കുന്നു വിപരീതമായി കോപകലുഷാക്ഷനായി നില്ക്കുന്ന ശ്രീരാമനെയാണു് കാണുന്നതു്. സീത ഭർത്തൃകോപകാരണമറിയാതെ അന്തംവിട്ടു നിന്നുപോയി. പലരും കേട്ടുനില്ക്കെ പറയാൻവയ്യാത്ത വാക്കുകളാണു് ശ്രീരാമൻ സീതയോടു മൊഴിഞ്ഞതു്. വളരെ വിഷമിച്ചു് രാവണനെ വകവരുത്തി. ഇനി വേണമെങ്കിൽ ധർമ്മരാജധാനിയിലേക്കു പിരകേ പോകാം. എങ്കിൽ പിരിയേണ്ടിവരില്ല. എന്നാണു് ശ്രീരാമൻ തന്റെ ധർമ്മപത്നിയോടു പറയുന്നതു്. കൂടുതൽ ഒന്നും പറഞ്ഞു് സമയം കളയേണ്ട. പഞ്ചാരവാക്കുകൊണ്ടു മയക്കാൻ ശ്രമിക്കണ്ട. 'മേദിനിസുതതന്നെ വച്ചു കൊരുകയോ കളകയോ നിശ്ചയം നിരൂപിച്ചു ചൊല്ലുവാൻ' ശ്രീരാമൻ ലക്ഷ്മണനോടും ഹനുമാനോടും പറയുന്നുണ്ടെങ്കിലും അവരുടെ വാക്കുകളൊന്നും ശ്രീരാമൻ ചെവിക്കൊണ്ടില്ല. അപ്പോഴും സീതാദേവി 'എന്തുവേണമെങ്കിലിനു ഞാൻ ചെയ്യുതന്നെ' തന്റെ നിരപരാധിത്വം തെളിയിക്കാമെന്നുള്ള പ്രാർഥന ഹൃദയസ്പൃക്കായിരുന്നു. അഗ്നിപ്രവേശനത്തിലൂടെ നിജസ്ഥിതി വെളിപ്പെടുത്താമെങ്കിൽ അതംഗീകരിക്കേണ്ട ബാധ്യത തനിക്കുണ്ടെന്നു ശ്രീരാമനും സമ്മതിച്ചു. കല്പനയനുസരിച്ചു് വാനരന്മാർ അഗ്നികുണ്ഡം ചമച്ചു. ചുറ്റും കൂടിയവരിലുണ്ടായ പ്രതികരണം കവി രേഖപ്പെടുത്തിയിട്ടുണ്ടു്. ചിലർ പറഞ്ഞു ഒരു സ്ത്രീയെ അഗ്നിയിലിട്ടു ചുടുന്നതു് ഏതുനിലയ്ക്കും

നീചമാണെന്നു്. കട്ടത്ത സ്വഭാവദോഷം ഉണ്ടാകാനാണു് സാധ്യത എന്നു് അഭിപ്രായപ്പെട്ടവരും ഇല്ലാതില്ല.

മുന്നമങ്ങുള്ളിലുള്ളോരു രാഗദ്വേഷംകൊണ്ടു
മന്നവനിതു ചെയ്തു നിർണ്ണയമനിഷ്ടത്താൽ
വെട്ടിക്കൊല്കയെന്നതേയാവൂ ചുട്ടുകൊല്ലുക
നന്നല്ല വേണ്ടയിതു ദുഷ്ടധർമ്മമേയാകൂ
കഷ്ടം നാമിതു കാണ്മാൻ വന്നതു പിഴയത്രേ
നാരിമാർകളെ പിഴകൂടാതെ കൊല്ലുന്നത—
ങ്ങാരുമേ കാണായ്കെടോ പോക, നോക്കെന്നു ചിലർ

....

കണ്ടോരു പതിവ്രതമാർകളെ നടേ കണ്ടാൽ
കൊണ്ടവന്നയ്യോ പുലയാട്ടുന്ന മഹാപാപി
തന്നുടെയരികത്തു ഭർത്താവേ പിരിഞ്ഞിട്ടു
അന്നനേർനടയാളൊർാണ്ടിരുന്നല്ലോളൊന്നു
മൊന്നുമേ തൊടില്ലെന്നു ചൊല്ലുന്ന ജനത്തിനു
ഒന്നുമേയറിയാത്തോരെന്നതേ പറയേണ്ടു.

മാറ്റുടുത്തു് സൂര്യനെ കൂപ്പി പരമശിവപ്രാർഥനയോടുകൂടി അഗ്നികു പ്രദക്ഷിണംവച്ചു് സീത അതിലേക്കു് ചാടി. വെള്ളത്തിൽ വീണ രത്നമെന്നപോലെ സീത അഗ്നികുണ്ഡത്തിൽ ആണ്ടപ്പോഴും അഗ്നികുണ്ഡം തണുത്തു ശീതളമായി. തീക്കട്ട തണുപ്പുള്ള പുഷ്പങ്ങളായി കാണപ്പെട്ടു. അവയെ ചുറ്റുമുള്ള സ്ത്രീകളും എടുത്തു മുടിയിൽ ചൂടി. സ്വാഹാദേവി സീതയെ പൊക്കിയെടുത്തപ്പോഴും ദേവി ദശഗ്രീവതേജസ്സോടെ പ്രകാശിച്ചു. സ്വാഹാദേവി സീതാദേവിയെ കൈപിടിച്ചു് ശ്രീരാമസന്നിധിയിലേക്കു നടന്നപ്പോഴും പരിശുദ്ധിയുടെ ഉത്തമനിദർശനമാണു് സീത എന്നു് അഗ്നിദേവൻ പ്രഖ്യാപിച്ചു. അസ്ഥാനത്തു് പതിവ്രതയെ അഗ്നിപ്രവേശംചെയ്യാൻ ആജ്ഞാപിച്ചതിലുള്ള ദുഃഖം ശ്രീരാമൻ ഏറ്റുപറഞ്ഞു. ആ അവിവേകം പൊറുക്കാൻ സീതയോടഭ്യർത്ഥിച്ചു. ശ്രീരാമന്റെ സംശയത്തിനെതിരായി സീത നേടിയ വിജയത്തെയാണു് കാവ്യനാമം സൂചിപ്പിക്കുന്നതു്. സംഭവസമയത്തു് തന്റെ അകം അദൃശ്യമായ ഒരു അഗ്നികുണ്ഡമായി ജ്വലിക്കുകയായിരുന്നു എന്നു ഭഗവാൻ പറഞ്ഞു.

ശ്രീരാമപട്ടാഭിഷേകത്തിനുശേഷം സീതാദേവിയുടെ പാതിവ്രത്യശക്തിയാൽ ശതമുഖനെ കൊല്ലുന്നതും മടക്കയാത്രയിൽ കൈലാസത്തിലിറങ്ങി പരമശിവനെ കാണുന്നതും മറ്റുമായ സംഗതികളാണു് വർണ്ണിക്കപ്പെടുന്നതു്. കേരളവർമ്മയുടേതെന്ന നിഗമനത്തിൽ ആദ്യം പ്രതിപാദിച്ചിട്ടുള്ള സീതാവിജയകാവ്യവും ഉത്തരകേരളത്തിൽനിന്നു കണ്ടുകിട്ടിയ സീതാവിജയകാവ്യവും കമ്പരാമായണത്തിന്റെ ചുവടുപിടിച്ചു് രചിക്കപ്പെട്ട കൃതികളാണു്. രാമായണത്തിന്റെ പ്രചാരം പല ചെറുകൃതികൾക്കും ബീജാവാപം നല്കിയെന്നതു് ശ്രദ്ധേയമത്രേ.

കുശലവോപാഖ്യാനം കിളിപ്പാട്ട്

ഭാഗവതം ദശമം കിളിപ്പാട്ടിന്റെ കർത്താവായ പുറയന്നൂർ പരമേശ്വരൻ നമ്പൂതിരിയുടെ മറ്റൊരു കൃതിയാണു് കുശലവോപാഖ്യാനം കിളിപ്പാട്ടു്. ഈ കൃതിയെപ്പറ്റി ഉള്ളൂർ പറയുന്നതു നോക്കുക: 'കുശലവോപാഖ്യാനം ആകൃതികൊണ്ടു ചെറുതാണെങ്കിലും പ്രകൃതികൊണ്ടു ദശമത്തിന്റെ സമാന കക്ഷ്യയിൽ പരിലസിക്കുന്നു. ഉത്തരരാമായണത്തിൽ അന്തർഭവിക്കുന്ന കുശലവകുമാരന്മാരുടെ ചരിത്രമാണു് ഈ കിളിപ്പാട്ടിലെ പ്രതിപാദ്യം. കവി പ്രായേണ ഭേദ്രതിയുടെ ഉത്തരരാമചരിതത്തെ ഉപജീവിച്ചിരിക്കുന്നു. അശ്വമേധഹയത്തെ നയിക്കുന്നതു മുലത്തിൽ ലക്ഷ്മണനും നാടകത്തിൽ ലക്ഷ്മണകുമാരനായ ചന്ദ്രകേതുവുമാണെന്നു പറയേണ്ടതില്ലല്ലോ. കിളിപ്പാട്ടിലും നമ്മുടെ മുന്നിൽ പ്രത്യക്ഷീഭവിക്കുന്നതു ചന്ദ്രകേതുതന്നെയാണു്. ആകെ മൂന്നധ്യായങ്ങളായി രചിച്ചിട്ടുള്ള പ്രസ്തുത കൃതിയിൽ കവി യഥാക്രമം പ്രയോഗിച്ചിരിക്കുന്ന വൃത്തങ്ങളും ദശമത്തിൽ നാം കണ്ടവതന്നെ. എഴുത്തച്ഛന്റെ രാമായണവും ഉത്തരരാമായണവും അദ്ദേഹം മനസ്സിരുത്തി വായിച്ചിരുന്നു എന്നുള്ളതിനും തെളിവുണ്ടു്.'

മുഹൂർത്തപദവിക്കു് വരദീപിക എന്ന വ്യാഖ്യാനം നിർമ്മിച്ച പുറയന്നൂർ നമ്പൂതിരിപ്പാട്ടിലെ ജ്യോതിഷജ്ഞാനം പ്രകാശിക്കുന്ന ചില ഈരടികളും കുശലവോപാഖ്യാനത്തിൽനിന്നുദ്ധരിക്കാം. ശ്രീരാമൻ ജനിച്ചപ്പോഴത്തെ രാശിഫലം വസിഷ്ഠൻ ദശരഥനോടു പ്രസ്താവിച്ചതായി സുമന്ത്രനെക്കൊണ്ടു പറയിക്കുന്നതാണു് സന്ദർഭം.

സല്പമായോരു ദോഷമുണ്ടു ഞാനതും ചൊൽവ—
നല്പമെങ്കിലും ദോഷം വേണമെന്നല്ലോ ശാസ്ത്രം
ശത്രുസ്ഥാനേശൻതന്നാൽ ദുഷ്ടനായ്ത്തുളത്രേശ—
ന്നത്തമൻ ദ്വാദശത്തിൽ മറഞ്ഞുവരികയാൽ
ഉത്തമമായിട്ടൊരു ഭാര്യയുമുണ്ടായ് വരും;
ശത്രുക്ഷം ഹരിച്ചീടും മധ്യമകാലത്തിങ്കൽ.
അന്ത്യകാലത്തും ഭാര്യതന്നോടു പിരിഞ്ഞീടു—
മെന്തുചെയ്താലും പിന്നെ യോഗവും വരാ നൂനം.

സീതയേയും മക്കളേയും തിരിച്ചുകിട്ടിയപ്പോൾ ശ്രീരാമൻ എത്ര വിനയത്തോടുകൂടിയാണു് വാല്മീകിയോടു് സംസാരിക്കുന്നതു്. വി. എൻ. ഗോവിന്ദൻജ്യോത്സ്യന്റെ ശ്രീരാമാശ്വമേധം ആട്ടക്കഥയിൽ ശ്രീരാമൻ വാല്മീകിയോടു പറയുന്നതിനും ഇതിനും തമ്മിൽ സാദൃശ്യം കാണുന്നുണ്ടു്. ലവണാസുരന്റെ സഹോദരിയുടെ രൂപചിത്രണം ചെയ്തതു് നോക്കുക.

തീക്കനൽപോലേ ചുവന്ന നേത്രങ്ങളും—
മാക്കമേറീടുന്ന നാസികാരന്ധ്രവും
പാതാളസന്നിഭം ജിഹ്വാകുഹരവും
ഭ്രൂതഭയങ്കരമായ ദംഷ്ട്രങ്ങളും

കുംഭീന്ദ്രകുണ്ഡലഭീഷണഗണ്ഡവു—
മംഭോധിഗംഭീരഘോരനാദങ്ങളും
പർവതശൃംഗസമാന കുചങ്ങളു—
മുർവീരുഹംപോലെ നീണ്ട ഭുജങ്ങളും.
മത്സ്യരക്തങ്ങളണിഞ്ഞ ഗളമതി—
ലസ്ഥിമുണ്ഡാന്ത്രങ്ങൾകൊണ്ടുള്ള മാലയും
താലപ്രമാണമായോരു പാദങ്ങളും
നീലമലപോലെ ഭീഷണരൂപവും
കണ്ട നേരത്തു ജവേന ശത്രുഘ്നനും
കുണ്ഠത കൂടാതെ വാളെടുത്തീടിനാൻ.

ഭാഷയ്ക്കു ലാളിത്യവും കവിതയ്ക്കു് ഒഴുക്കും വർണ്ണനയ്ക്കു തെളിച്ചവും ഉണ്ടെന്നു കാണിക്കുവാൻ മേൽ കൊടുത്ത വിവരണം മതിയാകുമല്ലോ.

7. ആട്ടക്കഥാസാഹിത്യം

രാമനാട്ടം—ഒന്നാമത്തെ ആട്ടക്കഥ

രാമകഥയുടെ പ്രചാരത്തിനു് കഥകളിരംഗം വളരെ സഹായിച്ചിട്ടുണ്ടു്. വാസ്തവം പറഞ്ഞാൽ കഥകളിപ്രസ്ഥാനത്തിന്റെ ആദ്യകാല സംജ്ഞ രാമനാട്ടം എന്നായിരുന്നു. കൊട്ടാരക്കരത്തമ്പുരാൻ രാമകഥയെ ആസ്പദമാക്കി എട്ടു് ആട്ടക്കഥകളും രചിച്ചു. അവയാണു് 1. പുത്രകാമേഷ്ടി 2. സീതാസ്വയംവരം, 3, വിച്ഛിന്നാഭിഷേകം, 4. ബലവധം, 5. ബാലിവധം, 6. തോരണയുദ്ധം, 7. സേതുബന്ധനം, 8. യുദ്ധം. ഉത്തരരാമായണത്തെ ഉപജീവിച്ചു് തമ്പുരാൻ ആട്ടക്കഥ എഴുതിയില്ല. രാമകഥയുമായി അത്രയധികം ബന്ധപ്പെട്ട കിടന്നതുകൊണ്ടാണു് ആട്ടക്കഥാപ്രസ്ഥാനത്തിന്റെ പൂർവ്വരൂപത്തിനു് രാമനാട്ടം എന്ന പേർ വീണതു്.

പുത്രകാമേഷ്ടി ആട്ടക്കഥയുടെ ആരംഭത്തിലുള്ള 'പ്രാപ്പാനന്ദഘന ശ്രീയഃ' എന്ന ശ്ലോകത്തിൽനിന്നും കൊട്ടാരക്കരത്തമ്പുരാൻ ഒരു വഞ്ചിരാജഭാഗിനേയനും ഒരു ശങ്കരകവിയുടെ ശിഷ്യനും ആണെന്ന വെളിപ്പെടുന്നു.

രാമനാട്ടത്തിന്റെ ആഗമനത്തെപ്പറ്റിയുള്ള ഐതിഹ്യം ഉള്ളൂർ സംഗ്രഹിച്ചിട്ടുള്ളതു് ഇങ്ങനെയാണു്: 'ക്രി. പി. പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന മഹാകവി ജയദേവന്റെ ഗീതഗോവിന്ദം കേരളത്തിൽ പ്രചരിച്ചു തുടങ്ങിയപ്പോഴാ അതു കേരളീയർ രംഗത്തിൽ പ്രയോഗിക്കുവാൻ തുടങ്ങി. ആ ദൃശ്യകാവ്യത്തെ അഷ്ടപതിയാട്ടമെന്നു പറയുന്നു. അഷ്ടപദിയാട്ടമാണു് കോഴിക്കോട്ടു മാനവേദരാജാവിന്റെ കൃഷ്ണനാട്ടത്തിനു മാർഗ്ഗദർശനം ചെയ്തതു്. കൃഷ്ണനാട്ടത്തെപ്പറ്റി സവിസ്തരമായി മുപ്പത്തിമൂന്നാമധ്യായത്തിൽ വിസ്തരി

ച്ചിട്ടുണ്ടല്ലോ. അങ്ങനെ മാനവേദൻതമ്പുരാൻ ആ ആട്ടത്തിനു പ്രതിഷ്ഠ നല്കിയപ്പോഴും കൊട്ടാരക്കരത്തമ്പുരാൻ തന്റെ കോവിലകത്തെ ഒരടിയന്തിരത്തിനു കൃഷ്ണനാട്ടക്കാരെ അയച്ചുതരണമെന്നു മാനവേദനോടു് അപേക്ഷിക്കുകയും ആ ആട്ടം ആടിക്കണ്ടു രസിക്കുവാൻ വൈദുഷ്യമുള്ളവർ തെക്കൻദിക്കിൽ ഇല്ലെന്നു് അദ്ദേഹം മറുപടി അയയ്ക്കുകയാൽ പ്രതികാരേച്ഛ നിമിത്തം രാമനാട്ടം എന്നൊരു പുതിയ ദൃശ്യകലാപ്രസ്ഥാനം ആ പ്രത്യൽപ്പന്നമതി ഉൽഘാടനം ചെയ്കയും ചെയ്തു.' ഗോവിന്ദപ്പിള്ളയുടെ മലാളഭാഷാചരിത്രത്തിലും ഈ കാര്യം സംക്ഷേപിച്ചു ചേർത്തിട്ടുണ്ടു്. കൊ. വ. 836—ാമാണ്ടിടയ്ക്കാണു് രാമനാട്ടത്തിന്റെ രചനാകാലമെന്നു് കെ. എൻ. ഗോപാലപിള്ളയും അഭിപ്രായപ്പെട്ടിരിക്കുന്നു.

കേളി, ശുദ്ധമദ്ദളം, തോടയം, വന്ദനശ്ലോകം, പുറപ്പാടു്, മേളപ്പദം, കഥാഭിനയം എന്നിങ്ങനെ കഥകളിക്കു് 7 ചടങ്ങുകളുണ്ടു്. ശുദ്ധമദ്ദളം കഴിഞ്ഞാൽ രംഗസ്ഥലം തിരശ്ശീലകൊണ്ടു മറയ്ക്കുന്നു. അതിനുള്ളിൽ മേളക്കാർ തങ്ങളുടെ കൃത്യം നടത്തുമ്പോഴേക്കും തന്നെ രണ്ടു നടിമാർ വന്നു നൃത്തം ചെയ്യും. ഇതാണു് തോടയം. 'ഹരിഹരവിധിനുത' എന്നാരംഭിക്കുന്ന കോട്ടയത്തുതമ്പുരാന്റെ പദമാണു് തോടയത്തിന്റെ സ്ഥാനത്തു് ചൊല്ലിവരുന്നതു്. പിന്നെ വന്ദനശ്ലോകങ്ങളും. കഥയിലെ ആദ്യശ്ലോകം ചൊല്ലിയാൽ പുറപ്പാടായി. പുറപ്പാടു കഴിഞ്ഞു മേളപ്പദം. ജയദേവരുടെ ഗീതഗോവിന്ദത്തിലെ 'മഞ്ജുതര കുഞ്ജതല' എന്ന പദമാണു് ഈ സ്ഥാനത്തു ചൊല്ലാറുള്ളതു്. വാദ്യക്കാർക്കു് പാടവപ്രദർശനത്തിനും ധാരാളം വകനല്കുന്ന സന്ദർഭമാണിതു്. മേളപ്പദം കഴിഞ്ഞാൽ കഥ തുടങ്ങുകയായി.

അനപത്യതാദുഃഖനിവാരണമാസ്ഥമെന്തെന്നു് ദശരഥൻ വസിഷ്ഠനോടു് ആലോചിക്കുന്നു. ദശരഥൻ വൈഭണ്ഡകമുനിയെ വരുത്തി പുത്രകാമേഷ്ടിക്കൊരുങ്ങുന്നു. രാവണന്റെ ദ്രോഹപ്രവൃത്തികംമൂലം ദേവന്മാർ ബ്രഹ്മാവിന്റെ നേതൃത്വത്തിൽ വിഷ്ണുവിനെ ശരണംപ്രാപിച്ചു. മഹാവിഷ്ണു ദേവകളെ സമാധാനിപ്പിച്ചയച്ചു.

യാഗത്തിൽനിന്നു സിദ്ധിച്ച പായസം ദശരഥൻ പത്നിമാർക്കു് വിതരണംചെയ്തു. നാലു പുത്രന്മാർ ഭ്രാതരായി. പുത്രജന്മത്താൽ ദശരഥൻ അതീവസന്തുഷ്ടനായി.

സീതാസ്വയംവരത്തിൽ ഭാർഗ്ഗവരാമരാമന്മാരുടെ സംവാദം സാമാന്യം നന്നായിട്ടുണ്ടു്.

വിച്ഛിന്നാഭിഷേകം കഥയിലെ വന്ദനശ്ലോകത്തിൽ പിന്നീടു വരുന്ന സംഭവങ്ങളും സൂചിപ്പിച്ചിട്ടുള്ളതു് ഒരസാംഗത്യമായി കവി പരിഗണിച്ചിട്ടില്ല. വിച്ഛിന്നാഭിഷേകഘട്ടത്തിൽ ലക്ഷ്മണന്റെ പ്രതിഷേധവും വാഗ്വൈകൃഗ്രസ്തനെങ്കിലും താതവാക്കുകളെ അനുസരിക്കുകയാണു് പുത്രധർമ്മം എന്ന ശ്രീരാമന്റെ മറുപടിയും ശ്രദ്ധേയമാണു്. വനവാസത്തിനു സീതാദേവി ഒന്നിച്ചുപോരുന്നതു തടയാൻ ശ്രീരാമൻ ആവുന്നത്ര പരിശ്രമിക്കുന്നതു്, ചീരം നല്കിയ കൈകേയിയെ വസിഷ്ഠൻ വിമർശിക്കുന്നതു് തുടങ്ങിയ ഭാഗങ്ങളും ആകർഷകമാണു്.

ഖരവധത്തിന്റെ നാന്ദിയായി ശൂർപ്പണഖ ശ്രീരാമനെ സമീപിച്ചു് പ്രണയാഭ്യർഥന നടത്തുന്നതും മറ്റും ചിത്രീകരിച്ചിട്ടുണ്ടു്. ബാലിവധത്തിൽ സീതാവിരഹത്താൽ ദുഃഖിതനായ രാമനെ ലക്ഷ്മണൻ സാന്ത്വന

പ്പെടുത്തുന്നുണ്ട്. ജ്യേഷ്ഠനിർദ്ദേശമനുസരിച്ച് ലക്ഷ്മണൻ സുഗ്രീവന്റെ ആസ്ഥാനത്തേക്കു ചെന്നു് കാര്യത്തിന്റെ ഗൗരവസ്വഭാവം പറഞ്ഞു മനസ്സിലാക്കുന്നതു തോരണയുദ്ധത്തിന്റെ പ്രാരംഭത്തിലാണു്. സീതാന്വേഷണാർഥം എടുക്കാൻപോകുന്ന സത്വരനടപടികളുടെ ഒരു രത്നച്ചുരുക്കം സുഗ്രീവൻ രാമസമക്ഷം ബോധിപ്പിക്കുന്നുണ്ടു്. സീതാന്വേഷണാർഥം പുറപ്പെട്ട വാനരന്മാരിൽ ഹനുമാൻ കടൽ ചാടിക്കടന്നു് ലങ്കയിലെത്തി സീതയെ കണ്ടുപിടിച്ചു. രാമനാമാങ്കിതമായ അംഗുലീയം നല്കി ചൂഡാമണിയെ അടയാളമായി വാങ്ങിയ ശേഷമാണു് ഹനുമാൻ പ്രമദവനഭഞ്ജനത്തിനൊരുങ്ങുന്നതു്. ബ്രഹ്മാസ്ത്രബദ്ധനായി രാവണസന്നിധിയിലെത്തിയ ഹനുമാന്റെ ഭാഷണം തികച്ചും പ്രകോപനപരമായിരുന്നു. മക്കടകീടത്തെ വാലിനു തീകൊളുത്തിവിടാനായി രാക്ഷസചക്രവർത്തി കല്പിച്ചു. ആ തീകൊണ്ടു് ഹനുമാൻ ലങ്കാനഗരം നശിപ്പിച്ചു.

തുടർന്നു് സേതുബന്ധനവും രാവണവധവും കഴിഞ്ഞു്, സീതയെ അഗ്നിപ്രവേശം ചെയ്യിച്ചു് ശ്രീരാമൻ പരിവാരസമേതം നന്ദിഗ്രാമത്തിലെത്തി രാജ്യഭാരം ഏറ്റെടുത്തു. 'കലയ സദാ രഘുനായകം' എന്ന സ്തുതിയോടുകൂടി യുദ്ധകഥ അവസാനിക്കുന്നു.

എട്ടുദിവസത്തെ കളി നടക്കുകയും ജനങ്ങളം ഭക്തിപരവശരായി കാണുകയും ചെയ്തതുകൊണ്ടു് രാമകഥ വിവിധ ജനങ്ങളുടെയിടയിൽ പ്രചരിച്ചു. കിളിപ്പാട്ടുകളിലെ ഇതിവൃത്തമെടുത്തു് ആട്ടക്കഥകളം ധാരാളമായി രചിക്കപ്പെടാൻ ഇതു വഴി തെളിച്ചു. മുമ്പു പ്രതിപാദിച്ച കുശലവോപാഖ്യാനം കിളിപ്പാട്ടിനേയും രാമാശ്വമേധം കിളിപ്പാട്ടിനേയും ആസ്പദമാക്കി ആട്ടക്കഥകളം രചിക്കപ്പെട്ടതു് രാമകഥയുടെ വശ്യതയ്ക്കു് നിദർശനമാണു്.

ലവണാസുരവധം

പാലക്കാട്ടു് കൊട്ടവായ്ക്കുർ ഗ്രാമക്കാരനായ അമൃതാശാസ്ത്രികളുടെ കൃതിയാണു് ലവണാസുരവധം ആട്ടക്കഥ. അദ്ദേഹം പത്താംശതകത്തിന്റെ ഒടുവിലോ പതിനൊന്നാം ശതകത്തിന്റെ ആദ്യത്തിലോ ജീവിച്ചിരുന്നിരിക്കാം. അമൃതഘടേശ്വരൻ എന്ന പേരായ ഇദ്ദേഹം പാലക്കാട്ടു രാജാവിന്റെ ആശ്രിതനായിരുന്നു. സാഹിത്യപരമായ മേന്മ അധികമില്ലെങ്കിലും അതിലെ പദങ്ങളം ആടി ഫലിപ്പിക്കാൻ കൊള്ളാവുന്നവയാണു്. ലവണാസുരവധമെന്നാണു് പേരെങ്കിലും കുശലവോപാഖ്യാനംകൂടി ഉൾപ്പെടുത്തിയാണു് രചന. പുറയന്നൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്ടിലെ കുശലവോപാഖ്യാനം കിളിപ്പാട്ടാണു് ശാസ്ത്രികളം മുഖ്യമായി ഉപജീവിച്ചതെന്നു പറയാം.

രാവണവധം കഴിഞ്ഞു് അയോധ്യയിൽ തിരിച്ചെത്തി പട്ടാഭിഷേകം കഴിഞ്ഞു് ശ്രീരാമൻ സീതയോടുകൂടി സന്തോഷത്തോടും സംതൃപ്തിയോടുംകൂടി വസിക്കുന്ന കാലത്തു്, ഗർഭവതിയായ സീതയുടെ എന്തഭീഷ്ടവും സാധിച്ചുകൊടുക്കാമെന്നു് ശ്രീരാമൻ വാക്കുകൊടുക്കുന്നു. മംഗലമാനസരായ മുനിമാരേയും അവരുടെ അംഗനമാരേയും കാണ്മാൻ സംഗതിവരണമെന്നു സീത അപേക്ഷിക്കുന്നു.

ആ സമയം ഒരു മണ്ണാനും മണ്ണാത്തിയും തമ്മിൽ എന്തോ വഴക്കുണ്ടാകുന്നു.

അന്യാഗാരവാസംചെയ്ത നിന്നെ സ്വീകരിച്ചു
ധന്യനായീടുമോ ഞാൻ രാമനെന്നതുപോലെ

എന്നുള്ള രജകന്റെ അഭിപ്രായം ചാരന്മാർവഴി ശ്രീരാമൻ അറിഞ്ഞു. രജകന്മാരുടെ നിലവാരത്തിലാണെങ്കിലും രാജാവിനേയും രാജപത്നിയേയും സംബന്ധിച്ച് അധർമ്മാരോപം ഉണ്ടായാൽ അതിനു പരിഹാരം കാണേണ്ടതു് തന്റെ ധർമ്മമാണെന്നു ശ്രീരാമൻ വിചാരിച്ചു. സീതയെ പരിത്യജിക്കാനാണു് ജ്യേഷ്ഠൻ തീരുമാനിച്ചതെന്നു കേട്ടു് ലക്ഷ്മണൻ അസ്വസ്ഥനാകുന്നു. ഏതായാലും സുമന്ത്രർ കൊണ്ടുവന്ന തേരിൽ ലക്ഷ്മണൻ സീതയെ കയറ്റി ഗംഗാതീരമെത്തി ലോകാപവാദത്തിൽനിന്നു രക്ഷ കിട്ടാനായി ശ്രീരാമൻ സീതയെ കാട്ടിൽ പരിത്യജിക്കാൻ തന്നോടാജ്ഞാപിച്ച കാര്യം ലക്ഷ്മണൻ ഖേദപൂർവ്വം വെളിപ്പെടുത്തി. സീതയെ ഉപേക്ഷിച്ചു മടങ്ങുമ്പോൾ ദേവിയുടെ ദീനവിലാപം ലക്ഷ്മണന്റെ ചെവികളിൽ അലയടിച്ചിരുന്നു. ഈ സമയത്തു് വാല്മീകിമഹർഷി ഭാവിയെപ്പറ്റി ആശങ്കവേണ്ടെന്നും, അപവാദം പരത്തുന്നവർക്കാണു് മഹാപാപം എന്നും ആശ്വസിപ്പിച്ചുകൊണ്ടു് സീതയെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

അക്കാലത്തു് ലവണാസുരനെക്കൊണ്ടുള്ള ശല്യം അവസാനിപ്പിക്കുവാൻ ശത്രുഘ്നനെയാണു് ശ്രീരാമൻ നിയോഗിച്ചതു്. അതിനിടയ്ക്കു് വാല്മീക്യാശ്രമത്തിൽ സീത രണ്ടു പുത്രന്മാരെ പ്രസവിച്ചു. കുശാഗ്രബുദ്ധിയായ ഒരുവനു് കുശനെന്നും, ബലവാനായ അപരനു് ലവനെന്നും വാല്മീകി പേരു നല്കി. അവർ വളർന്നപ്പോൾ രാമകഥാലാപനം ചെയ്യാൻ മഹർഷി അവരെ പഠിപ്പിച്ചു. ഈ ഗാനാലാപം കേട്ടുകൊണ്ടാണു് ലവണാസുരവധം കഴിഞ്ഞു് ശത്രുഘ്നൻ അയോധ്യയിൽ മടങ്ങിയെത്തിയതു്. പക്ഷേ, അക്കാര്യം ശത്രുഘ്നൻ രാമനെ അറിയിച്ചിരുന്നില്ല.

അക്കാലത്തു് ശ്രീരാമൻ അശ്വമേധത്തിനു തയ്യാറെടുത്തിരുന്നു. യജ്ഞാശ്വത്തെ ലവകുശന്മാർ പിടിച്ചുകെട്ടി. അവരെ എതിർക്കാൻ ശത്രുഘ്നനും കൂട്ടി വിഷമമായി. അപ്പോൾ ശ്രീരാമൻതന്നെ അവരോടു് നിങ്ങളാരാണെന്നു് ചോദിക്കുകയാണു്. പിതാവിനെയാണു് എതിർക്കുന്നതു് എന്നറിയാതെ എതിരാളിയുടെ വാക്കുകളെ അവർ പുച്ഛിച്ചു തള്ളി. വലിയ യുദ്ധമാണു് നടക്കാൻ പോകുന്നതെന്നറിഞ്ഞു് ഹനുമാൻ അവിടെ പ്രത്യക്ഷപ്പെട്ടു് ലവകുശന്മാരോടു് ശാന്തരായിരിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അവർ ഹനുമാനേയും വെല്ലുവിളിച്ചു. ഹനുമാനെ ബന്ധിച്ചു് മാതൃസന്നിധിയിൽകൊണ്ടുചെന്നു. അപ്പോഴാണു് സീത സംഗതി മനസ്സിലാക്കി മക്കളോടു് അവിവേകത്തിൽനിന്നു് പിന്തിരിയാൻ ആവശ്യപ്പെട്ടതു്. അവർ ഹനുമാനോടു പറഞ്ഞതു് ഇങ്ങനെയായിരുന്നു: 'ജനകമഹാരാജാവിന്റെ മകളാണു് താനെന്നു പറയാറുണ്ടെങ്കിലും ആപത്തിൽനിന്നു രക്ഷിച്ചതു ഹനുമാൻതന്നെയാണു്.' വന്ദനീയനാണു് ഹനുമാനെന്നു് സീത മക്കളെ അറിയിച്ചു. പുത്രന്മാരുടെ പരാക്രമം കണ്ടു് താൻ അത്ഭുതപ്പെടുകയാണെന്നും അവർ ത്രിലോകപാലനത്തിനും കഴിവുറ്റവരായിത്തീരുമെന്നും സന്തുഷ്ടനായ വായുപുത്രൻ സീതാദേവിയെ അറിയിച്ചു.

കൃതിയുടെ അവസാനം ലവണാസുരവധം സമാപ്തം എന്നെഴുതിയിട്ടുണ്ടെങ്കിലും ലവണാസുരവധസംഭവം കഥാഘടനയിൽ നാമമാത്രമായിത്തീർന്നിരിക്കുന്നു.

ശ്രീരാമാശ്വമേധം

വി. എൻ. ഗോവിന്ദൻ ജ്യോത്സ്യൻ രാമകഥാപരമായി നിർമ്മിച്ച ആട്ടക്കഥയാണ് ശ്രീരാമാശ്വമേധം. ശ്രീരാമന്റെ രാജ്യഭരണകാലത്ത്. എങ്ങും സന്തുഷ്ടിയാണുള്ളതെന്ന ചാരൻമാർ മുഖാന്തിരം രാജാവറിയുന്ന സ്തുതിവാക്കു കേട്ട ശ്രീരാമൻ രാജധർമ്മലോപം എവിടെയെങ്കിലുമുണ്ടെങ്കിൽ അതു കേൾക്കുന്നതിലാണ് തനിക്കു താല്പര്യമെന്നു് ആവശ്യപ്പെടുകയാണ്. ഒരു അലക്കുകാരനും ഭാര്യയുമായുള്ള വഴക്കിൽ കേൾക്കാനിടയായ അപശ്രുതി ചാരൻ അറിയിച്ചു. അശനിപാതംപോലെയാണ് ആ ചാരോക്തി ശ്രീരാമന്റെ ചെവിയിലേറ്റതു്. തുടർന്നു് രാമാജ്ഞയാൽ ലക്ഷ്മണൻ സീതയെ കാട്ടിൽ ഉപേക്ഷിച്ചു. ഈ സന്ദർഭത്തിലാണ് വസിഷ്ഠനിർദ്ദേശമനുസരിച്ചു് ശ്രീരാമൻ അശ്വമേധത്തിനൊരുങ്ങുന്നതു്. ലവൻ യാഗാശ്വത്തെ കൈയടക്കിവച്ചു. യാഗാശ്വത്തെ വിടുവിക്കാൻ വന്ന ശത്രുഘ്നനെ ലവകുശന്മാർ നിലംപതിപ്പിച്ചു. ഇരുബാലന്മാർ കുതിരയെ പിടിച്ചടക്കിയ കഥ ശ്രീരാമൻ അറിഞ്ഞു. പോരിനായി ചെന്ന ശ്രീരാമചന്ദ്രൻ കുട്ടികളിൽ സീതാദേവിയുടെ ഛായ കണ്ടു് അത്ഭുതപ്പെട്ടു നിന്നുപോയി.

ശത്രുത ഭവിക്കിലും പുത്രയോഗ്യം പ്രേമം
അത്ര തോന്നുന്ന മമ ചിത്രതരമെന്തുവാൻ?

എന്നതായി ശ്രീരാമന്റെ അത്ഭുതം. യുദ്ധത്തിനു പുറപ്പെട്ട വന്നു് മിഴിച്ചു നില്ക്കുന്നതു് എന്തെന്നു ചോദിച്ചു ലവകുശന്മാർ എതിരാളിയെ വെല്ലുവിളിച്ചു. യുദ്ധത്തിൽ പരാജയം വന്നേക്കുമോ എന്ന ഘട്ടത്തിൽ കുശൻ ഒട്ടും സംശയിക്കാതെ അമ്മ കൊടുത്ത ദിവ്യാസ്ത്രം പ്രതിയോഗിയുടെ നേർക്കു തൊടുത്തുവിട്ടു. ഉടൻ ശ്രീരാമൻ നിലംപൊത്തിപ്പോയി.

'രാമചന്ദ്രമകുടാദിഭൂഷകളെടുത്തു ബാലർ പുനരമ്മയാം
രാമമാരിൽ മണി ജാനകീചരണസീമ്നി വച്ചു
തൊഴതീടിനാർ
രാമനാശ ചരിതം ശ്രവിച്ചുടൽ തളർന്നു ഭൂമിസുത അഞ്ജസാ
ഭീമമോഹമൊടു വീണുണർന്നു തനിയേ തുടർന്നു
പരിദേവനം'

എന്തെല്ലാം ദുഃഖചിന്തകളാണ് ആ സമയത്തു് സീതയുടെ മനസ്സിൽ ഉണർന്നതും അലതല്ലിയതുമെന്നു് കവികൾക്കുമാത്രമേ ചിത്രണം ചെയ്യാൻ സാദ്ധ്യമാകൂ. സീതാദേവിയുടെ വിഷമം ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞ വാല്മീകി മഹർഷി ലവകുശന്മാരെക്കൂട്ടി പടക്കളത്തിൽ ചെന്നു് പുണ്യതീർഥം തളിച്ചു. മരിച്ച മട്ടിലുള്ളവർ പെട്ടെന്നു് ഉറക്കമുണർന്നപോലെ എഴുന്നേറ്റു് മാമുനിയെ കൈകൂപ്പി നിന്നു. മഹർഷി ഇങ്ങനെ പറഞ്ഞു.

കുശലമസ്തു തേ വീര! കോസലാധീശ രാമ
വിശദ സൽഗുണ വാരിധേ
കുശലവന്മാരെ ചെന്നു കുപ്പുവിൻ നിങ്ങൾക്കു മേൽ
കുശലദായകൻ താതനിപ്പുമാനറിഞ്ഞാലും (കുശല)

അനലനും ശുദ്ധിചേത്താളാത്മചാരിത്ര്യശുദ്ധ്യാ
ജനകജയെന്നു മന്യേ രാമ ഞാൻ
അനഘയാമീവളോടുമാത്മജന്മാരോടും നീ
വിനയവാരിധേ ചെന്നു വിശ്വപാലനായ്
വാഴ്ക (കുശല)

ശ്രീരാമനാകട്ടെ സീത പരിശുദ്ധയാണെന്നറിഞ്ഞിട്ടും അവളെ ഉപേക്ഷിച്ചതു് അവിവേകമായെന്നു സമ്മതിക്കുന്നു. ലവകുശന്മാർ തങ്ങൾക്കു പറ്റിയ കുറ്റം ക്ഷമിക്കണമെന്നു് ശ്രീരാമനോടു യാചിക്കുന്നു.

ഭാര്യാപുത്ര സുഹൃത് സമേതം ശ്രീരാമൻ അയോധ്യയിലെത്തി അശ്വമേധം പൂർണ്ണമാക്കി. ഏതാണ്ടു് ഒരു ഭരതവാക്യത്തിന്റെ ഛായയിൽ രണ്ടു ശ്ലോകങ്ങളും മംഗളസൂചകമായി പാടിയാണു് ആട്ടക്കഥയുടെ സമാപനം.

യജനാധാരരൂപായ സുജനാരാധിതാംഘ്രയേ.
സിദ്ധചേതോഭിരാമായ സീതാരാമായ മംഗളം.

രാമാനുകരണം

വിചിത്രമായ ഒരു ആട്ടക്കഥയാണു് ഇതു്. നരകാസുരവധം കഴിഞ്ഞു് സത്യഭാമാസമേതനായി ശ്രീകൃഷ്ണൻ വാഴുന്ന സമയം ഗരുഡൻ സ്വാമിയേയും സ്വാമിനിയേയും സ്തുതിക്കുന്നതിനിടയിൽ ദേവിയോടു പറഞ്ഞു:

ഉത്തമപുരുഷൻ മധുരിപുതന്നുടെ
ഭക്തജനങ്ങളനേകം
സത്തമനഹമതിലെന്നതുമധുനാ
ചിത്തേ കരുതുക സുമഹിചരിതേ
സ്വർണ്ണസമാനനിറം കലരും മമ
പക്ഷസമീരണവേഗം പാർത്താൽ
അണ്ഡവസലിലം കലുഷിതമായുട–
നണ്ഡകടാഹവുമിളകും നിയതം
ശിക്ഷിത മുരനാം കരുണാകരനുടെ
കുക്ഷിയിലഖില ചരാചരവാസം
ദക്ഷതയോടു വഹിക്കുന്നവനെയു–
മക്ഷതബലനിധി പക്ഷിവരൻ ഞാൻ

ക്ഷേതിയുടേയും ശക്തിയുടേയും കാര്യത്തിൽ സ്വല്പം അഹംഭാവം പക്ഷി വരന്നുണ്ടായെന്ന ശ്രീകൃഷ്ണന തോന്നി. അതു തീക്ണെമെന്ന നിശ്ചയിക്ക കയും ചെയ്തു. ഗന്ധമാദനപർവതത്തിൽ ഹന്മാൻ വസിക്കുന്നുണ്ട്. അദ്ദേഹത്തെ ഒന്ന കൂട്ടിക്കൊണ്ടുവരാൻ ഭഗവാൻ ഗരുഡനോടാവശ്യപ്പെട്ട. ഗരുഡൻ അവിടെ പറന്നെത്തി. ഗർവഭംഗത്തെ ലക്ഷ്യമാക്കിയാണ് ഗരുഡനെ അയച്ചതെന്ന ഹന്മാൻ മനസ്സിലാക്കി. കൈയോടെ കൊണ്ടുപോകാൻ കൃഷ്ണ നിദ്ദേശമനുസരിച്ച് വന്നതാണെന്ന ഗരുഡൻ പറഞ്ഞു. ഗരുഡനെ ചൊടി പ്പിക്കാൻവേണ്ടി ഹന്മാൻ പറയുന്നതു നോക്കുക:

കല്യനാം നിനക്കു നാണമില്ലയോ കുളിച്ചിടുന്ന
വല്ലവീടുകുലചോരനല്ലയോ ശഠൻ

പാർഥസാരഥീഭാവാനെറ കഥയറിയാത്ത ഒരു മൂഢാത്മാവ് ലോകത്തെ ങ്ങനെ ഭരിച്ചു എന്ന ഗരുഡൻ അത്ഭുതംകൊണ്ട് വഴക്കിന നില്ക്കാനാണ് ഗരുഡൻ ഭാവമെന്ന കണ്ടപ്പോഴാം ഹന്മാൻ ഒരടി കൊടുത്തു ഗരുഡനെ ആട്ടിയോടിച്ചു. ഹന്മാൻ വരാൻ തയ്യാറില്ലെന്നും തന്നെ അപമാനിച്ചു എന്നും പറഞ്ഞു ഗരുഡൻ ശ്രീകൃഷ്ണസന്നിധിയിൽ പരാതിയുമായി എത്തി. ഹന്മാൻ ക്ഷേതനാണെന്നും ശ്രീരാമനും സീതയും ഇവിടെയുണ്ടെന്നും അവർ ഹന്മാനെ കാണാൻ ആഗ്രഹിക്കുകയാണെന്നും നിദ്ദേശിച്ച് ഗരുഡനെ വീണ്ടും ഹന്മാനെറ അടുത്തേക്കയച്ചു. ഉടൻ എത്തിക്കൊള്ളാമെന്ന് ഹന്മാൻ ക്ഷേതിപൂർവം സമ്മതിച്ചു.

ഹന്മാൻ ഉടൻ എത്തുമെന്ന മനസ്സിലാക്കിയ ശ്രീകൃഷ്ണൻ ശ്രീരാമ നെറ വേഷത്തിലും സത്യഭാമ സീതയുടെ വേഷത്തിലും അണിഞ്ഞൊ രുങ്ങി നില്ക്കാൻ ഭഗവാൻ ആഗ്രഹിച്ചു. സത്യഭാമയ്ക്ക് സീതയുടെ വേഷ മണിയാൻ കഴിയാതെവന്നപ്പോഴാം രുക്മിണി സീതാരൂപം പൂണ്ട. ഹന്മാൻ എത്തിച്ചേർന്ന് അവരെ വണങ്ങി സ്തുതിച്ചു. ഭഗവാൻ ഹന്മാ നെ കാണാൻ ആഗ്രഹിച്ചതോടൊപ്പം ഗരുഡനെ കൂട്ടുതൽ വിനീതനാക്കു വാനും മോഹിച്ചാണ് ഈ പരിപാടി ഒരുക്കിയതു്. ഹന്മാനെറ കഴി വിനെപ്പറ്റിയും ക്ഷേതിയെപ്പറ്റിയും മനസ്സിലാക്കിയ ഗരുഡൻ സ്വയം വിനയസമ്പന്നനായിത്തീന്നു.

തങ്ങളുടെ ഭാഗ്യത്തിലും കഴിവിലും അഹങ്കാരം വന്നതുകാരണമാണ് തനിക്കിതുയും ചെയ്യേണ്ടിവന്നതെന്ന് ശ്രീകൃഷ്ണൻ സത്യഭാമയോടും ഗരുഡ നോടും പറഞ്ഞു. അങ്ങനെ സത്യഭാമയുടേയും ഗരുഡനേറയും അഹങ്കാരം ശമിപ്പിപ്പാനായിരുന്ന ഭഗവാൻ ശ്രീരാമവേഷം കെട്ടാനും ഹന്മാനെ വരു ത്താനും സംഗതിയായതു്. ഇതാണ രാമാനുകരണം ആട്ടക്കഥയുടെ ചുരുക്കം.

ഇതു് പുതിയിക്കൽ തമ്പാനെറ രചനയാണ്. തമ്പാനെഴുതിയ മറു കൃതികളൊന്നും അറിവിൽപ്പെട്ടിട്ടില്ല.

ഔഷധാപഹരണം

കലാമണ്ഡലത്തിന്റെ സ്ഥാപകൻ എന്ന നിലയ്ക്ക് മഹാകവി വള്ളത്തോൾ ആട്ടക്കഥയ്ക്കും കഥകളിയ്ക്കുംവേണ്ടി ചെയ്ത ശ്രമങ്ങൾ സർവ വിദിതമാണ്. അദ്ദേഹം രചിച്ച രാമകഥാപരമായ ഒരു ആട്ടക്കഥ യാണ് ഔഷധാപഹരണം. തളച്ചുപറഞ്ഞിയ വാനരന്മാരേയും മറ്റും ജീവി പ്പിക്കുന്നതിനു് 'കൈലാസനികടത്തിൽ ചേലാളമൃഷഭാദ്രിമേൽ' ഉള്ള നാലു ദിവ്യൗഷധികളെ കൊണ്ടുവരുന്നതു് ഹനുമാനാണ്.

വായുജനിരിക്കിൽ മൃതി വന്നാലും സജീവർ നാം
ആയവൻ പോകിൽ മൃതരായി നാം ജീവിക്കിലും
അഞ്ജനാത്മജനവനന്യനസത്വനറി
ഭഞ്ജനവിശാരദൻ ഭർഗ്ഗാംശജാതനല്ലോ

എന്നു ജാംബവാൻ അഭിപ്രായപ്പെട്ടതനുസരിച്ചു് ഹനുമാൻ പോയി കൊണ്ടു വന്ന ഔഷധാദ്രിയുടെ ഗന്ധമേറ്റ മാത്രയിൽ കപിസൈന്യം ഉയിർക്കൊണ്ടെ ണീറ്റു. രാമലക്ഷ്മണന്മാരും വിഗതമോഹരായിത്തീർന്നു. ചത്ത രാക്ഷസ ന്മാരെ രാവണൻ അപ്പപ്പോഴും കടലിൽ ഇട്ടുവിച്ചിരുന്നതുകൊണ്ടു് അവ രാരും ഉയിർത്തെഴുന്നേറ്റില്ല.

ആട്ടക്കഥ ആരംഭിക്കുന്നതു് ശ്രീരാമസ്തുതിയോടുകൂടിയാണെങ്കിൽ ആ ശ്രീരാമൻതന്നെ ഹനുമാനെ സ്തുതിച്ചുകൊണ്ടാണു് അവസാനരംഗം കലാശിക്കുന്നതു്. ആഞ്ജനേയസ്തുതിപരമായി കവിയുടെ വക ഒരു പ്രാർത്ഥ നയുണ്ടു്. അതിലെ സൂചനയനുസരിച്ചു് 1089 കന്നി 13–ാം തീയതി തിങ്കളാഴ്ചയാണു് ഔഷധാഹരണം ആട്ടക്കഥ വള്ളത്തോൾ എഴുതിത്തീ ന്നതെന്നു വ്യക്തമാകുന്നു.

ഔഷധാഹരണം ആട്ടക്കഥയിലെ രാവണനു് ആടാനായി ഉണ്ടാക്കിയ ശ്ലോകങ്ങളാണു് സാഹിത്യമഞ്ജരി മൂന്നാം ഭാഗത്തിൽ വരുന്ന രാവണന്റെ അന്തഃപുരഗമനം എന്നു് പ്രസിദ്ധമാകയാൽ അതിനെപ്പറ്റി കൂടുതലൊ ന്നും പറയുന്നില്ല.

വീണക്കമ്പി മുറുക്കീടുന്ന മൃദുകൈ–
ത്താരാലൊരാരോമലാൾ

ചാണക്കല്ലിലൊരുത്തി ചന്ദനമര–
യ്ക്കുന്നു, ചലശ്രോണിയായ്

ശോണശ്രീചഷകത്തിൽ നന്മധു നിറ–
യ്ക്കുന്നു ശരിക്കന്യയാ–

മേണപ്പെൺമിഴി, സുവ്വതോ മധുരമീ
മണ്ഡോദരീമന്ദിരം!

കുറിപ്പു്: കടത്തനാട്ടു തമ്പുരാക്കന്മാർ പ്രായേണ എല്ലാവരും കവിക ളായിരുന്നു. അവർ മിക്കവരും സംസ്കൃതകവികളായിരുന്നെങ്കിലും ഒരു തമ്പു

രാൻ ശതമുഖരാമായണം എന്നൊരു ആട്ടക്കഥയുണ്ടാക്കിയിട്ടുള്ളതായി കാണുന്നുണ്ട്. ഈ തമ്പുരാന്റെ ജനനം എത്രാമാണ്ടിലായിരുന്നു എന്നു നിശ്ചയിക്കുന്നതിനു തക്കതായ ലക്ഷ്യമൊന്നും കാണുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ചരമഗതി കൊല്ലം 910—ാമാണ്ടായിരുന്നുവെന്നു് ഒരു ചരമശ്ലോകം കൊണ്ടു കാണുന്നുണ്ടു്. ആ ശ്ലോകം താഴെ കൊടുക്കുന്നു.

ശതമുഖരാമായണമിത്യേകം നാട്യപ്രബന്ധമകരോദ്യഃ
'ദേവൈഃ പ്രണതൈസ്സേവ്യം കലി' മലരഹിത—
യയൗ സ വൈകുണ്ഠം

'ദേവൈ പ്രണതൈസ്സേവ്യം' എന്നുള്ളതു് തട്ടിന കലിയാണെന്നു സ്പഷ്ടമാണല്ലോ. ഈ ആട്ടക്കഥയ്ക്കു് വളരെ വിശേഷമൊന്നുമില്ലെങ്കിലും കേവലം മോശമെന്നു പറഞ്ഞുകൂടാ. ഒരുവിധം നന്നായിട്ടുണ്ടു്. അതിനു് അധികം പ്രചാരമുള്ളതായി കാണുന്നില്ല.

——കൊട്ടാരത്തിൽ ശങ്കുണ്ണി (ഭാഷാപോഷിണി—1082 മേടം—ലക്കം)

അമ്പലപ്പുഴ ശ്രീപ്പ അണ്ണാവി	സീതാസ്വയംവരം
കൃഷ്ണൻതമ്പി. വി.	താടകാവധം
കൊച്ചി വീരകേരളവർമ്മത്തമ്പുരാൻ	അഹല്യാമോക്ഷം
പന്നിശ്ശേരി നാണുപിള്ള	പാദുകാപട്ടാഭിഷേകം

എന്നിങ്ങനെ രാമകഥാസംബന്ധിയായ ആട്ടക്കഥകളും പലതുമുണ്ടു്. അരങ്ങത്തു ശോഭിച്ചിട്ടുള്ള താടകാവധം തുടങ്ങിയ കൃതികളെക്കൂടി സ്മരിക്കാമായിരുന്നു.

8. രാമകഥ തുള്ളൽപ്പാട്ടുകളിൽ

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനു സിദ്ധിച്ച പ്രചാരം നിമിത്തം കുഞ്ചൻനമ്പ്യാർ തന്റെ തുള്ളൽക്കഥകളിൽ രാമകഥയ്ക്കു് പരിമിതമായ സ്ഥാനമേ കല്പിച്ചുകൊടുത്തുള്ളൂ. അഹല്യാമോക്ഷം, സീതാസ്വയംവരം, കുംഭകർണ്ണവധം എന്നിങ്ങനെ ഏതാനും പ്രമേയങ്ങളും രാമായണ കഥാപരമായി കുഞ്ചൻനമ്പ്യാർ കൈകാര്യം ചെയ്തിട്ടില്ലെന്നില്ല.

തന്റെ സദസ്സു് ക്ഷേത്രപരിസരത്തിൽ ഉത്സവങ്ങൾക്കു വന്നുകൂടുന്ന ഭക്തജനങ്ങളാണെന്നു നമ്പ്യാക്കറിയാം. ഗുരുക്കന്മാരേയും ചുറ്റുപാടുമുള്ള ക്ഷേത്രങ്ങളേയും വണങ്ങിയശേഷമേ അദ്ദേഹം കഥയിലേക്കു പ്രവേശിക്കൂ. പതിവനുസരിച്ചു് ഗണപതിയേയും സരസ്വതിയേയും പ്രാർഥിച്ചശേഷമാണു് ക്ഷേത്രപ്രതിഷ്ഠകളെക്കുറിച്ചു സ്തുതിച്ചുപാടാറുള്ളതു്. 'തിരുവനന്തപുരേ വിളങ്ങിന പദ്മനാഭ'സ്വാമിയെപ്പറ്റി സ്തുതിക്കുമ്പോഴും പദ്മനാഭദാസനായ മഹാരാജാവിനേയും സ്തുതിക്കാറുണ്ടു്.

കുംഭകർണ്ണവധം പറയൻതുള്ളൽ

വലിയ പ്രതീക്ഷകളോടുകൂടിയാണ് രാവണൻ കുംഭകർണ്ണനെ യുദ്ധത്തിനയയ്ക്കുന്നത്. കുംഭകർണ്ണന് ഒരു കുഴപ്പമേയുള്ളൂ. അധികനേരവും ഉറക്കമാണ്. ഉറക്കമുണരുമ്പോഴേക്കും തലയ്ക്കുൾ ആയിരംകുടം ചോരയും അതിനൊത്തവണ്ണം മാംസക്കറികളും കിട്ടിയിരിക്കണം. കുംഭകർണ്ണനെ ഉറക്കമുണർത്തുന്ന രംഗം ധാരാളം പരിഹാസത്തിനു വകനല്കുന്നുണ്ട്. അഞ്ജനാദ്രികണക്കു കിടക്കുന്ന കുംഭകർണ്ണനെ ഉണർത്താൻ എന്തെല്ലാം സാഹസകൃത്യങ്ങളാണ് വേണ്ടിവന്നതെന്ന് വിവരിക്കാൻ പ്രയാസമാണ്. അട്ടഹാസം മുഴക്കിനോക്കി, പലരും പണിപ്പെട്ട് പിടിച്ചകലുക്കാൻ പരിശ്രമിച്ചു. തെല്ലുപോലും കലുങ്ങിയില്ല. ഇരുമ്പിൻകൂട്ട് തട്ടിമറിക്കാൻ ഉറുമ്പിൻകൂട്ടത്തിനു കഴികയില്ലല്ലോ. തിളച്ച വെള്ളവും ചുട്ടുപഴുത്ത കനവും പ്രയോഗിച്ചുനോക്കിയിട്ടും ഫലമുണ്ടായില്ല. ആനകൂട്ടംങ്ങളെക്കൊണ്ടു കുത്തിച്ചിട്ടും അവയുടെ കൊമ്പ് ഒടിഞ്ഞുപോയതല്ലാതെ കുംഭകർണ്ണനു ഒരു കുലുക്കവുമില്ല. അവസാനത്തെ കൈയായി ഒരു കുഴൽവഴി മുക്കിലേക്ക് ഈയം ഉരുക്കി ഒഴിച്ചു. അപ്പോഴാണ് ഒരു ചെറിയ ചലനം ഉണ്ടായതു്. എട്ടടിക്കും പൊട്ടമാറുള്ള അട്ടഹാസത്തോടുകൂടി പട്ടമെത്തയിൽ എണീറ്റിരുന്നു. ദുഷ്ടികൊണ്ടു നോക്കുന്ന ദിക്കിൽനിന്നു രാക്ഷസന്മാരെല്ലാം ഭയപ്പെട്ടോടി ഒളിച്ചു. കുംഭകർണ്ണൻ ചെന്നു ജ്യേഷ്ഠനു കൊടുക്കുന്ന ഉപദേശം ബഹുവിശേഷംതന്നെ.

> കേട്ടകൊഠംകഗ്രജാ വീരാ കേവലം കുംഭകർണ്ണൻ ഞാൻ
> കാട്ടുജാതിക്കുരങ്ങന്മാർക്കുട്ടമെല്ലാം വായിലാക്കി
> ക്രൂരദന്തങ്ങളെക്കൊണ്ടു കടിച്ചു കൊന്നുടൻ പിന്നെ
> ദാശരഥിഭയത്തിനെറ നാശമിന്നു വരുത്തുന്നു—
> ണ്ടാശരാധീശ്വര! ചെറും ക്ലേശിയാതെ വസിച്ചാലും

കുംഭകർണ്ണന്റെ വരവു കാണേണ്ട താമസം മക്കടക്കൂട്ടമെല്ലാം മരക്കൊമ്പുകളിൽ സുരക്ഷിതസ്ഥാനത്തിരിപ്പായി. കുംഭകർണ്ണൻ ആദ്യം സുഗ്രീവനായിട്ടാണ് ഏറ്റുമുട്ടിയതു്. സുഗ്രീവൻ പിഴുതെറിഞ്ഞ ശൈലത്തെ കുംഭകർണ്ണൻ കൈകൊണ്ടു തട്ടി പൊടിയാക്കി. സുഗ്രീവനെ വകവരുത്താൻ പ്രയോഗിച്ച ശൂലം ഹനുമാൻ വലിച്ചെടുത്തു പൊടിച്ചു. സുഗ്രീവൻ കുംഭകർണ്ണന്റെ മൂക്കു കടിച്ചു വേർപെടുത്തി വിട്ടു. 'കുന്നിൻമുകളിൽ നിന്നുമൊഴുകും പുഴപോലെ' കുംഭകർണ്ണമുഖത്തുനിന്നു ചോരയൊഴുകി. ശ്രീരാമന്റെ ബാണപ്രയോഗത്തിൽ കുംഭകർണ്ണന്റെ തടിച്ച ശരീരം സമുദ്രത്തിൽ പതിച്ചു. 'രാമരാമേതി ജയധ്വനികൊണ്ടുടൻ' അവിടം മുഖരിതമായി. ഇങ്ങനെയാണ് കുംഭകർണ്ണവധം പറയൻതുള്ളൽ സമാപിക്കുന്നതു്.

അഹല്യാമോക്ഷം

വിശ്വാമിത്രന്റെ ആവശ്യപ്രകാരം ദശരഥമഹാരാജാവു് രാമലക്ഷ്മണന്മാരെ യാഗരക്ഷയ്ക്കായി നിയോഗിക്കുന്നു. ആ ലക്ഷ്യം നിറവേറ്റിയശേഷം വിശ്വാമിത്രനോടൊന്നിച്ചു് രാമലക്ഷ്മണന്മാർ മിഥിലയിലേക്കു പുറപ്പെടുന്നു. മാർഗ്ഗമദ്ധ്യേ അവർ ഒരു കാട്ടു കാണുന്നു. അവിടം ഗൗതമനും അഹല്യ

യും വാണ പുണ്യസ്ഥലമായിരുന്നു. അഹല്യ ഒരു കല്ലായ്ത്തീർന്നു് ശ്രീരാമപാദസമ്പർക്കത്തിനായി അവിടെ കാത്തുകിടക്കുകയാണെന്ന സംഗതി വിശ്വാമിത്രൻ സൂചിപ്പിച്ചു. ശിലാരൂപമായിത്തീരാനുണ്ടായ കാരണം ആരാഞ്ഞ ശ്രീരാമനോടു് ദേവേന്ദ്രനുണ്ടായ അമളിയെക്കുറിച്ചു് വിശ്വാമിത്രൻ വിവരിച്ചു. ദേവേന്ദ്രൻ വിമാനത്തിൽ യാത്രചെയ്യുമ്പോഴാം ഗൗതമമുനിയുടെ ആശ്രമം കണ്ടു് താഴെയിറങ്ങി. പുന്തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന അഹല്യയെക്കണ്ടു് ദേവേന്ദ്രൻ ഇളകിവശായി.

'അതികടിലഘനസദ്മശ നിറമുടയ വേണിയും
അത്ഭുതമാകും നിടിലപ്രദേശവും
രതിരമണകരകമല ചാപത്തിനേറവും
ആതങ്കമേകുന്ന ചില്ലിവില്ലാട്ടവും
കമലദളവിമലരുചി കണ്ണിണ ഭംഗിയും
കാമരുണീരമോടൊത്ത കണ്ണുങ്ങളും
തിലകുസുമമുടയ നാസികാഭംഗിയും
തിങ്കളുക്കു തുല്യം നിരങ്കുമാം വക്ത്രവും
വനജസമഘന സുഷമകുചകലശകുഡ്മളം
വക്ഷഃപ്രദേശം നിറഞ്ഞുതിങ്ങിത്തദാ
മൃദുലതരകരയുഗളവടിവുമതിമോഹനം'

ആ രൂപലാവണ്യത്തിൽ മുഗ്ധനായിത്തീർന്ന ദേവേന്ദ്രന്റെ സ്ഥിതി നോക്കുക.

പുരുഹൂതനു ബുദ്ധി പകർന്നു
പരനാരിയിലാശ വളർന്നു
സുരകാമിനിമാരെ മറന്നു
സ്മരലീലയിൽ മോഹമിയന്നു
ധൃതിയതകന്നു വിവശത ചേർന്നു
തദനു തളർന്നു കാമമുയർന്നു

പുരുക്കത്തിൽ ദേവേന്ദ്രന്റെ നില ഒരു വിടന്റെ മട്ടിലായി. ഒരു കപോതി തന്റെ ആൺപക്ഷിയെ കൊന്ന വ്യാധനു് മാംസം ചുടാൻ തീ കൊടുത്തു. കൂടുതൽ മാംസത്തിനു് ആശ കണ്ടപ്പോഴാം തന്റെ ദേഹവും അവന്റെ ആഹാരത്തിനായി സമർപ്പിച്ചു എന്ന കഥ അഹല്യയെ കേൾപ്പിക്കുകയാണു് ദേവേന്ദ്രൻ. അഹല്യ ദേവേന്ദ്രന്റെ വലയിൽ കുരുങ്ങി. ഗൗതമൻ കാര്യമറിഞ്ഞു. അഹല്യയെ ശിലയായിത്തീരട്ടെ എന്നു ശപിച്ചു. ദേവേന്ദ്രന്റെ ദേഹമാസകലം കോശാകൃതിയായിത്തീർന്നു. പിന്നീടു് ലിംഗങ്ങളുടെ സ്ഥാനത്തു് കണ്ണുകളാക്കി മാറ്റിക്കൊടുത്തു. ഇങ്ങനെയാണു് ദേവേന്ദ്രൻ സഹസ്രാക്ഷൻ ആയിത്തീർന്നതു്. ഏതായാലും വിശ്വാമിത്രന്റെ നിർദ്ദേശമനുസരിച്ചു് പാറമേൽ ശ്രീരാമൻ പാദം വച്ചു. ശിലാരൂപം വെടിഞ്ഞു് അവിടെ പ്രത്യക്ഷപ്പെട്ട അഹല്യ ശ്രീരാമനെ സ്തുതിച്ചു. അങ്ങനെ അഹല്യയ്ക്കു മോക്ഷം നൽകിക്കൊണ്ടാണു് രാമലക്ഷ്മണന്മാർ ശൈവചാപം കാണാൻ മിഥിലയിലേക്കു തിരിച്ചതു്.

സീതാസ്വയംവരം

മിഥിലാപുരിയിൽ ധനുർയാഗത്തിനു വേണ്ട ഒരുക്കങ്ങളും കെങ്കേമമായി നടക്കുകയാണു്. അതോടനുബന്ധിച്ചു് സീതാസ്വയംവരവും ഉണ്ടാവും. കച്ചവടസ്ഥലമായാലും വിവാഹമായാലും തനിക്കനുഭവപ്പെട്ട സംഭവങ്ങളെ മനസ്സിൽ കണ്ടുകൊണ്ടു് അതിശയോക്തി കലർന്ന രീതിയിലേ കുഞ്ചൻ നമ്പ്യാർ വർണ്ണിക്കാറുള്ളു. അതുകൊണ്ടു് രാമായണത്തിന്റെ അന്തഃസത്തു വേണ്ടതു ഉൾക്കൊള്ളാൻ നമ്പ്യാക്കു കഴിഞ്ഞിട്ടില്ല.

സീതാസ്വയംവരത്തിനു വന്നുചേർന്നവരിൽ 'നമ്പൂതിരിമാർ ചോമാതിരിമാർ എമ്പ്രാന്തിരിമാർ പരദേശികളും' ഉണ്ടായിരുന്നതു്. ശൈവചാപം രംഗത്തെത്തിക്കാൻ 'ഇനിയുമുടനായിരം നായരുണ്ടെങ്കിലേ ഇതു തലയിലേറുവാനാളാവു നാമെടോ' എന്നാണു് വാഹകന്മാർ അഭിപ്രായപ്പെട്ടതു്. ദശരഥപുത്രനായ കുഞ്ഞിരാമനു് ഈ വലിയ വില്ലു കുലയ്ക്കാൻ പ്രയാസമാവുമെന്നു പലരും പറഞ്ഞുതുടങ്ങി. ശ്രീരാമൻ വിശ്വാമിത്രനെ പ്രദക്ഷിണം വച്ചു് ജനകനെ നമസ്കരിച്ച ശേഷമാണു് വില്ലിനെ സമീപിച്ചതു്. വില്ലിനു് മൂന്നു വലം വച്ചു. ശിവനെ തൊഴുതു വണങ്ങി.

അനവധി സ്വപതികളം നോക്കിയിരിക്കെ
ധനുരാരോപണമാരംഭിച്ചു
വില്ലിൻ മുന പുനരവനിയിലൂന്നി
തെല്ലും താമസിയാതെ വളച്ചുഥ
നല്ലൊരു ഞാണു പിടിച്ചു മുറുക്കി
പാണിതലംകൊണ്ടടവുപിടിച്ചു
പതുക്കെത്തൊട്ടിടതി കുലച്ചു
പടുതരമാകിന ചെറുതാണൊലിയും
പൊടുപൊടെ വടിവൊട്ട സപദി മുഴക്കി

....

ചട്ടററീടിന ചാപം നട്ടവെ
പൊട്ടി മുറിഞ്ഞു മറിഞ്ഞു പതിച്ചു

സീതാദേവി 'വരനുടെ ഗളളവി വിരവൊട്ട മാലവച്ചു മാലൊഴിച്ചു വാണു സുഖം' എന്നാണു നമ്പ്യാർ സംക്ഷേപിച്ചു പറഞ്ഞിട്ടുള്ളതു്. സീതാവിവാഹനിശ്ചയവാർത്ത ദശരഥനെ അറിയിക്കാൻ ജനകമഹാരാജാവു് പ്രത്യേക ദൂതന്മാരെ വിട്ടു. ദശരഥൻ പരിവാരസമേതം വന്നുചേർന്നു. ആചാരോപചാരങ്ങൾക്കു ശേഷം ശതാനന്ദന്റേയും വസിഷ്ഠന്റേയും പൗരോഹിത്യത്തിൽ വൈവാഹികക്രിയകളെല്ലാം നടന്നു. അതോടുകൂടി ഊർമ്മിളയെ ലക്ഷ്മണനെക്കൊണ്ടും, മാണ്ഡവിയെ ഭരതനെക്കൊണ്ടും, ശ്രുതകീർത്തിയെ ശത്രുഘ്നനെക്കൊണ്ടും വിവാഹം നടത്തിക്കാൻ ജനകനു് സൗകര്യം കിട്ടി. വിവാഹാനന്തരം ദശരഥനും പരിവാരങ്ങളും നാലു് നവദമ്പതികളെ കൂട്ടി അയോദ്ധ്യയിലേക്കു തിരിച്ചു.

ഏതായാലും വാല്മീകിയോടും രാമകഥയോടും നീതി പാലിക്കാൻ കുഞ്ചൻനമ്പ്യാക്ക് കഴിഞ്ഞിട്ടില്ലെന്ന തോന്നലാണ് തുള്ളൽകൃതികളിലൂടെ കണ്ണോടിക്കുമ്പോൾ നമുക്കുണ്ടാകുന്നത്. സംഭവം നടക്കുന്നത് അയോദ്ധ്യയിലായാലും ലങ്കയിലായാലും വിവരണം കേരളച്ചായ കലർത്തിയാണ് നടത്തുന്നത്. ഇതു പഴയ ചമ്പൂകാരന്മാരിൽനിന്നു സിദ്ധിച്ച സംസ്കാരമാണ്. പ്രൊഫ. പി. ശങ്കരൻനമ്പ്യാർ പറയുന്നതുപോലെ പട്ടാഭിഷേകം ശ്രീരാമനേറ്റതാണെങ്കിലും വണ്ണനം കണ്ടാൽ കേരളത്തിൽ ഒരു രാജാവിന്റെ സിംഹാസനാരോഹണമാണോ എന്നു തോന്നിപ്പോകും. ഏതായാലും ചമ്പൂകാരന്മാരെ പ്രമാണമാക്കിയാവണം കുഞ്ചൻനമ്പ്യാർ സ്വകൃതികളിൽ കേരളീയത കലർത്തുവാൻ ധൈര്യപ്പെട്ടതു.

സുന്ദരകാണ്ഡം തുള്ളൽ

കുഞ്ചൻകൃതികളിൽ രാമകഥാപരമായവയുടെ എണ്ണം കുറവാണെന്നതു കണ്ടുവാം, പില്ക്കാലത്തു പലരും ആ കുറവു നികത്താൻ പരിശ്രമം നടത്തി. അവരിൽ കൊട്ടങ്ങല്പുർ തമ്പുരാക്കന്മാരാണ് പ്രമുഖർ. സുന്ദരകാണ്ഡത്തെ മുൻനിറുത്തി കൊച്ചുണ്ണിത്തമ്പുരാൻ (കൊ. വ. 1033–1101) ഏഴു തുള്ളൽക്കഥകളും രചിച്ചിട്ടുണ്ട്. സമുദ്രലംഘനം, തോരണയുദ്ധം, സീതാസന്ദർശനം, സീതാസാന്ത്വനം, ലങ്കാദഹനം, ശ്രീരാമസന്ദർശനം, ചൂഡാമണിപ്രദാനം എന്നിവയാണവ. സുഗ്രീവശാസനമനുസരിച്ച് വാനരസൈന്യം, ദക്ഷിണേന്ത്യ മുഴുവൻ തിരച്ചിൽ നടത്തി. തെക്കെ കടലിന്റെ തീരത്തുവച്ച് സമ്പാതിയിൽനിന്നും സീതയെപ്പറ്റിയുള്ള വിവരം അറിയുകയും സമുദ്രലംഘനം ഒറ്റച്ചാട്ടത്തിനു സാധിക്കുകയും ചെയ്യുന്നു.

സമുദ്രലംഘനം പറയൻതുള്ളലായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളതു. കഥ പറയാൻ കഴിവുള്ളവരായിരുന്ന പറയവിഭാഗം എന്നുള്ള തമ്പുരാന്റെ പ്രസ്താവന രസകരമായിരിക്കുന്നു.

നിറയുമതിരസമൊട്ട സൽക്കഥ പറയുവാൻ വശമാകയാൽ
പറയരെന്നിഹ ലോകർ ചൊല്ലിവരുന്ന നമ്മുടെ ജാതിയെ

എന്ന തുടക്കത്തിലെ വരികളും ഇതിലേക്കു വിരൽ ചൂണ്ടുന്നു. ശ്രീരാമനേയും ഹനുമാനേയും അല്പം സ്തുതിച്ച് പറയൻരീതിയിൽ കൊച്ചുണ്ണിത്തമ്പുരാൻ സമുദ്രലംഘനകഥ പറയുകയാണ്. മഹേന്ദ്രാചലത്തിൽ കയറിയാണ് ഹനുമാൻ ലങ്കയിലേക്കു ചാടുന്നതു. ഹനുമാൻ ചവിട്ടുകയാൽ മലയാകെ ഒന്നു കുലുങ്ങി. മൃഗങ്ങളും പരിഭ്രമിച്ച് അങ്ങുമിങ്ങും ഓടിത്തുടങ്ങി. വൃക്ഷങ്ങളും കടപുഴങ്ങി മറിഞ്ഞു. പുറ്റുകളും തകർന്ന് അവയിൽനിന്നു വിഷനാഗങ്ങളും ഫണങ്ങളുയർത്തി ചീറ്റി. ചാട്ടത്തിന്റെ വിവരണം എല്ലാ വിധത്തിലും ഭംഗിയായിട്ടുണ്ട്.

തോരണയുദ്ധം എന്ന ഭാഗത്തെക്കുറിച്ച് വിശേഷിച്ചൊന്നും പറയാനില്ല. സൂക്ഷ്മശരീരിയായ ഹനുമാൻ സീതാദേവിയെ തിരഞ്ഞു ലങ്കയിലൂടനീളം ചുറ്റിക്കറങ്ങി. അശോകവനികയിൽ സീതയെക്കണ്ടു. അഴകിയ രാവണൻ സീതയെ വശപ്പെടുത്താൻ ചെയ്ത ഉദ്യമങ്ങളും നിഷ്ഫലങ്ങളായി.

രാവണൻ സീതയ്ക്ക് ഒരു മാസത്തെ അവധികൊടുക്കുന്നു; കൂടുതൽ ചിന്തിക്കാനായിട്ട്. ഇതെല്ലാം കണ്ട് ഹനുമാൻ വൃക്ഷാഗ്രത്തിൽ ഒളിഞ്ഞിരുന്ന കഥയാണ് സീതാസന്ദർശനം ശീതങ്കൻതുള്ളലിലെ പ്രമേയം. സീതയെ ആശ്വസിപ്പിക്കുന്ന ഭാഗം സീതാസാന്ത്വനം. അടുത്തതു് ലങ്കാദഹനമാണ്. നേരമ്പോക്കുള്ള അംശങ്ങളും ഈ ഭാഗത്തു കാണാം. ഹനുമാന്റെ വാലിനു തീകൊളുത്തുന്നതു കാണാൻ രാവണനെത്തി. എത്ര പരിശ്രമിച്ചിട്ടും വാലിനു് തീ പറ്റുന്നില്ല. ഒടുവിൽ മാരുതിതന്നെ പറഞ്ഞു തന്റെ വാലിൽ തീ പിടിക്കണമെങ്കിൽ രാവണൻ വന്നു് ഊതണമെന്നു്. പത്തു് മുഖങ്ങളും കൊണ്ടു് രാവണൻ ഒരുപോലെ ഊതിയപ്പോൾ തീ കത്തിപ്പടർന്നു. അപ്പോൾ ഹനുമാൻ തന്റെ വാലു വീശുകയും രാവണന്റെ മീശയ്ക്കു തീപിടിക്കുകയും ചെയ്തു.

മീശകളിൽ പിടിപെട്ടൊരു ചെന്തീയാശു
പടർന്നുപിടിച്ചുപരന്നു
കണ്ണിൽപ്പോയ്പ്പുക മൂക്കിൽപ്പോയ്പ്പുക കണ്ണീർ
കൂടുകുടെ വീണുതുടങ്ങി
ചണ്ഡമുഖങ്ങളശേഷം പൊള്ളി.....

അങ്ങനെ പോകുന്നു വിവരണം.

ശ്രീരാമസന്ദർശനവും ചൂഡാമണിപ്രദാനവും ശീതങ്കൻതുള്ളലാണ്.

സുന്ദരകാണ്ഡകഥാമൃതമൊഴുകും സുന്ദരമാമീ തുള്ളൽ—
പ്പാട്ടിഹ
നന്ദ്യാ കേൾക്കുന്നോർക്കതി പരമാനന്ദം മേന്മേൽ
വന്നുഭവിക്കും

എന്നിങ്ങനെ സുന്ദരകാണ്ഡം കേൾക്കുന്നതു് പുണ്യകരമാണെന്നു് ഫലശ്രുതിയിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

ഭരതശപഥം

രാമായണം അയോദ്ധ്യാകാണ്ഡത്തെ അവലംബമാക്കി കുഞ്ചിക്കുട്ടൻ തമ്പുരാൻ (കൊ. വ. 1040—-1088) രചിച്ചിട്ടുള്ള ഭരതശപഥം ശീതങ്കൻതുള്ളലാണ്. ഗണപതി ശിവൻ എന്നിവരെ പ്രാർത്ഥിച്ചശേഷം കാവ്യവിജയത്തിനായി കുലദേവതയായ കുറുംബക്കാവിലമ്മയെ സ്തുതിക്കുന്നു.

കേകയത്തിൽ അമ്മാവനോടൊത്തു കഴിഞ്ഞിരുന്ന ഭരതൻ അയോദ്ധ്യയിലേക്കു് ആനയിക്കപ്പെട്ട. പിതൃമരണത്തെപ്പറ്റിയും ഗൂഢാലോചനവഴി ജ്യേഷ്ഠൻ വനവാസത്തിനയയ്ക്കപ്പെട്ടതിനെപ്പറ്റിയും ഭരതൻ അറിയുന്നതു് അപ്പോഴാണ്. രോഷാകുലനായ ഭരതൻ ശ്രീരാമനെ തിരിച്ചുകൊണ്ടു വന്നു് അയോദ്ധ്യാധിപനായി അഭിഷേകം ചെയ്യുമെന്നു ശപഥം ചെയ്യുന്നു. ഭരതനും ശത്രുഘ്നനും വിലപിക്കുമ്പോൾ സമീപമെത്തി വസിഷ്ഠമാമുനി ആശ്വാസം പകരുന്ന രംഗം കൂടുതൽ ഹൃദയസ്പൃക്കായിട്ടുണ്ട്.

ജനകൻ വാനിലാം, ഏട്ടൻ വനവാസത്തിലും പോയ്
ഇനി എന്തിനു ജീവിപ്പൂ? കനലിൽ ചാടി ഞാൻ ചാവൂ
പെരിയോരച്ഛനേട്ടന്മാർ പിരിയെ ശൂന്യമായ്കാണും
പുരിയിൽ കേറുകില്ലിനി ഞാൻ വിരയെക്കാട്ടകേറട്ടെ

ഇങ്ങനെ വിലപിക്കുന്ന ഭരതനെ സമീപിച്ച് കുലഗുരു വസിഷ്ഠൻ പറയുകയാണു്.

വിശപ്പും ദാഹവും ശോകദശയും മോഹവും പിന്നെ
ജരയും മൃത്യുവുമീ മൂന്നിരട്ടലോകരിൽ സിദ്ധം
പരിഹാരം കിടയാത്ത പരിവർത്തനത്തിലെന്തേവം
പരിശോചിപ്പതു? ധൈര്യം പരിശീലിച്ചുറപ്പിക്കുക

വസിഷ്ഠന്റെ ഉപദേശനിർദ്ദേശമനുസരിച്ചു് ഭരതശത്രുഘ്നന്മാർ പിതാവിന്റെ ശേഷക്രിയ രാമപാദമോത്തു് അനുഷ്ഠിച്ചു. ഭരതശപഥം സാഹിത്യരസം നിറഞ്ഞ കൃതിയാണെങ്കിലും തുള്ളൽക്കഥയായി അവതരിപ്പിക്കാൻ പറ്റുന്ന കാര്യം സംശയമാണു്.

ഏതു നിലയ്ക്കും രാമകഥയ്ക്കു് തുള്ളൽപ്രസ്ഥാനത്തിലൂടെ പ്രചരിക്കാൻ വഴിയുണ്ടായില്ല എന്നതാണു് വസ്തുത.

9. കമ്പരാമായണകഥാമൃതം

ശ്രീരാമചന്ദ്രകഥ എത്രതരത്തിലും രീതിയിലുമാണു് ഭാരതത്തിലുടനീളവും പൂർവ്വപ്രദേശങ്ങളിലും പ്രചരിച്ചിട്ടുള്ളതു്! കേരളത്തിൽ വാല്മീകിരാമായണത്തിന്റെ കിളിപ്പാട്ടു വിവർത്തനം കേരളവാല്മീകരാമായണം എന്ന പേരിൽ ഭാഗികമായി പ്രസിദ്ധീകരിക്കപ്പെട്ടതായി നാം ഇതിനകം കണ്ടുവല്ലോ. ബാക്കിഭാഗം ആറൂർ വിവർത്തനം ചെയ്തതും കിളിപ്പാട്ടായിട്ടാണു്. കമ്പരാമായണം പിന്നീടു മഹാകവി വള്ളത്തോൾ പൂർണ്ണമായി തർജ്ജമചെയ്തു. തുഞ്ചത്തെഴുത്തച്ഛൻ തന്റെ കൃതിക്കു് അവലംബമായെടുത്തതു് അദ്ധ്യാത്മരാമായണത്തെയാണല്ലോ. ആ ഗ്രന്ഥത്തിനുതന്നെയാണു് കേരളീയരുടെ അംഗീകാരവും ഹൃദയംഗമമായ സ്വീകരണവും ലഭിച്ചതു് എന്നതിൽ സംശയമില്ല. അതോടൊപ്പം കമ്പരാമായണം എന്ന തമിഴ് കൃതിയും കേരളത്തിൽ പ്രചരിച്ചു. തമിഴ്സ്വാധീനമുള്ള പ്രദേശത്തെ ഭഗവതിക്ഷേത്രങ്ങളിൽ പാവക്കൂത്തു് എന്ന പേരിൽ കമ്പരാമായണകഥ പ്രദർശിപ്പിക്കുക

പതിവായിരുന്നു. കമ്പരാമായണം ആസ്പദമാക്കിയ ഈ കൃത്തിനു് പാല ക്കാട്ടു്, പൊന്നാനി, വള്ളുവനാടു് എന്നീ പ്രദേശങ്ങളിൽ പ്രചാരം ലഭിച്ചു. ചിറ്റൂരുമഠവുമായി ബന്ധപ്പെട്ടു്, എഴുത്തച്ഛന്റെ കൃതിയിലും കമ്പരാമാ യണത്തിന്റെ സ്വാധീനം കാണാം. അഥവാ തുഞ്ചത്തു ഗുരുപാദർ വാല്മീകി രാമായണത്തിനേറെയും കമ്പരാമായണത്തിന്റെയും സമന്വയം സാധിച്ചു എന്നു പറയുന്നതാവും ശരി. തമിഴിനേറെയും സംസ്കൃതത്തിനേറെയും സമ്പർക്കം കൊണ്ടുള്ള ഗുണാംശങ്ങളും ഉൾക്കൊള്ളുക; സ്വതന്ത്രമായ ഒരു കാവ്യസരണി തുറക്കുക. ഇതായിരുന്നു എഴുത്തച്ഛന്റെ ലക്ഷ്യം. ഒരുതരം സേതുബന്ധനം തന്നെ. ഇതിനുള്ള പ്രേരണ ശ്രീരാമോദന്തം എന്ന ലഘുകാവ്യത്തിൽനിന്നു ലഭിച്ചതാകുമോ? പ്രസ്തുതകൃതി കേരളീയനായ ഒരു കവിയുണ്ടാക്കിയതാ ണെന്നു് ഉള്ളൂർ സൂചിപ്പിച്ചിട്ടുണ്ടു്. ശ്രീരാമോദന്തം വാല്മീകിപ്രകീർത്തിത മാണെങ്കിലും കാവ്യത്തിന്റെ തുടക്കം വാല്മീകിരാമായണത്തിൽനിന്നു ഭിന്നമായി രാവണന്റേയും അനുജന്മാരുടേയും ജനനസാഹചര്യത്തെ പരാ മർശിച്ചുകൊണ്ടാണു്. കമ്പരാമായണത്തിന്റെ തുടക്കവും അങ്ങനെയാണ ല്ലോ. ആറ്റൂർ കൃഷ്ണപ്പിഷാരടിയുടെ ലഘുരാമായണവും ലങ്കാപുരി കേന്ദ്ര മാക്കിയാണു് ആരംഭിക്കുന്നതു്. 'രാമാവതാരത്തിനു കാരണമായി പറ ഞ്ഞിട്ടുള്ള രാവണോത്പത്തിയും മറ്റും രാമായണത്തിൽ ഉത്തരഭാഗത്തി ലാണു് പ്രസ്താവിച്ചിരിക്കുന്നതെങ്കിലും കഥാക്രമമനുസരിപ്പാനായി ഇതിൽ ആദ്യംതന്നെ ചേർത്തിരിക്കുന്നു. എന്നാണു് ആറ്റൂരിന്റെ ന്യായീകരണം.

എഴുത്തച്ഛൻ രാമകഥയെ ഉമാമഹേശ്വരസംവാദരൂപമായാണു് അവ തരിപ്പിച്ചതു്. പരമശിവൻ തന്റെ പത്നിയുടെ നിർബ്ബന്ധപ്രകാരം വൈഷ്ണ വകഥയായ രാമചരിതം സവിസ്തരം പറഞ്ഞുകൊടുക്കുന്നു. തമിഴകത്തു് നിലനിന്ന ശൈവവൈഷ്ണവസംഘർഷത്തിനുള്ള സാധ്യത കേരളത്തിൽ കുറ യ്ക്കാനും ഭക്തിപ്രകർഷം വർധിപ്പിക്കാനുമാകണം മുഖ്യമായും എഴുത്തച്ഛൻ ഈ മാർഗ്ഗത്തെ മുറുകെ പിടിച്ചതു്. കൂടാതെ കാളിദാസൻ രഘുവംശത്തിൽ സൂചി പ്പിച്ചപോലെ വാക്കിനേറെയും അർത്ഥത്തിനേറെയും പരസ്പരസാമഞ്ജസ്യം പാർവ്വതീപരമേശ്വരസങ്കല്പമനസരിച്ചു് ഉറപ്പുവരുത്തുക എന്ന അഭിവാഞ്ഛയും കവിക്കു് ഒരുപക്ഷേ, പ്രേരകമായിരിക്കാം.

ഗൃഹസദസ്സുകളിൽ ആലപിക്കപ്പെടാനുതകത്തക്കവിധം കമ്പരാമായണ ത്തെ മാതൃകയായി എഴുത്തച്ഛൻ ചില മാറ്റങ്ങളും വരുത്തിയിട്ടുണ്ടു്. വാല്മീ കിരാമായണത്തിൽ ചാപഭഞ്ജനവാർത്ത ജനകമഹാരാജാവു് ദശരഥനെ അറിയിച്ചു് അദ്ദേഹത്തിന്റെ ആഗമനത്തിനുശേഷമാണു് വിവാഹച്ചടങ്ങു കൾക്കു് തുടക്കം കുറിക്കുന്നതു്. കമ്പരാമാണകഥാമൃതമനുസരിച്ചു് ശൈവ ചാപഭഞ്ജനത്തെ തുടർന്നു് ജനകൻ ശ്രീരാമന്റെ കഴുത്തിൽ ഒരു മാലയണി യിച്ചു. അതിനുശേഷമാണു് ഈ വിവരങ്ങളൊക്കെ കാണിച്ചുകൊണ്ടു് ജനകൻ ദശരഥന്റെ അടുക്കലേക്കു് ദൂതന്മാരെ അയയ്ക്കുന്നതു്. വില്ലു കുല

ക്കാൻ കഴിയാതെ രാജാക്കന്മാരെല്ലാം പരാജയപ്പെട്ട് പിൻവാങ്ങിയ ഘട്ട ത്തിൽ ശ്രീരാമൻ എത്തിയെന്നാണ് വാല്മീകിയുടെ വിവക്ഷ. എന്നാൽ അതൊരു ധനുർയാഗസന്ദർഭമായിരുന്നുവെന്നും, അംഗം, വംഗം, കലിംഗം, കാശ്മീരം തുടങ്ങിയ വിവിധ രാജ്യങ്ങളിലെ രാജാക്കന്മാർ സന്നിഹിതരാ യിരുന്നുവെന്നും വേദവതീചരിത്രവിവരണഘട്ടത്തിൽ കമ്പർ വ്യക്ത മാക്കുന്നുണ്ട്.

ഇടിവെട്ടും വണ്ണം വിൽ മുറിഞ്ഞ ശബ്ദം കേട്ട് രാജാക്കന്മാർ നടുങ്ങി യതും മൈഥിലി മയിൽപ്പേടയെപ്പോലെ സന്തോഷിച്ചതും എല്ലാം അവ തരിപ്പിച്ച് എഴുത്തച്ഛൻ പ്രകൃതത്തെ മോടിപിടിപ്പിച്ചിരിക്കുന്നു. സ്വർണ്ണ വർണ്ണംപൂണ്ട മൈഥിലിയെക്കൊണ്ട് നേത്രോത്പലമാലയും വരണാത്ഥ മാലയും രാമന്റെ ഗളത്തിൽ എഴുത്തച്ഛൻ ആദ്യമേ അപ്പിക്കുന്നു. ദശരഥാ ഗമത്തിനുശേഷം യഥാവിധിയുള്ള വിവാഹച്ചടങ്ങ് കൊഴുപ്പിച്ച് വിവ രിക്കുകയും ചെയ്തിട്ടുണ്ട്. വിവാഹകാര്യത്തിൽ വധൂഭാഗക്കാക്കാണ് ദക്ഷിണേന്ത്യയിൽ മുൻകൈയെന്ന കാര്യത്തിൽ എഴുത്തച്ഛനും കമ്പരും യോജിക്കുന്നുണ്ട്. എഴുത്തച്ഛൻ രാമായണത്തിലേപ്പോലെ കഥാകഥന വേളയിൽ കമ്പരാമായണത്തിലും ശ്രീരാമസ്തുതി ആവർത്തിക്കുന്നതു കാണാം. ഗരുഡസ്തുതി നോക്കുക.

പന്ത്രണ്ട് ആദിത്യന്മാരാലും പതിനൊന്നു രുദ്രന്മാരാലും അഷ്ടവസു ക്കളാലും, സപ്തർഷികളാലും ആറ് ശാസ്ത്രങ്ങളാലും, അഞ്ചു ഭൂതങ്ങളാലും, നാലു വേദങ്ങളാലും, ത്രിമൂർത്തികളാലും സ്തുതിക്കപ്പെടുന്ന നിന്തിരുവടി യുടെ കടാക്ഷവീക്ഷണം ലഭിക്കപ്പെടുന്നവന് ജനനം മരണം എന്ന രണ്ടു കരയോടുകൂടിയ സംസാരസാഗരത്തിൽനിന്ന് ഉത്ഥാനം ചെയ്ത നിത്യാ നന്ദമെന്ന അഖണ്ഡസ്ഥാനത്തെ അനുഭവിക്കാം. സർവ്വേശ്വരനായ നിന്തിരുവടിയുടെ കാരുണ്യമില്ലാതെ ഞാൻ ബ്രാഹ്മണൻ, ഞാൻ വൈ ശ്യൻ, ഞാൻ ശൂദ്രൻ, ഞാൻ രാജാവ് ഇവൻ പ്രജ; ഞാൻ ഗുരു, ഇവൻ ശിഷ്യൻ; ഞാൻ ധനികൻ, ഇവൻ ദരിദ്രൻ എന്നു നടിച്ച് 'ദുഃഖസ്യാന ന്തരം സുഖം, സുഖാനന്തരം ദുഃഖം' ജനനാനന്തരം മരണം, മരണാനന്തരം ജനനം എന്ന കാലചക്രഭ്രമികയിൽപ്പെട്ട് ഇടംവലം തിരിയുന്ന അജ്ഞാ നികളുടെ അന്ധകാരത്തെ നീക്കി ജ്ഞാനോപദേശം ചെയ്യും, ദുഷ്ടനിഗ്രഹ ശിഷ്ടപരിപാലനത്താലും ധർമ്മത്തെ ലോകത്തിൽ നിലനിർത്തി ഭൂഭാരം തീർത്തു രക്ഷിപ്പാനായിട്ട് സ്ത്രീവേഷമെടുത്ത പുരുഷനായ നിന്തിരുവടീ, മായാസംബന്ധമായ വിദ്യ അടിയനോട് കാണിക്കേണമെന്നില്ല. അണി യറയിൽനിന്ന് ഈ വേഷം കെട്ടിച്ച് സഭയിലേക്ക് അയച്ചതും സ്വാമി യല്ലേ? ആയതുകൊണ്ട് അടിയനെ തൃക്കൺപാർത്തരുളേണമേ, രാമചന്ദ്ര പ്രഭോ! സ്വാമിൻ! എന്നിങ്ങനെ വളരെ ദീർഘമായ ഈ ഗരുഡസ്തുതി ഭക്തിപ്രകർഷമുളവാക്കുവാൻ ഉപകരിക്കുമെന്നതിനു സംശയമില്ല.

ആശ്രിതലക്ഷണധർമ്മത്തെ ഊന്നിപ്പറയാൻ ഒരു കപോതിയുടെ കഥ കമ്പരാമായണത്തിലും അധ്യാത്മരാമായണം കിളിപ്പാട്ടിലും പ്രതിപാദിച്ചിട്ടുണ്ട്. കമ്പരാമായണത്തിൽ ലങ്കാവിവരണം വിഭീഷണൻ മുഖാന്തിരമാണ് സാധിക്കുന്നതു്. കിളിപ്പാട്ടിലെ ലങ്കാവിവരണം വിഭീഷണ ശരണാഗതിക്കുമുമ്പ് ഹനുമാനാണ് നിരവേറുന്നതു്.

കിളിപ്പാട്ടിനേക്കാൾ കൂടുതലായി കമ്പരാമായണത്തിൽ രാവണൻ ചെയ്ത പാതകങ്ങളെ വിഭീഷണൻ എണ്ണിയെണ്ണി പറയുന്നുണ്ട്. കഴിയുന്നത്ര വേഗത്തിൽ സീതയെ വിട്ടുകൊടുത്തു് രാമനെ ആശ്രയിക്കുന്നതാണു നല്ലതെന്നു കുംഭകർണ്ണനും രാവണനെ ബോധ്യപ്പെടുത്തുന്നുണ്ട്. അപ്പോഴും നിദ്രപിത്തക്കാരനായ ചെറിയച്ഛനെ വിശ്വസിക്കരുതെന്നും, ധനുർവേദത്തിൽ എത്തുംപിടിയുമില്ലാത്ത രാമനെ നിഷ്പ്രയാസം തോല്പിച്ചുവരാമെന്നും ഇന്ദ്രജിത്തു് രാവണനോടു പറയുന്നു.

രാവണന്റെ ദുഷ്കർമ്മങ്ങളേയും തന്നിമിത്തമുണ്ടായ ശാപങ്ങളേയും കുറിച്ചു് വിഭീഷണൻ രാവണനോടു് പറയുന്നുണ്ട്. അക്കൂട്ടത്തിൽ വേദവതീചരിത്രം വിവരിക്കുന്നതു് ഇവിടെ സംഗ്രഹിച്ചു കാണിക്കാം. ദ്രാവിഡദേശാധിപനായ കുശധ്വജൻ സന്തതിലാഭത്തിനായി ബ്രഹ്മാവിനെ തപസ്സുചെയ്തു. ബ്രഹ്മനിർദ്ദേശമനുസരിച്ചു് നിത്യേന പന്തീരായിരം മുറ പ്രണവം ജപിക്കയും തത്ഫലമായി വേദവതി എന്ന പുത്രി ഉണ്ടാവുകയും ചെയ്തു. തന്റെ മകനുക്കു് നാരായണസ്വാമി ഭർത്താവായി വരണമെന്നായിരുന്ന കുശധ്വജന്റെ ആഗ്രഹം. അതിനിടയ്ക്കു് ശംഭു എന്ന ഒരു ദൈത്യൻ വന്നു് വേദവതിയെ വിവാഹം ചെയ്കിട്ടാൻ കുശധ്വജനോടു് ആവശ്യപ്പെടുകയുണ്ടായി. അതിനു വിസമ്മതിച്ച കുശധ്വജനെ അസുരൻ നിഗ്രഹിച്ചു. വേദവതി ശ്രീനാരായണനെ തപസ്സു ചെയ്യുന്നതിനിടയ്ക്കു് രാവണൻ അവളെ മാനഭംഗപ്പെടുത്തി. വേദവതി തീയിൽ ചാടി മരിച്ചു. സ്ഥലത്തെത്തിയ നാരദൻ അസ്ഥിയെടുത്തു് യോഗദണ്ഡിൽ അടിച്ചു. രാവണനെ കാണാൻചെന്ന നാരദൻ അതവിടെ മറന്നുവച്ചു. രാവണനിർദ്ദേശമനുസരിച്ചു് അതു് യാഗശാലയിൽ സൂക്ഷിച്ചു. കുറെദിവസങ്ങൾക്കുശേഷം അവിടെ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടുതുടങ്ങി കുലഗുരുവായ ശുക്രമഹർഷിയെ വരുത്തി കുഞ്ഞിന്റെ ജാതകപരിശോധന നടത്തി. ആ ശിശുവിനെ ലങ്കയിൽ വയ്ക്കുന്നതു് ആപത്കരമാണെന്നു മനസ്സിലാക്കി ഒരു പെട്ടിയിലടച്ചു് അതിനെ സമുദ്രത്തിൽ ഒഴുക്കി. തിരയടിച്ചു് ആ പേടകം മിഥിലാതീരത്തെത്തി. ജനകമഹാരാജാവു് പുത്രകാമേഷ്ടി നടത്തി, യാഗശാല ഉഴുതപ്പോഴാണു കണ്ടുകിട്ടിയ കുഞ്ഞാണു സീത. പുത്രിയെപ്പോലുള്ള സീതാദേവിയെ അശോകവനികയിൽ സൂക്ഷിക്കുന്നതു് അധാർമ്മികവും വിപത്സൂചകവുമാണെന്ന വിഭീഷണ നിർദ്ദേശത്തെ രാവണൻ ഗൗനിച്ചില്ല.

രാമന്റെ പൂച്ചികരിൽ ഒരാളായിരുന്ന വൃദ്ധനായ അനരണ്യകനെ രാവണൻ യുദ്ധത്തിനു വിളിച്ചു. തനിക്കു് യുദ്ധം ചെയ്യാൻ കഴിവില്ലെന്നു് ആ വൃദ്ധൻ പറഞ്ഞപ്പോഴും ബലാൽക്കാരമായി പിടികൂടി നെഞ്ചത്തു് ഇടിച്ചു കൊന്നു. മരണവേളയിൽ അനരണ്യൻ രാവണനെ ശപിച്ചു, തന്റെ പിൻമുറക്കാരിൽ രാമനെന്നയാൾ ഇതിനു പകരം വീട്ടുമെന്നു്.

മറ്റൊരിക്കൽ രാവണൻ ദിഗ്വിജയം കഴിഞ്ഞു മടങ്ങുമ്പോൾ വിമാനത്തിൽ കൈലാസത്തിലിറങ്ങി. കൂടുതൽ ഒതുക്കത്തോടെ പാദചാരേണ ചെല്ലേണ്ട സ്ഥലമാണതെന്നു് നന്ദികേശ്വരൻ രാവണനോടു് നിർദ്ദേശിച്ചു. ഉടൻ നന്ദികേശ്വരനെ കുരങ്ങനെന്നു് ആക്ഷേപിച്ച രാവണനെ നന്ദികേശ്വരൻ ശപിച്ചു. കുരങ്ങനെന്ന ലാഘവബുദ്ധിയോടെ വിളിച്ചതിനാൽ കുരങ്ങന്മാരാൽ അപമാനിതനായി നശിക്കാനിടവരട്ടെ എന്നതായിരുന്നു ശാപം.

ദശരഥമഹാരാജാവിന്റെ വിജയം അഷ്ടദിക്പാലകന്മാരുടേയും ആകാശം ഭൂമി എന്നിവയുടേയും മേലെയാകയാൽ ദശരഥൻ പിന്നെ കീർത്തിക്കു് അഹ്നായതാണെന്നും അദ്ദേഹത്തിന്റെ സീമന്ത പുത്രനാണു് രാമനെന്നും വിഭീഷണൻ കൊടുത്ത മുന്നറിയിപ്പുകൾ രാവണൻ തള്ളിക്കളഞ്ഞു. നിസ്സാരവാക്കുകൾ ജല്പിച്ചു് തന്റെ വിലപ്പെട്ട സമയം അപഹരിച്ചാൽ ചന്ദ്രഹാസത്തിനു് ഇരയാക്കുമെന്ന രാവണൻ വിഭീഷണനെ ഭീഷണിപ്പെടുത്തുകകൂടി ചെയ്തു. തന്റെ ജ്യേഷ്ഠനു് ഹിരണ്യകശിപുവിന്റെ അനുഭവം ഉണ്ടാകരുതെന്നു കരുതി വിഭീഷണൻ വീണ്ടും രാവണനെ ഉപദേശിച്ചു. 'ജഗദീശ്വരനായ ശ്രീഹരി എള്ളിൽ എണ്ണ പോലെ, പഴത്തിൽ മധുരം പോലെ, ചന്ദനത്തിൽ ഗന്ധം പോലെ, കരിമ്പിൽ രസം പോലെ, വിത്തിൽ മുളപോലെ സർവചരാചരങ്ങളിലും പരിപൂർണ്ണനായിരിക്കുന്നുണ്ടു്. ഹിരണ്യകശിപു, പുത്രനായ പ്രഹ്ലാദന്റെ വാക്കുകൾ ശ്രദ്ധിക്കാതെ നരസിംഹമൂർത്തിയാൽ ക്രൂരമായി വധിക്കപ്പെടുകയാണുണ്ടായതു്'.——വിഭീഷണന്റെ അഭ്യർത്ഥന ജലരേഖയായി പരിണമിച്ചു. കോപാന്ധനായ രാവണൻ അനുജനെ ലങ്കയിൽനിന്നു നിഷ്കാസനം ചെയ്യാൻ ഉത്തരവിട്ടു. വിഭീഷണനാകട്ടെ തന്റെ മകൾ ത്രിജടയെ സീതയ്ക്കു് ആശ്വാസവും സമാധാനവും പകരാനായി നിയോഗിച്ച ശേഷം ലങ്കവിട്ടിറങ്ങി.

വിഭീഷണൻ ശ്രീരാമനെ ശരണം പ്രാപിച്ചു. ശത്രുപക്ഷക്കാരനായതുകൊണ്ടു് കരുതിവേണം അടുപ്പിക്കാനെന്നു് സുഗ്രീവൻ, അംഗദൻ, ജാംബവാൻ, നീലൻ തുടങ്ങിയ വാനരശ്രേഷ്ഠന്മാർ അഭിപ്രായപ്പെട്ടു. ഹനുമാൻ മാത്രം ഭിന്നമായ അഭിപ്രായം രേഖപ്പെടുത്തി. താൻ ലങ്കയിൽ പ്രവേശിച്ച സമയത്തു് മറ്റു ഗൃഹങ്ങളിൽ കണ്ടതു മാംസപ്രധാനികളും മദ്യകുംഭങ്ങളുമായിരുന്നു. വിഭീഷണഗൃഹത്തിൽ രാമായണാദി ഇതിഹാസ ഗ്രന്ഥങ്ങളുടെ പാരാ

യണവും സഹസ്രനാമജപവുംമറുമാണ് നടന്നിരുന്നതു്. രാവണൻ തന്നെ കൊല്ലാനുദ്യമിച്ചപ്പോഴും ദൂതനെ കൊല്ലുന്നതു് അധാർമ്മികമാണെന്നുപദേശിച്ചതും, മകനും ത്രിജടയെ സീതയുടെ രക്ഷയ്ക്കും ആശ്വാസത്തിനുംവേണ്ടി നിറുത്തിയതും വിഭീഷണനാണു്. ശ്രീരാമൻ ഹനുമാന്റെ ഉപദേശം കൈക്കൊള്ളുകയും ശരണാഗതരെ രക്ഷിക്കാതിരിക്കുന്നതു് അധർമ്മമാകുമെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു.

കമ്പരാമായണമനുസരിച്ചു് രാവണനു് രണ്ടു പത്നിമാരുണ്ടായിരുന്നു. മണ്ഡോദരിയും ധന്യമാലയും. മണ്ഡോദരീപുത്രന്മാരാണു് ഇന്ദ്രജിത്തു്, (രാവണി) അക്ഷകുമാരൻ, ത്രിശിരസ്സു് എന്നിവർ. ധന്യമാല വന്ധ്യയാകയാൽ ഒരു ദത്തുപുത്രനെ സ്വീകരിച്ചു. അതാണു് അതികായൻ.

രാവണന്റെ ചാരന്മാർ വാനരവേഷംപൂണ്ടു്വാനരസങ്കേതത്തിൽ കടന്നു രഹസ്യങ്ങൾചോർത്തിയെടുക്കാൻ ശ്രമിച്ചിരുന്നു.വിഭീഷണസഹായത്തോടെ അവരെ തിരിച്ചറിഞ്ഞു് ശ്രീരാമൻ ചില കാര്യങ്ങൾ രാവണനെ ധരിപ്പിക്കാൻ ഏല്പിച്ചു വിടുകയാണുണ്ടായതു്. അവർ വന്നു വിവരിക്കുന്ന നിലയിലാണു് ലക്ഷ്മീദേവിയുടെ ഒരു പാദാദികേശവിവരണം നമുക്കു് ലഭിക്കുന്നതു്. കാര്യങ്ങൾ ഭംഗിയായി നടക്കാൻ ശ്രീരാമൻ അംഗദനെ ദൂതനാക്കി അയച്ചെങ്കിലും അതു വിഫലമായി. ബാലിയെ ശ്രീരാമൻ വധിച്ച ചുറ്റുപാടിൽ തന്റെ പക്ഷം ചേരേണ്ടതാണെന്നു പറഞ്ഞു് രാവണൻ അംഗദനെ പ്രലോഭിപ്പിക്കാൻ തുടങ്ങിയപ്പോഴും അംഗദൻ കൊടുത്ത മറുപടി ഇതായിരുന്നു. 'ബാലിയും രാവണനും പരിചയക്കാരാണല്ലോ. പക്ഷേ, ദുഷ്ടസംസർഗ്ഗം മൂലം എന്റെ പിതാവു് ആപത്തിൽപ്പെട്ടു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതു് എങ്ങനെയെന്നു ചോദിച്ചാൽ നിർദ്ദോഷിയായ അഗ്നി ഇരുമ്പിനോടു ചേർന്നപ്പോഴും അഗ്നിക്കു് കൊല്ലന്റെ തല്ലു കിട്ടേണ്ട നിലവന്നുചേർന്നു ..... ദുഷ്ടനായ രാവണനോടു സംസർഗ്ഗംചെയ്ത നിമിത്തം തന്റെ അച്ഛനും ദുഷ്ടനായി. ഇരുമ്പോടു ചേർന്ന അഗ്നിയെപ്പോലെ ശിക്ഷാർഹനായി.' അംഗദൻ ഇത്രയും പറഞ്ഞു് സ്ഥലം വിട്ടു.

ഹനുമാൻ സീതാദേവിയെക്കണ്ടു മടങ്ങുന്ന അവസരത്തിൽ അടയാളവാക്യമായി വിശ്വാസം വരുത്താൻ ചില സംഭവങ്ങൾ സീത വിവരിച്ചുകൊടുക്കുന്നുണ്ടു്. വിവാഹത്തിനു തൊട്ടുമുമ്പും വിവാഹസന്ദർഭത്തിലും വിവാഹശേഷവും ഉണ്ടായ സംഭവങ്ങൾ സീത പറയുന്നു. ''സർവ്വേശ്വരനായ ഭഗവാൻ മിഥിലയിൽ വരുന്ന അവസരത്തിൽ കന്യകാമാടത്തിനരികെയുള്ള തടാകത്തിലിറങ്ങി മുഖക്ഷാളനം ചെയ്യുകയും ഞാനിരിക്കുന്നതിനു സമീപം പതിച്ച വിശാലദർപ്പണത്തിൽ ഭഗവാന്റെ മുഖം പ്രതിഫലിച്ചു കാണുകയും ഇത്രകോമളനായ രാജകുമാരൻ ആരാണെന്നു വിചാരിച്ചു കിളിവാതിലൂടെ ഞാൻ പുറത്തേക്കു നോക്കുകയുംചെയ്തു. എന്റെ മുഖവും ജല

ത്തിൽ പ്രതിബിംബിച്ചതിനെ ഭഗവാൻ കണ്ടു് ഇതാരാണെന്നറിയണമെന്നു വച്ചു് ഊർദ്ധ്വമുഖനായി നോക്കിയപ്പോഴും ഞങ്ങടെ ഒരു ചെറുപുഞ്ചിരി കൈമാറിയതു് ഞാനും സ്വാമിയും മാത്രം അറിയുന്ന സംഭവമാണു്. ക്ലൂടാതെ ഭഗവാൻ എന്നെ മംഗല്യധാരണം കഴിഞ്ഞു കയ്യുംപിടിച്ചു നില്ക്കുമ്പോഴും ബ്രാഹ്മണസ്ത്രീകളും വന്നു മംഗളം പാടുകയും അവർക്കു സമ്മാനിക്കാൻ എന്റെ കഴുത്തിൽ കിടക്കുന്ന മുത്തുമാലയുടെയായി ഭഗവാൻ എന്റെ കുചപ്രദേശത്തു മെല്ലെയൊന്നു തള്ളുകയും അതിനെ ഞാൻ മനസ്സിലാക്കി മുത്തുമാലയെടുത്തു ദാനം ചെയ്യുകയും ഉണ്ടായതാണു്. ഇതു സഹവാസികളും അറിഞ്ഞിട്ടില്ല. കല്യാണംകഴിഞ്ഞു നാലാംദിനം ഞാനും കണവനും പള്ളിയറയിൽ പ്രവേശിച്ചു് പാദമർദ്ദനത്തിനൊരുങ്ങുമ്പോഴും ഞാൻ എന്റെ കൈയിൽക്കിടന്ന രത്നമോതിരം ഊരിവച്ചു. എന്താ പാദശുശ്രൂഷയുമുണ്ടു് നിന്റെ മോതിരം ഊരിവച്ചോ? എന്നു ചോദിച്ചതിനെ തുടർന്നു സ്വാമി, മോതിരത്തിന്റെ വൈഭവത്തൊലല്ല നിന്തിരുവടിയുടെ പാദവൈഭവമോർത്താണു് ഞാനതു ചെയ്തതു്. മിഥിലയിലേക്കു് വരുന്നവഴി ഭഗവാന്റെ പാദസ്പർശമേറ്റു് ഒരു കല്ലു് പെണ്ണായി എന്നു കേട്ടു. എന്റെ മോതിരക്കല്ലു് പാദസ്പർശത്താൽ പെണ്ണായിവന്നാൽ നമ്മടെ വിഷമത്തിലാകും എന്നു ഭയപ്പെട്ടാണു മോതിരം ഊരിവച്ചതു്. രസം പിടിപ്പിക്കുന്ന മറെറാരു സംഭവംകൂടി കമ്പരാമായണത്തിൽ വായിക്കാം. അയോധ്യയിൽ വസിക്കുമ്പോഴും ശ്രീരാമൻ ഒരു ആൺകിളിയേയും സീത ഒരു പെൺകിളിയേയും വളർത്തിയിരുന്നു. അതിനിടയ്ക്കു സീത രജസ്വലയായി ഭഗവാനെ പിരിഞ്ഞു പള്ളിയറയിൽ നിന്നു പുറത്തുവന്നപ്പോഴും ശുകപ്പൈതലും സീതയുടെകൂടെ പുറത്തേക്കു വന്നു. ഉടൻ ഭഗവാന്റെ കിളി, 'നീ പോകാൻ പാടില്ല. മനുഷ്യർക്കാണു് രജസ്വലയാവുക മുതലായ വ്യവഹാരങ്ങളും. പക്ഷികളായ നമുക്കു് അതില്ല' എന്നതിനെ കേട്ടു് കിളികളും തമ്മിൽ മത്സരിക്കുകയും ആ മത്സരത്തെ ഭഗവാൻ പറഞ്ഞുതീർക്കുകയും ഉണ്ടായി. ക്ലൂടാതെ ചിത്രകൂടത്തിൽ വച്ചു് ഭഗവാൻ മടിയിൽ ശിരസ്സുവച്ചു് നിദ്രചെയ്യുന്ന സമയം ഇന്ദ്രാത്മജനായ ജയന്തൻ കാകാകൃതിയായി വന്നു തന്റെ കൈയിനാൽ എന്റെ കുചത്തിൽ തൊടുകയും നഖംപെട്ട കുചാഗ്രത്തിൽനിന്നു രക്തം ഒലിക്കുകയും അതു കണവനറിഞ്ഞു സമീപത്തുണ്ടായിരുന്ന ഒരു തൃണത്തെപ്പറിച്ചു് അയയ്ക്കുകയുംചെയ്തു. കാക്കയുടെ ഒരു കണ്ണിൽ അതു തട്ടുക നിമിത്തം കാക്കകൊക്കു് ഇപ്പോഴും ഒരു വശത്തേക്കുമാത്രമേ കാഴ്ചയുള്ളൂ. ഇങ്ങനെ നിരവധി കഥകളും വിവരിക്കാൻ പാകത്തിലാണു് ആഖ്യാനത്തിന്റെ ഗതി.

രാവണകുംഭകർണ്ണവിഭീഷണന്മാരിൽ രജോഗുണം, തമോഗുണം സത്വഗുണം എന്നിവ ഏറിയിരിക്കുന്നു എന്നല്ലാതെ എല്ലാവരും പതിതരാണെന്നു ഗണിക്കുന്നതു ശരിയല്ല. വിഭീഷണനും ത്രിജടയും അതിനു ദൃഷ്ടാന്ത

മാണല്ലോ. രാമപക്ഷത്തിലുമുണ്ട് കൈകേയിയും മന്ഥരയും. കൈകേയി സീതയെക്കൊണ്ടു് ലങ്കാധിപന്റെ ചിത്രം ഒരു ആവണപ്പലകയിൽ വരപ്പിച്ചു. ശ്രീരാമനു് പൂജയ്ക്കിരിക്കാൻ അതേ പലക വച്ചുകൊടുത്തു. സീതയ്ക്കു് രാവണനെക്കുറിച്ചാണു് എപ്പോഴും ചിന്ത എന്നു ശ്രീരാമനെ തെറ്റിദ്ധരിപ്പിക്കുവാൻ ഇതുകൊണ്ടു സാധിച്ചു. ഇതു നിമിത്തമാണു് ശ്രീരാമൻ സീതയെ കാട്ടിലയയ്ക്കാൻ സംഗതിയായതെന്നു് കമ്പരാമായണത്തിൽ പ്രസ്താവിക്കുന്നു.

'ജാതി ഏതായാലും, സ്വഭാവവും പ്രവൃത്തിയുമാണു് നന്നാവേണ്ടതു്;' എന്നു് അതികായന്റെ മുജ്ജന്മത്തെ പുരസ്കരിച്ചു് ചക്രായുധവും പാശുപതാസ്ത്രവും തമ്മിലുള്ള സംഭാഷണത്തിൽ വെളിവാക്കിയിരിക്കുന്നു. 'എന്റെ യജമാനൻ അതികായന്റെ ഗുണം നീ അറിഞ്ഞോ? ജാത്യാചാരമായ മായാവിദ്യകളും പ്രാണൻ പോകുമെന്നു കണ്ടാലും അദ്ദേഹം ശത്രുക്കളോടു പ്രയോഗിക്കുകയില്ല. സത്യയുദ്ധമെന്ന ധർമ്മമല്ലാതെ ശാഠ്യയുദ്ധമോ മായായുദ്ധമോ ജന്മനാൽ ചെയ്യാത്തവനാണു് അതികായൻ?

പുരാണപരിചയം ഉണ്ടാക്കുക, ജനങ്ങൾക്കു ഭക്തിമാർഗ്ഗത്തെ തെളിയിച്ചുകൊടുക്കുക എന്നിവയ്ക്കു പുറമേ, ഗണിതം, വൈദ്യം തുടങ്ങിയവയുടെ പ്രാഥമിക ബോധം ഉണ്ടാക്കാനും കമ്പർ പരിശ്രമിക്കുന്നുണ്ടു്. രാവണവധം കഴിഞ്ഞു് ശ്രീരാമൻ മടക്കയാത്രയിൽ വിമാനം ഭരദ്വാജാശ്രമാങ്കണത്തിൽ നിർത്തുന്നു. മഹർഷിയുടെ നിർദ്ദേശമനുസരിച്ചു് കൂടെയുള്ള സുഹൃത്തുക്കളെ ശ്രീരാമൻ പരിചയപ്പെടുത്തുന്നുണ്ടു്. ഈ പരിചയപ്പെടുത്തലിലൂടെ വായനക്കാരനു പുരാണപരിചയവും പകർന്നുകിട്ടുന്നു. അതുപോലെ സൈന്യങ്ങളം 70 വെള്ളമുണ്ടെന്നു പറഞ്ഞശേഷം വെള്ളത്തിന്റെ കണക്കു് വിശദമാക്കുന്നു. ഏറ്റവും ചെറിയ ഭിന്നസംഖ്യ മുതൽ ഏറ്റവും വലിയ പൂർണ്ണസംഖ്യ വരെ പട്ടികപ്പെടുത്തുന്നുണ്ടു്.

വനവാസമാരംഭിച്ചു് പതിന്നാലു സംവത്സരം തികയാൻ ഭരതൻ കാത്തിരിക്കുകയാണു്. ഭഗവാന്റെ വരവു കാണായ്കയാൽ ഭരതൻ തന്റെ ആത്മത്യാഗത്തിനുള്ള മുഹൂർത്തം കുറിച്ചുകഴിഞ്ഞു. അഗ്നികുണ്ഡം ഉയർന്നു. ഇതുകണ്ടു് ശത്രുഘ്നൻ പറയുന്നു. 'അയ്യോ, ജ്യേഷ്ഠ! ഒരാൾ വനദീക്ഷക്കായി പോയി; ഒരാൾ ജ്യേഷ്ഠനെ സഹായത്തിനാണെന്നു പറഞ്ഞു പോയി; ബാക്കിയുള്ള ഒരാൾ അഗ്നിയിൽ ചാടിയാൽ ഞാനൊറ്റയ്ക്കു് എന്തുചെയ്യും? ഭരതൻ അഗ്നിയിൽ ചാടിയപ്പോഴേയ്ക്കും ഹനുമാൻ സ്ഥലത്തെത്തി അഗ്നിയെ തച്ചുകെടുത്തി സ്വാമിയുടെ മുദ്രമോതിരം ഭരതന്റെ കൈയിൽ കൊടുത്തു. ശ്രീരാമന്റെ ആഗമനവാർത്ത എല്ലാവരും സന്തോഷത്തോടെ കേട്ടു. നിമിഷങ്ങൾക്കകം ഹനുമാൻ ഭരദ്വാജാശ്രമത്തിലെത്തി വിവരം ശ്രീരാമനെ ധരിപ്പിച്ചു. 'അല്ലയോ മാരുതി നീ ഇവിടെ ഞങ്ങളെ രക്ഷിച്ചു അവിടെ ഭരതനേയും രക്ഷിച്ചു. സമസ്തഗുണസമ്പന്നനായി ഭവിക്ക' എന്നു ശ്രീരാമൻ ഹ

നുമാനെ അനുഗ്രഹിച്ചു. അയോദ്ധ്യയിലെത്തിയ ശ്രീരാമനെ ഭരതൻ സുമന്ത്രാദി കളോടുകൂടി വന്നു് എതിരേറ്റു. നന്ദിഗ്രാമത്തിൽ വച്ചു് ജടയെല്ലാം ത്യജിച്ചു്, അയോദ്ധ്യയിലേക്കു് എഴുന്നള്ളി. അരിയിട്ടുവാഴ്ചയുടെ ചിഹ്നമായി വസിഷ്ഠൻ കിരീടമെടുത്തു് ശ്രീരാമന്റെ ശിരസ്സിലർപ്പിച്ചു. അയോദ്ധ്യ യിലെ ഇളയരാജാവായി ഭരതനും മൂന്നാംകൂറും നാലാംകൂറുമായി ലക്ഷ്മണ ശത്രുഘ്നന്മാരും സ്ഥാനമേറ്റു. ലങ്കാധിപനായി വാഴുവാൻ വിഭീഷണനേ യും കിഷ്കിന്ധാധിപനായി വാഴുവാൻ സുഗ്രീവനേയും നിയോഗിച്ചു. അം ഗദനെ കിഷ്കിന്ധയിലെ ഇളമുറക്കാരനായി അംഗീകരിക്കാൻ ആജ്ഞാപി ച്ചു. പിന്നീടു് ഹനുമാനോടു പറഞ്ഞു 'ഞാനെപ്പോഴും നിന്റെ ഹൃദയഗൃഹ ത്തിൽ നിവാതസ്ഥലദീപം പോലെ കുടിയിരിക്കുന്നുണ്ടാവും. എന്നെ ക്കാണാൻ നീ എപ്പോഴും വിചാരിക്കുന്നോ അപ്പോഴും പത്നീസമേതനായി നിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും'. സീതയെക്കണ്ടു് യാത്രപറയുമ്പോഴും അവർ കൊടുത്ത മുത്തുമാല സാദരം സ്വീകരിച്ചശേഷം ഹനുമാൻ പ്രത്യേകം പ്രത്യേകം എല്ലാവരോടും യാത്രചോദിക്കുന്നുണ്ടു്. ശ്രീരാമൻ വാനരങ്ങളെ നോക്കി പറഞ്ഞു. 'അല്ലയോ സഖാക്കളെ എനിക്കുവേണ്ടി അനന്തപ്രയത്നം ചെയ്തവരാണു് നിങ്ങളെല്ലാം. ആയതുകൊണ്ടു് നിങ്ങൾ പിടിച്ചതെല്ലാം ഇരുമ്പും, കടിച്ചതെല്ലാം കരിമ്പും, കുടിച്ചതെല്ലാം അമൃതുമായി ഭവി ക്കട്ടെ.'

'ഈ രാമചരിതം എഴുതിയവരും എഴുതിച്ചവരും വായിച്ചവരും വായി പ്പിച്ചവരും കേട്ടവരും പുത്രമിത്രകളത്രഗോത്രങ്ങളോടുകൂടി മോക്ഷത്തിന ധികാരികളായിത്തീരാൻ ജഗദീശ്വരൻ അനുഗ്രഹിച്ചിരിക്കുന്നു.' എന്ന വാക്യത്തോടെയാണു് കമ്പരാമായണത്തിൽ പട്ടാഭിഷേകഭാഗം അവസാ നിപ്പിച്ചിരിക്കുന്നതു്.

കമ്പരാമായണകഥ തമിഴിൽനിന്നു് ആദ്യമായി മലയാളത്തിലേക്കു് വിവർത്തനം ചെയ്തു് പ്രസിദ്ധപ്പെടുത്തിയ മഹാനുഭാവൻ പനങ്കുടവത്തു് നാരായണൻ എന്നയാളാണു്. അദ്ദേഹത്തിന്റെ പുത്രൻ സുബ്രഹ്മണ്യന്റെ സമ്മതത്തോടുകൂടിയാണു് ഗ്രന്ഥം പ്രസാധനം ചെയ്തതെന്നു കാണുന്നു. ഡോ. എസ്. കെ. നായരുടെ വിവർത്തനം വരുന്നതിനു് എത്രയോ മുമ്പു് കമ്പരാമായണകഥാമൃതം കേരളീയർക്കു് അനുഭവവേദ്യമാക്കിയ നാരായണൻ ഒറ്റപ്പാലത്തുകാരനാണു്. ഒരു റെയിൽവേ ജീവനക്കാരനായി രുന്ന അദ്ദേഹമാണു് ഷൊർണ്ണൂർ——എറണാകുളം റയിൽവേ പണി സംബ ന്ധിച്ച സർവേ നടത്തിയതു്. 19—ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ കമ്പരാമായണം വിവർത്തനംചെയ്തു് മംഗളോദയത്തിൽ അച്ചടിച്ചു് ഇറ ങ്ങിയതാണു് നമുക്കു് ആദ്യമായി ലഭിക്കുന്ന കമ്പരാമായണവിവർത്തനം.

1867—ൽ ഒറ്റപ്പാലത്തു് തണ്ടാർസമുദായാംഗമായി ജനിച്ച നാരായ ണൻ ബർമ്മയിലും സിലോണിലും കേരളത്തിലും റയിൽവേ ജോലി

ചെയ്തിട്ടുണ്ട്, എന്ന വിവരം അദ്ദേഹത്തിന്റെ പുത്രൻ പി. കെ. എസ് മണിയിൽനിന്നാണ് ധരിക്കാനിടയായത്.

ഏ. ഡി. പന്ത്രണ്ടാംശതകത്തിൽ ജീവിച്ച ചെന്തമിഴ് കവി കമ്പർ കേരളത്തിൽ പര്യടനം നടത്തുകയും വിദ്വൽസദസ്സുകളിൽ സംസാരിക്കുകയും ചെയ്തിട്ടുണ്ട്. കുലോത്തുംഗചോളൻ ദ്വിതീയന്റെ കാലത്തായിരുന്ന കമ്പർ കാവ്യനിർമ്മാണം നടത്തിയത്. ചോളരാജ്യത്തിലെ തിരുച്ചെന്തുരിലായിരുന്ന ജനനം. ചെറുപ്പത്തിൽ അച്ഛനമ്മമാർ മരിച്ചതുകൊണ്ട് ധനികകർഷകനായ ചടയപ്പന്റെ സംരക്ഷണയിലാണ് കമ്പർ വളർന്നത്. വെണ്ണനെല്ലൂരിലെ ഈ ചടയപ്പനെ ഓരോ ആയിരം പദ്യം കഴിയുമ്പോഴും രാമായണത്തിൽ കവി അനുസ്മരിച്ചിട്ടുണ്ട്.

കവിയുടെ പുത്രൻ അംബികാപതിയും ചോളരാജപുത്രിയും തമ്മിൽ പ്രണയബദ്ധരായി. ഈ ബന്ധം രാജാവിനു് ഇഷ്ടമല്ലാതിരുന്നതുകൊണ്ട് അംബികാപതി വധിക്കപ്പെട്ടുവത്രെ. പുത്രശോകംകൊണ്ടു തളർന്ന കമ്പർ ചോളരാജ്യം വിട്ട് ചേരനാട്ടിലേക്കു പോയതായി ഐതിഹ്യം സൂചിപ്പിക്കുന്നു. രാമനാഥപുരംജില്ലയിലെ നാട്ടരചൻകോട്ടയിൽവച്ചാണ് കമ്പർ അന്തരിച്ചതു്. മീനമാസത്തിൽ അവിടെ 'കമ്പർ തിരുവിഴ' ആചരിച്ചു വരുന്നുണ്ട്.

കമ്പർ പന്തിരായിരം പദ്യങ്ങളിലായി ആദികാവ്യത്തെ തമിഴ്ക്കു പരിചയപ്പെടുത്തുകയാണുണ്ടായതു്. വിഷ്ണുഭക്തനായതുകൊണ്ട് സ്വന്തം കാഴ്ചപ്പാടിൽക്കൂടി യാണ് രാമകഥ പുനരാഖ്യാനം ചെയ്തിട്ടുള്ളതു്. സംസ്കൃതത്തിൽ വാല്മീകിക്കും, ഹിന്ദിയിൽ തുളസീദാസനും, മലയാളത്തിൽ തുഞ്ചത്തെഴുത്തച്ഛനും ഉള്ള സ്ഥാനമാണ് കമ്പക്കു് തമിഴ്സാഹിത്യത്തിൽ കല്പിക്കപ്പെട്ടുന്നതു്. രാമായണത്തിനു പുറമേ തിരുക്കൈയ്വഴക്കം തുടങ്ങിയ കൃതികളും കമ്പരിൽനിന്നു തമിഴ് സാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്.

പുരാണകഥാപരിചയവും ഭാരതീയസംസ്കാരത്തോടു് ആഭിമുഖ്യവും വളർത്തുവാൻ ഉപകരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് കമ്പരാമായണമെന്നതിനു സംശയമില്ല.*

---

* ഡോ. എസ്. കെ. നായർ സമ്പൂർണ്ണമായി വിവർത്തനം ചെയ്ത കമ്പരാമായണം പഠനാർഹമാണ്. ഇതിൽ പരാമർശിക്കാൻ സാധിക്കാത്തതിൽ ദുഃഖമുണ്ട്.

10. കൊട്ടാരത്തിൽ ശങ്കുണ്ണി തുടങ്ങിയവരുടെ സംഭാവന

കൊട്ടാരത്തിൽ ശങ്കുണ്ണി രാമകഥാപരമായി മൂന്ന് ആട്ടക്കഥകളും രചിച്ചിട്ടുണ്ട്—ശ്രീരാമാവതാരം, സീതാവിവാഹം, ശ്രീരാമപട്ടാഭിഷേകം. ഇവയിൽ പ്രായേണ അധ്യാത്മരാമായണത്തെയാണ് ഉപജീവിച്ചിട്ടുള്ളതു്. കലികാലവൈകൃതങ്ങളെ വിപാടനം ചെയ്യാൻ അധ്യാത്മരാമായണ കഥാമൃതമാണ് സിദ്ധൗഷധം എന്ന് ഉറച്ചു വിശ്വസിച്ച ഒരു പണ്ഡിത കവിയായിരുന്നു അദ്ദേഹം.

നാരദൻ കലികാലവൈകൃതങ്ങളിൽനിന്ന് ഉപശാന്തി നേടുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബ്രഹ്മാവിനോടു് ആരായുന്നു. ബ്രഹ്മാവ് പ്രശ്നത്തിന്റെ കാലികപ്രാധാന്യം കൂടി കണക്കിലെടുത്തുകൊണ്ട് അധ്യാത്മരാമായണത്തിന്റെ മനനവും പഠനവും ആണ് അതിനുള്ള പോംവഴി എന്നു നിർദ്ദേശിച്ചു. സമദർശി വിശേഷാൽ പ്രതിയിൽ ഈ കഥ കൊട്ടാരത്തിൽ ശങ്കുണ്ണിതന്നെ ഉപന്യസിച്ചിട്ടുണ്ട്.

ശ്രീരാമാവതാരം

'ശംഭോരാദ്യം തനൂജം ഗജവരവദനം' എന്നാരംഭിക്കുന്ന ഒരു പ്രാർഥനാശ്ലോകത്തോടുകൂടിയാണ് കൊട്ടാരത്തിൽ ശങ്കുണ്ണി തന്റെ ആട്ടക്കഥ ആരംഭിക്കുന്നതു്. തൃക്കൈക്കാട്ട സ്വാമിയാരുടെ ആജ്ഞയനുസരിച്ചാണ് ഈ കൃതി രചിക്കപ്പെട്ടതെന്നും സ്വാമിയാരുടെ പൂർവാശ്രമത്തിലെ പേരു് കീഴണിപ്പുറം എന്നായിരുന്നു എന്നും വന്ദനശ്ലോകത്തിൽനിന്നു സിദ്ധിക്കുന്നുണ്ട്. ശ്രീരാമാവതാരത്തിലുള്ള വന്ദനശ്ലോകംതന്നെ നേരിയ വ്യത്യാസത്തോടുകൂടി സീതാവിവാഹത്തിലും പട്ടാഭിഷേകത്തിലും ചേർത്തിട്ടുണ്ട്.

ശ്രീരാമന്റെ ബാല്യകാലവർണ്ണനയിൽ കൃഷ്ണാവതാരത്തിലെപ്പോലെ പല ബാല്യകാലകൃത്യങ്ങളും രാമലക്ഷ്മണന്മാരിൽ ആരോപിച്ചിട്ടുണ്ട്. ശ്രീരാമാവതാരശേഷം വിഷ്ണുസ്തുതിയും പുഷ്പവൃഷ്ടിയും ചെയ്യുന്ന കൗസല്യയെ കഥവിളക്കിനു മുമ്പിൽ അരങ്ങേറിയിരിക്കുകയാണു്.

ശ്രീപതേ വിഷ്ണോ ജഗന്നായക തവ
ശ്രീപദം കൈതൊഴുന്നേൻ

എന്നു തുടങ്ങുന്ന ഒരു നീണ്ട സ്തുതി കൗസല്യ നടത്തുന്നുണ്ട്.

പായസാംശഗതിയനുസരിച്ച് ശ്രീരാമനോട്ട് ലക്ഷ്മണനും ഭരതനോട്ട് ശത്രുഘ്നനും ക്രമത്തിൽ അടുത്തു. അവരുടെ ലീലാകലവികളുടെ സുന്ദരചിത്രങ്ങളും ശ്രീരാമാവതാരത്തിലുണ്ട്. താടകാവധവും വിശ്വാമിത്രന്റെ യാഗരക്ഷയും കഴിഞ്ഞു് രാമലക്ഷ്മണന്മാർ ശൈവചാപം കാണുവാൻ മിഥിലയിലേക്കു പോകുന്നു. ശ്രീരാമാവതാരം ആട്ടക്കഥയുടെ സമാപനശ്ലോകം ഇതാണു്:

ഭൂഭാരം സംവിനേതും സഹസുരനിവഹൈർ
ബ്രഹ്മണാ പ്രാർത്ഥിതസ്സൻ
സംഭൂതസ്സൂര്യവംശേ ദശരഥനൃപതേഃ
പുത്രഭാവേന ഭൂമൗ
ശത്രൂൻ ഹത്വാ കരോദ്യഃ കുശികസുതമഹാ
യാഗരക്ഷാം സരാമോ
വാഞ്ഛാസിദ്ധിപ്രദായീ കലിതധൃതികരോ
തത്രവോ നിത്യസൗഖ്യം

വാഞ്ഛാസിദ്ധിപ്രദായീ എന്ന കലിവാക്യമനുസരിച്ചു് ഇതിന്റെ രചനാവർഷം 1908 ആകുന്നു. ഇതേ വർഷംതന്നെയാണു് മറ്റു് രണ്ടു് ആട്ടക്കഥകളും രചിച്ചതു്. സാഹിത്യഗുണം അധികമുണ്ടെന്നു പറയാൻ വയ്യെങ്കിലും രംഗാവതരണത്തിനു പറ്റിയ നിലയിലാണു് രചന.

സീതാവിവാഹം

യാഗരക്ഷണം കഴിഞ്ഞപ്പോൾ രാമലക്ഷ്മണന്മാർ പിതൃദർശനത്തിനു വേണ്ടി അയോധ്യയിലേക്കു മടങ്ങാൻ ഉത്സാഹം കാട്ടുന്നുണ്ടു്. ശൈവചാപദർശനവും അതോടുകൂടി പിതൃപദമെത്താനുള്ള മാർഗ്ഗവും വിശ്വാമിത്രൻ ഇരുപേർക്കും കൈവരുത്തുന്നു. ജനകകൊട്ടാരവുമായുണ്ടാകുന്ന ബന്ധത്തിലൂടെ ഗംഗാനദി കടന്നുവേണമല്ലോ മിഥിലയിലെത്താൻ അദ്ധ്യാത്മരാമായണം മൂലത്തിലേതുപോലെ തോണിക്കാരൻ നർമ്മബോധത്തോടെയാണു് ശ്രീരാമനെ തോണിയിൽ കാലൂന്നാൻ ക്ഷണിക്കുന്നതു്.

ധീരനാം നിൻ കൽപ്പൊടിയിന്നു പറ്റിയാൽക്കല്ലും
നാരിയായ്പോമെന്നു കേൾക്കുന്നു
ദാരുവും നല്ലൊരു കല്ലും ഓരുകിൽ ഭേദമെന്തുള്ള
ചാരുപാദപാംസു തിണ്ണം ചേരുകിൽ തോണിയും പെണ്ണാം

ഇത്തരണി പോയാൽ കഷ്ടമേ! ഇന്നാവികനു
നിത്യവൃത്തിയതും മുട്ടമേ
അതു കഴകിച്ചിക്കാലേ വൃത്തിയാക്കാമെഹം ചാലേ

ഈ നിർദ്ദേശത്തിന്റെ ഔചിത്യം എന്തുതന്നെയായാലും തോണി തുഴയുന്ന സമയത്തു് ശ്രീരാമസ്തുതിപരമായ ഒരു വഞ്ചിപ്പാട്ടു് തോണിക്കാരൻ ആലപിക്കുന്നുണ്ടു്.

'ഭ്രതധാത്രിക്കതിമാത്രം ഭ്രതമായ ഭാരം തീർപ്പാൻ
ഭ്രതലേ ജനിച്ച ദേവൻ ജയിച്ചിടട്ടേ!

....

രാമചന്ദ്രൻ ജഗന്നാഥൻ സോമബിംബാനനൻ ദേവൻ
സാമോദം തന്നരുളേണം സർവദാ സൗഖ്യം.'

മിഥിലയിലെത്തിയ ദശരഥപുത്രന്മാരുടെ സമീപത്തേക്കു് ജനക മഹാരാജാവു് വില്ലു വരുത്തുന്നു. വില്ലു് കൊണ്ടുവരുമ്പോഴത്തെ പാട്ടു് ശിവസ്തുതിപരമാണു്. ചാപഭഞ്ജനം കഴിഞ്ഞു് സീതാദേവി സവ്വാലങ്കാരഭ്രഷിതയായി വന്നു് ശ്രീരാമദേവനെ വരണമാല്യമണിയിക്കുന്ന വിവരമറിഞ്ഞു് ദശരഥൻ പരിവാരസമേതം മിഥിലയിൽ വന്നുചേർന്നു. സീതാവിവാഹം ഭംഗിയായി നടന്നു. ഭരതാദികളുടേയും വിവാഹം ഇതോടൊന്നിച്ചു് നടത്തപ്പെട്ടു. വിവാഹച്ചടങ്ങു് ഒരു ദണ്ഡകത്തിലൂടെയാണു് വർണ്ണിക്കുന്നതു്. അയോദ്ധ്യയിലേക്കു മടങ്ങുമ്പോഴും പരശുരാമന്റെ സൗഹൃദം സമ്പാദിച്ചു. മുനിമാർ ആചാര്യന്മാർ എന്നിവരുടെ അനുഗ്രഹമാണു് ജീവിതവിജയത്തിനു് അടിസ്ഥാനമെന്നും പട്ടാളബലത്തിൽ മാത്രം ഉറച്ചിരിക്കുന്നതു് വിവരക്കേടാണെന്നും ഈ സന്ദർഭത്തിൽ ശ്രീരാമൻ സഹോദരന്മാരോടു പറയുന്നുണ്ടു്.

ശ്രീരാമപട്ടാഭിഷേകം

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മൂന്നാമത്തെ ആട്ടക്കഥ ശ്രീരാമപട്ടാഭിഷേകമാണല്ലോ. രാവണവധം കഴിഞ്ഞു് അഗ്നിപ്രവേശത്തിലൂടെ സീത തന്റെ പാതിവ്രത്യശുദ്ധി തെളിയിച്ചു. അയോദ്ധ്യയിലേക്കു പോവാൻ വിഭീഷണൻ വിമാനം തയ്യാറാക്കി. അതിനിടയ്ക്കു് ലങ്കാനഗരിയുടെ ഭംഗി വിഭീഷണൻ ശ്രീരാമനു വിവരിച്ചു കൊടുക്കുന്നുണ്ടു്. സീത വിഭീഷണപത്നിയോടുള്ള തന്റെ കടപ്പാടിനെപ്പറ്റി ഭർത്താവിനെ അറിയിക്കുന്നുണ്ടു്. ഈ വിഭീഷണപത്നി ശ്രീകൃഷ്ണാവതാരകാലത്തു് സുഭദ്രയായി ജനിക്കുമെന്ന വിവരം ശ്രീരാമൻ അനുഗ്രഹരൂപത്തിൽ അവരെ അറിയിക്കുന്നു.

ചേദിക്ഷ്വാപാലമുഖ്യോൽക്കടധരണിഭരം
തീർത്തിടാൻ മർത്ത്യമൃത്ത്യാ
മേദിന്യാം ജാതനാം ഞാനിനിയൊരുസമയേ
കൃഷ്ണനായ് വൃഷ്ണിവംശേ
മോദിച്ചന്നെൻ സ്വസാവായ്വരു മരിക സുഭ—
ദ്രാഖ്യയാ ശ്ലാഘ്യയാം നീ
ഖേദിച്ചീടേണ്ട ചെറ്റും കളമൊഴി സരസാ
സൗഖ്യമായ് വാഴ്ക ഭക്ത്യാ.

ശ്രീരാമൻ പുഷ്പകവിമാനമേറി മടക്കയാത്രചെയ്യുന്നതു് ഒരു ദണ്ഡകം കൊണ്ടോണു് വിവരിക്കുന്നതു്. 'ശ്രീരാമനുഴിയതിലോരോന്നു കാട്ടി നിജ ദാരങ്ങളെ ബഹുരസേന' രസിപ്പിച്ചുകൊണ്ടോണു് ഗതി തുടരുന്നതു്. വിമാനം കിഷ്കിന്ധാപുരിക്കു മുകളിലെത്തിയപ്പോഴും സുഗ്രീവപത്നിയേയും മറ്റും കാണാൻ സീത ആഗ്രഹം പ്രകടിപ്പിച്ചു. സീത അവരെ അയോധ്യയിലേക്കു് ക്ഷണിച്ചു. അവർക്കും അങ്ങനെ പുഷ്പകവിമാനത്തിൽ കയറാൻ കഴിഞ്ഞു. വിമാനം ഭരദ്വാജാശ്രമത്തിലിറങ്ങി മുനിയോടു കുശലാന്വേഷണം നടത്തുന്നതിനിടയ്ക്കു് ശ്രീരാമാഗമനവാർത്ത ഭരതനെ അറിയിക്കാൻ ഹനുമാനെ അയയ്ക്കുന്നുണ്ടു്. ഹനുമാൻ ഒറ്റച്ചാട്ടത്തിനു ഗംഗ കടന്നു. ധീവരന്മാർ ഗുഹനോടു് തങ്ങളുടെ അനുഭവം ധരിപ്പിച്ചു. 'മൂഢമക്കടകീടകമൽപ്പുരിയിൽ കേറിടാനെന്തടാ പോകടാ' എന്നിങ്ങനെ ഗുഹൻ ഹനുമാനെ വെല്ലുവിളിക്കുന്നതു് സ്വകപോലകല്പിതമായിട്ടുള്ളതാണു്. താൻ കീശകുലജാതനെങ്കിലും മറ്റുള്ളവരെ ദ്രോഹിക്കുന്ന സ്വഭാവം തനിക്കില്ലെന്നും ശ്രീരാമദൂതനായ താൻ ശ്രീരാമാഗമനവാർത്ത അറിയിക്കാൻ അയോധ്യയിലേക്കു തിടുക്കത്തിൽ പോകയാണെന്നും ഹനുമാൻ ഗുഹനെ പറഞ്ഞു മനസ്സിലാക്കി. ഗുഹനും മറ്റുള്ളവർക്കും വലിയ സന്തോഷമായി.

ഇക്കാലത്തു് അധികാരം കൈമാറാൻ എന്തൊരു മനഃപ്രയാസമാണു് പലർക്കും ഉണ്ടാകുന്നതു്. ഭരതനാകട്ടെ കിരീടം തിരിച്ചേല്പിക്കാൻ തിടുക്കം കൂട്ടുന്നു. 'മാനവവരനെ എതിരേറ്റീടാൻ' സേനകളെ അണിനിരത്തുന്നു. ശ്രീരാമൻ ഗംഗ കടക്കുമ്പോഴും 'വാനിനൊത്തു വിളങ്ങുന്ന വാനോരാറ്റിൽ വലയിട്ടു് മീനങ്ങളെ പിടിക്കുമീ'മാനുഷന്മാർ ചേന്നു് ഒരു വഞ്ചിപ്പാട്ടു് അവിടെ ഉയർന്നു. വിമാനം അയോധ്യയിലെത്തിയപ്പോഴും ഭരതൻ ശ്രീരാമനെ സ്വീകരിച്ചു് കിരീടം ഏല്പിക്കുന്നു. ആ സമയത്തു് കൗസല്യയ്ക്കും സുമിത്രയ്ക്കും ഉണ്ടായ സന്തോഷവും കൈകേയിക്കുണ്ടായ പശ്ചാത്താപവും പറഞ്ഞാൽ ഒടുങ്ങുന്നതല്ല. വസിഷ്ഠനിർദ്ദേശമനുസരിച്ചു് കിരീടധാരണചടങ്ങുകളും ശുഭമുഹൂർത്തത്തിൽ ആർഭാടപൂർവ്വം നടന്നു. ഈ സമയത്തു് ഒരു

കുമ്മിക്കൂടി നടത്തിയാൽ പട്ടാഭിഷേകമഹാമഹം വെടിപ്പാകുമെന്ന വിചാരം ശങ്കുണ്ണി അവർകളെ ആവേശിച്ചു. കുമ്മി കഴിഞ്ഞു് ഒരു ശ്രീരാമരാജ മംഗളംകൂടി കവി ഘടിപ്പിച്ചിട്ടുണ്ടു്.

ശ്രീരാമൻ എല്ലാവർക്കും ശുഭം ആശംസിക്കുന്നു. ഹനുമാൻ, സുഗ്രീവൻ വിഭീഷണൻ തുടങ്ങിയവരുടെ സേവനത്തെ ശ്ലാഘിക്കുന്നുണ്ടു്. പിന്നീടു് സീതയുടെ കൈവശം ഒരു ഹാരം നല്കി ഉത്തമനായ വ്യക്തിക്കു് സമർപ്പിക്കാൻ നിർദ്ദേശംകൊടുക്കുന്നു. സീതയ്ക്കു് സംശയമുണ്ടായില്ല. ഹാരം മാരുതിക്കുതന്നെ സമർപ്പിച്ചു. ഇതാണു ശ്രീരാമപട്ടാഭിഷേകം കഥ.

രാമരാമ രമാപതേ ധരണീപതേ കരുണാനിധേ!
രജനിചരകുലവിപിനദവദഹനായ ദേവ നമോസ്തുതേ
(രാമ)

....

ഭക്തജനങ്ങൾക്കു് പൂർണ്ണതൃപ്തിവരുമാറു് അദ്ധ്യാത്മരാമായണത്തിലെപ്പോലെ ശ്രീരാമസ്തുതി പാടുള്ളടത്തെല്ലാം ശങ്കുണ്ണി തന്റെ ആട്ടക്കഥകളിൽ ഘടിപ്പിച്ചിട്ടുണ്ടു്.

*ഊർമ്മിള

രാമകഥയാൽ ആകൃഷ്ടനായ മറെറാരു മഹാകവിയാണു പന്തളം കേരളവർമ്മത്തമ്പുരാൻ (1879—1919). അദ്ദേഹത്തിന്റെ മൂന്നു ഖണ്ഡകൃതികളും പരാമർശമർഹിക്കുന്നു. ഊർമ്മിള, ലക്ഷ്മണപ്രവാസം, വിഭീഷണാഭിഷേകം എന്നീ മൂന്നു കൃതികളും പന്തളത്തിന്റെ തെരഞ്ഞെടുത്ത കൃതികളും രണ്ടാം ഭാഗം എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

മുപ്പതു ശ്ലോകങ്ങളും മാത്രമുള്ള ഒരു ലഘുകൃതിയാണു് ഊർമ്മിള. ശ്രീരാമന്റെ സൽഗുണങ്ങളെല്ലാം ഏതാണ്ടു് അതേ അളവിലും അനുപാതത്തിലും ഉള്ള സഹോദരനാണല്ലോ ലക്ഷ്മണൻ. യാഗരക്ഷയ്ക്കു വിശ്വാമിത്രന്റെകൂടെ

---

* പന്തളത്തെപ്പോലെ വി. എൻ. ഉണ്ണികൃഷ്ണൻ നായരും ഊർമ്മിളയുടെ ജീവിതത്തെ സാമാന്യരീതിയിൽ അവതരിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഊർമ്മിളയുടെ സ്വഭാവവിശേഷങ്ങളിലേക്കും നാരീത്വത്തിന്റെ ഉദാത്തഭാവങ്ങളിലേക്കും പ്രകാശം പരത്തുവാൻ ബോധപൂർവ്വം പ്രയത്നിച്ചതു് കുട്ടമത്തു് കരുണാകരക്കുറുപ്പു് (കെ. കെ. കുട്ടമത്തു് കുന്നിയൂർ) ആണു്. അദ്ദേഹത്തിന്റെ ഊർമ്മിള ആത്മചലനങ്ങളിലൂടെ ജീവിതദർശനം കാട്ടിത്തരുന്ന ഒന്നാന്തരം സ്വഗതാഖ്യാനമഹാകാവ്യമാണു്.

യാത്രയാകുമ്പോഴും വനവാസത്തിനു പുറപ്പെടുമ്പോഴും നിഴൽപോലെ ലക്ഷ്മണൻ രാമനെ പിന്തുടർന്നു. ശ്രീരാമൻ സീതയെ വേട്ട അവസരത്തിൽതന്നെ ലക്ഷ്മണൻ ജനകന്റെ ഔരസപുത്രിയായ ഊർമ്മിളയെ വേഴ്ചകൂടുന്നുണ്ട്. ഭരതശത്രുഘ്നന്മാർക്ക് ജനകൻ നല്കിയതു് ഭ്രാതൃകന്യകമാരായ ശ്രുതകീർത്തി മാണ്ഡവിമാരെയാണല്ലോ.

വനവാസത്തിനു് ശ്രീരാമനോടൊപ്പം സീത പോകുന്നുണ്ട്. സീതയുടെ സഹോദരിയായ ഊർമ്മിളസ്സാകട്ടെ ലക്ഷ്മണനോടൊത്തു പോകാൻ അവസരം കിട്ടുന്നില്ല. നിശ്ശബ്ദമായി വിരഹദുഃഖം കടിച്ചമർത്തിക്കൊണ്ടു് കൊട്ടാരത്തിൽ ആരുമാരുമറിയാതെ ത്യാഗജീവിതം നയിക്കുകയാണു് ഊർമ്മിള.

തെല്ലും തദീയ ചരിതത്തെയുരച്ചിടാതെ
ചൊല്ലുള്ളോരാദികവി വിട്ട കളഞ്ഞതെന്തോ?
പുല്ലും ലതാ വിടപിയെന്നിവ വിസ്തരിച്ചു്
ചൊല്ലുന്ന മാമുനിയഹോ ബഹുപക്ഷപാതി.

എന്നവരെ പന്തളം തമ്പുരാൻ ഊർമ്മിളസ്സു കിട്ടിയ അവഗണനസ്സൂചിതരായി എഴുതിയിട്ടുണ്ട്. 'ഊർമ്മിളയെയാരുമാദരി'ക്കും എന്ന ആശ്വാസത്തോടെ പന്തളം തമ്പുരാൻ തന്റെ ഈ ലഘുകാവ്യം സമാപിപ്പിച്ചിരിക്കുന്നു.

ലക്ഷ്മണപ്രവാസം

ലക്ഷ്മണപ്രവാസം എന്ന കൃതിയിൽ എഴുപതു ശ്ലോകങ്ങളുണ്ട്. ലക്ഷ്മണൻ വനവാസത്തിനു പുറപ്പെടുന്ന സമയത്തു് തന്റെ പ്രിയപത്നിയോടു് യാത്രപറയുന്ന രംഗമാണു് പന്തളം തമ്പുരാൻ ഇതിൽ അവതരിപ്പിച്ചിട്ടുള്ളതു്. ആദികവി കല്യാണവേളയിൽ ഒരിക്കൽ മാത്രം വെളിയിൽ കാട്ടി പിന്നീടു വിസ്തരിച്ചതിനു് ഒരു പരിഹാരമെന്നപോലെയാണു് ഇതിന്റെ രചനസ്സു വട്ടംകൂട്ടിയതു്. ഭർത്താവൊന്നിച്ചു് കാട്ടിലേക്കു പോകുവാൻ ഊർമ്മിള ശാഠ്യം പിടിക്കുന്നില്ല. ശ്രീരാമന്റെ സേവനത്തിനായി തന്റെ ഭർത്താവു പോകുന്നതിൽ ആ സാധ്വി അഭിമാനം കൊള്ളുന്നതേയുള്ള. 'ഭവന്മനസ്സായായി, ജനനിയുടെ സപര്യചെയ്യകൊണ്ടിങ്ങനഘമഹാവ്രതമാന്ന വാണകൊള്ളാം' എന്നു് ഊർമ്മിള ഭർത്താവോടു് പറയുന്നുമുണ്ടു്. ഇത്രയും ധൈര്യത്തോടെ ഭർത്താവിനെ വനവാസത്തിനായി ആശ്വസിപ്പിച്ചു് യാത്രയാക്കുന്ന ഊർമ്മിള ഭാരതീയ പുരാണനാരിമാരുടെ പംക്തിയിലേക്കു് ഉയർന്നിരിക്കുകയാണു് എന്നു് ലക്ഷ്മണനുതന്നെ തോന്നിയിരിക്കണം.

ധൃതിമതി! ദമയന്തി, സീത, ശീലാ
വതി, സതി, രോഹിണി തൊട്ട സാധ്വിമാക്കും
മതിവിഭവമഹത്ത്വമില്ല ന്യനം
പതിവരദേവതയായ നിന്നൊടൊപ്പം.

സീതയുടേയും ദമയന്തിയുടേയും ശീലാവതിയുടേയും മറ്റും സദ്ഗുണങ്ങളും ഒന്നിച്ചു നേടിയിരിക്കുകയാണു് ഊർമ്മിള എന്നു പറഞ്ഞുകൊണ്ടാണു് ലക്ഷ്മണൻ പോകുന്നതു്.

വിഭീഷണാഭിഷേകം

പന്തളത്തുതമ്പുരാന്റെ 30 ശ്ലോകങ്ങളുള്ള ഒരു ലഘുകൃതിയാണു് വിഭീഷണാഭിഷേകം. വിഭീഷണൻ അവിവേകിയായ ജ്യേഷ്ഠനെ വിട്ടു് ധർമ്മപക്ഷത്തു ചേരാൻ ആഗ്രഹിച്ചു് ശ്രീരാമസവിധം എത്തിച്ചേർന്നു. വിഭീഷണൻ പറഞ്ഞതു വിശ്വസിക്കാൻ സുഗ്രീവനും മറ്റും തയ്യാറായിരുന്നില്ല. സ്വന്തം സഹോദരനോടു സ്നേഹവും കൂറുമില്ലാത്തവനു് ആരോടാണു് സ്നേഹവും കൂറുണ്ടാവുക എന്ന കാര്യം ചിന്തിക്കേണ്ടതാണെന്നു ചിലർ രാമനെ ഓർമ്മിപ്പിച്ചു. ദശമുഖാനുജബന്ധനത്തിനുവേണ്ടി തങ്ങളുടെ കൈകളും തരിക്കുകയാണെന്നവരെ അവർ കൂട്ടിച്ചേർത്തു. ലക്ഷ്മണനും വാനരപക്ഷം ചേർന്നു് വിഭീഷണനെ തടവുകാരനാക്കുകയാണു് ധർമ്മമെന്നഭിപ്രായപ്പെട്ടു.

അല്പകാലത്തേക്കുള്ള ജീവിതകാലവിജയത്തിനുവേണ്ടി അഭാർത്ഥികളെ വധിക്കുന്നതു് ധർമ്മമാണോ എന്നു് ശ്രീരാമൻ ലക്ഷ്മണനോടു് ചോദിച്ചു. 'ശരണത്തെയിരന്നു വന്നാകിലാരാകിലും മമ ശരിക്കഭിരക്ഷ്യനല്ലോ' എന്ന നിലപാടാണു് ശ്രീരാമൻ എടുത്തതു്. ബുദ്ധിക്കു് പാകത, വിവേകം, അവക്രമായ സമീപനം, വിനയം, നയചാതുരി എന്നീ ഗുണങ്ങൾക്കു് ഇരിപ്പിടമായ വിഭീഷണൻ ആത്മശുദ്ധിയുള്ളവനാണെന്നു ശ്രീരാമനു മനസ്സിലായി. അങ്ങനെയാണു വിഭീഷണനെ ഭാവിലങ്കാധിപതിയായി അഭിഷേകം ചെയ്യാൻ ശ്രീരാമൻ തീരുമാനിച്ചതു്.

മഹാകവി വള്ളത്തോളും നാരായണമേനോൻ വാല്മീകിരാമായണം വൃത്താനുവൃത്തമായി വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയതോടെ രാമായണകഥാപാത്രങ്ങളെ അധികരിച്ചു് നിരവധി ഖണ്ഡകൃതികളുണ്ടാവാൻ ഇടയായി. വള്ളത്തോളിന്റെ സുഹൃത്തായ നാലപ്പാട്ടു നാരായണമേനോൻ ഇന്ദ്രജിത്തിന്റെ പത്നിയായ സുലോചനയെക്കുറിച്ചു് എഴുതിയ ഖണ്ഡകാവ്യമാണു് സുലോചന. പന്തളത്തിനു് രാമായണകഥാപരങ്ങളായ ഊർമ്മി

ള, ലക്ഷ്മണപ്രവാസം തുടങ്ങിയ കാവ്യങ്ങളെഴുതാൻ പ്രചോദനം നല്കിയതു് നാലപ്പാടിന്റെ സുലോചനയാണു്. സുലോചനയെപ്പറ്റി പന്തളം കവന കൗമുദിയിൽ പ്രസിദ്ധീകരിച്ച അഭിപ്രായക്കുറിപ്പു് നമുക്കൊന്നു പരിശോധിക്കാം.

ആലോകസാമാന്യഗുണാതിശായിയാം
സുലോചനാവൃത്തമയേ! ഭവൽ കൃതം
വിലോചനം ചെയ്തിതു മുന്നമേ സുധാ
സുലോഭനീയാ സുകവേ! സുഖത്തിൽ ഞാൻ.

(കൂടുതൽ വിവരങ്ങൾക്കു് ഇരുപതാം അദ്ധ്യായത്തിലുള്ള സുലോചന എന്ന തലക്കെട്ടു നോക്കുക.)

11. പ്രതിമാനാടകം, ഹനുമന്നാടകം വിവർത്തനങ്ങൾ

പ്രതിമാനാടകം

അഭിഷേകനാടകം, ഉത്തരരാഘവം തുടങ്ങിയവ വള്ളത്തോളും വിവർത്തനം ചെയ്തപ്പോൾ വള്ളത്തോളിന്റെ ബന്ധുവും സുഹൃത്തുമായിരുന്ന കുറിപ്പുറത്തു കേശവൻനായരാണു് പ്രതിമാനാടകം തർജ്ജിമചെയ്തു് കൈരളി മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

ഒരു വശത്തു് സീത സന്തോഷത്തോടെ കേൾക്കുന്നു. ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്തു് അധികാരത്തിലിരുത്തി ദശരഥമഹാരാജാവു് വനത്തിലേക്കു് തപസ്സിനായി പോകുന്നുവെന്നു്. ഈ കാര്യം ദശരഥൻ രാമനെ അറിയിച്ചപ്പോൾ ഉടൻ കാല്മൽ വീണു നമസ്കരിക്കുകയാണുണ്ടായതു്.

ചൊരിഞ്ഞു കണ്ണീർ മുകളിൽ പിതാവും
താഴത്തു ഞാനും പരമപ്പൊഴപ്പും
എന്മൗലിയച്ഛൻ മുഴുവൻ നനച്ചി—
തച്ഛന്റെ തൃക്കാലുകളുണ്ടു ഞാനും

എന്നാണു സംഭവത്തെപ്പറ്റി പിന്നീടു് സീതയെ അറിയിച്ചതു്. അതിനിടയ്ക്കുണ്ടായ സംഭവങ്ങളേയും ഭാവഭേദം കൂടാതെ രാമൻ സീതയെ അറി

യിക്കുന്നുണ്ട്. മന്ഥരയുടെ തന്ത്രംകൊണ്ട് താൻ രാജാവല്ലാതായിത്തീർന്ന കഥ കേട്ടപ്പോഠം സീതയുടെ പ്രതികരണം എന്തായിരുന്നുവെന്നല്ലേ. 'എനിക്ക വളരെ സന്തോഷമായി മഹാരാജാവുതന്നെ മഹാരാജാവ്; ആര്യപുത്രൻതന്നെ ആര്യപുത്രൻ' ഇതു് ശ്രീരാമന്റെയും സീതയുടേയും സ്വഭാവവൈശിഷ്ട്യത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്.

കമ്മലൂരി ഉലഞ്ഞ കാതും വളയഴിച്ച വിളത്ത സീതയുടെ കൈയും കണ്ട് ശ്രീരാമൻ അത്ഭുതമുറ്റുന്നു. സീതയോട് അലങ്കാരങ്ങളണിയാൻ പറഞ്ഞു് ശ്രീരാമൻ കണ്ണാടി പിടിച്ചുകൊടുക്കുന്നു. അപ്പോഴാണു് മരവുരി പോലെ സീത എന്തോ ആവരണമണിഞ്ഞതായി രാമൻ കാണുന്നതു്. മൈഥിലി ആ മരവുരി നേരമ്പോക്കിനു് ഉടുത്തുനോക്കിയതായിരുന്നു. രാമനും ആ മരവുരി ഉടുക്കാനൊരു മോഹം. അതു് ഒരു അശുഭലക്ഷണമാണെന്നു് സീത അറിയിച്ചു. പെട്ടെന്നു് അവർ കേഴുകുന്ന മഹാരാജാവിനു് അസുഖമാണെന്നു്. സ്ത്രീവശ്യത്തിന്റെ ദുർബുദ്ധി കാരണമാണു് ശ്രീരാമന്റെ അഭിഷേകം മുടങ്ങാനിടയായതു്. അതുപോലെ ഒരു ദുർബുദ്ധി കാരണമാകാം മഹാരാജാവിനു് അസുഖമെന്നു് ഹരിക്കാരൻ അറിയിച്ചു.

ഈ സമയത്തു 'സ്ത്രീകളില്ലെന്നതാക്കിക്കൊണ്ടേ ഞാനടങ്ങൂ' എന്നു പറഞ്ഞു വരുന്ന ക്രുദ്ധനായ ലക്ഷ്മണന്റെ കോപമടക്കാൻ ശ്രീരാമൻ ശ്രമിക്കുകയാണു്. അനീതിയോടാണു് ലക്ഷ്മണനു് അമർഷം. രാജ്യം പോയതിൽ വിഷമം ഒട്ടുമില്ല. പതിന്നാലുകൊല്ലം തന്റെ ജ്യേഷ്ഠൻ വനത്തിൽ കഴിയേണമെന്നതു് അനീതിയല്ലേ?——വല്ലലം ധരിച്ചു് ലക്ഷ്മണനും സീതയും ശ്രീരാമനൊത്തു് വനവാസത്തിനിറങ്ങുകയാണെന്ന വാർത്ത നാട്ടിലെങ്ങും പരസ്യമായിക്കഴിഞ്ഞു. 'വല്ലാതശ്രുവൊഴിഞ്ഞു മങ്ങിയ മുഖം കൈക്കൊണ്ടിടും' പൗരന്മാരെയെല്ലാം സമാധാനിപ്പിച്ചു് ശ്രീരാമലക്ഷ്മണന്മാർ വനവാസത്തിനു പുറപ്പെട്ടു. ദശരഥന്റെ നില വളരെ ദയനീയമായിരുന്നു. സത്യലംഘനത്തിനുള്ള ഭയംകൊണ്ടു് രാമനെ തടഞ്ഞുനിർത്താൻ ദശരഥൻ ശക്തനായില്ല. ദുഃഖാഗ്നിയിൽ മനസ്സുരുകി അതുമിതും പുലമ്പിക്കൊണ്ടു് അദ്ദേഹം സമുദ്രഗൃഹത്തിൽ കിടക്കുകയാണു്. 'രാമൻ ഗമിച്ചോരു വഴിക്കുതന്നെ' നോക്കിക്കൊണ്ടു് വിലപിക്കുന്ന രാജാവിന്റെ ചിന്ത പിന്നീടു് ദിലീപൻ, രഘു, അജൻ തുടങ്ങിയ പൂർവികരെ കുറിച്ചായി. വിവരം മനസ്സിലാക്കി ഭരതൻ അയോദ്ധ്യയിലേക്കു പുറപ്പെടുന്നതിന്റെ സൂചന മൂന്നാമങ്കത്തിൽ കാണാം. സ്വജനങ്ങളെ കാണാനുള്ള തിടുക്കം ഭരതനു വർദ്ധിച്ചു വരികയാണു്. രാജധാനിയിലെത്താറായ ഉടൻ ഒരു ഭടൻ കാത്തിക ഒരു നാഴികകൂടി ഉണ്ടു്. രോഹിണി തുടങ്ങിയതിനുശേഷം അയോദ്ധ്യയിലേക്കു് പ്രവേശിച്ചാൽ മതിയെന്നു പറയുന്നു. ആ സമയം പ്രതിമകൊം പ്രതിഷ്ഠിച്ച പുണ്യസങ്കേതത്തിലേക്കു് കയറിച്ചെല്ലുന്നു. പ്രതിമാഗൃഹത്തിൽ ദശരഥന്റെ പ്രതിമ കണ്ടാണു് അദ്ദേഹത്തിന്റെ ചരമത്തെക്കുറിച്ചു ഭരതൻ മനസ്സിലാക്കിയതു്.

അച്ഛൻ അന്തരിച്ചു; ജ്യേഷ്ഠൻ വനവാസത്തിനു പോയി. എവിടെയും ശൂന്യതയാണു ഭരതനു അനുഭവപ്പെട്ടതു്. കൈകേയിയുടെ ചെയ്തിയോടു് ഇണങ്ങാൻ ഒരിക്കലും ഭരതനു് സാധിക്കുന്നില്ല. സ്നേഹംവെടിഞ്ഞു വല്ലതായൊരു ശീലദോഷം കൈക്കൊണ്ടിട്ടുണ്ടവു പുത്രപുത്രരാകും' എന്നുണ്ടല്ലോ. എന്തിനാണു് തന്റെ അമ്മയ്ക്കു് ദുർബുദ്ധി തോന്നിയതെന്നു ഭരതനു പിടികിട്ടുന്നില്ല. അഭിഷേകത്തിനൊന്നും ഭരതൻ കാത്തുനില്ലാതെ കൈകേയിയുടെ ചെയ്തികളെ ഉപാലംഭനം ചെയ്യുകയാണു്

ഒട്ടല്പാതുഴി മോഹിച്ചുരചനറുതി വ—
ന്നീടുവാൻ ഹേതുവാക്കി
കാട്ടിൽപ്പോവെന്നു ചൊല്ലിബ്ഭേതി തനയരിൽ
ജ്യേഷ്ഠനേയും വെടിഞ്ഞു
പൊട്ടിപ്പോയീല വൈദേഹിയെ മരവുരിയും
പൂണ്ടു കണ്ടിട്ടുമയ്യോ
കഷ്ടം! നിന്നുള്ള ധാതാവശനിസമമതി
ക്രൂരമായ്ച്ചമച്ചു.

അഭിഷേകം വേണ്ടെന്നുവച്ചു് അയോദ്ധ്യയുടെ ജീവനായ രാമനെ കൂട്ടിക്കൊണ്ടുവരാൻ ഭരതൻ പുറപ്പെടുന്നു. ഭരതൻ സുമന്ത്രരോടു പറയുന്നു: രാജ്യലുബ്ധയായ കൈകേയിയുടെ പുത്രൻ ഭരതൻ വന്നിരിക്കുന്നുവെന്നു രാമനെ അറിയിക്കുക——അന്യരെ എന്തിനു ദുഷിക്കണം. ഇക്ഷ്വാകുകുലത്തിനു കളങ്കമായ ഭരതൻ വന്നു എന്നറിയിച്ചാൽ മതി എന്നു വീണ്ടും തിരുത്തുന്നു. ഭരതന്റെ ശബ്ദം കേട്ടു് അച്ഛന്റെ ശബ്ദമാണോ എന്നു ശ്രീരാമൻ സംശയിക്കുന്നു. ലക്ഷ്മണൻ പുറത്തേക്കുനോക്കി ശ്രീരാമജ്യേഷ്ഠന്റെ തൽസ്വരൂപമായ ഒരാൾ വരുന്നതായി അറിയിക്കുന്നു. 'ഇത്തേജോനിധി ആരുവാൻ നൃപതിയോ, വൃത്രാരിയോ ശൗരിയോ' എന്നു ലക്ഷ്മണൻ ശങ്കിച്ചുകൊണ്ടിരിക്കുമ്പോഴേക്കും ഭരതാഗമനവൃത്താന്തം സുമന്ത്രർ അറിയിച്ചു. ശ്രീരാമൻ ഭരതനെ സ്വീകരിക്കാൻ സീതാദേവിയോടാജ്ഞാപിച്ചു. ഭരതൻ സീതാദേവിയെ ഭക്തിബഹുമാനാദരത്തോടെ അഭിവാദ്യം ചെയ്തശേഷമാണു് ജ്യേഷ്ഠനെ കാണുന്നതു്.[1]

---

1 പൗരാണികങ്ങളായ ഇതിവൃത്തങ്ങളും സ്വീകരിക്കുമ്പോഴും മനോധർമ്മവിലാസമുപയോഗിക്കുന്ന പല മാറ്റങ്ങളും ഭാസൻ വരുത്താറുണ്ടു്. പ്രതിമാനാടകത്തിൽ സീതാപഹരണത്തിനുമുമ്പുതന്നെ നാടകകൃത്തു് രാമനേയും രാവണനേയും കൂട്ടിമുട്ടിക്കുന്നുണ്ടു്. ഇതിൽ രാമൻ പൊന്മാനിന്റെ പിന്നാലെ പോകുന്നതു സീതയുടെ ശാഠ്യംകൊണ്ടല്ല. പിതൃകർമ്മത്തിനുള്ള ബലിമൃഗത്തിനുവേണ്ടിയാണു്. കൈകേയി ഭരതനെ ചക്രവർത്തിയാക്കണമെന്നു് ആവശ്യപ്പെടുന്നതു സ്വാഭാത്തെ മുൻനിറുത്തിയല്ല. രാവണന്റെ ദുർഭരണം അവസാനിപ്പിക്കുവാനുള്ള ദൂരവ്യാപകമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണു്.

അഭിഷേകനാടകം

രാമായണകഥാപരമായ ഭാസന്റെ മറ്റൊരു കൃതിയാണു് അഭിഷേകനാടകം. കൊ. വ. 1095—ൽ വള്ളത്തോളാണു് ഇതു ഭാഷയിലേക്കു് വിവർത്തനം ചെയ്തതു്. ബാലീനിഗ്രഹത്തിനുശേഷം ഹനുമാൻ ലങ്കയിൽച്ചെന്നു സീതയെക്കാണുന്നതും, വിഭീഷണൻ രാമനെ ശരണം പ്രാപിക്കുന്നതും, രാവണൻ പോക്കളത്തിൽ നിഹനിക്കപ്പെടുന്നതും, സീത അഗ്നിപരീക്ഷയ്ക്കു് വിധേയയാകുന്നതും എല്ലാം ഇതിലെ പ്രമേയമാണു്.

പ്രേമത്താൽത്തളിർനുള്ളുകില്ലണിയുവാൻ
കാംക്ഷിക്കിലും ദേവിയാം
ശ്രീമണ്ഡോദരിയേതി, ലേതിൽ മലയ—
ക്കാറ്റും ചലിക്കാ ഭയാൽ;
ആരും ചെന്നു തൊടാത്ത തൈകളിടചേ—
ന്നൊന്നാകുമാദ്ദേവർകോൻ
വൈരിക്കൊക്കുമശോകവാടിയിതുട—
ച്ചാനെന്നുണത്തിക്ക നീ.

ഈ ശ്ലോകത്തിനു ശാകുന്തളശ്ലോകത്തോടു സാമ്യമുണ്ടെന്നു പറഞ്ഞുകൂടാ.

വരാതിരിക്കട്ടെ ദുരാധിഗോക്കൾ—
ക്ക, രാതിചക്രം ലയമേറ്റിടട്ടെ!
ചിരാൽബ്ഭരിക്കട്ടെ സമസ്തമാമി—
ദ്ധരാതലം നമ്മുടെ രാജസിംഹൻ!

എന്ന ഭരതവാക്യത്തോടുകൂടി നാടകം അവസാനിക്കുന്നു.[1]

ഹനുമന്നാടകം[2]

ശക്തിഭദ്രന്റെ ഹനുമന്നാടകം എന്ന മഹാനാടകം മലയാളത്തിലേക്കു വിവർത്തനം ചെയ്യാൻ ആദ്യം പരിശ്രമിച്ചതു് കുട്ടമത്തു് കുന്നിയൂരു് ചെറിയ

---

1 സുഗ്രീവന്റേയും ശ്രീരാമന്റേയും അഭിഷേകവർണ്ണനയെ ആസ്പദിച്ചാകാം നാടകത്തിനു നാമകരണം ചെയ്തിട്ടുള്ളതു്. പ്രതിമാനാടകത്തിലേപ്പോലെ ഇതിലും കഥാഗതിയിൽ രസോചിതമായി പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടു്. വായനക്കാരുടെ അനുകമ്പ ആർജിക്കത്തക്കവിധം ഭാസൻ ഇതിൽ ബാലിയെ സംസ്കരിച്ചു് അവതരിപ്പിച്ചിട്ടുണ്ടു്.

2 ഹനുമന്നാടകം അഥവാ മഹാനാടകത്തിന്റെ കർത്താവു് ഐതിഹ്യമനുസരിച്ചു് ഹനുമാനാണു്. ചിലർ ഹനുമാൻകവിയെ ഭോജരാജാവിന്റെ സമകാലീനനായി പരിഗണിക്കുന്നു. ഈ നാടകത്തിനു പല പാഠാന്തരങ്ങളുള്ളതിൽ വംഗദേശപാഠം മധുസൂദനന്റേയും പശ്ചിമപാഠം ദാമോദരമിശ്രന്റേയുമാണു്. ഏതായാലും ഇതു് ആശ്ചര്യചൂഡാമണീകർത്താവായ ശക്തിഭദ്രകൃതമാണെന്ന അഭിപ്രായത്തോടു് പലരും യോജിക്കുന്നില്ല. കൊച്ചി രാജാക്കന്മാർ കിരീടധാരണത്തിനു മുമ്പു് ഹനുമന്നാടകം പൂണ്ണരൂപത്തിൽ കൂടിയാട്ട രീതിയിൽ അവതരിപ്പിക്കാറുണ്ടു്.

രാമക്കുറുപ്പ് അവർകളും (1022–1081) ആകുന്നു. ഈ വിവർത്തനം അദ്ദേഹത്തിന്റെ കാലശേഷം കേരളകോകിലമെന്ന മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. നാടകം പൂർണ്ണരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയോ എന്നറിയില്ല.

പ്രളയകാലത്തു് കൊടുങ്കാറ്റടിച്ചു് കത്തിക്കാളുന്ന കല്പാന്താഗ്നിയെപ്പോലെ ഭൈരവസ്വാമിയുടെ വില്ലൊടിയുന്ന കോലാഹലം കണ്ടു് അമർഷം വർധിച്ചു് പരശുരാമൻ കത്തിജ്വലിക്കുന്ന രോഷാഗ്നിയായിരിക്കുന്നു എന്നു ലക്ഷ്മണൻ രാമനെ അറിയിച്ചു. വീണ്ടും ലക്ഷ്മണൻ പറയുന്നു.

പൂണൂൽ പിതൃവഴിക്കുമൂറനാം
വില്ലു മാതൃവഴിയും ധരിച്ചവൻ
ചന്ദനത്തിനൊട്ട പാമ്പുപോലെയ–
ച്ചന്ദ്രനോട്ട തപനൻകണക്കെയും*

....

അസ്ത്രംകൊണ്ടു തഴമ്പുവീണ കഠിനോ–
രസ്സിൽശ്ശരം തേച്ചു കൊ–
ണ്ടെത്തുന്നജ്ജമദഗ്നിപുത്രനുച–
ക്കാട്ടാനവേട്ടപ്രിയൻ

ലക്ഷ്മണന്റെ ഈ പരശുരാമവർണ്ണനയിൽ മൂലകൃതിയിലെ ഭാവം ശരിക്കു വന്നിട്ടുണ്ടു്. ശ്രീരാമനെ കണ്ടു് കോപത്തോടെ പരശുരാമൻ ചോദിച്ചു: 'ആരെടാ വില്ലൊടിച്ചു് കുപിതനായ കാലന്റെ വായിൽ അകപ്പെടാൻ കൊതിക്കുന്നതു്?' ശ്രീരാമന്റെ മറുപടി പരശുരാമനെ കൂടുതൽ ക്രുദ്ധനാക്കി.

വർധിച്ചുവിരിക്കുന്ന ഫൂ ഫൂ എന്നുള്ള ശബ്ദംകൊണ്ടു് വികസിച്ചുവിരിക്കുന്ന നാസികാദ്വാരങ്ങളിൽക്കൂടി പുറപ്പെടുന്ന, വലിയ അഹങ്കാരമാകുന്ന അഗ്നിയിൽനിന്നും പൊങ്ങുന്ന കാളകൂടമയമായ പുകകൊണ്ടു് ദിക്ചക്രവാളത്തെ മറച്ചുവിരിക്കുന്ന പരശുരാമൻ പറഞ്ഞു: 'എടാ എടാ, സ്വകുലമാകുന്ന താമരപ്പൊയ്കയിൽ ഹിമവഷ്ം ചെയ്യുന്ന ദാശരഥി, അകാലത്തുള്ള അഹങ്കാരം നിമിത്തം സമർത്ഥമായിരിക്കുന്ന ബാഹുദണ്ഡംകൊണ്ടു് വില്ലൊടിച്ച

---

* ഈ ശ്ലോകം രഘുവംശത്തിന്റെ ഏതാണ്ടു് പകർപ്പുതന്നെയാണു്. കുണ്ടൂരിന്റെ വിവർത്തനം നോക്കുക.

ജനകന്റെ പങ്കിനൊരു പൂണൂലുമാ–
ജ്ജനനിക്കു ചേന്ന പടവില്ലുമാന്വവൻ
ദിനനാഥനിന്ദുവൊട്ട ചേന്നപോലെ ച–
ന്ദനദാരു പാമ്പിനൊട്ട ചേന്നപോലെയും XI 64

വിക്രമഡംഭത്താൽ നീ മൂന്നുലോകവും പൂരിപ്പിക്കുന്നുവോ? എന്നാൽ നീ ഭൂമണ്ഡലത്തിലുള്ള സകല രാജാക്കന്മാരുടേയും 'കൂ ലയ'ശ്രീയെ അപഹരിച്ചിരിക്കുന്ന വികത്തനനായ നമ്മെ അറിയുന്നില്ല. ഇല്ലെന്നു് കാർത്തവീര്യനോടും ഇങ്ങനെതന്നെ പറഞ്ഞിരുന്നതാണു്. 'കർത്തവീര്യാർജ്ജുനൻതൻ കൈയാം കാടൊക്കെ വെട്ടി പ്രളയസമയമീ ക്ഷത്രിയന്മാക്കു ചേർത്ത' എന്നെ നീ വിസ്മരിച്ചോ. ഇതിനുള്ള ശ്രീരാമന്റെ മറുപടികൂടി എടുത്തു കാട്ടാം.

ഭവാന്റെ കുലവില്ലതൻ മഹിമ ഞാനറിഞ്ഞില്ലഹോ
ഭവാനുടെ വലിപ്പവും, ഭുജബലങ്ങളും കേവലം
ക്ഷമിച്ചരുളിടേണമേ പരശുരാമ! മൽത്തെററിനെ
പിഴച്ച ശിശു ചെയ്വതും ഗുരുജനത്തിനാനന്ദമേ

അത്രയുമല്ല.

കഴത്തിതാ രാമ! നിന്റെ
മഴവാൽ ചെയ്ത വേണ്ടപോൽ
രഘുക്കൾക്കില്ല ശൂരത്വം
പശുബ്രാഹ്മണഹിംസയിൽ

ഭാർഗ്ഗവരാമനും ശ്രീരാമനും തമ്മിലുള്ള സംഭാഷണം വളരെ നീണ്ടുപോകുന്നുണ്ടു്. കോപാകുലനായ ഭൂഗുരാമൻ തന്റെ വൈഷ്ണവചാപം കുലയ്ക്കുവാൻ രാമനോടു് ആവശ്യപ്പെട്ടു.

കളിച്ചു രാമൻ ചില കയ്യിലേന്തി
വലിച്ചുഞാണമ്പു തൊടുത്തനേരം
ജ്വലിച്ചുസാക്ഷാന്മലരമ്പനായി—
ട്ടടച്ചിതേ സ്വർഗ്ഗതി ഭാർഗ്ഗവന്റെ

പരശുരാമന്റെ അഹന്തയെല്ലാം കെട്ടടങ്ങി ശ്രീരാമനെ വണങ്ങുന്നു.

ഉന്മത്തരാഘവം

ഉന്മത്തരാഘവം പ്രേക്ഷണകം (ഒരുതരം നാടകം) പരിഭാഷപ്പെടുത്തിയതു വള്ളത്തോളാണു'. ഭാസ്സുരകവിയുടെ സരളലളിതമായ കവിതാരീതി മഹാകവിക്കു് ഇഷ്ടപ്പെട്ടു. പ്രേക്ഷണകം മലയാളത്തിൽ ദുർല്ലഭമാകയാൽ ഭാഷയിൽ ഇതൊരു പുതുമയായി തീരുമല്ലോ എന്ന വിചാരവും തർജ്ജിമയ്ക്കു പ്രചോദനമായിത്തീർന്നു. മൂന്നോ നാലോ ദിവസം കൊണ്ടാണു് വള്ളത്തോളം തർജ്ജിമ അവസാനിപ്പിച്ചതു്. പദ്യങ്ങളെല്ലാം വൃത്താനുവൃത്തമാ

ണ്ട് പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. ഭാഷയുടെ സരളത കാണിക്കാൻ വസന്തവർണ്ണനയിലെ ഒരു ശ്ലോകം ഉദ്ധരിക്കാം.

മാവിൻകൂട്ടം മലയജമരു—
ത്തേറു ചാഞ്ചാടിടുന്നു
കാർവണ്ടാഴന്നിതു പുനരിതിൻ
പൂങ്കുലത്തേങ്കുഴമ്പിൽ
പൂവിൻ മൊട്ടിട്ടവിരളമശോക—
ങ്ങളം നില്ക്കുന്ന പാടാൻ
ഭാവിയ്ക്കുന്ന മദലഹരിയാൽ
പഞ്ചമം പെൺപികങ്ങളം.

കൊച്ചുസീത

വള്ളത്തോളിന്റെ ഖണ്ഡകാവ്യമായ കൊച്ചുസീത രാമകഥയുമായി ബന്ധപ്പെട്ടതാണ് എന്ന മാത്രമേ പറയുവാനുള്ള. നായികയായ ചെമ്പക വല്ലി രാമായണം വായിച്ച് സീതയെപ്പോലെയായിത്തീരാൻ ആഗ്രഹിച്ചതുകൊണ്ടവളെ കൊച്ചുസീത എന്നു വിളിച്ചു. രാമായണപാരായണം ചെയ്യുന്ന ബാലികയുടെ നിനവുകളും കിനാവുകളും ഒന്നാം ഖണ്ഡത്തിൽ വിവരിക്കുന്നു. അതിനെ ശിഥിലമാക്കുന്ന മുത്തശ്ശിയുടെ ഉപദേശങ്ങളും അവസാനം നേരിടേണ്ടി വരുന്ന എതിർപ്പുകളുമാണ് രണ്ടാം ഖണ്ഡത്തിലെ പ്രതിപാദ്യം. ഒളിച്ചോടിപ്പോയ അവസാനം ആത്മഹത്യചെയ്യാൻ തീരുമാനിച്ചുകൊണ്ടെഴുതിയ കത്താണ് മൂന്നാം ഖണ്ഡത്തിൽ. രാമായണത്തോടുള്ള മഹാകവിയുടെ ഭക്തി പല കൃതികളിലും തെളിഞ്ഞു കാണുന്നുണ്ട്. ഇതു സൂചിപ്പിക്കുവാൻ വേണ്ടി മാത്രമാണ് കൊച്ചുസീത എന്ന കൃതി ഇവിടെ പരാമർശിച്ചിട്ടുള്ളതു്.

12. ഉത്തരരാമചരിതം നാടകത്തിലൂടെ

ഏ. ഡി. 7—ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഭവഭൂതിയുടെ മൂന്നു നാടകങ്ങളാണല്ലോ മാലതീമാധവം, ഉത്തരരാമചരിതം, മഹാവീരചരിതം. ഇവയിൽ കവിയുടെ സങ്കല്പസൃഷ്ടിയായ മാലതീമാധവത്തെ മാറ്റിയാൽ മറ്റു രണ്ടും രാമായണകഥയെ അവലംബിച്ചുള്ളവയാണ്. നാടകത്രയത്തിൽ മുഖ്യം ഉത്തരരാമചരിതമാണ്. സരസകവിചക്രവർത്തിയായ ചാക്യാരുടെ വിവർത്തനം പ്രസിദ്ധമാണ്.

രാമായണം ഉത്തരകാണ്ഡമാണ് ഉത്തരരാമചരിതത്തിലെ പ്രതിപാദ്യമെങ്കിലും നാടകോചിതമായ പരിവർത്തനങ്ങളും പലതും ഇതിൽ വരുത്തിയിട്ടുണ്ട്. രാവണവധം കഴിഞ്ഞ ശ്രീരാമൻ അയോദ്ധ്യയിൽ തിരിച്ചെത്തിയ ഘട്ടത്തിൽ പട്ടമഹിഷിയായ സീതയുടെ ലങ്കാവാസത്തെപ്പറ്റി പ്രജകളുടെ ഇടയിലുണ്ടായ അപവാദത്തെ മുൻനിറുത്തി പ്രജാവത്സലനായ രാമൻ പൂർണ്ണഗർഭിണിയായ സീതയെ കൊടുങ്കാട്ടിൽ ഉപേക്ഷിക്കുന്നു. ദേവി ദുഃഖം നിമിത്തം ദേഹം പരിത്യജിക്കാൻ ഗംഗയിൽ ചാടുകയും അവിടെ വച്ച് രണ്ട് ബാലന്മാരെ പ്രസവിക്കുകയും ചെയ്യുന്നു. ഗംഗാദേവിയാകട്ടെ ഈ രഘുകുലസന്താനങ്ങളെ എടുത്തു വാല്മീകിയുടെ പക്കൽ ഏല്പിക്കുന്നു. ആ മഹർഷിസത്തമൻ അവർക്ക് ക്ഷത്രിയോചിതമായ സംസ്കാരങ്ങളും നല്ലവിദ്യാഭ്യാസം ചെയ്യിച്ചു വളർത്തുന്നു. ഇങ്ങനെ ഒരു വ്യാഴവട്ടം കഴിഞ്ഞപ്പോൾ ശ്രീരാമൻ ഒരു അശ്വമേധം ആരംഭിച്ചു. ദിഗ്ജയത്തിനായി സൈനികസമേതം കുതിരയെ വിടുന്നു. ഇതിനിടയിൽ ശംഭുകൻ എന്ന ശൂദ്രൻ വർണ്ണധർമ്മത്തെ വെടിഞ്ഞു തപസ്സുചെയ്തതിനാൽ അയോദ്ധ്യയിൽ ഒരു ബാലമരണം സംഭവിക്കുന്നു. ഈ ആചാരദോഷിയെ അന്വേഷിച്ച് മഹാരാജാവ് ഖഡ്ഗപാണിയായി പുറപ്പെടുന്നു. ദണ്ഡകസമീപത്തു വച്ച് രാമൻ ശംഭുകനെ വധിച്ച ശേഷം പൂർവ്വപരിചയരസത്താൽ ദണ്ഡകം, പഞ്ചവടി മുതലായ വനങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. ആ കാഴ്ചകൾ സീതയുമായുള്ള സൈരവാസത്തിന്റെ സ്മരണകൾ ഉയർത്തുന്നു. ശോകസംമൂർച്ഛിതനായ രാമൻ സീതയുടെ കരസ്പർശത്താലും വനദേവതമാരുടെ ശീതോപചാരങ്ങളാലും സമാശ്വാസിതനായി അയോധ്യയിലേക്കു മടങ്ങുന്നു. മാർഗ്ഗമദ്ധ്യേ വാല്മീകിയുടെ ആശ്രമത്തിൽ എത്തുന്നു. ഋശ്യശൃംഗന്റെ യാഗം നിവർത്തിച്ചശേഷം രാജമാതാക്കളും, വാല്മീകിദർശനം ആഗ്രഹിച്ച് ജനകമഹാരാജാവും അവിടെ എത്തിച്ചേർന്നിരുന്നു. ഈ സമയത്താണ് ആശ്രമസമീപമെത്തിയ യജ്ഞാശ്വത്തെ ലവൻ ബന്ധിച്ചത്. ഏറ്റവുമുട്ടലിൽ അശ്വപാലകനായ ലക്ഷ്മണപുത്രൻ ചന്ദ്രകേതുവിനെ ലവൻ തോല്പിച്ചു. ലവകുശന്മാരെ കണ്ട ശ്രീരാമനും കൗസല്യയും അവർ സീതയുടെ പുത്രന്മാരാണെന്ന സംശയം ജനിച്ചു. വാല്മീകി ഒരു അന്തർനാടകപ്രയോഗത്താൽ സംഗതികളെല്ലാം ശ്രീരാമാദികളെ ധരിപ്പിച്ചു. ഭാര്യാപുത്രമാതൃജനസമേതം രാമൻ അയോധ്യയിലേക്കു പോയി.

നായകനായ രാമൻ ഗംഭീരനും പ്രജാരാധകനും ധർമ്മനിഷ്ഠനും ദൃഢപ്രതിജ്ഞനും ആയ ഒരു രാജാവാണ്. രാമന്റെ അലോകസാമാന്യമായ ഗുണപ്രകർഷമാണ് രാമായണകഥയെ ലോകപ്രശസ്തമാക്കിയത്. രാവണവധം തുടങ്ങിയ അമാനുഷകൃത്യങ്ങളും ചെയ്തുവെങ്കിലും രാമനെ അനന്യസാധാരണനായാണ് കാണപ്പെടുന്നത്. 'രാമമഹാരാജാവ് ഞങ്ങളെ ദശരഥവിസ്മരണത്തിന്റെ സ്ഥിതിയിലാക്കി' എന്നു ജനങ്ങളും അറിയിച്ചപ്പോൾ 'ഇതൊരു അതിസ്തുതിയാണ്, എനിക്കുള്ള ദോഷത്തെ പറയൂ, എങ്കിലല്ലേ പ്രതിവിധിക്കു തരമാകൂ' എന്നുപറഞ്ഞ രാമരാജന്റെ വിനയാതിരേകം എങ്ങനെ വിസ്മരിക്കാനാണ്? ചിത്രദർശനവേളയിൽ പരശുരാമന്റെ പരാജയത്തെ ചൂണ്ടിക്കാട്ടിയപ്പോൾ സ്വപരാക്രമസ്ഥാപനയിൽ വിമുഖത കാണിക്കാനായി 'വത്സാ' ഇനിയും വളരെ കാണാനുണ്ട് അങ്ങോട്ടു കാണിക്കൂ' എന്നു ഒഴിയുന്നതേയുള്ളൂ.

ജനാപവാദം മൻനിറുത്തി പതിപ്രതാരത്നത്തെ ഉപേക്ഷിക്കരുതു് എന്നു് രാമനോടു് അപേക്ഷിക്കുന്നതു ദുർമ്മുഖനാണു്. അഗ്നിപ്രവേശം ചെയ്തു് പരിശുദ്ധി തെളിയിച്ച സംഗതി ജനങ്ങൾ എങ്ങനെ അറിയും എന്നാണു് രാമൻ അഭിപ്രായപ്പെട്ടതു്. സീതാപരിത്യാഗം തന്നെയാണു് അനുഷ്ഠേയകർമ്മമെന്നു് ശ്രീരാമൻ നിശ്ചയിച്ചു.

യാഗാനുഷ്ഠാനത്തിനു് സീതയുടെ അസാന്നിദ്ധ്യത്തിൽ മന്ത്രപൂതമായ സീതാപ്രതിമ മതിയാകുമെന്നു് അദ്ദേഹം വിധിച്ചു.

പരം നിനക്കുറങ്ങുവാൻ മൃദൂപധാനമോക്ക മ—
റൊരംബുജാക്ഷിയെത്തൊടാത്ത രാമബാഹുവല്ലയോ?

മുറപോലെ വിവാഹം ചെയ്ത പത്നിയെ സ്നേഹിക്ക എന്നതാണു് തന്റെ പ്രമാണമെന്നു് രാമൻ സീതയോടു പറയുന്ന ഈ വരികളിൽനിന്നു വെളിവാകുന്നു. 'ഭിന്നിക്കാതുള്ള പതീപ്രണയമധികപുണ്യത്തിനാലേ ലഭിക്കു' എന്നിങ്ങനെ ദാമ്പത്യപ്രണയത്തിന്റെ പവിത്രതയെ രാമൻ പ്രകീർത്തിക്കുന്നുമുണ്ടു്.

അനുകരണീയമായ സ്വഭാവവൈശിഷ്ട്യമാണു് സീതയിലും കാണുന്നതു്. ഇത്തരുണത്തിൽ ചിത്രശാലയിൽ ഉള്ളൂർ പാടിയതു് ഓർത്തുപോകുകയാണു്.

തൻപ്രിയൻ പോ മടവിതാൻതന്നയോദ്ധ്യാ രാജധാനി
തൻപ്രിയൻ തൻ പുൽക്കുടിൽ താൻ തൻ മണിസൗധം
എന്നു തേറിയിടംവലമേതുമൊന്നു തിരിയാതെ
തന്നുടയ സതീവ്രതം ചരിപ്പതിന്നായു്
പരുപരുത്തിരിപ്പോരു മരവുരിയരുവയർ
തിരുവര മറയുമാറെടുത്തു ചാർത്തി
കായസാദം കലരാതെ കാനനത്തിൽ പിൻതുടർന്നാശു
ഛായപോലെ ദയിതനെച്ചാരിത്രുധാമം

*കെ. ആർ കൃഷ്ണപിള്ള പറഞ്ഞതുപോലെ 'പുണ്യവതിയായ സീതാദേവി ഇപ്പോഴും ഹിന്ദുസാഹിത്യസാമ്രാജ്യത്തിൽ ഭാര്യാധർമ്മത്തിന്റെ പരമാദർശമായി ശോഭിക്കുന്നതിൽ എന്താണു് ആശ്ചര്യം?'

ശാകുന്തളത്തിലെന്നപോലെ ഉത്തരരാമചരിതത്തിലും നായകൻ ആസന്നപ്രസവയായ നായികയെ പരിത്യജിക്കുന്നുണ്ടു്. രണ്ടു നാടകങ്ങളിലും പിതാവു് അവിചാരിതമായിട്ടാണു് സന്താനങ്ങളെ കണ്ടുമുട്ടുന്നതു്.

ഭവഭൂതിയുടെ വർണ്ണനയിൽ കാട്ടാനകളും വനവൃക്ഷങ്ങളും ഗോദാവരീപ്രവാഹവും അതിന്റെ ഓരത്തു കളിക്കുന്ന കൊച്ചു കുളക്കോഴികളും കുളക്കോഴിയുടെ ചിറകിൽ കഴിയുന്ന കീടങ്ങളും നിർബ്ബാധം കടന്നുവരുന്നുണ്ടു്.

---

* കൈരളിമാസിക പു: 2 ല:5 1092 ഇടവം ലക്കം

ചൂടേറെറാട്ടൊട്ട ഞെട്ടററലർനിരയെ, മദി—
ച്ചാന ഗണ്ഡങ്ങം തേച്ചി—
ട്ടാടമ്പോളാശ്ര ഗോദാവരിയിലിഹ പൊഴി—
ക്കുന്ന തീരദ്രമങ്ങം
കൂടേറി പ്രാവു പൂങ്കോഴികം കരയുമിവ—
ററിൻെറ തോലിൽ ചരിക്കും
കീടത്തെച്ചെന്ന കൊത്തുന്നിതു നിഴലിലിരു—
ന്നുഴി മാന്തും ഖഗങ്ങം.

കീടങ്ങളെ ആരാഞ്ഞു ചില പറവകം മണ്ണ് ചിനക്കി നോക്കുകയാണ്. അപ്പോഴേക്കും ആൺപക്ഷിയുടെ ചിറകിനകത്തു് നീങ്ങുന്ന കീടത്തെ കണ്ണിൽപ്പെടുന്നതും ഉടനെ ചാടി പറിച്ചെടുക്കുന്നതും.

വനവർണ്ണനയിൽ ഭവഭൂതി ഒട്ടും പിൻനിലയിലല്ല.

പൊന്തുന്നു പൊത്തിൻ വാഴും കരടികം മദമാ—
ന്നേററമാസ്യാംബുലേശം
ചിന്തുംവണ്ണം മുഴക്കും ധ്വനിയെതിർനിനദം
കൊണ്ടുദീഘ്രിച്ചു മേന്മേൽ
ഈന്തക്കൊമ്പാന പൊട്ടിച്ചിഹ വിതറിയതിൻ
പാലൊലിച്ചുൽഭവിക്കും
ഗന്ധം വ്യാപിച്ചിടുന്നുണ്ടതി സുരഭിലമായ്
ശീതമായ് രൂക്ഷമായും.

അലങ്കാരപ്രയോഗത്തിലും കവി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു ജളനും
പ്രാജ്ഞനും വിദ്യയെത്താ—
നില്പാതാക്കില്ലൊവന്നും ഗ്രഹണപടുതയെ—
ത്താൻ കൊടുക്കാറുമില്ല.
തെല്ലും മൺകട്ടബിംബത്തിനെ വിമലമണി
ക്കൊപ്പമായുംഗ്രഹിക്കു—
ന്നില്ലെന്നോണം ഫലം കൊണ്ടവരിരുവരുമാ—
യേറവും ഭേദമുണ്ടാം.

കരകം കവിയുമാറായ് വെള്ളമേന്തും കുളത്തി—
ന്നൊരു വഴി പരിരക്ഷിപ്പോവു വയ്ക്കുന്നതല്പോ
തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെ
കരയുകിലതുതന്നെ തെല്പൊരാശ്വാസഹേതു.

ബിംബപ്രതിബിംബങ്ങളുടെ ഹൃദ്യത അനുഭവൈകവേദ്യമാണ്.

ഉത്തരരാമചരിതത്തിലെ ചിത്രപ്രദർശനരംഗം പ്രശംസാർഹമാണ്. പരശുരാമന്റെ ചിത്രം, നവവധുക്കളും അയോദ്ധ്യയിൽ സുഖജീവിതം നയിക്കുന്ന ചിത്രം, മതംഗാശ്രമം, ശബരി, പമ്പാസരസ്സ്. പഞ്ചവടിയിലെ കാഴ്ചകളും തുടങ്ങിയവയൊന്നും ചിത്രകാരൻ വിട്ടിട്ടില്ല. സീതയുടെ അഗ്നിപരിശുദ്ധിവരെയുള്ള ചരിത്രം ആലേഖ്യകാരൻ വീഥികയിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ട്.

കരുണരസപ്രധാനമായിട്ടാണ് ഉത്തരരാമചരിതം ഭവഭൂതി നിബന്ധിച്ചിട്ടുള്ളതു്.

കരുണമൊരു രസം താൻ കാരണത്തിന്റെ ഭേദാൽ
തരമതു പലതായിത്തെററിനില്ക്കുന്നതത്രേ
നര ചുഴി തിര തൊട്ടിട്ടുള്ള ഭേദങ്ങളെല്ലാം
പരമൊരു സലിലത്തിന്റേതതെല്ലാം ജലം താൻ.

തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ-
ത്തെല്ലൊതുക്കുന്നതിന്നാ—
യുള്ളത്തിൽത്തൽക്ഷണം ഞാൻ പലവിധമിഹ ചെ-
യ്യുന്ന യത്നത്തെയെല്ലാം
വെള്ളത്തിൽ വേഗമേറും ഗതി മണലണയെ—
ത്തട്ടി നീക്കുന്നപോലേ
തള്ളിത്തള്ളിപ്പരത്തുന്നിതു ബത വലുതാ-
യുള്ള ചേതോവികാരം!

വിവർത്തനമെന്നു തോന്നിക്കാത്ത വിധത്തിലുള്ള ഇത്തരം സരസപദ്യങ്ങളും ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതത്തിൽ എത്രയെങ്കിലും കാണുന്നുണ്ട്. ഈ കവി സ്വതന്ത്രമായിട്ട് യാതൊന്നും രചിച്ചിട്ടില്ലല്ലോ എന്നൊരു മനസ്താപത്തിനു് മലയാളികൾക്കു് ധാരാളം വകയുണ്ട്. പൂർവകവികളോടുള്ള ബഹുമാനാതിരേകത്താലാണ് താനതിലേക്കു് ശ്രമിക്കാതിരുന്നതെന്നു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്.

മലയാളത്തിൽ ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം വിവർത്തനമാണ് ആദ്യത്തെ വൃത്താനുവൃത്തപരിഭാഷ. എന്നാൽ അതിനുമുമ്പുതന്നെ നിലമ്പൂർ മാനവേദന്റെ ഒരു ഗദ്യവിവർത്തനം വിദ്യാവിലാസിനി മാസികവഴി പ്രസിദ്ധീകൃതമായിട്ടുണ്ട്.

ഉത്തരരാമചരിതം സാഹിത്യചരിത്രത്തിൽ പ്രസിദ്ധമാകാൻ മറെറാരു കാരണംകൂടിയുണ്ടായിരുന്നു. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ തുശ്ശ

രിൽ അഭിഷേകനായി പ്രവർത്തിക്കുമ്പോഴാണു് സി. പി. അച്യുതമേനോൻ വിദ്യാവിനോദിനി ആരംഭിച്ചതു്. ഇരുപേരും സുഹൃത്തുക്കളായിരുന്നു. മന്നാടിയാരുടെ ജാനകീപരിണയവിവർത്തനം പൂർത്തിയായി; ഉത്തരരാമചരിതം ആരംഭിച്ചിരിക്കുന്ന സന്ദർഭമായിരുന്നു അതു്. നാടകാഭിനയത്തിൽ വലിയ താല്പര്യമുണ്ടായിരുന്ന അവരിരുവരും ചേർന്നു് തൃശ്ശൂരിൽ വിനോദചിന്താമണിയെന്നൊരു നാടകയോഗം സംഘടിപ്പിച്ചു. അവർക്കു് അഭിനയിക്കാനായി ഉത്തരരാമചരിതം തർജ്ജിമചെയ്തിടത്തോളം ഭാഗം മന്നാടിയാർ അച്യുതമേനവനെ ഏല്പിച്ചു. ബാക്കി ഭാഗം എഴുതി കൊടുക്കാമെന്നുമായിരുന്നു നിശ്ചയം.

തൃശ്ശൂരിലുണ്ടായിരുന്ന കൊച്ചി വീരകേരളവർമ്മ (കൊച്ചുണ്ണി)ത്തമ്പുരാൻ ഉത്തരരാമചരിതം അഭിനയിച്ചു കാണണമെന്നു് മന്നാടിയാരെ വിളിച്ചു് ആജ്ഞാപിക്കുകയുണ്ടായി. സി. പി. യുമായിച്ചേർന്നു് വിനോദചിന്താമണി വഴി അതു് അവതരിപ്പിക്കാമെന്നു മന്നാടിയാർ പറഞ്ഞപ്പോഴും, മന്നാടിയാർക്കുതന്നെ അതു് അഭിനയിപ്പിച്ചുകൂടേ എന്നായിരുന്നു തമ്പുരാന്റെ പ്രതികരണം. ആവാമെന്നു് മന്നാടിയാർ വാക്കുകൊടുക്കുകയും രസികരഞ്ജിനി എന്നൊരു പുതിയ കമ്പനി രൂപവൽക്കരിക്കുകയും ചെയ്തു. സി. പി. ക്കു വാശി കേറി. ഉത്തരരാമചരിതത്തിന്റെ ഉത്തരഭാഗം മറ്റു വല്ലവരേയുംകൊണ്ടു് വിവർത്തനം ചെയ്യിക്കാമെന്നു് ഒപ്പാനിട്ടു. ഇ. പി. എടമന കൃഷ്ണൻ എമ്പ്രാന്തിരി, കൊച്ചുണ്ണിത്തമ്പുരാൻ, നടുവം മഹൻ, കുനേഴത്തു് പരമേശ്വരമേനോൻ, നടുവത്തു് അച്ഛൻ, ഒറവങ്കര രാജൻ, കാത്തുള്ളി അച്യുതമേനോൻ, കണ്ണൂർ എന്നിങ്ങനെ പലർചേർന്നു് തർജ്ജിമപൂർത്തിയാക്കി. വീരകേരളവർമ്മത്തമ്പുരാൻ പുതിയ നാടകവിവർത്തനം പിടിച്ചുവാങ്ങി പെട്ടിക്കകത്തുവച്ചു. 'മന്നാടിയാരുടെ തർജ്ജിമ തീർന്നു് അതച്ചിൽ വന്നാലുടൻ തരുന്നതാണെന്നു' നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ, സി. പി. അതുകൊണ്ടൊന്നും പിന്മാറിയില്ല. ഗ്രന്ഥം മടക്കികിട്ടി. 1067 മീനമാസത്തിൽ അതു പ്രസിദ്ധീകരിക്കുകയും വിനോദചിന്താമണിക്കാരെക്കൊണ്ടുതന്നെ അഭിനയിപ്പിക്കുകയും ചെയ്തു. ദ്രുതഗതിയിൽ പലരുംകൂടി തട്ടിക്കൂട്ടിയ സി. പി. യുടെ കൃതിക്കു് മന്നാടിയാരുടെ കൃതിയുടെ മേന്മ ഇല്ലായിരുന്നു. അതേ കൊല്ലം ഇടവമാസത്തിൽ മന്നാടിയാരുടെ തർജ്ജിമയും പ്രകാശിതമായി. രസികരഞ്ജിനിയോഗക്കാർ അതു കളിക്കുകയും ചെയ്തു.

മന്നാടിയാർ എതിർകക്ഷികളോടു് തന്റെ തർജ്ജിമാഭാഗം മടക്കിത്തരണമെന്നു് ആവശ്യപ്പെട്ടിരുന്നു. മടക്കികിട്ടിയെങ്കിലും അതിന്റെ പകർപ്പെടുത്തു് ഉപയോഗിക്കാൻ സാധ്യതയുണ്ടെന്നു മന്നാടിയാർ ശങ്കിക്കാതിരുന്നില്ല. സി.പി.യുടെ യോഗക്കാർ പിന്നീടു് മന്നാടിയാരുമായി നിസ്സഹകരിച്ചു. ഉത്തരരാമചരിതം ഭഗവദ്ദൂതു്, സുഭദ്രാർജ്ജുനം, ചണ്ഡകൗശികം

തുടങ്ങിയ നാടകങ്ങളും അവർ രംഗത്തു് അവതരിപ്പിച്ചു. ഈ നാടക മത്സരം വലിയ വെറുപ്പിനു കാരണമായി. സി.പി.യേയും മന്നാടിയാരേയും രഞ്ജിപ്പിക്കാൻ കഞ്ഞിക്കുട്ടൻതമ്പുരാൻ ആവുന്നതു പരിശ്രമിച്ചു. ഏതായാലും രസക്ഷയം ശാന്തമായെങ്കിലും പൂവ്വകാലസൗഹാർദ്ദം പുനഃസ്ഥാപിതമായില്ല. ഉത്തരരാമചരിതത്തിനു് ഭാഷയിലുണ്ടായ പ്രചാരത്തിനു് ഈ സംഭവവും കാരണമായിരിക്കാം.

ചാരത്തു നിൽക്കു മുട്ടിക്കൊ—
ണ്ടാരെന്നോതാം രഹസ്യമായ്
മറന്നാൽക്കൂടി നീയാർക്കു—
മറിയിക്കൊല്ല മൽപ്രിയേ!

എന്ന പ്രാരംഭശ്ലോകത്തിലെ വിഷമപാദത്തിലെ വിഷമാക്ഷരങ്ങളെക്കൊണ്ടു ചാത്തുക്കുട്ടിമന്നാടിയാരുടെ പേരു് സൂചിപ്പിക്കപ്പെട്ടതു എന്നതും രസകരമായി തോന്നുകയാണു്.

ഉത്തരരാമായണഗദ്യം

തൃശ്ശൂരിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന ലക്ഷ്മീഭായി മാസികയിൽ ഉത്തരരാമായണം പ്രസിദ്ധീകരിച്ചു കണ്ടിട്ടുണ്ടു്. പഴയ ഒരു ഉത്തരരാമായണം ഗദ്യം രണ്ടു ഭാഗങ്ങളായി കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ളതും സ്മർത്തവ്യമത്രെ. ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ ഉത്സാഹിച്ചു് തേടിപ്പിടിച്ചതാണു് കരിവെള്ളരു്, മങ്ങാട്ടു് ഉണിത്തിരി കുടുംബത്തിലെ ഒരു പണ്ഡിതൻ എഴുതിയ ഈ ഗദ്യകൃതി. ആ കുടുംബത്തിൽ കൊ. വ. 700—നും 750 നും മധ്യേ അതിവിദ്വാന്മാരായ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവരിൽ അനുജൻ ഭവനത്തിലെ പ്രായമേറിയ സ്ത്രീകളുടെ ആവശ്യമനുസരിച്ചു് രാമായണം കഥ മുഴുവൻ ഗദ്യത്തിലെഴുതി നിത്യപാരായണത്തിനു് സൗകര്യമുണ്ടാക്കിയതായിട്ടാണു് ഐതിഹ്യം. പഴയ ഗദ്യരീതി മനസ്സിലാക്കാൻ ഉപകരിക്കുമെന്ന ഗുണം മാത്രമേ ലക്ഷ്മീഭായി മാസികക്കാർ അതിനെ നിരൂപണം ചെയ്യുമ്പോഴും കണ്ടിരുന്നുള്ളൂ.

രാമകഥയുടെ പ്രചാരത്തിനുവേണ്ടി കൊച്ചിയിൽ ഒരു പഴയ നടത്തിപ്പുണ്ടായിരുന്നു. തമ്പുരാക്കന്മാർക്കു തിരുമുപ്പേറുറാൽ ഒരു പ്രത്യേക കിരീടം ധരിക്കണമെങ്കിൽ രാമായണം മഹാനാടകം മുഴുവൻ ചാക്യാന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചു ശ്രീരാമപട്ടാഭിഷേകഘട്ടം കഴിഞ്ഞിട്ടു വേണമെന്നതു തന്നെ. ഈ മഹാനാടകം മുഴുവനും ചാക്യാന്മാരുടെ ക്രമദീപികപ്രകാരം അഭിനയിക്കണമെങ്കിൽ ഏകദേശം ഒരു കൊല്ലത്തോളം വേണ്ടിവരും. കാല

ദൈഘ്യവും ധനവ്യയവും കണക്കിലെടുത്ത് അധികംപേരും അത് കഴിപ്പിക്കാറില്ല. കിരീടം ധരിച്ച ശേഷം മാത്രമേ തമ്പുരാന് തൃപ്പൂണിത്തുറ ക്ഷേത്രത്തിനകത്ത് പ്രവേശിച്ചുകൂട്ടൂ. അതുകൊണ്ട് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഭാഷയിൽ 'എല്ലാംകൊണ്ടും വളരെക്കാലമായിട്ട് കൊച്ചിയിൽ രാജകുടുംബത്തിലുള്ള ആൺവഴിത്തമ്പുരാക്കന്മാർ തൃപ്പൂണിത്തുറക്ഷേത്രത്തിന്റെ അകം കറുത്തോ വെളുത്തോ ഇരിക്കുന്നതെന്നറിയാറില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.' കൊച്ചിരാജാക്കന്മാർ ആഘോഷപൂർവം നടത്തിയിരുന്ന അത്തച്ചമയം മുതലായ എഴുന്നള്ളത്തുകാലംകൂടുപോലും തലയിൽ വയ്ക്കേണ്ടതായ കിരീടം മടിയിൽവച്ചുകൊണ്ടാണത്രേ ഏറിയകാലമായി കഴിച്ചുകൂട്ടുന്നത്. ഉത്തരകേരളത്തിൽ രാമായണം ഗദ്യം തയ്യാറാക്കിയതും, കൊച്ചിയിൽ രാമായണം മഹാനാടകം കൂടിയാട്ടരീതിയിൽ അവതരിപ്പിക്കണമെന്നു നിർബന്ധമാക്കിയതും, കൊട്ടാക്കരത്തമ്പുരാൻ രാമനാട്ടത്തെ തുടർന്ന് ഏതാനും ആട്ടക്കഥകളും രാമകഥാപരമായി നിർമ്മിച്ചതും, കർക്കിടകമാസം മുഴുവൻ രാമായണപാരായണം വേണമെന്നു വ്യവസ്ഥ ചെയ്തതും പലതരത്തിലും രാമകഥയുടെ സ്വാധീനം ഊട്ടിയുറപ്പിക്കാൻ ബോധപൂർവമുള്ള സംവിധാനമുണ്ടായിരുന്ന കേരളത്തിൽ എന്നതിനു നിദർശനമാണ്.

രാമചരിതംമുതൽ എഴുത്തച്ഛന്റെ അധ്യാത്മരാമായണംവരെയുള്ള ഗ്രന്ഥങ്ങളും നോക്കിയാൽ മലയാളഭാഷ തമിഴിന്റെ പിടിയിൽനിന്നും വിട്ട് സംസ്കൃതത്തിന്റെ സ്വാധീനത്തിനു വിധേയമാകുന്നതു നമുക്കു കാണാൻ കഴിയും..

മൈതിലിതന്നുടെ ചരിതമെല്ലാം വാനരവീരനുരക്കക്കേട്ടു
ചെയ്തമനൻറു നീയെൻറുരെത്തു തേൻമൊഴിയാളേ
നിനന്തിരുന്തു

ഇതാണ് രാമചരിതത്തിലെ ഭാഷാരീതി. കണ്ണശ്ശന്മാരുടെ കാലമായപ്പോഴേക്കും അതു വീണ്ടും രൂപാന്തരപ്പെട്ടു.

'ഇന്നു പിരിഞ്ഞീരോ ബത നിങ്ങളു—
മെന്നെപ്പോലവനന്നോടു''

എന്ന കണ്ണശ്ശരാമായണഭാഗത്തെ എഴുത്തച്ഛൻ പരിഭാഷപ്പെടുത്തിയിരിക്കുന്നതു നോക്കുക.

എന്നെക്കണക്കേ പിരിഞ്ഞിതോ നിങ്ങളും
തനുവംഗിയാകിയ വൈദേഹിയോടയ്യോ

പക്ഷേ, അദ്ദേഹംതന്നെയാണ്.

തവ സചിവനഹമിഹ തഥാവിധനല്ലഹോ
ദാസോഽസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ

എന്നിങ്ങനെ എഴുതിയിട്ടുള്ളതു്. നിർഭാഗ്യവശാൽ പിന്നീടുള്ളവർ അതനുകരിച്ചു് മണിപ്രവാളമെന്ന പുതിയ രീതി സ്ഥിരപ്പെടുത്തി. മണിപ്രവാളത്തെ ഇവിടെ അപലപിക്കുന്നില്ല. സംസ്കൃത പ്രത്യയങ്ങളോടുകൂടി സംസ്കൃതവാക്കുകളും ഉപയോഗിച്ചു് നമ്മുടെ മാതൃഭാഷയുടെ പ്രത്യേകതകളേയും സ്വാതന്ത്ര്യത്തേയും നശിപ്പിക്കുന്നതു് കഷ്ടമാണെന്നേ പറയുന്നുള്ളൂ. കേരളഭാഷയെ സംസ്കൃതത്തിന്റെ ദാസ്യത്തിൽനിന്നും മോചിപ്പിക്കാൻ എഴുത്തച്ഛനുശേഷം ഏറ്റവും കൂടുതൽ പരിശ്രമിച്ചതു് കോട്ടയം കേരളവർമ്മത്തമ്പുരാനാണു്. ഏതായാലും മലയാളഭാഷയുടെ വളർച്ച രാമകഥയുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നു് നമുക്കു് ഇതിൽനിന്നും മനസ്സിലാക്കാം.

കുറിപ്പു്: ഉത്തരരാമചരിതം ഇദംപ്രഥമമായി ഗദ്യവിവർത്തനം ചെയ്തതു് കൊ. വ. 1088 കാലത്തു് നിലമ്പൂർ മാനവേദൻ തിരുമുല്പാടു് അവർകളായിരുന്നു. അതു് തിരുവനന്തപുരത്തെ വിദ്യാവിലാസിനിയിൽ ഖണ്ഡശഃപ്രസിദ്ധീകരിച്ചിട്ടുണ്ടു്.

13. പേട്ടയിൽ രാമൻപിള്ള ആശാന്റെ രാമായണകൃതികൾ

*പേട്ടയിൽ രാമൻപിള്ള ആശാൻ (1017–1112)–1037–ൽ തിരുവനന്തപുരം ജില്ലാക്കോടതിയിലും പിന്നീടു് ഡിവിഷൻ കച്ചേരിയിലും സ്വല്പകാലം ഒരു ഗുമസ്തന്റെ പണിയിൽ ഏർപ്പെട്ടു. എങ്കിലും അതുദ്യോഗത്തിലുള്ള വൃത്തിയിൽ വൈരസ്യം തോന്നി 1040–മാണ്ടു പേട്ടയിൽ സ്വന്തമായി ഒരു മലയാള പള്ളിടക്കൂടം സ്ഥാപിച്ചു, വിദ്യാർത്ഥികളെ പഠിപ്പിച്ചുതുടങ്ങി. അതു വഴിക്കാണു് രാമൻപിള്ളയ്ക്കു് ആശാൻ എന്ന ബിരുദനാമം വന്നുചേർന്നതു്. 1051–ൽ ആ പള്ളിക്കൂടത്തിൽ ജ്ഞാനപ്രജാഗരസംഘം എന്നൊരു സമാജം സംഘടിപ്പിച്ചു. ആ സമാജത്തിന്റെ ആഭിമുഖ്യത്തിൽ വേദാന്തവിഷയകമായും മറ്റും വാദപ്രതിവാദങ്ങളും നടത്തിച്ചു. ആശാൻ അനേകം തമിഴു് പുസ്തകങ്ങളും വായിച്ചു വേദാന്തത്തിൽ ഗാഢമായ ജ്ഞാനം സമാർജ്ജിച്ചിരുന്നു. 1050 മാണ്ടിടയ്ക്കു് ഒന്നുരണ്ടു അഞ്ചുവരെ കാപ്പിപ്പുസ്തകങ്ങളും ഉണ്ടാക്കി ക്രമത്തിൽ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു വരുത്തി അംഗീകരണത്തിനായി ഗവൺമെന്റിലേക്കു സമർപ്പിക്കുകയും ഗവൺമെന്റു് അദ്ദേഹത്തിനു് 500 രൂപ പാരിതോഷികം നല്കുകയും ചെയ്തു. 1083–ാമാണ്ടുവരെ

* ഉള്ളൂർ—കേരളസാഹിത്യചരിത്രം, വാല്യം 4, Page 237–238

ആ കാപ്പിപ്പുസ്തകങ്ങളംതന്നെയാണു് തിരുവിതാംകൂറിലെ പള്ളിക്കൂടങ്ങളിൽ ഉപയോഗിച്ചുവന്നതു്. അങ്ങനെ ആശാനു നിയതമായ ഒരു ധനാഗമമാർഗ്ഗമുണ്ടായി. ആ പുസ്തകങ്ങളുടെ മുദ്രണത്തിനുവേണ്ടി പേട്ടയിൽ ഭാഷാഭൂഷണം എന്ന പേരിൽ സ്വന്തമായി ഒരച്ചുക്കൂടം സ്ഥാപിച്ചു. മൂന്നാംനമ്പർ പുസ്തകത്തിലെ 'ഓമനക്കുട്ടികളം ഔഷധം തിന്നു' മുതലായി ചില വാക്യങ്ങളം ഇക്കാലത്തും ചിലക്കു് ഓർമ്മയുണ്ടായിരിക്കും. നാലുമഞ്ചും നമ്പരുകളിലെ ശീർഷകങ്ങളം ഗാനരീതിയിലുള്ളവയാണു്. 'അത്ഥന കേംക്കണേ ആശ്രിതവത്സലാ' 'എങ്ങും കലാലയം—ഏറുമാറാകണേ' 'ഓമൽ സഖാക്കളേ സത്യം വദിക്കണേ' എന്നും മറ്റുമാണു് അവയിലെ ചില തലക്കെട്ടുകളം. 1048—ൽ ആശാൻ ഗൗരിയമ്മ എന്നൊരു യുവതിയെ വിവാഹം ചെയ്തു. ആ സ്ത്രീ 1052—ാമാണ്ടിടയ്ക്കു മരിച്ചുപോയി. പിന്നീടു് ആയുരന്തം വരെ വിഗതഭാര്യനായിത്തന്നെയാണു് കാലയാപനം ചെയ്തതു്. 1061—ാമാണ്ടു് തുലാമാസം 1—ാംനു- ഒരു മാസികയായി പുറപ്പെട്ട മലയാളിയുടെ അധിപരായി ഭാരവാഹികളം അദ്ദേഹത്തെ തെരഞ്ഞെടുത്തു. നിലവിലിരിക്കുന്ന പത്രങ്ങളിൽ അതിനാണു് വയസ്സുമൂപ്പു്. ആ കൊല്ലത്തിൽത്തന്നെ മിഥുനമാസം 5—ാംനു- കഥാവാദിനി എന്ന പേരിൽ ഒരു മാസിക തിരുവനന്തപുരത്തു് ആരംഭിച്ചു് അതിൽ അറബിക്കഥകളം കിളിപ്പാട്ടുരീതിയിൽ എഴുതി പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. പിന്നീടു സ്വസ്ഥനായി താമസിച്ചു പല ഗ്രന്ഥങ്ങളം രചിച്ചുകൊണ്ടും വിവിധ സ്ഥാനങ്ങളിലുള്ള സുഹൃത്തുക്കളെ മധുരമായ ഗാനാലാപംകൊണ്ടും ഫലിതമയമായ സംഭാഷണങ്ങളംകൊണ്ടും ആനന്ദിപ്പിച്ചുകൊണ്ടു് ഒരു ശതകാദ്ധം കഴിച്ചുകൂട്ടി. പന്ത്രണ്ടാമത്തെ വയസ്സിൽ ദാക്ഷായണീസ്വയംവരം എന്ന വഞ്ചിപ്പാട്ടോടുകൂടി ആരംഭിച്ച സാഹിത്യവ്യവസായം 1111—ൽ സത്യസന്ധത എന്ന കാവ്യത്തോടുകൂടി അവസാനിച്ചു.

ആശാന്റെ കൃതികളെല്ലാം സദാചാരോദ്ബോധകങ്ങളായിരുന്നു. ഹരിശ്ചന്ദ്രചരിതം നാലുദിവസത്തെ ആട്ടക്കഥയാണു് ആശാന്റെ കൃതികളിൽ പ്രഥമഗണനീയം.

ആശാന്റെ ഉത്തമശിഷ്യനും ആരാധകനുമായിരുന്ന ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള. ശബ്ദതാരാവലിപോലെ ഒരു ബൃഹത്ഗ്രന്ഥം ഇരുപതു് വഷ്ം മെനക്കെട്ടു് രചിക്കുവാനും അതിനുവേണ്ടി സക്കാർ ഉദ്യോഗം വലച്ചെറിയാനും വേണ്ട ആത്മധൈര്യം പകർന്നതു് രാമൻപിള്ളയാശാനാണെന്നാണു് എന്റെ പക്ഷം. പരമഭട്ടാര ചട്ടമ്പിസ്വാമിതിരുവടികളും ആശാന്റെ അനുഗ്രഹാശിസ്സുകളോടെ ബാല്യകാലം കഴിച്ചുകൂട്ടി എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ ആദർശമഹത്വത്തെക്കുറിച്ചു് പറയേണ്ടതില്ലല്ലോ. അദ്ദേഹത്തിന്റെ തമിഴു് ഭാഷാപരിചയവും, സ്വാശ്രയശീലവും, ബോധനൈസാമർത്ഥ്യവും മറ്റും ആരാരെയാണു് ആവേശം കൊള്ളിക്കാത്തതു്!

കോളേജ് അധ്യപനം മതിയാക്കി ഉദ്യോഗം രാജികൊടുത്തു് സ്വന്തമായി ചില വിദ്യാലയങ്ങളം തുടങ്ങാനും മല്യാളി എന്നൊരു പ്രസ്സും പാക്ഷിക പത്രവും പാലക്കാട്ട നിന്നാരംഭിക്കാനും എനിക്കു കഴിഞ്ഞതു് ഇന്നും മധുര സ്മരണകളായി ഞാൻ സൂക്ഷിക്കുന്നുണ്ടു്..

അദ്ധ്യാത്മരാമായണസദാചാരങ്ങൾ

ശ്രീവിശാഖം തിരുനാം മഹാരാജാവിന്റെ ഭരണകാലത്തു് നാട്ടുകാരിൽ സാന്മാർഗ്ഗികബോധമുളവാക്കാൻ പൊതുപ്രസംഗങ്ങളം നടത്തുക എന്നൊരു പതിവുണ്ടായിരുന്നു 'തിരുവിതാംകൂർ ഗവൺമെന്റു് ലക്ചർ കമ്മിറ്റി' എന്നൊരു സ്ഥിരം സംവിധാനംതന്നെ അതിനു നിയുക്തമായിരുന്നു. ആ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അധ്യാത്മരാമായണത്തിൽ നിന്നുള്ള ചില സദാചാരപാഠങ്ങളെ എടുത്തു കാട്ടിക്കൊണ്ടു് രാമൻപിള്ള ആശാൻ ചെയ്ത പ്രസംഗത്തിന്റെ സാരം സദസ്സിലുണ്ടായിരുന്ന നാനാമതസ്ഥരായ മഹത്തുക്കളം നിബ്ബന്ധിച്ചതനുസരിച്ചു് ഒരു പുസ്തകമാക്കിയതാണു് അധ്യാത്മരാമായണ സദാചാരങ്ങളം എന്ന കൃതി.

പലപ്പോഴും രാമായണ ഭാരതാദികളം വായിക്കുമ്പോളം പണ്ഡിതന്മാർ പാണ്ഡിത്യപ്രകടനത്തിനും തർക്കസാമർത്ഥ്യത്തിനും അവസരമാക്കി മാറാൻ ശ്രമിക്കയാണു്. സദാചാരം ഗ്രഹിക്കാനായി ഉപയോഗപ്പെടുന്നില്ല എന്നതാണു് ആശാന്റെ വ്യഥ.

'തിഷ്ഠതിഷ്ഠാഗ്രേ മമ സ്വാമിതൻ പത്നിയേയും
കട്ടുകൊണ്ടെവിടേക്കു പോകുന്നു മൂഢാത്മാവേ!
അദ്ധ്വരത്തിങ്കൽചെന്നു ശ്രുനകൻ മന്ത്രംകൊണ്ടു
ശുദ്ധമാം പുരോഡാശം കൊണ്ടുപോകുന്നപോലെ.'

'രാവണനെ തടുത്തുകൊണ്ടു് ജടായുസ്സു് പറയുന്ന ഈ ഭാഗം വായിക്കുമ്പോളം ശ്രോതാക്കളം വാദപ്രതിവാദകക്ഷികളായി തിരിയുന്നു. യാഗശാലയിൽ ചെന്നു് മന്ത്രംകൊണ്ടു് ശുദ്ധമായ ഹോമദ്രവ്യത്തെ നായ് എടുത്തുകൊണ്ടുപോകുന്നപോലെ രാവണൻ സീതയെ മോഷ്ടിച്ചു കൊണ്ടുപോകുന്നു. എന്നാണു് ആ പാദങ്ങളുടെ അർത്ഥമെന്നു് ഒരുകൂട്ടർ വാദിക്കുന്നു. മറ്റൊരു കൂട്ടർ അദ്ധ്വരപദത്തിനു് നിക്ഷേപസ്ഥലമെന്നും ശ്രുനകപദത്തിനു് സർപ്പമെന്നും 'മന്ത്രംകൊണ്ടു ശുദ്ധമാം പുരോഡാശം' എന്നതിനു് ശ്വാസങ്ങളാൽ ശുദ്ധീകരിക്കപ്പെട്ട നാഗമണിയെന്നും അർത്ഥം കല്പിക്കുന്നു. അതനുസരിച്ചു് സീതയെ രാവണൻ അപഹരിച്ചു കൊണ്ടുപോകുന്നതു സർപ്പം നിക്ഷേപസ്ഥലത്തുചെന്നു് നിധിയെ തന്റെ ശ്വാസങ്ങളം പെരുക്കി ഊതി ശുദ്ധീകരിച്ചു് നാഗമണിയാക്കികൊണ്ടുപോകുന്നതുപോലെയാണു്. തനിക്കാ

പൽക്കരമായ ഒരു വസ്തുവിനെ സമ്പൽക്കരമാണെന്നു കരുതി ഒരുത്തൻ കൈക്കലാക്കി കൊണ്ടുപോകുന്നതു് മൗഢ്യവും അനുചിതവും, പാപവുമായിട്ടുള്ള ദുരാചാരമാണു്. അതുകൊണ്ടു് ത്യാജ്യമത്രേ. ജടായുവിന്റെ മാറ്റു നിരോധനം മിത്രോപകാരകൃത്യസദാചാരമാകയാൽ അതു് സ്വീകാര്യമാണു്. ഈ സാരതത്ത്വങ്ങളെ ഇരുകൂട്ടരും ഗ്രഹിക്കുന്നില്ല. നാനാർഥചിന്തനവും വിവേചനാബുദ്ധിയും വേണ്ടതുതന്നെ. എന്നാൽ ഇതു് ആളിനെ വിട്ടുകളഞ്ഞു് നിഴലിനെ പിടിക്കുന്ന സ്വഭാവമാകുന്നു.'

ഇങ്ങനെയുള്ള അവതാരികയോടുകൂടിയാണു് രാമൻപിള്ളയാശാൻ രാമായണസദാചാരചർച്ചയിലേക്കു് കടക്കുന്നതു്. ഇരുപത്തിനാലു സദാചാരങ്ങളാണു് ആശാൻ അധ്യാത്മരാമായണത്തിൽനിന്നും സോദാഹരണം തന്റെ പ്രഭാഷണത്തിൽ ക്രോഡീകരിച്ചിട്ടുള്ളതു്. ഈശ്വരഭക്തി, ഗുരുഭക്തി, രാജഭക്തി, പിതൃഭക്തി, മാതൃഭക്തി, ജ്യേഷ്ഠഭക്തി, കനിഷ്ഠവാത്സല്യം എന്നിവയാണു് രാമായണം ഏവരിലും ഉയർത്തുന്ന മുഖ്യസദാചാരനിഷ്ഠകം, എന്നതത്രെ രാമൻപിള്ളയാശാന്റെ അഭിപ്രായം. ഇവയെല്ലാം തന്റെ ചർച്ചയിൽ അഴിക്കുന്ന സ്ഥാനം ആശാൻ നല്ലിയിട്ടുണ്ടു്.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ആരംഭം ഭഗവൽസ്തുതിയോടുകൂടിയാണു്. പല ഭാഗങ്ങളിലും ഭഗവൽസ്തുതി ചേർത്തു് ഭംഗിപ്പെടുത്തിയിട്ടുമുണ്ടു്. ശ്രീരാമൻ രാമേശ്വരപ്രതിഷ്ഠ നടത്തിയതും, രാമകഥ ഉമാമഹേശ്വരസംവാദരൂപത്തിൽ അവതരിപ്പിച്ചതും ശൈവവൈഷ്ണവസംഘർഷത്തെ ഒഴിവാക്കാൻകൂടിയാണു്. സേതുബന്ധനസമയത്തു് ശ്രീരാമൻ ചെയ്ത അനുഷ്ഠാനം കയ്യാലവയ്പുവേലക്കാരിൽപോലും തങ്ങിനില്ക്കുന്നതായി ഗ്രന്ഥകാരൻ പറയുന്നു.

ഈശ്വരഭക്തി കഴിഞ്ഞാൽ ഗുരുഭക്തിക്കാണു് രാമായണത്തിൽ അടുത്ത സ്ഥാനം നല്ലിയിട്ടുള്ളതു്. വസിഷ്ഠൻ ശ്രീരാമഗൃഹത്തിലെത്തുമ്പോഴേക്കും എന്തെല്ലാം ബഹുമാനങ്ങളാണു് അർപ്പിക്കപ്പെടുന്നതു്. ഗുരുഭക്തിയില്ലെങ്കിൽ പരിഷ്കാരാഭിവൃദ്ധിയോ പരലോകസുഖമോ ലഭിക്കാൻ മാർഗ്ഗമില്ല.

മാതാപിതാക്കളോടു് പുത്രന്മാർ സംസാരിക്കുന്നതു് സുമുഖതയോടുകൂടിയായിരിക്കണമെന്നും, അവരുടെ കരുണയും പ്രസാദത്തിനും, അനുഗ്രഹത്തിനും പുത്രന്മാർ അപേക്ഷയുള്ളവരായിരിക്കണമെന്നും, സന്ദർഭോചിതം സദുപദേശംചെയ്തു് അവരെ സമാധാനപ്പെടുത്തണമെന്നും സ്പഷ്ടമാക്കുന്ന പാഠങ്ങളും വനയാത്രയിൽ ശ്രീരാമൻ കൗസല്യാദേവിയോടു പറഞ്ഞ വാക്യങ്ങളിൽ പ്രകാശിക്കുന്നുണ്ടു്.

ജ്യേഷ്ഠഭക്തി, അവരജസ്നേഹം എന്നിവ രാമലക്ഷ്മണഭരതശത്രുഘ്നന്മാർ തമ്മിലുള്ള പെരുമാറ്റത്തിൽ പ്രകടമാകുന്നുണ്ടു്. ജടായു, സമ്പാതി എന്നീ പക്ഷികളുടെ ആഖ്യാനവും സഹോദരസ്നേഹത്തിനു് ഉത്തമദൃഷ്ടാന്തമാണു്.

അഗ്രജഭക്തി, അവരജസ്നേഹം, പിതൃമാതൃഭക്തി ഇത്യാദി സദാചാരാനുഷ്ഠാനത്തിന്റെ പാരമ്പര്യം രഘുവംശക്കാക്കോ പൂരുവംശക്കാക്കോ മാത്രമേ ആകാവൂ എന്നില്ല. വംശഭേദത്തിലല്ല അനുഷ്ഠാനഭേദത്തിലാണ് ഇതിന്റെ ലഘുഗുരുത്വമിരിക്കുന്നത്.

രക്ഷണീയജനവാത്സല്യവും രക്ഷണീയവിനയവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ശ്രീരാമന്റെ രക്ഷണീയജനവാത്സല്യവും, വിഭീഷണാദികളുടെ വിനയവും ശ്ലാഘനീയമായിരിക്കുന്നു. ആശ്രിതരക്ഷണം രാജധർമ്മമാണെന്നു കാണിക്കുവാൻ ശ്രീരാമൻ പറഞ്ഞ കപോതകഥ ഉദ്ധരിച്ച് രാമൻപിള്ളയാശാൻ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

'പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും'

എന്നു ഹനുമാൻ സുഗ്രീവനോട് പറഞ്ഞതു് സ്ഥാപിക്കുന്നതു് ഇങ്ങനെയാണു്: 'നമ്മുടെ അപേക്ഷ കൂടാതെ നമുക്കു ചെയ്യുന്ന സഹായത്തിനു് ഭൂമിയും ആകാശവും തുല്യമല്ലെന്നും, അല്പമെങ്കിലും തക്കകാലത്തു ചെയ്യപ്പെടുന്ന സഹായം ഭൂമിയെ കവിഞ്ഞതാണെന്നും, ഫലം നോക്കാതെ ചെയ്യപ്പെടുന്ന സഹായം സമുദ്രത്തേക്കാൾ വലുതാണെന്നും, സഹായം തിലത്തോളമായാലും നാം അതിനെ മഹാമേരുപർവ്വതംപോലെ വിചാരിക്കണമെന്നും, നമ്മുടെ ദുഃഖാവസ്ഥയിൽ നമ്മെ സഹായിച്ച ബന്ധുക്കളെ ജന്മജന്മാന്തരങ്ങളിലും മറക്കരുതു് എന്നും, മറക്കേണ്ടതു് അവർ ചെയ്ത അപകാരങ്ങളെയാണെന്നും ഉള്ള സദാചാരതത്ത്വം സൂചിപ്പിക്കപ്പെടുന്നുണ്ടു്' ബാലിവധം നടത്തി രാജ്യം നേടിക്കൊടുത്ത ശ്രീരാമനോടു് ഏറ്റ കാര്യം താളത്തിലിടരുതെന്നു് ഹനുമാൻ ഉപദേശിക്കുന്നുണ്ടു്.

സന്ദർശനമെന്ന സദാചാരത്തെ വിവരിക്കുന്നതിനിടയിൽ ആശാൻ ഇങ്ങനെ പറയുന്നു: 'ഒരാൾ മറ്റൊരാളെ കാണുന്നതിനായിട്ടു ചെന്നാൽ, തന്നെയും, താൻ കാണാൻ വന്നിരിക്കുന്ന എന്ന വിവരത്തെയും അറിയിക്കുന്നതിനും അയാളുടെ അവസരം അറിയുന്നതിനും ആയി ഒരാളെയോ മറ്റോ അയയ്ക്കേണ്ടതു് സന്ദർശകന്റെ ധർമ്മമാണു്. ഈ ധർമ്മത്തെ സന്ദർശനസദാചാരമെന്നു പറയുന്നു. ഇതു് കാണാൻ ചെന്നയാൾക്കും കാണേണ്ടയാൾക്കും ഒന്നുപോലെ ബഹുമാനപ്രദമാണു്. ഒരു വട്ടവനെ വിട്ടാണു് ശ്രീരാമൻ തന്റെ ആഗമനവാർത്ത അഗസ്ത്യമഹർഷിയെ അറിയിച്ചതു്. ഭരതനോടു് ഗുഹൻ അഭിവാദ്യം ചെയ്യുന്നതു് ചില കാഴ്ചദ്രവ്യങ്ങളും ആനന്ദപൂർവം സമർപ്പിച്ചുകൊണ്ടാണു്. സീതാദേവിയെ ഹനുമാൻ അഭിവാദ്യം ചെയ്യുന്ന രംഗവും ശ്രദ്ധേയമായിരിക്കുന്നു. ആളും അവസ്ഥയുമനുസരിച്ചു് അഞ്ജലിബന്ധം, നമസ്കാരം, ദണ്ഡനമസ്കാരം, സാഷ്ടാംഗനമസ്കാരം എന്നിങ്ങനെ അഭിവാദനം പല വിധത്തിലുണ്ടു്. ഭക്ത്യാ, ആനന്ദപൂർവകം, വിനയമൊടു് എന്നീ പദങ്ങളിൽനിന്നു സൂചിപ്പിക്കുന്ന ഭാവരസങ്ങളെ യഥോ

ചിതം അവലംബിച്ച് നാം അഭിവാദനസദാചാരത്തെ അനുഷ്ഠിക്കണം. എതിരേല്പ്, അതിഥിപൂജ അനുയാത്ര എന്നീ സദാചാരങ്ങളെ അധ്യാത്മ രാമായണം മാന്യസ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചിട്ടുണ്ട്. അധ്യാത്മരാമായണത്തെ യാഥാർത്ഥ്യബോധത്തോടെ പഠിച്ച് ജീവിതത്തെ ധന്യമാക്കണമെന്നാണ് ആശാൻ നിർദ്ദേശിക്കുന്നതു്.

സന്ധ്യാനാമം—രാമായണഗാനം

രാമൻപിള്ളയാശാനു് രാമായണത്തോടു് വലിയ ആദരവുണ്ടായിരുന്നു. തുളസീദാസ രാമായണം, ബാലകാണ്ഡം കിളിപ്പാട്ടായി വിവർത്തനം ചെയ്തു എന്നതു് അതിനൊരു തെളിവാണു്. എന്നാൽ അതിലും കൂടുതൽ പ്രചാരമുള്ള ഒരു രാമകഥാഗാനം ആശാൻ രചിച്ചിട്ടുണ്ടു്. സന്ധ്യാനാമം എന്ന പേരിലാണു് അതു് കേരളത്തിൽ പ്രചരിച്ചിട്ടുള്ളതു്. 129 പതിപ്പുകൾ കഴിഞ്ഞ ഗ്രന്ഥത്തിന്റെ പ്രചാരത്തെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. സന്ധ്യാനാമത്തിൽ ഗ്രന്ഥകർത്താവിന്റെ പേരിട്ടിരിക്കുന്നതു് തിരുമധുരപ്പേട്ടയിൽ മ. രാ. രാ. ശങ്കുആശാൻ അവർകൾ എന്നാണു്. അങ്ങിനെ ഒരാളെ കേട്ടറിവില്ലെന്നും അതു് രാമൻപിള്ളയാശാൻതന്നെയാണെന്നും പ്രൊഫ. ഗ്രഹ്ലൻനായർ പറഞ്ഞു കേട്ടിട്ടുണ്ടു്.

രാമ രാമ രാമ രാമ രാമ രാമ രാമ
രാമ രാമ രാമ രാമ രാമ രാമ പാഹിമാം

രാഘവാ മനോഹരാ മുകുന്ദരാമ പാഹിമാം
രാവണാന്തകാ മുകുന്ദാ രാമരാമ പാഹിമാം

സന്ധ്യാനാമത്തിന്റെ ആദ്യഭാഗമാണിതു്. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ എന്നീ അവതാരങ്ങളെ സ്മരിച്ചുകൊണ്ടാണു് ശ്രീരാമാവതാരകഥ വർണ്ണിക്കുന്നതു്. ശ്രീരാമാവതാരത്തിലെ മുഖ്യസംഭവങ്ങളെല്ലാം സ്തോത്രത്തിൽ പ്രതിപാദിക്കുന്നുണ്ടു്.

ഭൂമിഭാരമാശു തീർത്തു രക്ഷചെയ്വതിന്നഹോ
ബ്രഹ്മദേവനാൽ വരിച്ച രാമരാമ പാഹിമാം
ആകയാലയോദ്ധ്യമന്നനാം ദശരഥനുടെ
ആത്മപുത്രനായ് ജനിച്ച രാമ രാമ പാഹിമാം

....

വിദേഹരാജ്യമുൾപ്പുകിന്തു വിശ്വനായകനുടെ
വിൽ മുറിച്ചു സീതയങ്ങു വേട്ട രാമ പാഹിമാം

അങ്ങനെ സീതാവിവാഹംവരെയുള്ള രാമകഥ പന്ത്രണ്ടു് ഈരടികളിൽ പ്രാത്ഥനാരൂപത്തിൽ സംഗ്രഹിക്കാൻ രാമൻപിള്ളയാശാനു കഴിഞ്ഞു. സീതാവിവാഹം കഴിഞ്ഞു മടങ്ങുന്ന വഴി ഭാർഗ്ഗവരാമനെ കാണുന്നതും, സഹോദരസമേതം അയോദ്ധ്യയിൽ വന്നു് ഏറെക്കം മോദം നല്കി വസിക്കുന്നതും, അച്ഛൻ നാടുവാഴിയാക്കാനും അമ്മമാരിലൊരാൾ കാടുവാഴിയാക്കാനും ശ്രമിച്ചതും, ഭരതനെ ഭരണഭാരമേല്പിച്ചു് സീതാലക്ഷ്മണസമന്വിതനായി വനവാസത്തിനിറങ്ങിയതുമെല്ലാം ക്രമത്തിൽ സൂചിപ്പിച്ചു പോകുന്നുണ്ടു്.

ശ്രീരാമൻ വാല്മീകിയെ കാണുന്നതും, ചിത്രകൂടത്തിൽവച്ചു് പിതൃചരമവൃത്താന്തം ഗ്രഹിച്ചു് പിതൃകർമ്മതർപ്പണം നടത്തുന്നതും, ഭരതൻ വശം പാദുകം കൊടുത്തയയ്ക്കുന്നതും അത്രിമുനിയുടെ ആശ്രമത്തിൽ ചെല്ലുന്നതും വിരാധനെ വധിക്കുന്നതുമെല്ലാം സ്മരിച്ചിട്ടുണ്ടു്.

മാരീചൻ മായാമൃഗമായി വന്നതു്, മാരീചവധം, സീതാപഹരണം, ജടായുനിഗ്രഹം തുടങ്ങിയ പ്രധാന സംഭവങ്ങളൊന്നും വിടാതെയാണു് സന്ധ്യാനാമത്തിന്റെ പോക്കു്. ശബരീയാശ്രമം, രാമസുഗ്രീവസഖ്യം, ബാലിവധം, സീതാന്വേഷണാർഥം ഹനുമാനെ അംഗുലീയവുമായി യാത്രയാക്കുന്നതു് എല്ലാം ഒന്നൊന്നായി നമ്മെ ഓർമ്മപ്പെടുത്തുവാൻ ഈ സ്തവം പ്രയോജനപ്പെട്ടും.

രാക്ഷസകുലം മുടിച്ച രക്ഷയും വസുന്ധരയ്ക്കു്
തൽക്ഷണേ വരുത്തിവച്ച രാമാ രാമ പാഹിമാം
വഹ്നിമണ്ഡലേയിരുന്ന സീതയെ വഹിച്ചുകൊണ്ടു
വന്നയോദ്ധ്യപുക്കിരുന്ന രാമ രാമ പാഹിമാം.

....

രാജ്യപാലനം വഹിച്ച രാമ രാമ പാഹിമാം.

സ്തോത്രത്തിന്റെ ഫലശ്രുതികൂടി ഇവിടെ പകർത്തട്ടെ.

സന്ധ്യനാമസംഗ്രഹം കലിവിനാശനം പരം
സന്ധ്യനേരമിങ്ങനെ ജപിക്ക നിങ്ങളും സാദരം
ഭക്തിയോടെ സന്ധ്യനാമകീർത്തനം കഥിച്ചു ഞാൻ
മുക്തിവന്നിടാൻ മുകുന്ദ രാമ രാമ പാഹിമാം.

സദാചാരനിഷ്ഠയും ഈശ്വരഭക്തിയും സാമാന്യജനങ്ങളിൽ വളർത്തുവരാൻവേണ്ടി ആശാൻ രചിച്ച രണ്ടു ചെറുകൃതികളാണു് രാമായണസദാചാരങ്ങളും, രാമയണസംഗ്രഹസന്ധ്യാനാമവും.

കനകലതാസ്വയംവരം

രാമൻപിള്ളയാശാന്റെ ശിഷ്യനായ ശ്രീകണ്ഠേശ്വരത്തിന്റെ (1046–1121) രാമകഥാസ്പർശിയായ നാടകമാണു് കനകലതാസ്വയംവരം.

രാക്ഷസപക്ഷം പിടിച്ച് രാമായണത്തെ എങ്ങനെ ദുർവ്യാഖ്യാനംചെയ്യാമെന്നു് ഇതിൽ എടുത്തുകാട്ടിയിട്ടുണ്ടു്. അത്തരം ദുർവ്യാഖ്യാനങ്ങളൊന്നും തന്റെ നായികയ്ക്കു് സ്വീകാര്യമല്ലെന്നും ആ നാടകത്തിൽ വെളിപ്പെടുത്തുന്നുണ്ടു്.

രാക്ഷസപക്ഷത്തുള്ള കമ്രകണ്ഠൻ എന്ന കഥാപാത്രം പറയുകയാണു്, രാവണനോടുള്ള അടുപ്പം കാരണം സീത രാമനേയും ലക്ഷ്മണനേയും പറഞ്ഞുവിട്ടു്, തന്റെ ഇഷ്ടപ്രകാരം രാവണനോടൊപ്പം ഓടിപ്പോകുകയാണുണ്ടായതു്. രാമൻ കൊടുത്ത ആഭരണങ്ങളും ഒരു പൊതിയാക്കി എറിഞ്ഞതും മറ്റും ദുഷ്ടാന്തമായി എടുത്തുപറയുന്നു മാത്രമല്ല, സീതയെ അന്വേഷിക്കാൻ ഒരു മരംചാടിയെ വിട്ടതിൽ അതീവ കോപിച്ചു് ബാക്കിയുണ്ടായിരുന്ന ചൂഡാരത്നംകൂടി മുഖത്തേക്കു് എറിഞ്ഞുകൊടുത്തു. അപ്പോഴും ക്ഷുഭിതനായ വാനരൻ കല്യാണമോതിരം സീതയുടെ നേർക്കു് എറിഞ്ഞു. സീത ഉടൻ കരങ്ങിനെ ഒരു പാഠം പഠിപ്പിച്ചുവിടാൻ രാവണനോടു പറഞ്ഞ പ്രകാരമാണു് വാലിനു് തീകൊളുത്തിയതും മറ്റും.

ദശരഥനെപ്പോലെ അനപത്യതാദുഃഖമനുഭവിക്കുന്ന ഒരു രാജാവിനെ അവതരിപ്പിച്ചുകൊണ്ടാണു് നാടകം തുടങ്ങുന്നതു്. പ്രതിനായകന്റെ സഹോദരിയായ അഗ്നിജ്വാല വേഷം മാറി കനകലതയുടെ ഭർത്താവിനെ വശപ്പെടുത്താൻ ഒരു പരിശ്രമം നടത്തിയതായി ഏഴാമങ്കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. രാമായണകഥയുടെ ദുർവ്യാഖ്യാന സാധ്യതകളെയാണു് ഇതിൽ എടുത്തുകാട്ടിയിട്ടുള്ളതു്. ഒരു പദ്യം ഉദ്ധരിക്കാം.

പോരുമ്പോളുദ്ദിനാഥോപരി മിഥിലജയാ
രാമനാൽ ദത്തമെല്ലാം
ക്രൂരന്യേ കോരിവാരിക്ഷണമവളെറിവാൻ
കാരണം പാർത്തു കണ്ടാൽ
പാരീരേഴും ഭരിക്കും പരമരസികനാം
കേകസീസൂനുവിങ്കൽ
പാരിച്ചീടുന്ന ഭ്രൂപ്രണയമതു ദൃഢം
നീയുമെന്തിപ്രകാരം.

14. രാമചന്ദ്രവിലാസവും ഭാഷാരഘുവംശവും

അഴകത്തു് ഈ. പത്മനാഭക്കുറുപ്പു് (1044—1107). ഇദ്ദേഹത്തിന്റെ രാമചന്ദ്രവിലാസത്തിനാണു് ആദ്യത്തെ ലക്ഷണയുക്തമായ മഹാകാവ്യമെന്ന പദവി ലഭിച്ചതു്. കരുനാഗപ്പള്ളി താലൂക്കിൽ ചവറയിലുള്ള അഴകത്തു് കുടുംബത്തിലെ അംഗമാണു്. പിതാവു് നാരായണൻ എമ്പ്രാ

ന്തിരിയും മാതാവു് കൊച്ചുകുഞ്ഞു കുഞ്ഞമ്മയുമായിരുന്നു. അഴകത്തു കുടുംബാംഗങ്ങൾക്കു് ഈശ്വരൻ എന്നൊരു മാറാപ്പേരുണ്ടു്. പേരിനോടു ചേർന്നുള്ള ഈകാരം ആ സ്ഥാനത്തെ കുറിക്കുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രം സംബന്ധിച്ച അധികാരമാണു് ഈശ്വരപദത്തിന്റെ അർഥസൂചന. തിരുവനന്തപുരത്തു താമസിക്കുമ്പോൾ ഇലന്തൂർ രാമസ്വാമി ശാസ്ത്രിയുടെ നിർദ്ദേശമനുസരിച്ചു് സംസ്കൃതം പഠിച്ചു. അച്ഛൻവഴിക്കു് ഹിന്ദുസ്ഥാനിയും വശപ്പെടുത്തി. തുളസീദാസ രാമായണം വഴി അങ്കുരിച്ച ശ്രീരാമഭക്തിയാണു് രാമചന്ദ്രവിലാസം കാവ്യരചനയ്ക്കു് വഴിതെളിച്ചതു്. ഇതിന്റെ ആദ്യ സർഗ്ഗങ്ങൾ മലയാളിപത്രത്തിൽ പ്രസിദ്ധീകരിച്ചു. എട്ടാം സർഗ്ഗം യമകവും ഇരുപതാം സർഗ്ഗം ചിത്രശ്ലോകവുമാണു്. രാമചന്ദ്രപരമായ ഒരു പ്രാർത്ഥനാനവകംകൊണ്ടാണു് കാവ്യം അവസാനിപ്പിക്കുന്നതു്. ഭോജചമ്പുവിനെ ഉപജീവിച്ചാണു് കാവ്യരചന നടത്തിയതെന്നു മഹാകവി ഏറ്റുപറഞ്ഞിട്ടുണ്ടു്. രഘുവംശം, മാഘം മുതലായ മഹാകാവ്യങ്ങളേയും അദ്ദേഹം അനുകരിച്ചിട്ടുണ്ടു്.

ഇഷ്ടദേവതാപ്രാർത്ഥനയോടു കൂടിയാണു് ഗ്രന്ഥാരംഭം. അയോദ്ധ്യാനഗരവർണ്ണനയിലൂടെ കഥാകഥനം ആരംഭിക്കുന്നു. ഭരതൻ കണ്ട രാമാശ്രമത്തിന്റെ ചിത്രം നോക്കുക.

മരത്തൊലികളും നല്ലമാൻതോലും കവരങ്ങളിൽ
വച്ചു സൂക്ഷിച്ചുപോരുന്ന കൊച്ചുവൃക്ഷങ്ങൾ കണ്ടതേ
വിരുന്നൂട്ടിന്നുവേണ്ടുന്ന കനിയും നല്ല കായ്കളും
നിത്യമാർജിച്ചു വച്ചുള്ള തപോവനമതത്ഭുതം

ഭരതൻ രാമനെ അഭിവാദ്യം ചെയ്തു് തുടിക്കുന്ന നെഞ്ചോടുകൂടി പിതാവു മരിച്ച വർത്തമാനം ഉണർത്തിച്ചു. ദുഃഖഭാരം സഹിക്കാതെ ശ്രീരാമനോടൊപ്പം സീതയും ലക്ഷ്മണനും തറയിൽ വീണു. പിതൃതർപ്പണങ്ങൾ നടത്തിയ ശ്രീരാമനെ നാട്ടിലേക്കു വരാൻ ഭരതൻ ക്ഷണിച്ചു. പിതൃഹിതം പാലിക്കാൻ പ്രതിജ്ഞാബദ്ധരാണു് മക്കളേവരും എന്നു ശ്രീരാമൻ ഭരതനെ ഓർമ്മപ്പെടുത്തി. കിരീടാശ വേർപെട്ട ഭരതൻ ശ്രീരാമപാദുകങ്ങളുമായി അയോധ്യയിലേക്കു മടങ്ങി.

പൊന്മാനിനെ പിടിക്കാൻ പോയ ശ്രീരാമനും ലക്ഷ്മണനും തിരിച്ചു് പർണ്ണശാലയിൽ എത്തിയപ്പോൾ സീതയെ കാണുന്നില്ല. ശ്രീരാമന്റെ 'വിരഹാധി' വർണ്ണിക്കുന്നതു നോക്കുക.

ദയിതേ! പുനരെങ്ങുപോയെടോ നീ
അയി! തേ ഞാനപരാധമെന്തുചെയ്തു?
മയി തെല്പുനകമ്പതോന്നിയുള്ളിൽ
പൊയിതേറാതരികത്തു വാ മനോജ്ഞേ!

അരനാഴിക വേർപിരിഞ്ഞിരിപ്പാ—
നരുതാഞ്ഞിട്ട വനത്തിൽ വന്ന പാക്ഷം
അരവിന്ദവിലോചനേ! നിനക്കീ
വിരഹത്തിങ്കലൊരാശയെന്ന വന്യൂ?

....

വിരിയും മലർ ചൂടി അഗ്രഭാഗേ
തളിരും താരുമിടയ്ക്കിടയ്ക്ക വീശി
മുകുളങ്ങളുമേന്തിയിരുന്നലഞ്ഞാ
ലതയെങ്ങോട്ട ഗമിച്ചശോകമേ ചൊൽ.

മഹാകവി വള്ളത്തോൾ വാല്മീകിരാമായണം വിവർത്തനം ചെയ്യുന്ന കാലത്താണ് അഴകത്തിന്റെ രാമചന്ദ്രവിലാസം പ്രസിദ്ധീകൃതമാകുന്നത്. ഒരു കുണ്ടിനു് കാവ്യരംഗത്തു് തനിക്കു് ഒരു വഴികാട്ടിപോലെയായി അഴകത്തു് പത്മനാഭക്കുറുപ്പെന്നു് വള്ളത്തോൾ നന്ദിപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ട്. അഴകത്തു പത്മനാഭക്കുറുപ്പിനു് കവനകൗമുദിവഴി വള്ളത്തോൾ അയച്ച പദ്യങ്ങളിൽ ഒന്നു് ഇവിടെ പകർത്താം.

വാരാളം മലയാളഭാഷയിൽ മുറ—
യ്ക്കോക്കും മഹാകാവ്യമൊ—
ന്നാരാലും കൃതമായതില്ലിതുവരെ—
ക്കീ ഹാനി തീർത്തീടുവാൻ
ശ്രീരാമന്റെ ചരിത്രമാകിയ മഹാ—
കാവ്യത്തെയൊന്നാമതാ—
യാരാൽ തീർത്തതുകൊണ്ടു കേരളധരാ—
വാല്മീകിയായീ ഭവാൻ.

അങ്ങനെ രാമകഥ കാവ്യരംഗത്തു് അവതരിപ്പിച്ചതിൽ അഴകത്തു് പത്മനാഭക്കുറുപ്പിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നു് മഹാകവി വള്ളത്തോൾതന്നെ അംഗീകരിച്ച കാര്യമാണു്.

ഭാഷാരഘുവംശം

വള്ളത്തോൾ നാരായണമേനവനോടൊപ്പം കാവ്യരംഗത്തു പ്രവർത്തിച്ചിരുന്ന മറ്റു് രണ്ടു് നാരായണമേനോന്മാരാണു് നാലപ്പാട്ടും, കുണ്ടൂരും. വള്ളത്തോൾ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ കരുതിയിരുന്ന കുണ്ടൂർ നാരായണമേനോനാണു് രഘുവംശം മലയാളത്തിൽ 1912—ൽ ആദ്യമായി വിവർത്തനം ചെയ്തതു്. കാളിദാസകൃതിയായ രഘുവംശത്തിൽ പത്തുമുതൽ പതിനഞ്ചുവരെയുള്ള ആറു സർഗ്ഗങ്ങൾ രാമകഥാപരമാണു്. അതു് വൃത്താനുവൃത്തമായി ആദ്യം അവതരിപ്പിച്ചതിൽ കുണ്ടൂരിനു മഹത്തായ സ്ഥാനമുണ്ടു്.

അനപത്യതാദുഃഖം തീരാൻ ദശരഥൻ ഋശ്യശൃംഗമഹർഷിയെ വരുത്തി പുത്രകാമേഷ്ടി യഥാവിധി നടത്തുന്നതും, ലങ്കാധിപനായ രാവണന്റെ അതിക്രമങ്ങൾക്കു് നിവാരണം കണ്ടുകിട്ടാൻ ദേവന്മാർ മഹാവിഷ്ണുവെ സമീപിക്കുന്നതും ഒന്നിച്ചാണു്. ദശരഥന്റെ യാഗാഗ്നിയിൽനിന്നു് ഹരിതേജസ്സു് പായസരൂപത്തിൽ ഉയരുകയും അതിനെ രാജാവു് കൗസല്യാ കൈകേയിമാക്കു നല്കുകയും അവർ തങ്ങൾക്കു കിട്ടിയ ഒരു പകുതി സുമിത്രയ്ക്കു നല്കുകയും ചെയ്തു. കൗസല്യാദേവി ആസന്നപ്രസവയായപ്പോൾ കൊട്ടാരത്തിനു മുകളിൽ ഗരുഡൻ ചുറ്റിപ്പറന്നു. സപ്തർഷികൾ വേദോദ്ഘോഷണം നടത്തി. നാലു പുത്രന്മാരുണ്ടായതു് രാജാവിനെ സംബന്ധിച്ചു് നാലു പുരുഷാർത്ഥങ്ങൾ ഉടലെടുത്തു് സമീപത്തെത്തിയ സംതൃപ്തിയെ നല്കി. പതിനൊന്നാം സർഗ്ഗത്തിൽ സീതാസ്വയംവരമാണു് പ്രതിപാദിക്കുന്നതു്.

വിരവോടു സീതയെ വരിച്ചു രാമനാ—
വരവാണിയുമ്മിളയെ വേട്ടു ലക്ഷ്മണൻ
തരമോടു തത്സഹജരും വരിച്ചുതേ
തരസാ കൃശധ്വജനൃപന്റെ മക്കളേ. (XI 54)

സീതാവിവാഹം കഴിഞ്ഞു് അയോദ്ധ്യയിലേക്കുള്ള മടക്കയാത്രയിലാണു് പരശുരാമനെ കണ്ടുമുട്ടുന്നതു്. ക്ഷത്രിയന്മാരെയെല്ലാം വകവരുത്തിയെന്നഭിമാനിക്കുന്ന പരശുരാമൻ മറ്റൊരു രാമൻ പ്രതിയോഗിയായി ഉയരുന്നതു് എങ്ങനെ സഹിക്കാനാണു്?

ഇതുനാംവരെജ്ജഗതി രാമനെന്നു പേ—
രതുകൊണ്ടറിഞ്ഞീടുവതെന്നെമാത്രമാം
അതു മാറ്റിയിന്നു പുകഴ്പൊങ്ങിടുന്ന നീ—
യതുകൊണ്ടു നാണമണയുന്നിതുള്ളിൽ മേ. (XI 73)

ദശരഥരാമൻ ചെറുപ്പക്കാരനാകയാൽ മാപ്പു പറഞ്ഞാൽ വെറുതെ വിടാമെന്നും അതിനു തയ്യാറില്ലെങ്കിൽ തന്റെ വില്ലൊന്നു കുലച്ചു് ശരംതൊടുത്തു് സ്വന്തം കഴിവു തെളിയിക്കണമെന്നും അല്ലാതെ ഒരടി മുന്നോട്ടുവയ്ക്കാൻ അനുവദിക്കുന്നതല്ലെന്നും പരശുരാമൻ തീർത്തു പറഞ്ഞു. ശ്രീരാമൻ ഒരു ക്ലേശവും കൂടാതെ വില്ലു വാങ്ങി കുലയേറ്റിയപ്പോൾ പരശുരാമൻ നിഷ്പ്രഭനായി. ആ രണ്ടുപേരുടേയും അപ്പോഴത്തെ നില രഘുവംശത്തിൽ ഇങ്ങനെയാണു് വർണ്ണിച്ചിട്ടുള്ളതു്:

പെരുകുന്ന കാന്തിയൊരുവന്നിറക്കമാ—
ണൊരുവന്നിവണ്ണമിരുപേരെയും ജനം
പുരുകൗതുകത്തൊടഥ പാർത്തു സന്ധ്യയേ—
ന്നൊരു പാവ്വണേന്ദുരവിമാരെമാതിരി (XI 82)

പില്ലാലത്തു് രഘുവംശം പരിഭാഷപ്പെടുത്തിയ പ്രൊഫ. എം. പി. രാഘവക്കുറുപ്പ് ഈ ശ്ലോകം തർജ്ജിമചെയ്തതു് ഇങ്ങനെയാണു്.

നേക്കുനേരിലമരുന്ന രണ്ടുപേർ
കാന്തിയേറിയുമിടിഞ്ഞുമുള്ളവർ
പൗർണ്ണമാസി ദിവസാന്തവേളയിൽ
ചന്ദ്രഭാസ്കര സമാന ശോഭരായ്

സൂര്യതേജസ്സാണ് ചന്ദ്രനിലേക്ക് പകരുന്നതു്. അതുപോലെ ഭൂഭാരാമന്റെ തേജസ്സു മുഴുവൻ രഘുരാമനിലേക്കു് പകർന്നു എന്നു ഭാവം. പൗർണ്ണമാസി ദിവസാന്തത്തിൽ സൂര്യനു് ഇടിവും ചന്ദ്രനു് തെളിച്ചവും വരുമെന്നു് സ്മരിച്ചാൽ മതി. എന്നു് പ്രൊഫ. രാഘവക്കുറുപ്പ് തന്റെ ശ്ലോകത്തിനു് ഒരടിക്കുറിപ്പും വിശദീകരണവും നല്കിയിട്ടുണ്ടു്. ഭൂഭാരാമൻ തനിക്കു പറഞ്ഞിയ അമളി ഏറ്റു പറഞ്ഞു. 'തലതാഴ്ത്തിയെൻ പിഴപൊറുക്കുകെന്നു് കാൽമലർ കൂപ്പി മാമുനി'

പന്ത്രണ്ടാം സർഗ്ഗത്തിൽ വിച്ഛിന്നാഭിഷേകം മുതൽ രാവണവധം ഉൾപ്പെടെയുള്ള കഥകളെല്ലാം ചമത്കാരഭംഗിയോടെ സംഗ്രഹിച്ചിട്ടുണ്ടു്. മന്ഥരയുടെ ദുരുപദേശമൊന്നും കൂടാതെതന്നെ കൈകേയിക്കു് ഭരതന്റെ കാര്യം ദശരഥന്റെ മുമ്പിൽ ഉന്നയിക്കാൻ സാധിക്കുന്നുണ്ടു്. രാമനെ രാജ്യഭാരമേല്പിച്ചു് വാനപ്രസ്ഥത്തിനിറങ്ങാൻ ദശരഥനോടു് തലയിലെ നര ചെവിയിൽ മന്ത്രിക്കുകയാണു്.

നാടിനീശനുടെ കാതിനടുക്കൽ
കൂടി, രാമനിള നൽകുകയെന്നായ്
പേടി കൈകയിലാന്ന പടിയ്ക്കോ-
തീടിനാനം ജരനരച്ചലമോടേ. (XII 2)

ഒരു പക്ഷേ കൈകേയിയോടുള്ള പേടികൊണ്ടു പറഞ്ഞതാകാം. യുവരാജ്ഞിയുടെ ദുഷ്ടി ഭർത്താവിന്റെ ജരാനരകളിൽ പെട്ടാൽ അതു് തീർക്കാനാകുമല്ലോ അവർക്കു തിടുക്കം. ഇക്കാര്യത്തിൽ മഹാരാജാവിനെ നിർബന്ധിക്കാനായി അവളുടെ കൈവശം ഭർത്തൃദത്തമായ രണ്ടു വരം കിടപ്പുണ്ടായിരുന്നു. ഒന്നുകൊണ്ടു് രാമനെ പതിന്നാലു വർഷം കാട്ടിലയക്കുവാനും മറേറതുകൊണ്ടു് ഭരതനെ രാജാവാക്കുവാനും ആവശ്യപ്പെട്ടു.

പട്ടുടുത്തളവുമായതവൻ കൈ—
വിട്ട വൽക്കലമതേന്തിയപോതും
ഒട്ടുമാസ്യരുചി മാറിയിതില്ലാ—
മട്ടുകണ്ടു ജനമത്ഭുതമാണ്ടു. (XII 8)

രാജോചിതമായ പട്ടാട ധരിച്ചപ്പോഴും മരവുരി ചാത്തി വനവാസത്തിനു പുറപ്പെട്ടപ്പോഴും ശ്രീരാമചന്ദ്രനിൽ ഒരു ഭാവഭേദവും ജനങ്ങൾ കണ്ടില്ല. പുത്രന്മാരുടെ വിയോഗം, രാജ്യത്തിന്റെ ഭാവി, പുത്രദുഃഖംമൂലം മരിക്കുമെന്നു തനിക്കുണ്ടായ മുനിശാപം — ഇതെല്ലാമോർത്തു് ദശരഥൻ മരണമടഞ്ഞു. അമാത്യന്മാർ ഭരതനെ കേകയത്തുനിന്നു് ഉടൻ വരുത്തി. ഭരതനു് രാജ്യഭരണത്തേക്കാൾ താത്പര്യം ജ്യേഷ്ഠനെ കാട്ടിൽനിന്നു് തിരിയെ കൊണ്ടുവരുന്നതിലായിരുന്നു. ചിത്രകൂടത്തിലെത്തി ജ്യേഷ്ഠന്റെ പാദുകങ്ങൾവാങ്ങിപ്പോന്ന ഭരതൻ നന്ദിഗ്രാമത്തിൽ താമസിച്ചു് രാജ്യരക്ഷ ജ്യേഷ്ഠന്റെ നാമത്തിൽ നടത്തിയെന്നു മാത്രം.

ജയന്തൻ കാകനായി വന്നു് സീതയെ പരിക്കേല്പിച്ച സംഭവം ചിത്രകൂടത്തിൽ വച്ചായിരുന്നു. വിരാധനെ വധിച്ചശേഷം താമസം പഞ്ചവടിയിലായി. അവിടെ വച്ചാണു് രാവണസോദരി ശൂർപ്പണഖ കാമാഭ്യർത്ഥനയുമായി രാമനെ സമീപിക്കുന്നതും ലക്ഷ്മൻ അവളെ വൈരൂപ്യം വരുത്തി പറഞ്ഞുവിടുന്നതും. അവളുടെ പരാതികേട്ടു് രാമനോടേറ്റുമുട്ടിയ ഖരാദികളെ എല്ലാം അന്തരിച്ച വിവരം അവൾ രാവണനെ അറിയിച്ചു. മാരീചനെ പൊന്മാനാക്കി, രാമലക്ഷ്മണന്മാരെ അകറ്റി, രാവണൻ സീതയെ മോഷ്ടിച്ചുകൊണ്ടുപോയി. വഴിക്കു് ജടായു തടയുവാൻ വിഫലശ്രമം നടത്തിയതു് ഒറ്റശ്ലോകത്തിൽ കഴിച്ചിരിക്കുകയാണു്.

ഹേമമാൻ വടിവിയന്നൊരരക്കൻ
രാമലക്ഷ്മണരെയാശ്രമത്തിന്നു
ഭീമഗുഡ്യറ കൃത്വിഷ്ണമൊഴിച്ചാ—
രാമപത്നിയെ ഹരിച്ചു ദശാസ്യൻ (XII 53)

ജടായുവിൽ നിന്നാണു് രാവണൻ സീതയെ കൊണ്ടുപോയ കഥ രാമൻ അറിയുന്നതു്. ജടായുവിന്റെ ശവദാഹക്രിയകളും ആദരപൂർവം രാമൻ നടത്തുകയുണ്ടായി.

കബന്ധവധം, സുഗ്രീവസഖ്യം, ബാലിവധം, സമ്പാതിദർശനം, ഹനുമാന്റെ സമുദ്രലംഘനം, ഇതെല്ലാം 4 ശ്ലോകങ്ങളിൽ ഒതുക്കിയിരിക്കുകയാണു്. ലങ്കാദഹനം സ്പർശിക്കമാത്രമേ ചെയ്തിട്ടുള്ളൂ. സീതയുടെ ചൂഡാരത്നം രാമൻ സ്വീകരിക്കുന്നതു പറയുവാൻ രണ്ടു ശ്ലോകം വിനിയോഗിച്ചിട്ടുണ്ടു്. സേതുബന്ധനം ഒറ്റശ്ലോകം കൊണ്ടു തീർത്തിരിക്കുകയാണു്. യുദ്ധവർണ്ണന വിസ്തരിച്ചു തന്നെ വർണ്ണിച്ചിട്ടുണ്ടു്. രാവണവധംകഴിഞ്ഞു് പുഷ്പകവിമാനത്തിലുള്ള മടക്കയാത്രയിൽ പ്രകൃതിഭംഗികളെല്ലാം സീതയ്ക്കു കാട്ടിക്കൊടുക്കുന്നുണ്ടു്. സമുദ്രവർണ്ണനയിലെ ഒരു ശ്ലോകം എം പി. രാഘവക്കുറുപ്പിന്റെ വിവർത്തനത്തിൽ നിന്നു് ഉദ്ധരിക്കാം.

മുഖാർപ്പണത്തിൽ സ്വതവേ മിടുക്കു
കാട്ടും നദീവല്ലഭമാരെ നിത്യം
ഇവൻ തിരച്ചുണ്ടുകയ്യം നീട്ടി ഭക്ഷൻ
നകർന്നിടുന്നു, നകരിച്ചിടുന്നു (XIII 9)

ചിരകാല വിരഹത്തിനുശേഷം രാമനു് സീതയെ കണ്ടുകിട്ടിയതുകൊണ്ടാകാം സമുദ്രവണ്ണനയിൽ ശൃംഗാരത്തിന്റെ അംശം ചേർത്തിരിക്കുന്നതു്. കുറേബോധത്തോടെ രാവണൻ സീതയെ ലങ്കയിലേക്കു കൊണ്ടുപോകുമ്പോഴും ഇത്തരം വിവരണത്തിനൊന്നും പ്രസക്തിയില്ല ഇപ്പോഴും വിജയലഹരിയോടെ കൃതകൃത്യനായിട്ടാണു് ശ്രീരാമൻ വിമാനത്തിൽ മടക്കയാത്ര നടത്തുന്നതു്. ഗംഗയും യമുനയും ഒന്നിച്ചു ചേരുന്ന ദൃശ്യത്തിന്റെ വർണ്ണന ശ്രദ്ധേയമാണു്. സരയൂനദിയിലെ ഓളങ്ങളും കാണുമ്പോഴും സ്വന്തം അമ്മ മകനെ ആഞ്ഞുപുൽകാൻ കൈകളും നീട്ടുന്ന പ്രതീതിയാണു് ശ്രീരാമനുണ്ടായതു്. ഭരതനെപ്പറ്റിയും ശ്രീരാമന്റെ മനസ്സിൽ മധുരസ്മരണകളും വളർന്നു വരുന്നുണ്ടു്.

മന്ത്രിമാരും മഹർഷിമാരും സ്വീകരിക്കാൻ കാത്തുനില്ക്കുന്നതു കണ്ടു് വിമാനം നിലത്തിറങ്ങി. സ്വീകരണച്ചടങ്ങുകളെല്ലാം കാളിദാസൻ വിശദമായി വിവരിച്ചുതരുന്നുണ്ടു്. പലതരം തീർത്ഥജലങ്ങളും കൊണ്ടുവന്നു് ശ്രീരാമപട്ടാഭിഷേകം ആർഭാടപൂർവം ആചരിക്കപ്പെട്ട. ശ്രീരാമന്റെ വാഴ്ച മാതൃകാപരമായിരുന്നു.

ജനാപവാദത്തിന്റെ പേരിൽ സീതയെ കാട്ടിലുപേക്ഷിക്കാനുള്ള ജ്യേഷ്ഠന്റെ തീരുമാനം ലക്ഷ്മണനു് അത്ര സമ്മതമായിരുന്നില്ല. ഭയംകൊണ്ടു് ഒന്നും പറഞ്ഞില്ല. നിർദ്ദേശം അനുസരിക്കുതന്നെ ചെയ്തു.

രാമാനുജൻ സ്വാന്ത്വനമോടവരംകു
വാല്മീകി സന്നിധിനു പാതകാട്ടി
ഈയസ്വതന്ത്രൻ ഗുരുചൊന്നകാട്ടം
ക്രൗര്യം പൊറക്കെന്നുമിരന്നുകൊണ്ടാൻ (XIV 58)

വികാരങ്ങളും പുറത്തു കാട്ടിയില്ലെങ്കിലും സീതാപരിത്യാഗത്താലുണ്ടായിരുന്ന മനോവേദന ശ്രീരാമൻ അനുഭവിച്ചുകൊണ്ടിരുന്നു.

സീത വാല്മീകിയുടെ ആശ്രമത്തിൽവച്ചു് ലവകുശന്മാർക്കു് ജന്മം നല്കി. വാല്മീകി നിർമ്മിച്ച രാമായണഗാനം ആദ്യം പാടിനടന്നതു് അവരാണു്.

രാമന്റെ കഥ, വാല്മീകിനിർമ്മാതാ; കിന്നരസ്വനം
പാട്ടിതിന്മേതെന്തുവേണം ശ്രോതാക്കളെ മയക്കുവാൻ
(XV 64)

വാസ്തവത്തിൽ ഈ രഘുവംശശ്ലോകത്തിന്റെ മാതൃക കണ്ടിട്ടാവാം വള്ളത്തോൾ 'തോണിയാത്ര'യിലെ താഴെ പറയുന്ന ശ്ലോകം എഴുതിയതു്.

കാവ്യം സുഗേയം കഥ രാഘവീയം
കത്താവു തുഞ്ചത്തുളവായ ദിവ്യൻ
പാടുന്നതോ ഭക്തിമയ സ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തുവേണം

കുശലവന്മാർ പാടി നടന്നപ്പോഴും പ്രായഭേദങ്ങളൊഴികെ മറെറാന്നിലും ഭേദം കാണായ്കയാൽ പൗരർ അത്ഭുതപ്പെട്ടു നിന്നുപോയി. പ്രശ്നം രാമസന്നിധിയിലവതരിപ്പിക്കപ്പെട്ടു.

'ഗാനമാരു പഠിപ്പിച്ചു കവിയാരെ'ന്നുമൊക്കവേ
ഭൂപൻ നേരിട്ട ചോദിക്കെ ചൊന്നാൽ വാല്മീകിയെന്നവർ

വാല്മീകിയെ രാമൻ സന്ദർശിക്കുകയും സീതാപുത്രന്മാരായ അവരെ സ്വീകരിക്കാൻ മഹർഷി രാമനോടു് ആവശ്യപ്പെടുകയും ചെയ്തു. പാതിവ്രത്യശുദ്ധി ജനങ്ങൾക്കു ബോധ്യപ്പെടുത്തിയാൽ അവരെയെല്ലാം സ്വീകരിച്ചുകൊള്ളാമെന്നായി ശ്രീരാമൻ. പിറെറ ദിവസം തന്റെ പ്രതിജ്ഞ നിറവേറാനായി പൗരന്മാരെ വിളിച്ചുകൂട്ടി. പൗരസഞ്ചയത്തിന്റെ മുൻപിൽ താൻ സുചരിത്രയാണെന്നു ബോധ്യപ്പെടുത്താൻ സീത വാല്മീകി ചൊല്ലിക്കൊടുത്ത ശപഥവാക്യം ഏറ്റുചൊല്ലി,

മനോവാക്കർമ്മങ്ങളാൽ ഞാൻ പിഴച്ചീലെങ്കിൽ
നാഥനിൽ
അമ്മേ വിശ്വംഭരേ ദേവിയെന്നെയുംക്കൊണ്ടു
കൊള്ളണേ (XV 81)

പെട്ടെന്നു ഭൂമിയിൽ ഒരു പിളർപ്പുണ്ടാവുകയും സീത അതിനകത്തു് മറഞ്ഞുപോവുകയും ചെയ്തു. ശ്രീരാമൻ സീതയോടുണ്ടായിരുന്ന സ്നേഹത്തെ ലവകുശന്മാരിൽ അർപ്പിച്ചു. ഭരതപുത്രന്മാരിൽ തക്ഷനെ തക്ഷശിലയിലും പുഷ്കലനെ പുഷ്കലപുരത്തിലും വാഴിച്ചു. ലക്ഷ്മണപുത്രന്മാരായ ചന്ദ്രകേതു, അംഗദൻ എന്നിവർക്കു് കാരാപഥം എന്ന സ്ഥലം അനുവദിച്ചുകൊടുത്തു. ശത്രുഘ്നന്റെ പുത്രന്മാരായ ബഹുശ്രുതൻ, സുബാഹു എന്നിവർക്കു കൊടുത്തതു് വിദിശയും മധുരയുമായിരുന്നു. അതുപോലെ കുശനു് കുശാവതിയും ലവനു് ശരാവതിയും ഏല്പിച്ചു കൊടുത്തു. ജീവിതദൗത്യം പൂർത്തിയാക്കിയ ശ്രീരാമൻ സരയൂനദിയെ കോണിയാക്കി സ്വർഗ്ഗം പൂകി. ഉത്തരഗിരിയിലെ ഗന്ധമാദനത്തിലാണു് ഹനുമാനു് ആസ്ഥാനം കൊടുത്തതു്. വിഭീഷണനു് ദക്ഷിണഗിരിയേയും ഏല്പിച്ചതോടുകൂടിയാണു് രാമചരിതം രഘുവംശത്തിൽ സമാപിപ്പിക്കുന്നതു്.

15. വാല്മീകിരാമായണം

—വള്ളത്തോളിന്റെ വൃത്താനുവൃത്തവിവർത്തനം

രാമായരാമചന്ദ്രായ രാമഭദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ

വാല്മീകിരാമായണം ഭാരതസംസ്കാരത്തിന്റെ അനശ്വരശ്രോതസ്സാണ്. വടക്ക് കാശ്മീർ മുതൽ തെക്ക് കന്യാകുമാരി വരെ യാത്രചെയ്യുന്ന ഒരാൾ ജനജീവിതത്തിൽ എന്തെല്ലാം വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളുമാണ് കണ്ടുമുട്ടുന്നത്. ഈ വൈജാത്യങ്ങളുടെ നടുവിൽ അവരവരുടെ ഭാഷവഴി ഏവരും രാമകഥയുമായി ബന്ധപ്പെട്ട കാണുന്നു. അയോദ്ധ്യ, മിഥിലാപുരി, രാമേശ്വരം, ഗംഗാനദി, ഗോദാവരി, പമ്പാതീരം എല്ലാം ബന്ധപ്പെടുത്തിയാണ് രാമായണകഥ രൂപംകൊണ്ടതു്. അവരവരുടെ ജീവിതത്തിനനുസരിച്ച് ഓരോ പ്രദേശക്കാരും അല്പസ്വല്പമായ ഭേദങ്ങളോടെ രാമായണകഥയുമായി പരിചയപ്പെട്ടിരിക്കുന്നു.

വാല്മീകിവിജയം എന്നൊരു ഗദ്യകാവ്യം വംഗഭാഷയിൽ ഹരപ്രസാദശാസ്ത്രി നിർമ്മിച്ചിരുന്നു. അതിന്റെ ഇംഗ്ലീഷ് പരിഭാഷയുമാണ് ദക്ഷിണേന്ത്യയിൽ പ്രചാരം സിദ്ധിച്ചതു്. ഭൗതികതയുടേയും ധൈഷണികതയുടേയും ശക്തികളെ ധർമ്മതത്പരമാണക്കി എങ്ങനെ നിയന്ത്രിക്കാമെന്നു് ആ കൃതി നമുക്കു കാണിച്ചു തരുന്നു. വിശ്വാമിത്ര മഹർഷി ഭൗതിക സിദ്ധികളെ പ്രതിനിധീകരിക്കുമ്പോൾ വസിഷ്ഠൻ ധൈഷണികതയുടെ ഉച്ചനിലയിൽ വർത്തിക്കുന്നു. ഭൗതികശക്തിയെ നശിപ്പിക്കുകയോ ധൈഷണിക ശക്തിയെ പൂവിട്ടു പൂജിക്കുകയോ അല്ല തന്റെ ലക്ഷ്യമെന്നു് വാല്മീകി മഹർഷി പറയുന്നു. രണ്ടിനേയും ഇണക്കി ധാർമ്മികതയിലേക്കു് ഉയർത്തുകയാണു് ചെയ്യേണ്ടതു്. ബാലിയേയും രാവണനേയും വധിക്കേണ്ടിവന്നാലും അംഗദനും വിഭീഷണനും രക്ഷനല്കാൻ ശ്രീരാമൻ തീരുമാനിക്കുന്നുണ്ടല്ലോ.

ശ്രീമദ് സിദ്ധിനാഥാനന്ദസ്വാമിയുടെ ഒരു ലേഖനത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ രാമായണകല്പതരുവിനുള്ള ഏഴു കാണ്ഡങ്ങളുടേയും നാമകരണത്തിൽതന്നെ ആദികവി സാമാന്യത്തിലധികം മനസ്സിരുത്തിയിട്ടുണ്ടു്. ശോകരസത്തിന്റെ ഒരു പാകപ്പെടുത്തൽ രാമായണത്തിൽ ആകെ കാണാം. ശോകമാണു് ആദികാവ്യത്തിന്റെ സ്ഥായിഭാവം—'ശോകഃ ശ്ലോകത്വമാഗതഃ' എന്നാണു് പ്രമാണം? സന്താനത്തിനുവേണ്ടി കേഴുന്ന ദശരഥനു് നാലു പുത്രന്മാർ ജനിക്കുന്നതാണു് ബാലകാണ്ഡത്തിലെ മുഖ്യപ്രമേയം.

ചെറിയ പ്രായത്തിലുള്ള മക്കളെ വിശ്വാമിത്രന്റെ യാഗരക്ഷയ്ക്ക് അയ ക്കേണ്ടിവരുന്നു. പ്രജാഹിതമനുസരിച്ച് രാമനെ യുവരാജാവാക്കാൻ ശ്രമി ക്കുവെ അതിനു പ്രതിബന്ധം ഉണ്ടാകുന്നു എന്നുമാത്രമല്ല, കാട്ടിലേക്കയക്കേ ണ്ടതായും വന്നുകൂടുന്നു. അയോദ്ധ്യയെ കണ്ണീരിലാഴ്ത്തിക്കൊണ്ട് രാമൻ സീതാലക്ഷ്മണസമേതം വനവാസത്തിനു പുറപ്പെടുന്നതു് അയോധ്യാ കാണ്ഡത്തിലാണു്. ആരണ്യകാണ്ഡത്തിൽ രാമാദികളുടെ വനവാസം ചിത്രീകരിക്കപ്പെടുന്നു കിഷ്കിന്ധയിൽ രാമന്റെ വിരഹതാപമാണു് ആലേഖനം ചെയ്തിട്ടുള്ളതു്. ഹനുമാൻ ലങ്കയിൽച്ചെന്നു് സീതയെക്കണ്ടു് ശ്രീരാമനു് സന്തോഷം പകരുന്ന കാണ്ഡമാണു് സുന്ദരകാണ്ഡം. രാവണ നെ ഒടുക്കി ശ്രീരാമൻ സീതയോടൊപ്പം ധർമ്മരക്ഷാർത്ഥം അയോധ്യയി ലേക്കു് മടങ്ങുന്ന ഭാഗമാണു് യുദ്ധകാണ്ഡം. ശേഷമുള്ള കഥാഭാഗത്തെ ഉത്തരകാണ്ഡമെന്നറിയപ്പെടുന്നു.

നവരസങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണു് രാമായണരചന സാധിച്ചി ട്ടുള്ളതു്. 'രാമായണത്തേക്കാളും മെച്ചപ്പെട്ട ഒരു പ്രേമകാവ്യം ഏതുണ്ടു്?' ശ്രീരാമൻ ഹനുമാൻ വഴി സീതയ്ക്കു് ഒരു സന്ദേശമയച്ചതാണു് സന്ദേശ കാവ്യത്തിനു് തുടക്കം കുറിച്ചതു്. ആദികവിയുടെ ആദികാവ്യം ദേശഭാഷക ളിൽ പ്രചരിപ്പിക്കുന്നതിനു് വാല്മീകി രണ്ടു ജന്മം സ്വീകരിച്ചു എന്നു് പറയപ്പെടുന്നു. അതിൽ ആദ്യജന്മത്തിൽ കമ്പരാമായണമെന്ന ഗ്രന്ഥം തമി ഴിൽ രചിച്ചു് ദക്ഷിണേന്ത്യയിൽ രാമായണസന്ദേശമെത്തിച്ചു. ഉത്തരഭാര തത്തിൽ തുളസീദാസനാണു് രാമചരിതമാനസം പ്രചരിപ്പിച്ചതു്.

'വാല്മീകിസ്തുളസീദാസകലൗഖലു ഭവിഷ്യതി
കൃതാരാമായണ കഥാത്രയീവ പരിശോഭിതേ'

എന്നതിൽനിന്നു് വാല്മീകീരാമായണത്തിന്റെ പ്രാധാന്യം കമ്പരാമായ ണത്തിനും തുളസീദാസരാമായണത്തിനും സിദ്ധിച്ചിട്ടുണ്ടെന്നു വെളി വാകുന്നു.

മലയാളത്തിൽ കേരളവർമ്മരാമായണം അപൂർണ്ണമാണു്. കുഞ്ഞുക്കുട്ടൻ തമ്പുരാൻ മഹാഭാരതവിവർത്തനം നടത്തിയ സാഹചര്യത്തിൽ വാല്മീകി രാമായണവിവർത്തനം നടത്തണമെന്നു് വള്ളത്തോളിനു തോന്നി.

ഭാഷാത്മികേ! ഭവാംഗാദ്ഭ്രഷ്ടാ മാണിക്യരത്നമേ
ഭാഷാരാമായണം തീർപ്പാൻ തോഷാലെന്നെത്തുണയ്ക്കുണേ

എന്ന പ്രാർത്ഥനയോടുകൂടി ആദികാവ്യത്തെ സമീപിക്കാൻ വള്ളത്തോളും ധൈര്യപ്പെട്ടു. 1080 കുംഭം 30—നാണു് രാമായണതർജ്ജിമ ആരംഭിച്ചതു്. ദിവസേന 30, 40 ശ്ലോകങ്ങളും വിവർത്തനം ചെയ്യുക എന്നതായിരുന്നു പരിപാടി. കേരളകല്പദ്രുമത്തിലെ ജോലി സ്വീകരിച്ചശേഷം പ്രസ്സിൽ

വച്ച് രാമായണതർജ്ജിമ ചെയ്യുന്നതു് ശരിയല്ലെന്നു തോന്നുകയാൽ തർജ്ജിമ വീട്ടിൽവച്ചാക്കി.

അയോദ്ധ്യാകാണ്ഡംവരെ ചെന്നെത്തിയതു് ആറുമാസംകൊണ്ടാണു്. ആറൂർ കൃഷ്ണപ്പിഷാരടിയും ഇതേ പരിപാടിയിൽ ഏർപ്പെട്ടിരുന്നു എങ്കിലും വള്ളത്തോളിന്റെ തർജ്ജിമയെക്കുറിച്ചു കേട്ടപ്പോൾ അദ്ദേഹം അതിൽ നിന്നു പിന്മാറി. 1082 മകരം 29—നു് തർജ്ജിമ പൂർത്തിയാക്കി. കുഞ്ഞിക്കുട്ടൻതമ്പുരാൻ വിവർത്തനം മുഴുവൻ പരിശോധിച്ചു് സന്തോഷം രേഖപ്പെടുത്തി. 1084 ഇടവത്തിൽ കേരളകല്പദ്രുമം പ്രസ്സിൽ അച്ചടിച്ചു് രാമായണ തർജ്ജിമ പുസ്തകരൂപത്തിൽ പുറത്തുവന്നു. കണ്ണശ്ശപ്പണിക്കർ, കോട്ടയം കേരളവർമ്മരാജാ എന്നീ കേരളീയ കവികളുടെ ഭാഷാവിഷയകമായ സേവനം സ്മരണീയമെങ്കിലും കൃതിയുടെ ഒരു ശരി തർജ്ജിമ നിർമ്മിക്കുകവഴി വള്ളത്തോൾ മഹനീയമായൊരു സേവനമാണു് അനുഷ്ഠിച്ചിട്ടുള്ളതു്. അതിബൃഹത്തും അതുല്യവുമായ ഒരു ഇതിഹാസഗ്രന്ഥത്തിന്റെ ഭാഷാന്തരീകരണത്താൽ അനുഗൃഹീതനായ വള്ളത്തോൾ കേരളീയരുടെ കൃതജ്ഞതക്കു പാത്രമായിത്തീർന്നിട്ടുണ്ടെന്നു് ഇംഗ്ലീഷിലുള്ള മുഖവുരയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ രേഖപ്പെടുത്തിയിട്ടുണ്ടു്.

വാമേഭ്രമിസുതാ പുരസ്സഹനുമാൻ
പശ്ചാത് സുമിത്രാത്മജഃ
ശത്രുഘ്നോഭരതശ്ച പാർശ്വയുഗയോർ
വായ്വാദികോണാദിഷു
സുഗ്രീവശ്ച വിഭീഷണശ്ച പരിത
സ്താരാസുതോ ജാംബവാൻ
മദ്ധ്യേനീലസരോജ കോമളരുചിം
രാമം ഭജേ ശ്യാമളം

എന്ന മംഗളശ്ലോകത്തിന്റെ തർജ്ജിമ നോക്കുക.

സീതാദേവിയിടത്തു മുന്നിലനുമാൻ
പിന്നിൽ സുമിത്രാസുതൻ
ശത്രുഘ്നഭരതാദ്യനായിരുപുറം
വായ്വാദികോണങ്ങളിൽ
സുഗ്രീവൻ സ വിഭീഷണൻ യുവനൃപൻ
താരേയ നൃപേശനും
മധ്യേശ്യാമളപദ്മഭാസൊടമരും
ശ്രീരാമനെക്കുപ്പുവൻ

തർജ്ജിമയുടെ സ്വാരസ്യം കാണിക്കുവാൻ സുന്ദരകാണ്ഡത്തിൽ ലങ്കയുടെ മഹത്ത്വവും സൗന്ദര്യാതിരേകവും ധ്വനിപ്പിക്കുന്ന ഭാഗം വള്ളത്തോൾ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നുവെന്നു് നോക്കുക.

ആ ശ്രേഷ്ഠപുരിയാകുന്ന കാമരൂപിണി ലങ്കയെ
ബലേന വെന്നാത്തേജസ്വീ ഹനുമാൻ കപിസത്തമൻ

.....

വാതില്ലൂടെയല്ലാതെ മതിൽ ചാടി മഹാഭുജൻ
ലങ്കാനഗരിയുംപ്പുക്കു കപി രാജഹിതോദ്യതൻ

.....

ഇടത്തെക്കാലു മുൻവച്ചാനതുമാറാർത്തലക്കുതാൻ
ഉംപ്പുക്കാൻ സത്വസമ്പന്നനിരവിൽ പവനാത്മജൻ

.....

പൂക്കും ചിന്നിവിളങ്ങുന്ന വൻപാതയിലണഞ്ഞവൻ
ആ രമ്യലങ്കാപുരിതൻ നേരേപോയാൽ പ്ലവംഗമൻ

ശ്രീരാമനോട് സീത തന്റെ നിർദ്ദോഷിത്തം ബോധിപ്പിക്കുന്ന ഭാഗം മൂലത്തോടുകൂടി ഉദ്ധരിക്കാം.

മൂലം:

തതോബാഷ്പപരിക്ലിന്നം പ്രമാർജന്തീ സ്വമാനനം
ശനൈർ ഗദ്ഗദയാ വാചാ ഭർത്താരമിദമ ബ്രുവീൽ

കിം മാമസദൃശം വാക്യ-മീദൃശം ശ്രോതൃദാരുണം
രൂക്ഷം ശ്രാവയസേ വീരപ്രാകൃതഃ പ്രാകൃതാമിവ

ന തഥാസ്മീ മഹാബാഹോ യഥാത്വമവ ഗച്ഛസി
പ്രത്യയം ഗച്ഛമേ യേന ചാരിത്രേണൈവതേ ശപേ

തർജ്ജിമ:

പിന്നെക്കണ്ണീരൊഴുകിന തൻമുഖത്തെതുടച്ചവൾ
മെല്ലവേ തൊണ്ടയിടറിബ്ഭർത്താവോടേവമോതിനാൾ
രൂക്ഷമായ് കണ്ണുകടുവായ് ചേരാത്ത മൊഴിയിങ്ങനെ
ചൊൽവതെന്തെന്നൊടെൻ വീര! ഹീനൻ ഹീനയൊടാം
വിധം

അങ്ങുന്നു കരുതും മട്ടിലല്ലെൻ നിലമഹാഭുജ
വിശ്വാസം പൂണ്ടുകൊംകിങ്ങെൻ ചാരിത്ര്യത്താണേ
സത്യമാം

ഏറിയപങ്കും രാമായണതർജ്ജിമ മൂലാനുസാരിയാണ്. ചിലേടത്തു് മൂലാതിശായിയായും തീർന്നിട്ടുണ്ടു്. അസദൃശം വാക്യം എന്നതിനെ ചേരാത്ത മൊഴിയാക്കിയതു് തികച്ചും മൂലാതിശായിയായിട്ടാണു്.

രാമായണം മാസികാരൂപത്തിൽ പുറത്തുവന്നപ്പോഴും പത്രങ്ങളും അതിനെ വളരെ സ്വാഗതം ചെയ്തിരുന്നു. മലയാളമനോരമ, സ്വദേശാഭിമാനി തുടങ്ങിയ പത്രപംക്തികളിലാണ് സമാലോചനകളും കൂടുതൽ പ്രത്യക്ഷപ്പെട്ടതു്.

മനോരമയിൽ ഒരു രാമായണ വായനക്കാരൻ എഴുതിയ ആക്ഷേപങ്ങളുംക്കു് മറുപടി എഴുതിയതു് ഉള്ളൂരായിരുന്നു. അതിൽനിന്നു് ചില വരികളും ഇവിടെ എടുത്തുകാണിക്കാം. 'വാല്മീകി രാമായണമോ മഹാഭോരതമോ പോലെയുള്ള ഒരു ദിവ്യഗ്രന്ഥം ഭാഷാന്തരീകരിക്കുന്നതിനു് മനോരമയിൽ ഒന്നോ രണ്ടോ കോളത്തിൽ ഒരു ലേഖനമെഴുതുന്നതിനേക്കാളും എത്രയോ മടങ്ങു് അധികം പ്രയാസമുണ്ടു്.'

'പരിപപ്രച്ഛുസ്സു ഓതിയെന്ന തജ്ജിമ എന്തുകൊണ്ടു് പോരെന്നു് മനസ്സിലാകുന്നില്ല. ഓതിയെന്ന പദത്തിനുമേൽ ആര എന്ന പദം വരുന്നതുകൊണ്ടു് പ്രച്ഛയുടെ ഭാവം അർഥാൽ സിദ്ധിക്കുമെന്നതു് നിർവിവാദമാണു്.'

ആജാനുബാഹു =കൈമുട്ടാണോൻ
വിധിവത് =ആമ്മാറു്
സ്വർഗ്ഗംജഗാമ =അന്തരിച്ചു
ധർമ്മയിവാപരഃ =സാക്ഷാൽ ധർമ്മസമൻ

ഇത്തരം പല ആക്ഷേപങ്ങളുംക്കും മറുപടി പറഞ്ഞു് തജ്ജിമയെ അദ്ദേഹം ന്യായീകരിച്ചു.

കേരളവർമ്മ വലിയകോയിത്തമ്പുരാനും പത്രാധിപക്കുള്ള കത്തിൽ വള്ളത്തോളിനെ പ്രശംസിച്ചും പിന്താങ്ങിയും ഉപന്യസിച്ചിരുന്നു.

'രാമായണവായനക്കാരൻ എഴുതിയിരിക്കുന്ന ലേഖനം ഹൃദയാകൃഷ്ടം ആയിതന്നെ തോന്നുന്നതാണു്. ജനോപകാരത്തിനായി വളരെ പരിശ്രമിച്ചു് ആദികാവ്യമായ വാല്മീകിരാമായണത്തെ മുഴുവനും ഭാഷയിൽ മൂലവൃത്താനുസാരിയായ പദ്യങ്ങളിൽ സംക്രമിപ്പിച്ച ഒരു കവിയുടെ കൃതിയിൽ തുച്ഛങ്ങളായ ദോഷങ്ങളെ ആരോപിക്കുന്നതു് ഒരു സ്വാസംരംഭവിജൃംഭിതമാണെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.' വലിയ കോയിത്തമ്പുരാന്റെ കത്തിലെ ഏതാനും വരികളാണു് മുകളിൽ ചേർത്തിട്ടുള്ളതു്.

ആദ്യപതിപ്പിനെക്കുറിച്ചുള്ള വള്ളത്തോളിന്റെ അഭിപ്രായം നമുക്കൊന്നു പരിശോധിക്കാം. 'എന്റെ രാമായണ തജ്ജിമ പുറത്തുവന്നപ്പോഴും അതിനു കിട്ടിയ പ്രശംസ ആകാശത്തെത്തുളക്കത്തക്കതായിരുന്നു. കുറെ കാലങ്ങൾക്കുശേഷം അതു വായിച്ചുനോക്കിയപ്പോഴാണു് ആ ശ്ലാഘയുടെ പൊള്ളത്തരം ബോധ്യമായതു്. ഇരുപത്താറു വയസ്സുകാരനായ ഒരു അവ്യൽപ്പന്ന യുവാവു് ഒരു വിശ്വസാഹിത്യഗ്രന്ഥം വിവർത്തനം ചെയ്യാൻ മുതിർന്നാലത്തെ സ്ഥിതി എന്തായിരിക്കും. അതിനാൽ യഥാശക്യം സംസ്കൃ

രിക്കപ്പെട്ടന്നതിനുവേണ്ടി അച്ചടിപ്പുസ്തകത്തിൽ തിരുത്തി എഴുതാൻ തുടങ്ങി. തിരുത്തൽ കഴിഞ്ഞപ്പോഴും തർജ്ജിമ മിക്കതും മുൻപിലത്തേതല്ലാതായിപ്പോയി. മുൻപിലത്തേതിൽ മൂന്നിലൊരംശംപോലും ഈ പതിപ്പിൽ കാണില്ല.' 1124 ധനുവിൽ വള്ളത്തോൾ വടക്കുംകൂർ രാജരാജവർമ്മക്കു് അയച്ച കത്തു് ജി. ഉണ്ണികൃഷ്ണൻനായർ ഉദ്ധരിച്ചിട്ടുണ്ടു്.

സരളത, സുഗമത, പദശുദ്ധി ഈ വക ഗുണങ്ങളെല്ലാം ചേർന്നു് സംസ്കൃതത്തിലും ഭാഷയിലും കവനംചെയ്യുന്ന ഒരാളാണു് വള്ളത്തോൾ. ഭാഷാന്തരവിഷയത്തിൽ അദ്ദേഹം വളരെ നിഷ്കർഷിച്ചിട്ടുണ്ടു്.

ബാലകാണ്ഡത്തിൽ സീതാവിവാഹഘട്ടത്തിൽ നിന്നു് ഏതാനും ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം.

കൊണ്ടുവന്നഥ പണ്ടങ്ങളെല്ലാം ചാർത്തിയ സീതയെ
അഗ്നിക്കടുത്തു രാമന്റെ മുന്നിലായു് നിർത്തിയോതിനാൻ
കൗസല്യാനന്ദകരനോടായിജ്ജനക മന്നവൻ:—
ഇതാ എന്മകളാ സീതയങ്ങുക സഹധർമ്മിണി
വാങ്ങിസ്സുകിവളെ ബഹുഭദ്രാ കൈപിടിക്കുക കൈയിനാൽ
നിഴൽപോലെ മഹാഭാഗസതി പിന്തുടരും സദാ
എന്നരച്ചേകിനാൻ മന്നൻ മന്ത്രസംശുദ്ധമാം ജലം
അപ്പോളുഷികളം വിണ്ണോരും നന്നുനന്നെന്നു വാഴ്ത്തിനാർ
മുഴങ്ങീ ദേവദുര്യങ്ങളം പൊഴിഞ്ഞു പുഷ്പവൃഷ്ടിയും
ഏവം മന്ത്രോദകത്തോടേ സീതതന്നെക്കൊടുത്തുടൻ
ചൊല്ലീടിനാൻ പ്രഹർഷത്തിൽ മുങ്ങി ജനകമന്നവൻ.

ഇവിടെ പദാനുപദവിവർത്തനം ശരിയായി സാധിച്ചു എന്നതല്ല പ്രധാനം. അന്തരീക്ഷം മുഴുവൻ പുനരാവിഷ്കരിക്കാൻ കഴിഞ്ഞു എന്നതാണു് കേരളവാല്മീകിയുടെ വിജയം. അപ്പൻതമ്പുരാൻ ഈ കൃതിയുടെ മഹത്ത്വത്തെ അവതാരികയിൽ സൂചിപ്പിച്ചിട്ടുണ്ടു്. 'കണ്ണശ്ശരാമായണം, എഴുത്തച്ഛൻ കിളിപ്പാട്ടു്, ആട്ടക്കഥ, തുള്ളൽപ്പാട്ടു് എന്നു വേണ്ട ഭാഷാത്മകങ്ങളായ പല കവിതകളും രാമചരിതാമൃത പാനംകൊണ്ടു യശോരൂപമായ ജീവനെ അവലംബിച്ചു നാടെങ്ങും പ്രചരിച്ചുപോരുന്നുണ്ടു്. നവീനങ്ങളായ അനേകം കാവ്യനാടകാദികളും അതേ വിഷയത്തെത്തന്നെ ആശ്രയിച്ചു പോരുന്നുമുണ്ടു്. ഇപ്രകാരമെല്ലാമാണെങ്കിലും വാല്മീകിരാമായണം മൂലത്തിന്റെ അനുഭവമാത്രഗോചരമായ മാധുര്യം കഴിയുന്നിടത്തോളം കുറവുകൂടാതെ ഭാഷയിൽ പകർത്താൻ എവിടെയെങ്കിലും ഒരു ശ്രമം നടന്നിട്ടുണ്ടെങ്കിൽ അതു ഈ നേർതർജ്ജമയിൽ തന്നെയാണു്. സാഹിത്യനഭോമണ്ഡലത്തിൽ ഏതദ്വിഷയദ്യോതകങ്ങളായ അനേകം തേജഃപുണ്യങ്ങൾക്കു് അതതിന്റെ സ്ഥാനത്തിനു് തക്ക വലിപ്പവും പ്രകാശവുമുണ്ടെന്നുള്ളതു വാ

സ്വവം തന്നെ. എന്നാൽ വാല്മീകി രാമായണത്തിന്റെ സ്വയംപ്രകാശം കഴിയുന്നതും പ്രതിബിംബിക്കണമെങ്കിൽ വഴിപോലെയുള്ള ഒരു നേർ തർജ്ജിമകൊണ്ടേ സാധിയ്ക്കയുള്ളു. ഈയൊരു ഫലം ഈ വൃത്താനുവൃത്ത തർജ്ജിമകൊണ്ടു സിദ്ധിച്ചിട്ടുണ്ടെന്നു അഭിപ്രായപ്പെടുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല.' അയ്യന്തോൾ കുമാരമന്ദിരത്തിൽനിന്നു് 1084 ഇടവം 1—ാനു- കൊച്ചി പണ്ടാരംക്കുർ അപ്പൻതമ്പുരാൻ എഴുതിയ അഭിപ്രായത്തോടു യോജിയ്ക്കാത്ത സഹൃദയർ ഉണ്ടാവുമെന്നു തോന്നുന്നില്ല.

ക്ഷേത്രപ്രവേശന വിളംബര സ്മാരക ഗ്രന്ഥാവലി ഒന്നാം നമ്പരായി 1113—ൽ കണ്ണമ്പുഴ കൃഷ്ണവാരിയരുടെ വ്യാഖ്യാനത്തോടുകൂടിയ വാല്മീകി രാമായണം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അനേകം ദളങ്ങളായി പ്രകാശനം ചെയ്തിട്ടുള്ള ഈ വ്യാഖ്യാനം രസകരവും വിജ്ഞേയവുമാണു്. വാല്മീകി രാമായണത്തിന്റെ ഒരു ഗദ്യവിവർത്തനം സി. ജി. വാരിയർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇതിനുപുറമേ സമ്പൂർണ്ണരാമായണം (ഗദ്യം) എന്നൊരു കൃതി ഡോ. പി. എസ്. നായർ തയ്യാറാക്കി ആലപ്പുഴ വിദ്യാരംഭം പ്രസ്സുവഴിയായി പ്രസിദ്ധപ്പെടുത്തി കാണുന്നു.

'ഭാരതത്തിന്റെ മഹാകാവ്യം രാമായണമാണു്. ഭാരതത്തിന്റെ മഹാചരിത്രം രാമന്റെ ചരിത്രമാണു്. ഭാരതത്തിലെ മാതൃകാഭരണമാണു് രാമരാജ്യം. ഭാരതത്തിന്റെ ആദർശരാജാവാണു് രാമമഹാരാജാവു്. നിഷ്കളങ്കമായ പിതൃപുത്രബന്ധം ഭാര്യാഭർത്തൃബന്ധം, പ്രജാക്ഷേമതല്പരത, രാജനീതി, പരിത്യാഗം, സഹനം, ക്ഷമ ഇത്യാദി ശിഷ്ടഗുണങ്ങളുടെ ആകെത്തുകയായിരുന്ന രാമന്റെ ജീവിതം. ആദർശനിഷ്ഠനായ ശ്രീരാമൻ പ്രജകളുടെ അഹിതത്തിനു പാത്രമാകാതിരിക്കാൻ സുചരിത്രയായ ധർമ്മപത്നിയെ പരിത്യജിച്ചു. ജീവനതുല്യം സ്നേഹിച്ചിരുന്ന അനുജനേയും അന്തിമഘട്ടത്തിൽ അദ്ദേഹം സത്യപരിപാലനാർത്ഥം ഉപേക്ഷിച്ചു. പിതാവിന്റെ സത്യപരിപാലനത്തിനുവേണ്ടി സുഖതോന്നതമായ രാജസിംഹാസനവും വെടിഞ്ഞു കാടകം പൂകി. അങ്ങനെ സർവസുഖങ്ങളും നീതിക്കുവേണ്ടി ബലിയർപ്പിച്ച അപ്പണബുദ്ധിയോടുകൂടിയ ഒരു യജ്ഞമായിരുന്ന ശ്രീരാമന്റെ ജീവിതം. അതേ, യജ്ഞത്തിൽനിന്നുത്ഭവിച്ചു്, യജ്ഞരക്ഷക്കായി വിശ്വാമിത്രന്റെ കൂടെപ്പോയി; യജ്ഞം നടത്തി ജീവിതം യജ്ഞമാക്കിയ ഭാരതത്തിന്റെ ധർമ്മപുരുഷനായി ശ്രീരാമൻ സ്മരിക്കപ്പെടും.

ഭർത്തൃഭക്തിയും സതീത്വവും മൂർത്തീകരിച്ച സാധ്വീമണിയാണു സീത. ഭർത്താവിനാൽ പരിത്യക്തയായിട്ടും ആത്മേശ്വരനെക്കുറിച്ചു വെറുപ്പോ വിദ്വേഷമോ കൂടാതെ വനത്തിൽ കഴിഞ്ഞുകൂടിയ സതീരത്നമാണു് സീത. പരിശുദ്ധയെന്നു തികച്ചും വിശ്വാസമുണ്ടായിട്ടും അഗ്നിപ്രവേശ

ത്തിനു വിധേയയാകേണ്ടി വന്നു സീതയ്ക്ക്. ലക്ഷ്മണനാണെങ്കിൽ ജ്യേഷ്ഠനു വേണ്ടി സകല സുഖങ്ങളെയും പ്രിയ പത്നിയേയും പരിത്യജിച്ചു സുദീർഘങ്ങളായ പതിന്നാലുവർഷങ്ങളും നിദ്രാവിഹീനനായി ജ്യേഷ്ഠനെ പരിചരിച്ചുകൊണ്ട് വനവാസം ചെയ്ത നിസ്വാർഥ ത്യാഗിവര്യൻ. ഏതിലും ഉപരിയായി ഭ്രാതൃഭക്തിയുടെ അത്യുന്നതസോപാനത്തിൽ ബാഷ്പാഭിഷേകം ചെയ്തുകൊണ്ട് സർവസുഖങ്ങളെയും സംത്യജിച്ച ആദർശസഹോദരനാണ് ഭരതൻ. പുത്രദുഃഖമനുഭവിച്ചു മരണമടഞ്ഞ ദശരഥൻ. ഭർത്തൃമരണം കണ്ട തീരാദുഃഖത്തിന്റെ കണ്ണീർക്കടലിൽ വീർപ്പുമുട്ടി വിലപിക്കുന്ന പതിവ്രതാരത്നങ്ങളാണ് ഉപനായികമാരായ താര, മണ്ഡോദരി, സുലോചനാ എന്നിവർ. ഹനുമാൻ, സമ്പാതി, ജടായു, ത്രിജട, മന്ഥര, വിഭീഷണൻ, ബാലി അങ്ങനെ എത്രയെത്ര കഥാപാത്രങ്ങൾ.

ഗദ്യമായാലും, പദ്യമായാലും ചമ്പുവായാലും, നാടകമായാലും രാമകഥ എന്നുമെന്നും ഭാരതീയ സംസ്കാരത്തെ സംശുദ്ധമാക്കിക്കൊണ്ടിരിക്കും. 'ഗവാമനേകവർണ്ണാനാം ക്ഷീരസ്യാപ്യേക വർണ്ണതാ? എന്നു പറഞ്ഞ കൂട്ടത്തിൽ രാമകഥാ രൂപിണികളായ ഗോക്കൾ പല വർണ്ണത്തിൽ വന്നാലും അവയെ കറന്നുകിട്ടുന്ന പാലു് വെളുത്തുതന്നെയിരിക്കും—വാല്മീകി രാമായണാന്തർഗതമായ രാമകഥാമൃതംതന്നെ'

16. രാമകഥ— പത്മപുരാണത്തിൽ

വാല്മീകിരാമായണം വൃത്താനുവൃത്തമായി തർജ്ജമചെയ്ത വള്ളത്തോൾ മഹാകവിക്കു് നമ്മുടെ പുരാണങ്ങളോടും അതിയായ ബഹുമാനമുണ്ടായിരുന്നു. അവയുടെ മഹത്ത്വത്തെപ്പറ്റി പുരാണങ്ങൾ എന്ന തലക്കെട്ടിൽ അദ്ദേഹം ഒരു കവിത രചിച്ചിട്ടുണ്ട്. പുരാണങ്ങളുടെ സൗന്ദര്യാത്മകമായ സവിശേഷതകളെയും, ധർമ്മാധർമ്മവിവേചനാപരമായ ഉപദേശങ്ങളേയും അതിൽ ഉദ്ഗാനം ചെയ്തിട്ടുണ്ട്.

വാമനം, മാത്സ്യം, പാദ്മം, മാർക്കണ്ഡേയം എന്നീ നാലു പുരാണങ്ങൾ മഹാകവി വിവർത്തനം ചെയ്തിട്ടുണ്ട്. ഗദ്യപദ്യമിശ്രമായിട്ടാണു് വിവർത്തനം നീങ്ങിയിട്ടുള്ളതു്. പ്രതിപാദ്യത്തിന്റെ സ്വഭാവമനുസരിച്ചു് പദ്യഭാഗം ശ്ലോകമായും ദ്രാവിഡവൃത്തമായും നിബന്ധിക്കുകയാണു് മഹാകവി ചെയ്തതു്.

പദ്മപുരാണത്തിലാണു് രാമകഥ പ്രതിപാദിക്കുന്നതു്. ജാംബവാൻ പില്ലുാലത്തു് അദ്ദേഹത്തിന്റെ പൂർവ്വചരിത്രം വിസ്തരിച്ചു കേൾപ്പിക്കുന്ന

തായിട്ടാണ് കഥയുടെ പോക്ക്. അതനുസരിച്ച ദശരഥനു് കൗസല്യ, സുമിത്ര, സുരൂപ, സുവേഷ എന്നു് നാലു പത്നിമാരുണ്ടായിരുന്നു. പുത്രകാമേഷ്ടിക്കു ശേഷം ലഭിച്ച പായസത്തിൽ മഹാവിഷ്ണു ആവേശിച്ചിരുന്നു. അതു് നാലായി പകുത്തു് നാലു റാണിമാക്കുംകൊടുത്തു. കൗസല്യയിൽ—രാമനും, സുമിത്രയിൽ ലക്ഷ്മണനും, സുരൂപയിൽ ഭരതനും, സുവേഷയിൽ ശത്രുഘ്നനും ജനിച്ചു. ബ്രഹ്മാവാണു് യഥാകാലം ഉണ്ണികൾക്കു് ജാതകകർമ്മാദികളും നടത്തിയതു്. ത്രൈലോക്യാഭിരാമതയാൽ രാമനെന്നും, രൂപ സൌന്ദര്യാദിലക്ഷ്മിയാൽ ലക്ഷ്മണനെന്നും, ഭൂമിയെ ഭരത്തിൽനിന്നും തരിപ്പിക്കുന്ന(കരയേറുന്ന)വനാകയാൽ ഭരതനെന്നും, ശത്രുക്കളെ ഹനിക്കുന്നവനാകയാൽ ശത്രുഘ്നനൻ എന്നും പേരുകളിട്ടു.

ശ്രീരാമന്റെ ബാല്യകാലത്തെ ചെറുശ്ശേരി രീതിയിലാണു് വള്ളത്തോൾ വർണ്ണിക്കുന്നതു്. ചെറുശ്ശേരി രീതി വിഷയാവതരണ ശൈലിയിലും പകർന്നു കാണുന്നുണ്ടു്. ഓടിനടക്കാൻ ശ്രമിക്കുന്ന ശ്രീരാമചന്ദ്രന്റെ കേശാദിപാദവർണ്ണനക്കു് ഓമനത്വമുണ്ടു്.

ഓമനത്തിങ്കളിൽ ചേലെഴുമുല്പസൽ
താമരത്താരിതം കണ്ണൻ രാമൻ
പൂമെയ്യിൽ മൺപൊടി പൂണ്ടുകളിച്ചുകൊ
ണ്ടോമന്ദം പിച്ച നടക്കുകയായു്

രാമനെ യഥാകാലം ഉപനയിച്ചു് വേദങ്ങളും ശാസ്ത്രങ്ങളും ധനുർവേദവും പഠിപ്പിച്ചു.

വിവാഹത്തിനു് കന്യകയെ അന്വേഷിച്ചു് ദൂതന്മാരെ പല ദിക്കുകളിലേക്കും അയച്ചു. എല്ലാ ലക്ഷണങ്ങളും തികഞ്ഞ വൈദേഹി രാമനു ചേർന്നവളാണെന്നും മകളെ രാമനു കൊടുക്കാൻ ജനകൻ ഒരുങ്ങിയിരിക്കുകയാണെന്നും ഒരു ദൂതൻ വന്നു് അറിയിച്ചു. വസിഷ്ഠാദികളും പോയി പെണ്ണിനെക്കണ്ടു്, തൃപ്തിവന്നു. ദശരഥൻ പരിവാരങ്ങളോടുകൂടി വേളീമംഗലക്രിയയ്ക്കു പുറപ്പെട്ടു. ദശരഥന്റെ പുറപ്പാടു് പുത്രപുരോഹിതാമാത്യസമന്വിതമായിരുന്നു. മിഥിലയോടടുത്തുള്ള ഒരു ഉദ്യാനത്തിൽ ദശരഥൻ അല്പനേരം വിശ്രമിച്ചു. അവിടെയുള്ള ഉദ്യാനത്തേയും അതിന്റെ നടുവിലുള്ള താമരപ്പൊയ്കയേയും വളരെ വിസ്തൃതമായി വർണ്ണിച്ചിട്ടുണ്ടു്. മൈഥിലൻ സ്വീകരണത്തിനൊരുങ്ങിനിന്നു. വിദേഹനഗരത്തിനു പടിഞ്ഞാറുവശത്തായി നിർമ്മിക്കപ്പെട്ട മന്ദിരത്തിലാണു് ദശരഥൻ എഴുന്നള്ളി വസിച്ചതു്. കൂടെയുള്ളവർ അവരവർക്കു് ഉചിതമായ ഭവനങ്ങളിലും ചെന്നു ചേർന്നു.

നാരദൻ മിഥിലയിലെത്തി മുഹൂർത്തം നിശ്ചയിച്ചു. മിഥിലയിലെത്തിച്ചേർന്നിട്ടുള്ള രാജാക്കന്മാരെ ഒഴിവാക്കി ശ്രീരാമനു് സീതയെ കൊട്ടക്കാനുള്ള മാർഗ്ഗമറിയാൻ ജനകമഹാരാജാവു് ശ്രീപരമേശ്വര ധ്യാനത്തിൽ മുഴുകി. ശ്രീപരമേശ്വരന്റെ കൃപം മിഥിലാധിപന്റെ മനസ്സിൽ തെളിഞ്ഞുവന്നു. വിവാഹം മംഗളമായി നടക്കുന്നതിനും രാമൻ ജാമാതാവായി വരുന്നതിനും തക്ക ഉപായം എനിക്കു പറഞ്ഞുതരണേ എന്നു ജനകൻ അപേക്ഷിച്ചു. പ്രീതനായ ശിവൻ തന്റെ ചാപം കുലയേറ്റുന്നവർക്കേ സീതയെ ലഭിക്കയുള്ളൂ എന്നും രാമൻ മാത്രമേ അതിനു ശക്തനാകൂ എന്നും ജനകനെ അറിയിച്ചു.

പലരും വില്ലുകുലയേറ്റാൻ ശ്രമിച്ചു് പരാജയപ്പെട്ടു. പ്രഹ്ലാദൻ, മഹാബലി, ദേവേന്ദ്രൻ, സൂര്യൻ, വായു എന്നിവരെല്ലാം പരിശ്രമിച്ചവരിൽപ്പെട്ടവർ. പിന്നെയാണു് രാമൻ നമസ്കാരപൂർവം വില്ലെടുത്തു കുലയേറ്റിയതു്. സീതയെ രാമനു കൊടുക്കുകയുമുണ്ടായി.

രാജപത്നിമാരിൽ സുവേഷയാണു് ഭരതൻ രാജ്യം ഭരിക്കണമെന്നും രാമൻ പതിനാലു വർഷം കാട്ടിൽ പാർക്കണമെന്നുമുള്ള വരം ദശരഥനിൽ നിന്നു സമ്പാദിച്ചതു്. സത്യപരിപാലനാർത്ഥം രാമൻ വനവാസത്തിനിറങ്ങി.

ശ്രീരാമൻ ലക്ഷ്മണനൊന്നിച്ചു് ദൃശ്യമൂക പർവതത്തിലെ ഒരു മാവിൻ ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. അന്നേരം മാവിൻ മുകളിൽനിന്നു് മണികുണ്ഡലങ്ങളണിഞ്ഞു് കൗപീനത്തിന്മേൽ മേഖല കെട്ടി വെള്ളപൂണൂലിട്ട ഒരു മഞ്ഞക്കുരങ്ങൻ മാങ്ങ പറിച്ചു് രാമസന്നിധിയിലേക്കു് വീക്കിത്തുടങ്ങി. മാത്രമല്ല കൊമ്പിളക്കി രാമനെ വീശിക്കൊണ്ടുമിരുന്നു. 'ആരാണു് ഈ വാനരൻ' എന്നു ശ്രീരാമൻ അന്വേഷിക്കുന്നതു കേട്ടു് 'സുഗ്രീവന്റെ സുഹൃത്തു് പേരു് ഹനുമാൻ' എന്നു വാനരൻ മറുപടി കൊടുത്തു. ആ രാജകുമാരന്മാരുടെ ആഗമന വാർത്ത ഹനുമാൻ സുഗ്രീവനെ അറിയിച്ചു. അങ്ങനെയാണു് ബാലിസുഗ്രീവ സഖ്യവും ബാലിവധവും നടക്കുന്നതു്. താരയേയും, അംഗദനേയും സബഹുമാനം കരുതണമെന്നുള്ള അഭ്യർത്ഥന മാത്രം നടത്തി ബാലി സ്വർഗ്ഗം പ്രാപിച്ചു.

'കടൽ താണ്ടുവാൻ ശിവന്റെ അജഗവ ചാപം ഒരു തോണിയായി പ്രയോജനപ്പെട്ട എന്നാണു് പദ്മപുരാണത്തിൽ പറയപ്പെടുന്നതു്. 'ശിവൻ വില്ലെടുത്തു രാമന്റെ കയ്യിൽ കൊടുത്തു: രാമൻ അതു് സമുദ്രത്തിൽ വച്ചു. അറുപതു പരാർദ്ധം വാനരന്മാർ അതിൽക്കേറി. രാമലക്ഷ്മണന്മാരും കേറിയപ്പോൾ ആ പള്ളിവില്ലു് മുകരയിലെത്തി. വാനരപ്പടയെ കണ്ടവിവരം അതികായകൻ എന്ന രാക്ഷസൻ രാവണനെ ധരിപ്പിച്ചു. സൂര്യൻ പടിഞ്ഞാട്ടു് ചാഞ്ഞപ്പോൾ സുഗ്രീവൻ ഹനുമജ്ജാംബവാന്മാരോടും മറ്റനേകം

വാനരന്മാരോടും കൂടി ലങ്കയിലെ ഒരു ഉദ്യാനത്തിൽക്കയറി പലതരം പഴങ്ങളും തിന്നു് വെള്ളം കുടിച്ചു് പൈദാഹങ്ങളും തീർത്തു. ഉദ്യാനപാലകരെ തല്ലിയോടിച്ചു് ലങ്ക ആക്രമിച്ചു. ഗോപുരവും, പ്രസാദവും തകർക്കപ്പെട്ടു. ആകാശത്തുനിന്നു് യുദ്ധംചെയ്ത ഇന്ദ്രജിത്തിനെ ഹനുമാനും ജാംബവാനും മേലോട്ടുചാടി ഓരോ പർവതശിഖരംകൊണ്ടു് പ്രഹരിച്ചു് തറയിൽ വീഴ്ത്തി. ലക്ഷ്മണൻ ഇന്ദ്രജിത്തിനെ കാലപുരിക്കയച്ചു.'

അതികായൻ മഹാകായൻ എന്നിവർ വാനരസൈന്യത്തെ നേരിട്ടു. രാമനോടും സുഗ്രീവനോടും എതിരിട്ടു. ഹനുമജ്ജാംബവാന്മാർ ആ യോദ്ധാക്കളെ പിടിച്ചുകെട്ടി. രാവണപക്ഷത്തെ പ്രമുഖയോദ്ധാക്കളും ആരെല്ലാമാണെന്നു് വെളിപ്പെടുത്താൻ നിർബന്ധം ചെലുത്തി.'

'രാവണവധം കഴിഞ്ഞു് ദേവന്മാർ മനം കുളിർത്തവരായി. സജ്ജനസേവനമാണു് സർവപ്രധാനം; എന്നു് ശ്രീരാമൻ ഉപദേശിച്ചു. അയോധ്യയിൽ തിരിച്ചുവന്നു് സർവജനപ്രിയനായി രാമൻ നാടുവാണു.'

ശ്രീരാമന്റെ ഭരണകാലത്തു് എല്ലാവരും സുഖസമൃദ്ധിയിലും സമാധാനത്തിലും വാണു. വറുതിയില്ല. രോഗങ്ങളില്ല. കുടിലതകളില്ല. എവിടെയും സന്തുഷ്ടി അലതല്ലി. അതുകൊണ്ടാണു് രാമരാജ്യമെന്ന വിശേഷിപ്പിക്കുന്നതു്. ഈ ഭാഗം ഓട്ടൻതുള്ളൽ രീതിയിലാണു് കവി അവതരിപ്പിച്ചിട്ടുള്ളതു്.

രാമായണത്തിലെ ഏറ്റവും ശോകാത്മകമായ ഘട്ടമാണല്ലോ സീതാപരിത്യാഗം ഏറെക്കാലം രാവണരാജധാനിയിൽ കഴിഞ്ഞുകൂടിയ സീതയെ ലജ്ജകൂടാതെ രാമൻ സ്വീകരിച്ചതിൽ ഒരു വിഭാഗം പൗരന്മാർക്കു പരാതിയുള്ളതായി മനസ്സിലാക്കി രാമൻ സീതയെ വാല്മീകിയുടെ ആശ്രമപരിസരത്തു് ഉപേക്ഷിച്ചുപോരാൻ ലക്ഷ്മണനോടു കല്പിച്ചു. ലക്ഷ്മണനാകട്ടെ സീതാദേവിയൊത്തു് ഗംഗകടന്നു മറുകരയിലെത്തി. വനത്തിന്റെ ഭീകരത, വനവാസകാലത്തെ ജീവിതത്തിൽനിന്നും അത്യന്തം ഭിന്നമായിരുന്നു.

ആളേത്തിന്നും പുലി, നരി, തേറ്റക
ളാളിന പന്നി പോത്തുസിംഹങ്ങളു
മുഗ്രപ്രകൊണ്ട ദേഹികൾക്കാർത്തിചേ
ർത്തപ്രദേശേ തിമിർത്തു നടക്കുന്നു.

....

ആ വനം പുക്കുചുറ്റും നിരീക്ഷിക്കെ
ദേവി പേടിച്ചെരിപൊരിക്കൊണ്ടുപോയ്

ലക്ഷ്മണന്റെ മുഖം ശോകമൂകമായിക്കണ്ടു് സീതാദേവി ദുഃഖകാരണം ആരാഞ്ഞു. ഗദ്ഗദകണ്ഠനായി ലക്ഷ്മണൻ സീതാപരിത്യാഗവൃത്താന്തമറിയിച്ചപ്പോൾ ജാനകി ബോധരഹിതയായി നിലംപതിച്ചു. ബോധം വന്നപ്പോൾ വസിഷ്ഠമാമുനി കേൾക്കെ രാമനെ ഒരു കാര്യം ധരിപ്പിക്കാൻ സീതാദേവി ലക്ഷ്മണനെ ഭരമേല്പിച്ചു.

എന്നെ നിർദ്ദോഷയാണെന്നറിഞ്ഞിട്ടും
ധന്യകീർത്തേ വെടിഞ്ഞുവല്ലോ ഭവാൻ
ചേരുമോ തവ വംശത്തിനിത്തൊഴിൽ
ഏറിയ പഠിപ്പിന്റെ ഫലമിന്നോ?

താവകോച്ഛ്വിഷ്ടമുണ്ടു നിത്യം പദ
സേവ ചെയ്യുവളാകുമെന്നെബ്ഭവാൻ
കൈവെടിഞ്ഞു കളഞ്ഞുവല്ലോ; മമ
ദൈവദോഷമേ ഹേതുവിതിന്നെല്ലാം
വീരവീരരിൽ മുമ്പനാമങ്ങെയ്ക്കു
ചേരുമാറാക സർവത്ര കല്യാണം!
അങ്ങയെത്തന്നെയുള്ളിൽ സ്മരിച്ചു കൊ—
ണ്ടിങ്ങു കാട്ടിൽ പൊറുത്തുകൊള്ളാമിവൾ
കർമ്മണാ, ഹൃദാ, വാചാ ഭവാനൊരാൾ
സമ്മതൻ മമ, നിസ്സാരർ മറെല്ലാം;
ജന്മംതോറും ഭവാൻ താൻ മമ പതി
കന്മഷം തവ സ്മൃതിയാലകറ്റുവാൻ
ഭർത്തൃമാതാക്കളോടുമെൻ സന്ദേശം
വ്യക്തമായ്ച്ചൊൽകവേണം രഘൂത്തമ
ത്യക്തയായ്വൃഥാ, ഗർഭിണിയായ ഞാ—
നത്തമാത്മാവു രാമനാൽ വൻകാട്ടിൽ,
നിങ്ങൾ തൻ കഴലോർത്തു വാഴ്വൻ മൃഗ
സംഗത മാ മരണ്യ സ്ഥലത്തിവൾ!
ലക്ഷ്മണ, ശുഭം രാമനു തദ്ധീര്യ
രക്ഷയോർത്താണുയിർ വെടിയാത്തു ഞാൻ
രാമസേവകനസ്വതന്ത്രൻ ഭവാൻ
രാമശാസനം ചെയ്തതു യുക്ത്യം താൻ

രാമസന്നിധൗ പൊയ്ക്കൊൾകിനി; തവ–
ക്ഷേമദങ്ങളായ്ത്തീരട്ടെ മാഗ്ഗങ്ങൾ.

വാല്മീകീആശ്രമം അടുത്താണെന്നുള്ള ആശ്വാസവചനം പകർന്നു കൊണ്ടാണ് ലക്ഷ്മണൻ യാത്രാനുവാദം വാങ്ങിയതു്. ലക്ഷ്മണൻ പോയപ്പോൾ സീത വീണ്ടും ബോധഹീനയായി. സീതയുടെ കിടപ്പിൽ ജീവജാലങ്ങൾക്കു് അനുകമ്പ തോന്നി.

'അപ്പൊഴന്നങ്ങൾ പക്ഷയുഗങ്ങളാൽ
ശുഭ്രനീർ കൊണ്ടുവന്നു തളിച്ചുതേ:
പൂമലർമണംപൂണ്ടുകൊണ്ടെമ്പാടും
കേമമായിട്ടു വീശി കുളിർത്തെന്നൽ
കൊമ്പനാനകൾ വന്നെത്തി ചുറ്റുമേ
തുമ്പിക്കയ്യിൽ നിറച്ച തണ്ണീരുമായ്
ധൂളി പറിയ പൊന്തിരുമെയ്യിനെ
ക്ഷാളനം ചെയ്യുവാനെന്നപോലവേ
എന്തിതെന്നു പകച്ചു മിഴിയുമാ–
യന്തികേ വന്നു നിന്നു മൃഗപ്രജം
സാധു പുഷ്പിച്ചു നില്പായി വൃക്ഷങ്ങൾ
മാധവമാസമോടു കൂടാതെ താൻ

സാധ്വി പെട്ടെന്നു് ഉണർന്നു് ഇങ്ങനെ ഉച്ചത്തിൽ വിലപിച്ചു:

''ഹാ മമ നാഥ, ദീനൈകബാന്ധവ,
രാമഭദ്ര, കരുണാസമുദ്രമേ,
എന്തിനാണൊരു തെറ്റുമില്ലാതെന്നെ–
സ്സന്ത്യജിച്ചതു കാനനത്തിൽ ഭവാൻ.

ആ സമയത്തു് ആരുടെ രോദനമാണു് കേൾക്കുന്നതു്? കാരണം എന്താകും? എന്നെല്ലാം അന്വേഷിക്കാൻ വാല്മീകിമഹർഷി ശിഷ്യർക്കു് ഉത്തരവു നല്കി. അധികം താമസിയാതെ ശിഷ്യരൊത്തു് മുനി സീത വിലപിക്കുന്നിടത്തു് എത്തി.

''ആരുവാൻ നീ കൊടുംകാട്ടു പൂകുവാൻ
കാരണമെന്തഴലെന്തു? ചൊൽകെല്ലാം''

എന്ന മഹർഷിയുടെ ചോദ്യത്തിനു് താൻ രഘുനാഥപത്നിയാണെന്നും തന്നെ ഉപേക്ഷിച്ചതിനു് പ്രത്യേക കാരണമൊന്നും തനിക്കറിവില്ലെന്നും സീത മാമുനിയെ അറിയിച്ചു.

തപോനിധിയായ വാല്മീകിയെ പിന്തുടർന്നു് ആശ്രമത്തിലേക്കു സീത നടന്നുപോയി. ആശ്രമത്തിലെ താപസിമാരെയെല്ലാം സീതയ്ക്കു പരിചയപ്പെടുത്തി.

സീത പ്രസവിച്ച രണ്ടു കുമാരന്മാർ രാമചന്ദ്രന്റെ നേർപകർപ്പായിരുന്നു. അവർക്കു് ജാതകർമ്മം വാല്മീകി നടത്തി. കുശലവന്മാരുടെ വളർച്ച വിദ്യാഭ്യാസം എല്ലാം വഴിപോലെ നടന്നു.

കോസലരാജാക്കന്മാരുടെ പതിവനുസരിച്ചു് ശ്രീരാമൻ അശ്വമേധത്തിനൊരുങ്ങി. യാഗാശ്വത്തെ രക്ഷിക്കാൻ ശത്രുഘ്നൻ നിയോഗിക്കപ്പെട്ടു. സഹായത്തിനായി ഭരതപുത്രനായ പുഷ്കലനും ഉണ്ടായിരുന്നു.

പുഷ്കലന്റെ ധർമ്മപത്നി ഒരു വീരതരുണിയാണു്. അവർ വിട്ടുപ്പോരുന്നതു് ആശീർവാദത്തോടെയാണു് ഭർത്താവിനെ യാത്രയാക്കുന്നതു്.

ലവൻ അശ്വത്തെ പിടിച്ചുകെട്ടാൻ സന്നദ്ധനായി. ശത്രുഘ്നനാകട്ടെ ലവനിൽ സഹോദരസാദൃശ്യം തെളിഞ്ഞുകണ്ടു് തേരിലേറി കൊണ്ടുപോയി. വാല്മീകിശിഷ്യന്മാർവഴി സീതാദേവി വിവരമറിഞ്ഞു.

സീതാദേവി വാല്മീകിയുടെ ആശ്രമത്തിൽ വസിക്കുന്നുണ്ടെന്നു് അയോധ്യയിൽ വിവരം കിട്ടി. അവരെ കൂട്ടിക്കൊണ്ടുവരേണ്ട ഭാരം ലക്ഷ്മണനെയാണു് ഏല്പിച്ചതു്. ആശ്രമത്തിലെത്തിയ ലക്ഷ്മണനു് കണ്ണുകളിൽ ബാഷ്പം നിറഞ്ഞു ശരീരമാകെ വിറപൂണ്ടു. ആര്യേ, പുണ്യേ, ഭദ്രേ എന്നുച്ചരിക്കാൻ മാത്രമേ ലക്ഷ്മണനു കഴിഞ്ഞുള്ളൂ.

അശ്വമേധത്തിൽ മഹാരാജ്ഞിയായി പങ്കുകൊള്ളാൻ ഉള്ള ശ്രീരാമന്റെ സന്ദേശം ലക്ഷ്മണൻ അറിയിച്ചു. ജന്മവൃത്താന്തമൊന്നുംതന്നെ അദൃഷ്ടത്തെ ഒഴിഞ്ഞുമാറാൻ പറ്റില്ലല്ലോ. സദാചാരങ്ങളും എത്ര ക്ലേശകരമായാലും അനുഷ്ഠിച്ചേ തീരൂ. അതു സാധിച്ചാൽ എല്ലാവർക്കും കൃതാർത്ഥതയ്ക്കു് അവകാശമുണ്ടു് എന്നു് ശ്രീരാമചന്ദ്രൻ സീതയെ പറഞ്ഞു മനസ്സിലാക്കി. പദ്മപുരാണാന്തർഗതമായ ഉത്തരരാമായണകഥയുടെ സാരസംഗ്രഹം ഇതാണു്.

17. നമ്മുടെ ബാലരാമായണങ്ങൾ

ഭാരതീയവിദ്യാഭവൻ മുഖേന രാജാജി രാമായണം, മഹാഭാരതങ്ങളും തനതായ രീതിയിൽ ഗദ്യപരാവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മഹത്ഗ്രന്ഥത്തെ ജനങ്ങളുടെ മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിച്ചതു് നാട്ടുകാർക്കു ചെയ്ത ഏറ്റവും മഹത്തായ സേവനംതന്നെയാണു്. ഇതിഹാസസാഹിത്യവുമായി ബന്ധപ്പെടുക എന്നതു് നമ്മുടെ സാംസ്കാരികപൈതൃകത്തിന്റെ അവകാശികളായിത്തീരലാണു്. മുൻകാലത്തു് ശ്രീരാമോദന്തം വച്ചായിരുന്നു നമ്മുടെ വിദ്യാഭ്യാസം ആരംഭിച്ചിരുന്നതു്. അമ്മമാർ കുഞ്ഞുങ്ങളെ മടിയിലിരുത്തി രാമായണകഥ പറഞ്ഞുകൊടുക്കുക പതിവുണ്ടായിരുന്നു. വിദ്യാഭ്യാസരീതികൾക്കു് മാറ്റം വന്നതോടുകൂടി ഈ സമ്പ്രദായവും അവസാനിച്ചു.

ശ്രീരാമോദന്തവും ലഘുരാമായണവും

കഥാകഥനം സരസമാക്കി കഥാപാത്രങ്ങളുമായി കുഞ്ഞുങ്ങളെ പരിചയപ്പെടുത്തുവാൻ ഉള്ള ശ്രമം ആറ്റൂർ തന്റെ ലഘുരാമായണത്തിൽ നടത്തിയിട്ടുണ്ടു്. സീതാവിയോഗത്തിനുശേഷം ദുഃഖം മനസ്സിൽ ഒതുക്കി ശ്രീരാമൻ കുറെക്കാലംകൂടി രാജ്യഭരണം നടത്തി. രാജ്യം രാഘവകുലത്തിലെ എട്ടു മക്കൾക്കായി വീതിച്ചുകൊടുത്തശേഷം ശ്രീരാമൻ സരയൂനദിയിൽ സ്വയം ലയിക്കുന്നതായിട്ടാണു് ലഘുരാമായണത്തിൽ കഥാവതരണം ചെയ്തിരിക്കുന്നതു്.

ശ്രീരാമോദന്തത്തിലും രാമകഥ അനുഷ്ടുപ് ശ്ലോകങ്ങളിൽ വിവരിച്ചുപോകുന്നതു് ഇതേ രീതിയിൽത്തന്നെയാണു്. മഹാകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ ശ്രീരാമോദന്തത്തിനു് ഒരു മലയാളവിവർത്തനം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടു്:

ശ്രീവത്സം നെഞ്ചിലേന്തുന്ന ദേവനെ തൊഴുതിട്ടു ഞാൻ
ശ്രീവാല്മീകി ചമച്ചുള്ള ശ്രീരാമോദന്തമോതിടാം.

എന്നു തുടങ്ങുന്ന തർജ്ജമ ഒന്നാന്തരമായിട്ടുണ്ടെന്നു പറഞ്ഞേ തീരു. ആ കാവ്യത്തിന്റെ അവസാനഭാഗത്തു് സീത ഭൂമിയുടെ പിളർപ്പിൽ മറഞ്ഞതായും ശ്രീരാമൻ സരയൂനദിയിൽ അപ്രത്യക്ഷനായതും വർണ്ണിച്ചിട്ടുണ്ടു്.

ബാലരാമായണം

മഹാകവി കുമാരനാശാന്റെ ബാലരാമായണത്തിന്റെ തുടക്കവും ഘടനയും ഇതിൽനിന്നു വ്യത്യസ്തമാണു്. രാമായണകഥാസാരം ബാലഹൃദയത്തിൽ പ്രതിഫലിപ്പിക്കുക എന്നതായിരുന്നു ആശാന്റെ ലക്ഷ്യം. പ്രകൃതത്തിനനുസരിച്ചുള്ള വർണ്ണനകളേ ഇതിൽ ചേർത്തിട്ടുള്ളൂ. എന്നാൽ വാല്മീകി രാമായണത്തിന്റെ ഛായയും രസവും പാടേയുള്ളതു ഈ ചെറുകൃതിയിൽ വരുത്തിയിട്ടുമുണ്ടു്.

ശക്തിയും ഗുണവുംകൊണ്ടു ചൊല്ലാന്നച്ചക്രവർത്തിമാർ
പ്രജാക്ഷേമത്തെ മുൻനിർത്തിപ്പാരടക്കി ഭരിച്ചിതേ

എന്നിങ്ങനെ സൂര്യവംശരാജാക്കന്മാരുടെ വർണ്ണനയോടുകൂടിയാണു് കാവ്യം ആരംഭിക്കുന്നതു്. രാജധാനിയിൽ വളർന്ന രാമലക്ഷ്മണന്മാർ നഗരപ്രാന്തങ്ങളും സരയൂനദിയും പിന്നിട്ടു് വനപ്രദേശങ്ങളിലേക്കു പ്രവേശിക്കുകയാണു്. വനവർണ്ണന വർണ്ണശബളമാക്കിയിട്ടുണ്ടു് ആശാൻ.

അപ്പുറത്തിടവപ്പാതിമേഘം മാനത്തിലെന്നപോൽ
ഭൂമിമേൽ വായു നീലിച്ച കൊടുങ്കാടവർ കണ്ടിതു
പ്രാന്തങ്ങളിൽ പക്ഷിവൃന്ദം പാടുന്നു തരുവല്ലിമേൽ
ശോഭിക്കുന്ന പൂക്കൾ പുഷ്പഗന്ധം വീശുന്ന കാറ്റുകൾ
എന്നാലുള്ളിൽ സമുദ്രത്തിൽ കയംപോലെ ഭയാനകം
ഇരുട്ടും നിശ്ശബ്ദതയുമാന്ന ഗംഭീരമാവനം.

താടകാനിഗ്രഹം കഴിഞ്ഞ ശ്രീരാമൻ വിശ്വാമിത്രന്റെ ശാന്തമായ തപോവാടിയിലെത്തുന്നു. യാഗരക്ഷ നിർവ്വഹിച്ചു് രാമലക്ഷ്മണന്മാർ വിശ്വാമിത്രന്റെ കൂടെ വിദേഹരാജധാനിയിലേക്കു പോകുകയാണു്. അവിടെ ശൈവചാപം മുറിച്ച ശ്രീരാമനെ സീത ഹാരാർപ്പണംചെയ്യുന്നു.

കോമളൻ രാമനെക്കണ്ടു കൊതിമയിർകൊണ്ടു പൂവുടൽ
കൊച്ചോമനമുഖം സീത കുനിച്ചുരികിൽ നിന്നിതു
രാമഭദ്രന്റെ കണ്ണുത്തിൽ പിന്നെയച്ചെറുപെൺകൊടി
അമ്മമാരുളിച്ചെയ്തപോലെ മാലയുമിട്ടിതു

പിന്നീടാണു് വിവാഹത്തിനു് ഒരുക്കങ്ങളും ചെയ്യുന്നതും ആളെ അയച്ചു ദശരഥനെ വരുത്തുന്നതും. വിവാഹം കഴിഞ്ഞു് അയോദ്ധ്യയിലേക്കു പോകുമ്പോൾ പരശുരാമഗർവം ശമിപ്പിക്കുന്ന ഭാഗം ശ്രദ്ധേയമായിട്ടുണ്ടു്.

ദയതോന്നും ഭൂസുതൻ തലതാഴ്ത്തിയതോക്കുകിൽ
ജാതിവൈരം പുലത്തുന്ന ജളന്മാക്കിതു പാഠമാം.

ശ്രീരാമനും സീതയും മാതൃകാജീവിതം നയിച്ചു ധർമ്മം പുലർന്നതു കാരണം കോസലരാജ്യം ഐശ്വര്യദേവതയുടെ നൃത്തരംഗമായി മാറി. രാമലക്ഷ്മണന്മാർ സ്നേഹവൃത്തികളാൽ 'പാശ്ചാത്യമത്തിൽപ്പിണയും പേരാൽ പോലെ അഭേദ്യമായ്' എന്നാണ് പറയുന്നതു്.

സന്തോഷപ്രദമായി ഒരു വ്യാഴവട്ടം കഴിഞ്ഞുപോയതു് ആരും അറിഞ്ഞില്ല. പ്രജാക്ഷേമതത്പരനായ ദശരഥൻ മൂത്ത മകൻ രാമനെ രാജ്യഭാരമേല്പിക്കയാണെന്നു് പൗരസഭയിൽ പ്രഖ്യാപിച്ചു. ജനപ്രതിനിധികളും അതിയായ സന്തോഷത്തോടെ ഈ പ്രഖ്യാപനം സ്വീകരിച്ചു.

മുഴങ്ങി മാറൊലിയോടെ ഗോപുരങ്ങളിൽനിന്നുടൻ
ഭേരി പടഹനാദങ്ങളകാലസ്തനിതങ്ങളം പോൽ

'അകാലസ്തനിതങ്ങളം പോൽ' എന്ന പ്രയോഗത്തിന്റെ സ്വാരസ്യം ശ്രദ്ധിക്കേണ്ടതാണു്.

കൈകേയി ഇടപെട്ടു് പട്ടാഭിഷേകം മുടങ്ങുന്നു. ക്രോധതാമ്രാക്ഷനായ ലക്ഷ്മണൻ പറയുന്നതു നോക്കുക.

കൈകേയീവിജിതൻ താതൻ വൃദ്ധൻ വികലമാനസൻ
കരഞ്ഞാലും ചിരിച്ചാലും കാര്യമേ കാര്യമായ് വരൂ
പുരം നിലവിളിക്കുന്ന ഭർത്സിക്കുന്ന വിവേകികളും
ക്ഷത്രിയോചിതമല്ലാര്യൻ ചെയ്വതെന്നായി വീരരും
പാടില്ല പോകുവാൻ ജ്യേഷ്ഠപരിപന്ഥി ഭയാനകൻ
സൗമിത്രി ശാസ്ത്രമേ തുന്ന ഭ്രഷ്ടലോകപതിയങ്ങുതാൻ
കത്തുന്ന കോപമഹിതവർഗ്ഗത്തെ ഭസ്മമാക്കുവാൻ
സരയൂജലപൂരത്തിൽ കലക്കുവനയോദ്ധ്യയെ.

ശ്രീരാമൻ ഇവിടെ സുദീപ്തമായ ഒരു ലക്ഷ്മണോപദേശത്തിനു് അവസരം കിട്ടുന്നുണ്ടു്.

വനവാസത്തിനു പോകുന്ന ഘട്ടത്തിൽ ഗുഹൻ ശ്രീരാമനെ സാദരം സ്വീകരിക്കുന്നുണ്ടു്. ആശാന്റെ ദൃഷ്ടിയിൽ 'മഹാൻ ജാതി നിനച്ചിടാ' എന്നതാണു് പ്രസ്തുത സംഭവത്തിന്റെ ഗുണപാഠം.

ആരണ്യകാണ്ഡത്തിലെത്തിയപ്പോഴും കാനനഭംഗി അത്യാകർഷകമായി തോന്നുകയും വനവാസക്ലേശം അനുഭവപ്പെടാതാകുകയും ചെയ്തു.

ദണ്ഡകാരണ്യത്തിലാകട്ടെ കാനനാന്തരീക്ഷം അത്യന്തം ഭീതിദമായിരുന്നു. താപസന്മാർ രാക്ഷസന്മാരിൽനിന്നുണ്ടായ പീഡനങ്ങളും ശ്രീരാമനു് വിവരിച്ചു കൊടുത്തു.

ഒരിക്കൽ സീതതന്നെ ഭർത്താവിനോടു ചോദിച്ചു. ആയുധധാരിയായി ജടാമകുടം ധരിച്ചു് പോകുന്നതു് ഒരുതരം വിരോധാഭാസമല്ലേ എന്നു്. 'വിരുദ്ധവേഷം കൈക്കൊള്ളാറില്ലല്ലോ യോഗ്യരാരുമേ' എന്നു് സീതാദേവി കൂട്ടിച്ചേർത്തു. ദുർവൃത്തർ രാജ്യത്തുണ്ടാകുംകാലം ധർമ്മരക്ഷയ്ക്കുവേണ്ടി ആയുധം ധരിക്കാൻ താൻ നിർബ്ബന്ധിതനായിരിക്കുകയാണെന്നു് ശ്രീരാമചന്ദ്രൻ മറുപടി പറഞ്ഞു.

'ആര്യദ്രാവിഡ ഭാഷയ്ക്കു ശബ്ദശാസ്ത്രം ചമച്ചവൻ' ആയ അഗസ്ത്യനെക്കണ്ടു അനുഭവം ആശാൻ പ്രത്യേകം വിവരിച്ചിട്ടുണ്ടു്. ഗോദാവരീതീരത്തുവച്ചാണു് ശൂർപ്പണഖ രാമലക്ഷ്മണന്മാരുടെ മുമ്പിൽ പ്രത്യക്ഷമാകുന്നതു്. ആ വിവരണം വന്നിടത്തു് താൻ ബാലരാമായണമാണു് രചിക്കുന്നതെന്ന വസ്തുത കവി വിസ്മരിച്ചുപോകുന്നു. ശൃംഗാരപ്രധാനമായ ഒരു രംഗമാണു് അവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പൂവു കണ്ട വണ്ടിനെപ്പോലെ ശ്രീരാമനെ വിട്ടുപോകാൻ കഴിയാത്ത അവളുടെ ശൃംഗാരാഭിനയം കണ്ടു് സീത ചിരിച്ചുപോയി. ഉടൻ ദേഷ്യം പൂണ്ടു് അവൾ സീതയെ കൈയേറ്റം ചെയ്യാൻ മുതിർന്നു. അപ്പോഴാണു് ലക്ഷ്മണൻ മൂക്കും കാതും അറുത്തു് അവളെ വിരൂപിയാക്കി വിട്ടതു്. ഈവിധം നിരവധി വർണ്ണനകൾകൊണ്ടു് നിറം പിടിപ്പിച്ച ചിത്രാലങ്കൃതമായ ഒരു കൃതിയാണു് ആശാന്റെ ബാലരാമായണം. ചെറുപ്രായത്തിൽ ഭക്തിയുടേയും ഭഗവന്നാമോച്ചാരണത്തിന്റേയും അന്തരീക്ഷത്തിൽ രാമകഥ കേൾക്കുന്നതു് ഉത്തമഫലം ചെയ്യും. എഴുത്തച്ഛൻ അക്കാര്യം മനസ്സിലാക്കി സ്തോത്രരൂപത്തിലുള്ള വരികളിൽ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ ഇടയ്ക്കിടെ ചേർത്തിട്ടുണ്ടു്. അത്തരം പ്രൗഢകൃതികൾ വായിക്കാനുള്ള ഉത്സാഹം കുട്ടികളിൽ ഉണർത്തുക എന്ന ലക്ഷ്യത്തോടെയാണു് ആശാൻ ബാലരാമായണം ചമച്ചതു്. പരിമിതോദ്ദേശത്തോടെ എഴുതപ്പെട്ട ഈ കൃതിയിൽ സ്തോത്രങ്ങൾ കുറവാണു്. പകരം ആകർഷകമായ വർണ്ണനകളാണു് ചേർത്തിട്ടുള്ളതു്.

'അയ്യോ കരുതുന്നു ഹൃദയം മണ്ടുന്നു കാഴ്ച ലക്ഷ്മണാ
ചുഴറ്റുന്നു പമ്പരംപോലെല്ലാമെൻമുമ്പു ദുർവിധി'

എന്നിങ്ങനെ സീത നഷ്ടപ്പെട്ട നിലയിൽ വിലപിക്കുന്ന രാമനെയാണു് അവസാനം അവതരിപ്പിച്ചിട്ടുള്ളതു്. ഏതായാലും ബാലരാമായണം പൂർത്തിയാക്കാൻ വിധി ആശാനു് അവസരം നല്കിയില്ല.

സീതാദേവി

സുഭാഷിണി പത്രാധിപർ പി. കെ. ഗോവിന്ദപ്പിള്ളയുടെ ഒരു ഖണ്ഡകാവ്യമാണ് സീതാദേവി. സീതാദേവിയിൽ മിക്കവാറും ശ്ലോകങ്ങളും അനുഷ്ടുപിൽ ആണ്. അത്പുഷ്പിയും ഭാവസാന്ദ്രതയും മുറ്റിയ ശ്ലോകങ്ങളാണധികവും.

ആശാന്റെ ബാലരാമായണം വാല്മീകിരാമായണത്തിലെന്നപോലെ അയോദ്ധ്യാവർണ്ണനയോടെയാണ് ആരംഭിക്കുന്നതു്. ശ്രീരാമോദന്തത്തിന്റെ ചരട് പിടിച്ച് ആറൂരിന്റെ ലഘുരാമായണം ലങ്കാവർണ്ണനയോടെ തുടങ്ങുന്നു. കാവ്യശീർഷകത്തിനു് അനുസൃതമായി സീതാദേവിയുടെ തുടക്കം മിഥിലാപുരിയിലാണ്. പ്രാരംഭത്തിൽ രണ്ടു വന്ദനശ്ലോകങ്ങളും ചേർത്തു് കവിയുടെ ആസ്തിക്യബുദ്ധിയെ സൂചിപ്പിക്കുന്നു. വന്ദനശ്ലോകത്തിനു ശേഷം മിഥിലാരാജ്യത്തിന്റെ അലൗകികതയിലേക്കും ആദർശപരതയിലേക്കും പ്രവേശിക്കുകയാണ് കവി. സീതാവിവാഹംവരെയുള്ള കഥ ഒന്നാംഭാഗംകൊണ്ടു് അവസാനിക്കുന്നു.

രണ്ടാം ഭാഗത്തിലെ പ്രമേയം വനവാസത്തിനിറങ്ങുന്നതുവരെയുള്ള രാമായണകഥാഭാഗമാണ്. ഗംഗാനദി തരണം ചെയ്ത് പഞ്ചവടിയിൽ പാർക്കുന്നതുവരെയുള്ള കഥാഭാഗം മൂന്നാം ഭാഗത്തിലാണ്. നാലാം ഭാഗത്തിൽ സീതാപഹരണം നടക്കുന്നു. അഞ്ചാം ഭാഗത്തിൽ രാവണവധവും സീതാമോചനവും സാധിക്കുന്നു.

അശോകവനികയിൽ വസിക്കുന്ന സീത ആത്മഗതമായി രാമനോടു് അഭ്യർത്ഥിക്കുന്ന ഭാഗം കൂടുതൽ ഹൃദയസ്പൃക്കായിട്ടുണ്ട്.

കൊന്നാലുമിവരിന്നെന്നെത്തിന്നാലും നിന്ദ്യവാക്കുകൾ
ചൊന്നാലു,മിനിയും തജ്ജിച്ചെന്നാലുമണുവെങ്കിലും;
വരനിൽച്ചേർന്നൊരെന്നുള്ളം തിരിയാ, പിരിയാ, ദ്ധ്രുവം;
തിര കേറി മറിഞ്ഞാലും ചെറുതും പാറ മാറുമോ? (യുഗ്മകം)

ലോകം കീഴ്മേൽ മറിഞ്ഞാലുമാകാശം വീണുപോകിലും,
വേകിലും ചാകിലും മാറിപ്പോകയില്ല, സതീവ്രതം.

ഏവമുള്ള മതിനിശ്ചയത്തൊടും മേവിടുന്ന
സതികൊക്കനർഹമായ്;
ജീവനായകവിയോഗശോകമിബ്ഭൂവിലേകിടുവ—
തെന്തു ദൈവമേ!

തന്റെ സ്ഥിതിയെപ്പറ്റി വലിയ ദുഃഖം സീതയ്ക്കുണ്ട്. ക്രൂരും നീചപ്പരിഷകളായ നിശാചരികളും. ദുർമാർഗ്ഗപ്രേരണയാണ് എവിടെയും.

രാവണൻ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കുന്നുണ്ട്, തന്നെ വിപ
ഥസഞ്ചാരത്തിനു് ആളാക്കാൻ.

രണ്ടാം തണ്ടാർശരൻ ഞാനിതി കരുതി ദശ—
ഗ്രീവനെന്നുന്നിലെത്തി—
ക്കൊണ്ടാട്ടം ഭാവവും, വാക്യവു, മഭിനയവും
മോടിയും, മറ്റുമെല്ലാം
കണ്ടും, കേട്ടും, സഹിച്ചും പകലിരവു കര
ഞ്ഞും, ഭവാനേ സ്മരിച്ചും—
കൊണ്ടിക്കാരാഗൃഹത്തിൽ ദുരിതമനുഭവി—
ക്കുന്നു ഞാനിപ്രകാരം.

കൂടെക്കൂടെ വരും ദശാനന, നനാവശ്യം
കഥിക്കും, മഹാ
മൂഢത്വം പറയും, നടിക്കുമിടയിൽ ശൃംഗാ—
ര ലീലാരസം;
ക്രുദ്ധം രാക്ഷസിമാർ നിമിത്തമവമാനിക്കും;
ഹസിക്കും, ഭയ—
ത്തോടും കേട്ടു സഹിച്ചുകൊണ്ടിഹ വസിച്ചീടു—
ന്നു ഞാനിങ്ങനെ.

ഈ ഭാഗം വായിച്ചു തീരുമ്പോഴേ നമ്മുടെ ഓരോരുത്തരുടേയും ആത്മാവു്—ഉള്ളിന്റെ ഉള്ളിൽ ഭൗതികസുഖഭോഗാസക്തിയുടെ തടവിലിരിക്കുന്ന ഭക്തിയുടെ ദീനരൂപം സീതാദേവിയുടെ സ്ഥിതിയല്ലേ തനിക്കെന്നു് ചോദിച്ചുപോകയാണു്.

കൂകും കോകിലമേ, സമീരണ, മൃഗവ്രാത—
ങ്ങളേ തേൻകണം
തൂകും സൂനസുഗന്ധമേ, പ്രകൃതിസന്താന—
ങ്ങളേ, നിങ്ങളെ;
വേകും ഹൃത്തൊട്ട നോക്കിടും മമ വിഷാദോദ—
ന്തമെൻ നാഥനേ
വേഗം ചെന്നറിയിച്ചനുഗ്രഹമെനിക്കേകാൻ
കനിഞ്ഞീടുവിൻ.

പ്രകൃതിസൗന്ദര്യാനുഭൂതി സച്ചിദാനന്ദാത്മകമായ ഈശ്വരതത്ത്വത്തിലേക്കു് അടുപ്പിക്കാൻ സഹായകമാകുമെന്ന തത്ത്വമാണു് ഈ ശ്ലോകത്തിലൂടെ നമുക്കു കാട്ടിത്തരുന്നതു്. കുയിലിന്റെ പാട്ടു കേൾക്കാൻ ഇമ്പമുണ്ടു്. ശബ്ദം കാറ്റിൽ പറന്നെത്തി നമ്മെ സൗന്ദര്യദർശനത്തിലേക്കു് ഉണർത്തുന്നു. മാനുകളുടെ കണ്ണിന്റെ ഭംഗിയോ ചാട്ടത്തിന്റെ വേഗമോ കൂട്ടുതൽ ആക

ഷ്കം? പൂക്കളുടെ തേനും സുഗന്ധവും നാക്കിനും മൂക്കിനും ആനന്ദാമൃതം ഇറ്റിച്ചുതരുന്നു. ഇഹലോകദുഃഖം അവസാനിക്കണമെങ്കിൽ ഭോഗപരതയെ അതിജീവിച്ച് അശോകവനികയിലെ സീതാദേവിയെപ്പോലെ ഭഗവദ് സ്വരൂപമനനവും ഭഗവന്നാമോച്ചാരണവും അനുഷ്ഠിക്കേണ്ടതുണ്ട്.

പ്രലോഭനങ്ങളുടെ പൊന്മാൻചാട്ടങ്ങളിൽ ഭ്രമിക്കുകവഴി ഭഗവദ് ചിന്ത നമ്മിൽനിന്ന് അകലുമെന്നതന്നെയാണ് വാല്മീകി നമ്മെ പഠിപ്പിക്കുന്നതു്. അതൊരു മായാമൃഗമാണെന്നു വിചാരിച്ചാൽകൂടി കൈപ്പിടിയിലൊതുങ്ങാത്ത ഒന്നാണെന്ന് രാമായണകർത്താവ് സൂചിപ്പിക്കുന്നുണ്ട്. സീതാദേവി ഭർത്താവിനെ മാനിനെ പിടിക്കാനായി അയച്ചു. ജഗന്നാഥനെ അകറ്റി ഔതികസുഖം കയ്യിലാക്കാൻ ശ്രമിച്ചതു് ആപത്തിനു കാരണമായിത്തീർന്നു.

പൊന്മാനിന്റെ വിവരണം കൂടുതൽ വർണ്ണശബളമായിട്ടുണ്ട്. അതിന്റെ ഓരോ നീക്കങ്ങളേയും അംഗവിക്ഷേപങ്ങളേയും സീത ഉത്കാവധാനയായി നോക്കിനിന്നു. അതിനെ തനിക്കു കളിമൃഗമായി കിട്ടണമെന്നുള്ള വാക്കുകളും ശ്രീരാമനു് നിരസിക്കുവാൻ കഴിഞ്ഞില്ല. സീതയുടെ മൃഗവഞ്ചന രാമലക്ഷ്മണന്മാരെ സീതയിൽനിന്നകറ്റി. കാപട്യമാണ് പൊന്മാനായും യതിയായും വന്നതെന്ന് സീതയുണ്ടോ അറിയുന്നു?

മനുഷ്യജന്മമെടുത്താൽ ലൗകികസങ്കടങ്ങളും ഒഴിവാക്കുക അസാദ്ധ്യമാണെന്നുള്ള തത്ത്വം കവി നമുക്കു് സീതാദേവിയുടെ അനുഭവത്തിൽകൂടി മനസ്സിലാക്കിത്തരുന്നു. സമുചിതമായ വർണ്ണനകളും ദുഃഖനിർഭ്ഭരിതയിൽനിന്നുദ്ഭൂതമാകുന്ന തത്ത്വചിന്താശകലങ്ങളും ചേർത്തു് സർവഥാ മനോജ്ഞമാക്കിയ ഒരു ഖണ്ഡകൃതിയാണ് സുഭാഷിണി പത്രാധിപർ പി.കെ. ഗോവിന്ദപ്പിള്ളയുടെ സീതാദേവി.

ബാലരാമായണം ഗാഥ

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള രചിച്ചിട്ടുള്ള ഒരു ബാലസാഹിത്യകൃതിയാണ് ബാലരാമായണം 1913. കൃഷ്ണഗാഥയുടെ ചുവടുപിടിച്ച് രാമായണകഥ, ചൊല്പാനിമ്പമുള്ള ഗാഥാശൈലിയിൽ ഇതിൽ ആഖ്യാനം ചെയ്തിരിക്കുന്നു. ബാലസാഹിത്യരചനയാകയാൽ തത്ത്വചിന്തയ്ക്കല്ല വർണ്ണനയ്ക്കാണ് മുൻതൂക്കം കല്പിച്ചിട്ടുള്ളതു്. മാതൃക കാണിക്കാൻ രാമലക്ഷ്മണന്മാർ താടകയെ കണ്ടുമുട്ടുന്ന രംഗത്തുനിന്ന് ചില വരികൾ എടുത്തുകാട്ടാം.

പൊട്ടക്കിണറെന്നു പെട്ടെന്നു തോന്നീടും
ദുഷ്ടികൾ വട്ടിവയറും പിന്നെ
ഒട്ടേറെച്ചെമ്പിച്ച കേശവും ഗഹ്വരം
തോറുപോം വായും മലപോലുള്ള
ഗാത്രവും പൂണ്ടൊരു രാത്രിഞ്ചരിയവൾ
ധാത്രിതലത്തെ കുലുക്കി വന്നാൾ.

18. ചിന്താവിഷ്ടയായ സീത

പുതുമയും പൊലിമയും

മഹാകവി കുമാരനാശാൻ രാമായണമഹാഭാരതാദികളുടെ മഹത്ത്വം കണ്ടറിഞ്ഞ ഒരു ആദ്യ മഹാകവിയായിരുന്നു. എന്നാൽ ഒരു ചരിത്ര പണ്ഡിതൻ എഴുതിക്കണ്ടു, 'കേവലം ഹൈന്ദവവിഷയങ്ങളായ രാമായണ മഹാഭാരതങ്ങളെ ഒഴിവാക്കി ബൗദ്ധകഥാസംഭവങ്ങളെ കവനവിഷയമാക്കിയതുകൊണ്ട് ആശാന്റെ പ്രശസ്തി അനുദിനം വർദ്ധിച്ചുവരികയും, മറിച്ചു, വള്ളത്തോൾ രാമായണവിവർത്തനം ചെയ്തു് ഹൈന്ദവപുരാണങ്ങളിൽ കടിച്ചുതൂങ്ങിയതുകൊണ്ട് അദ്ദേഹത്തിന്റെ പ്രശസ്തി അനുദിനം കുറഞ്ഞു കുറഞ്ഞു വരികയും ചെയ്തു' എന്നു്. ആ വിമർശകന്റെ നിഗമനത്തിന്റെ വെളിച്ചത്തിൽ 'അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും' എന്നു പണ്ടാരോ പറഞ്ഞു എന്ന കേട്ടുകേൾവി ഒട്ടും അതിശയോക്തിയായിട്ടില്ല. ആശാൻ ഹൈന്ദവസാഹിത്യങ്ങളെ തള്ളിപ്പറഞ്ഞിട്ടില്ല. കൃതികളിൽ നല്ല ഭാഗം സ്തോത്രങ്ങളാണെന്നതിരിക്കട്ടേ 'ആശാഭരം ശ്രുതിയിൽ വസ്മുക' 'ഹാ ശാന്തിയുപനിഷദ്ദോക്തികളംതന്നെ നൽകും' തുടങ്ങിയ പ്രസ്താവനകളുടെ നേരെ കണ്ണടച്ചാൽ എന്തുചെയ്യും? വംഗസാഹിത്യവുമായി ബന്ധപ്പെട്ട ആശാനു് പണ്ഡിറ്റു് ഹരപ്രസാദ് ശാസ്ത്രിയുടെ വാല്മീകി വിജയം തുടങ്ങിയ കൃതികളും അജ്ഞാതമായിരിക്കുകയില്ല. കമ്പരാമായണമായും, എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമായും ബന്ധമുണ്ടായിരുന്നു എന്നതിനു് ബാലരാമായണംതന്നെ മതിയായ തെളിവുകളും നല്കുന്നു. വാസ്തവം പറഞ്ഞാൽ മലയാളഭാഷയിലെ മറേറതൊരു മഹാകവിയേയും അപേക്ഷിച്ചു് ആർഷസംസ്കാരത്തിൽ വിശ്വാസവും അഭിമാനവും പുലർത്തിയിരുന്ന ദേഹമായിരുന്ന ശ്രീനാരായണശിഷ്യൻകൂടിയായ ആശാനെന്നു് ഉറപ്പിച്ചു പറയാം.

ചിന്താവിഷ്ടയായ സീത, ഉത്തരരാമായണസ്പർശിയായ ഇതിവൃത്തം സ്വീകരിച്ചുള്ള കൃതിയാണു്. ആ കാവ്യം വളരെയധികം ജനശ്രദ്ധ ആകർഷിച്ചിട്ടുമുണ്ടു്. പരസ്പരവിരുദ്ധമായ കോണുകളിൽനിന്നു് അവലോകനം ചെയ്യപ്പെട്ട കൃതിയുമാണതു്. സി. നാരായണപിള്ള പറയുന്നു വാല്മീകിയുടെ സീതയല്ല ആശാന്റെ സീതയെന്നു്. ഒരു പ്രധാനന്യായം പറഞ്ഞതു രാമായണത്തിലെ ഉത്തരകാണ്ഡം മുഴുവൻ പ്രക്ഷിപ്തമാണെന്നതത്രേ. ശ്രീരാമപട്ടാഭിഷേകത്തോടുകൂടി വാല്മീകിയുടെ കാവ്യം അവസാനിച്ചു എന്നും പിന്നെയുള്ള ഭാഗം ഏതോ സരസൻ എഴുതിപ്പിടിപ്പിച്ചതാണു് സീതാപരിത്യാഗഭാഗമെന്നും ചിലർക്കു് അഭിപ്രായമുണ്ടെന്നതു് ശരിയാണു്. രാജാജിതന്നെ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ടു്. മറെറാരഭിപ്രായമുള്ളതും ശ്രദ്ധിച്ചേതീരൂ. ശ്രീരാമൻ സീതയെ ആശ്രമപരിസരത്തു വിട്ട

പോരാനാണ് ലക്ഷ്മണനു നിർദ്ദേശംകൊടുക്കുന്നതു്. ആത്മീയമായ അന്തരീക്ഷത്തിലേക്കു് മാററിനിർത്തി ലോകാപവാദം അപ്രത്യക്ഷമായശേഷം സീതയെ വിളിച്ചുവരുത്താം എന്നു ശ്രീരാമൻ ചിന്തിച്ചിരിക്കാം. തന്റെ സന്താനങ്ങളും വാല്മീകിയുടെ ആശ്രമത്തിൽ ജനിച്ചു വളരട്ടേ എന്ന മോഹവും ഉണ്ടായിക്കുടെന്നില്ലല്ലോ. വനവാസഘട്ടത്തിൽ ഭരദ്വാജാശ്രമം കഴിഞ്ഞു വാല്മീകിയുടെ ആശ്രമത്തിൽ സീതയോടൊപ്പം രാമലക്ഷ്മണന്മാർ എത്തുന്നുണ്ടു്.

കണ്ടാർ തെക്കോട്ടു വീണ്ടും പോംവഴിക്കതിമനോഹരം
കവിപ്രശസ്തി നേടാത്ത വാല്മീകിയുടെയാശ്രമം
വാത്സല്യമേറും മുനിതൻ വിരുന്നേററങ്ങു തുഷ്ടരായ്
വീട്ടിലെന്നവിധം സൌഖ്യം വസിച്ചാർ ചില നാളവർ

എന്ന ഭാഗം സ്മരിക്കുക. ഗർഭിണിയായ സീതയ്ക്കു് സ്വീകാര്യനായിരുന്നു വാല്മീകി. ദശരഥന്റേയും ജനകന്റേയും സുഹൃത്തുമാണു്. വാല്മീകിയുടെ ആശ്രമത്തിൽ പ്രസവിച്ചുണ്ടായ ലവകുശന്മാക്കു് പാടാനായിട്ടാണു് ആദികാവ്യം രചിച്ചതുതന്നെ. ഇതെല്ലാം പ്രക്ഷിപ്തമാണു്, കെട്ടുകഥയാണു് എന്നു് ആരു പറഞ്ഞാലും ആശാൻ അക്കൂട്ടത്തിൽപെടില്ല എന്നതത്രേ വസ്തുത.

മുനിചെയ്ത മനോജ്ഞകാവ്യമ—
മ്മനുവംശാധിപനിന്നു കേട്ടുടൻ
അനുതാപമിയന്നിരിക്കണം
തനയന്മാരെയറിഞ്ഞിരിക്കണം
.....
മുനികാട്ടിടുമെൻ കിടാങ്ങളെ—
ക്കനിവാൽ നിശ്ചയമാഞ്ഞു പുൽകിടാം
അനസൂയ വിശുദ്ധമിന്നു നിൻ
മനമാനന്ദസരിത്തിൽ നീന്തിടാം.

ശ്രീരാമനെ കടുംകൃത്യത്തിനു പ്രേരിപ്പിച്ച ജനാപവാദം തീർത്തുകളയണമെന്നു് അദ്ദേഹം ഉദ്ദേശിച്ചിരിക്കാം.

തമസാതീരത്തിലേക്കു് ശിഷ്യനോടുകൂടി സ്നാനത്തിനായി വാല്മീകി പോയപ്പോഴാം ഒരു വനവേടൻ ക്രൌഞ്ചമിഥുനങ്ങളിൽ ആണിനെ അമ്പെയ്തു വീഴ്ത്തി. പെൺപക്ഷിയുടെ ദുഃഖമറിഞ്ഞു് കാരുണികനായ മഹർഷിയുടെ ഹൃദയത്തിലുണ്ടായ ശോകം ശ്ലോകരൂപത്തിൽ ബഹിർഗമിച്ച എന്നാണല്ലോ പറയപ്പെട്ടുന്നതു്. ഇതിനു് ദേശമംഗലം രാമവാരിയർ നല്കുന്ന വിവരണം ശ്രദ്ധേയമാണു്. 'ക്രൌഞ്ചപ്പക്ഷിയെ വേടൻ അമ്പെയ്തു കൊല്ലുന്ന ഒരു സംഭവംതന്നെ വാല്മീകിയുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. സീതാരാമമിഥുനത്തെ ക്രൌഞ്ചമിഥുനമായിട്ടും ജനാപവാദത്തെ നിഷാദനായിട്ടും

അധ്യവസായം ചെയ്തതാണെന്നേ വിചാരിക്കാൻ ന്യായമുള്ള.' മഹർഷി തമസാതീരത്തുകൂടി സഞ്ചരിക്കുമ്പോൾ ശ്രീരാമന്റെ വിഷമത്തെക്കുറിച്ചും അതുണ്ടാക്കിയ ജനാപവാദത്തിന്റെ ഭീകരസ്വഭാവത്തെക്കുറിച്ചും ചിന്തിച്ചു കാണും. അതവസാനിപ്പിക്കാൻ എന്തു വഴി എന്നാലോചിച്ചുണ്ടായ ശോകം ശ്ലോകമായി രൂപംകൊണ്ടതാണു് വാല്മീകിരാമായണമെന്നു വരുമ്പോൾ ഉത്തരകാണ്ഡം അപ്രസക്തമാകുന്നില്ല. ചിന്തകനായ വി. പനോളി പറയുന്നു: 'രാമായണത്തെ സീതായനമാക്കി മാറ്റുന്ന ഭാഗം സീതാപരിത്യാഗകഥയാണു്.' ആദ്യത്തെ ആറു കാണ്ഡങ്ങളെ രാമായണത്തിന്റെ ശരീരമായി ഗണിക്കുകയാണെങ്കിൽ ഉത്തരകാണ്ഡത്തെ അതിന്റെ ശിരസ്സായി കല്പിക്കേണ്ടിവരും. കാവ്യം ശോകമയമായി തീരണമെങ്കിൽ ഉത്തരകാണ്ഡവും കൂടി ചേരാതെ സാധ്യമല്ല.

ആശാന്റെ ചിന്താവിഷ്ടയായ സീത ആദ്യഘട്ടത്തിൽ സാധാരണ സ്ത്രീകളെപ്പോലെ ചിന്തിച്ചുപോകുന്നുണ്ടു്. ശ്രീരാമന്റെ ചെയ്തികളെ അപഗ്രഥിക്കുമ്പോൾ സാധാരണക്കാരന്റെ കാഴ്ചപ്പാടുവച്ചാണു് കാവ്യാരംഭം എന്നു ചുരുക്കം.

കറയെന്നിലുരപ്പതുത്തമൻ
മറപോലെങ്ങിനെ കേട്ട മന്നവൻ

എന്ന ഭാഗത്തു സീതയുടെ വാക്കുകളിൽ സാധാരണ ഒരു സ്ത്രീയുടെ അമർഷമാണു് പ്രകടമാകുന്നതു്.

ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി—
ന്നുപദംശിച്ച കളങ്കരേഖകം
അഭിമാനിനിയാം സകാന്തയിൽ
കൃപയാൽ ദേവ ഭവാൻ ക്ഷമിക്കുക

എന്ന നിലയിൽ അന്ത്യഭാഗത്തും സീത ഉയർന്നു ചിന്തിക്കുന്നുണ്ടു്. ആശാൻ ആദ്യം എതിർവാദമുഖങ്ങളെ അപഗ്രഥിച്ചു് വാല്മീകിയുടെ ചിന്താഗതിയെ തന്നുപൂർവ്വം അവതരിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്.

വേണ്ടാവേദമെടോ സുതേ വരികയെ—
ന്നോതും, മുനീന്ദ്രന്റെ കാൽ—
ത്തണ്ടാർ നോക്കിനടന്നധോ വദനയായ്—
ച്ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തിയൊന്നനുശയ—
ക്ലാന്താസ്യനാം കാന്തനെ—
ക്കണ്ടാശം പൗരസമക്ഷ, മന്നിലയിലീ—
ലോകം വെടിഞ്ഞാശം സതി.

സതി എന്ന പദംകൊണ്ടാണു് കാവ്യം സമാപിക്കുന്നതു്. വാല്മീകി സീതയെ കണ്ടപ്പോൾ ആദ്യം പറഞ്ഞതു് 'സ്വാഗതം തേ പതിവ്രതേ'

എന്നായിരുന്നു. ആശാന്റെ സീത ചില ചോദ്യങ്ങളും ചോദിക്കാൻ ധൈര്യപ്പെട്ടുന്നുണ്ട്. ഇതു് ബാലരാമായണത്തിലും നാം കണ്ടു കഴിഞ്ഞതാണു്.

ശസ്ത്രവും ജടയും തീയും നീരും പോലെ വിരോധികളും
വിരുദ്ധവേഷം കൈക്കൊള്ളാറില്ലല്ലോ യോഗ്യരാരുമേ
ശസ്ത്രപാണികളു ശത്രുക്കളും തനിയെ വന്നുകൂടിടും
ഹിംസാരസം വൃഥാ തോന്നും വിപത്തും പാപവും വരും

ഇവിടെ സാധാരണക്കാരന്റെ സംശയം കവി സീതയിലൂടെ അവതരിപ്പിച്ചുവെന്നേയുള്ളു. അതിനുള്ള സമാധാനം ശ്രീരാമനിലൂടെ കണ്ടെത്തുന്നുമുണ്ടു്. ഏതായാലും അനുവാചകരോടു ചേർന്നുനിന്നുകൊണ്ടു് കഥാപാത്രത്തെ കാണാൻ ചിന്താവിഷ്ടയായ സീതയിലൂടെ ആശാൻ ശ്രമിച്ചിട്ടുണ്ടു്.

ഏതു നിലയ്ക്കും ആശാന്റെ സീതാകാവ്യം നൂതനത്വം മുറ്റിയ ഒരു ഉത്തമഖണ്ഡകൃതിയായിട്ടുണ്ടു്. അതിന്റെ പേരിൽ ആശാൻ വളരെയധികം പ്രകീർത്തിക്കപ്പെട്ടിട്ടുമുണ്ടു്.

ചിന്താഗ്രസ്തനായ ശ്രീരാമൻ

പ്രൊ. മുണ്ടശ്ശേരി, സുകുമാർ അഴീക്കോടു് തുടങ്ങിയ നിരൂപകന്മാർ ചിന്താവിഷ്ടയായ സീതയെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. അവയിൽ മുണ്ടശ്ശേരിയുടെ നിരൂപണം വായിച്ചപ്പോഴാണു് കവികുലഗുരു പി. വി. കൃഷ്ണവാരിയർക്കു് ചിന്താഗ്രസ്തനായ ശ്രീരാമൻ എഴുതാൻ പ്രചോദനം ലഭിച്ചതെന്നു് മഹാകവി ടി. ആർ. നായർ അഭിപ്രായപ്പെട്ടുകാണുന്നു.

മറക്കയോ ഞാനപവാദമൊന്നു
മോചിക്കയോ നിർമ്മലമങ്കയാളെ
ഉറക്കാമ്പിതേതാവണമെന്നവന്നോ—
രുഞ്ഞാലുപോലാടിയുലഞ്ഞിരുന്നു

(വിവ. ടി. ആർ. നായർ. രഘുവംശം XIV)

ഈ ചിന്താഗതി രാമനുണ്ടായിരുന്നതു് ഒന്നു് വിവരിച്ചുകാട്ടാമെന്നു് കൃഷ്ണവാരിയർ നിശ്ചയിച്ചതിന്റെ ഫലമാണു് ചിന്താഗ്രസ്തനായ ശ്രീരാമൻ. കൃഷ്ണവാരിയർതന്നെ അക്കാര്യം ഏറ്റുപറഞ്ഞിട്ടുണ്ടു്: 'ആശാനു സീതയെപ്പറ്റി ഉണ്ടായ ചിന്താഗതി, ശ്രീരാമനെപ്പറ്റിയുള്ള എന്റെ ചിന്താഗതിക്കു് ഒരു പ്രേരകമായിട്ടുണ്ടെന്നു പറയാതെ കഴികയില്ല.' പ്രൊഫ. എൻ. കൃഷ്ണപിള്ള തുടർന്നെഴുതി. 'ഗ്രന്ഥത്തിന്റെ ചട്ടക്കൂടു പണിയുന്നതിലും ആശാന്റെ കാവ്യം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു സ്പഷ്ടം. പക്ഷേ, കൃതിയുടെ അനുഭവസംവേദനശക്തിയാൽ സഹൃദയർക്കു് ഐകമത്യമുണ്ടെന്നുള്ള വസ്തുത, വാരിയരുടെ കൃതി സീതയുടെ ഒരു അനുകരണമല്ലെന്നു പ്രഖ്യാപിക്കുന്നു. അനുകരണകൃതിക്കുണ്ടോ വല്ല ചൈതന്യവും പകരാനുള്ള കഴിവു്?'

ഇരുകണ്ണുകളും ചിമ്മിയും, മുഖം
കരുവാളിച്ചുമനങ്ങിടാതെയും
മരുവീ നൃപനങ്ങു കണ്ണടച്ചൊരു കൃഷ്ണോപലബിംബമാംവിധം
വഴി, കണ്ടതുപോലെയൊക്കെ വാ
ന്നൊഴിയാൻ വിട്ട വികാരനിർഭരം
അഴിയാശ്രു മുറിച്ചൊരാറുപോൽ
മിഴിയിൽച്ചാടിയൊലിച്ചു മേല്ക്കുമേൽ.

എന്നു് എഴുത്തച്ഛനിടത്തു വാഗ്മിതയും വാചാലതയും തമ്മിലുള്ള അന്തരം അനുഭവംകൊണ്ടു് അറിഞ്ഞുവനാണു് കൃഷ്ണവാരിയരെന്നു കാണാം. ശരിക്കും ഭാവോജ്ജ്വലമായിട്ടുണ്ടു് കാവ്യം.

അവശം തൻ തുണയായു് വനത്തിലേ
യ്ക്കിവനും പോവുകിലെന്തു ദോഷമാം?
അവകാശമിതക്വംശജ—
ക്വസാനം വനവാസമല്ലയോ?

ഒടുവിൽ,

ഭ്രമമീവക ചിന്തയൊക്കെയും
മമ ജന്മാന്തരപാപമൊന്നുതാൻ
കമനീമണിമൂലമുള്ളൊരീ—
യ്യമഹാദുഃഖനിദാനമായതും

എന്നു സാധാരണമനുഷ്യനെപ്പോലെ സമാശ്വസിക്കുകയാണു്.

ശ്രീരാമനും ഒരു മനുഷ്യനാണെന്നും, ആ നിലയിൽ സീതയെ പരിത്യജിക്കുമ്പോഴും ചില ചിന്തകളും സ്വാഭാവികമായും വരില്ലെ എന്നും ഉള്ള ബോധമാണു് കവിതാരചനയ്ക്കുള്ള കാരണമെന്നു് ആമുഖത്തിൽ പി. വി. തന്നെ സൂചിപ്പിച്ചിട്ടുണ്ടു്.

ശ്രീരാമന്റെ അന്തരംഗചിന്തകളെക്കുറിച്ചു് ഏതാനും ശ്ലോകങ്ങളും രചിച്ചശേഷം കടുംബപ്രാരബ്ധങ്ങളാൽ കുറെക്കഴിഞ്ഞാണു് പി. വി.ക്കു കാവ്യം പൂർത്തിയാക്കാൻ സാധിച്ചതു്. കവിതാനിർമ്മാണത്തിൽ ഇടയ്ക്കു തടസ്സം നേരിട്ടതായി ചിന്താവിഷ്ടയായ സീതയുടെ മുഖവുരയിൽ ആശാനും എഴുതിയിട്ടുണ്ടു്.

പി. വി. തുടർന്നെഴുതുന്നതു നോക്കുക: 'ഇതു് ആശാന്റെ കവിതയ്ക്കു് ഒരു മറുപടിയോ, അല്ലെങ്കിൽ ആ വിശിഷ്ടകൃതിയോടു് വല്ലവിധത്തിലും അടുക്കുന്നതോ ആയി ഞാൻ ലേശവും അഭിമാനിക്കുന്നില്ല. മഹാകവി കുമാരനാശാൻ എവിടെ? അല്പജ്ഞനായ ഞാൻ എവിടെ? ഞങ്ങളും തമ്മിൽ ഒരടുപ്പവുമില്ല. കവിതകളുടെയും അതുപോലെതന്നെ.'

അശോകോദ്യാനത്തിലെ സീത

ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടിന്റെ 'അശോകോദ്യാനത്തിലെ സീത' എന്നൊരു കവിത 1091 മകരലക്കം കവനകൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്നു. അശോകോദ്യാനമധ്യത്തിൽ രാക്ഷസികളാൽ ചുറ്റപ്പെട്ട രക്ഷാമാർഗ്ഗമില്ലാതെ വലയുന്ന സീതയുടെ ദയനീയാവസ്ഥ നമ്പൂതിരിപ്പാട് വിവരിച്ചു കാട്ടുന്നുണ്ട്.

ആകമാനമതിരുക്ഷരാക്ഷസ—
സ്ത്രീകയം കാത്തുവരുമാ വരാംഗിയാത്മം
ഏകയായ്, നരികയം ചൂഴവേ പരം
ശോകമാന്ന പിടമാൻ കണക്കിലായ്.
മേലടച്ചു ചളിയും മുഷിഞ്ഞൊരാ—
ചേലയും കലരുമക്ഷ്യശോദരീ
നീല ധൂമ പടലാവൃതാനല—
ജ്വാലപോലെയൊളി ചിന്നിയപ്പൊഴും
.....
ന്യായമറ്റ മദനപ്പിശാചുപോ—
ലായ രാവണനടുത്തു പിന്നെയും
ആയതേക്ഷണ പകച്ചു തൃണപോ—
ലായകന്നവിടെ നിന്ന നിശ്ചലം.

ചിന്താവിഷ്ടയായ സീതയിലും ഇതിലും ചില സമാനാശയങ്ങൾ കാണുന്നതുകൊണ്ട് ഒന്ന് ഒന്നിന്റെ അനുകരണമാണെന്നു പ്രവചിക്കാവുന്നതല്ല.

19. രാമായണവും വടക്കുംകൂറും

സംസ്കൃതത്തോട് പ്രത്യേകം പ്രീതിയും ആദരവുമുള്ള ഒരു പണ്ഡിത മഹാകവിയാണ് വടക്കുംകൂർ രാജരാജവർമ്മ. കേരളീയസംസ്കൃതസാഹിത്യചരിത്രത്തിന്റെ കർത്താവായ അദ്ദേഹത്തെ ഏറ്റവും കൂടുതൽ ആകഷ്ടിച്ചിട്ടുള്ള കൃതി ആദികാവ്യമാണ്. അദ്ദേഹം പറയുന്നതു നോക്കുക—— 'ആദികവി വേധസ്സിന്റെ ആദിമഹാകാവ്യത്തെ ആസ്പദമാക്കി ഭാഷയിൽ അനേകം കൃതികളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. രാമചന്ദ്രവിലാസാദികാവ്യങ്ങളുടെ കൂട്ടത്തിൽ ഒരു താഴ്ന്ന സ്ഥാനം എന്റെ രാഘവാഭ്യുദയത്തിനും സഹൃദയന്മാർ നൽകുമെന്നാണ് എന്റെ വിശ്വാസം. അതിന്റെ സഹോ

ദരസ്ഥാനത്തിനു് അവകാശമുള്ള കൃതിയായി ഈ രഘുവീരവിജയത്തെ ഗണിക്കാം. പതിമൂന്നു സർഗ്ഗങ്ങളോടുകൂടിയ പ്രസ്തുത കൃതി കഥാപരമായി നോക്കിയാൽ അപൂർവമാണു്. രാമായണകഥയുടെ ഒരംശം മാത്രമേ ഈ കാവ്യം ഉൾക്കൊള്ളുന്നുള്ളുവെങ്കിലും രാമചരിത മാഹാത്മ്യം അല്പമെങ്കിലും ഇതിൽനിന്നു് അനുവാചകർക്കു് ഗ്രഹിക്കുവാൻ കഴിയും, തീർച്ചതന്നെ. 'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്നതാണു് ശ്രീരാമന്റെ മാഹാത്മ്യം. അതു രഘുവീരവിജയത്തിൽ വായനക്കാർക്കു ഗ്രഹിക്കുവാൻ കഴിയുമെങ്കിൽ കൃതിക്കു ജന്മസാഫല്യം ലഭിച്ചു.' രണ്ടാം പതിപ്പിനു് 1943—ൽ എഴുതിയ അവതാരികയിലാണു് തമ്പുരാൻ ഇതുയും രേഖപ്പെടുത്തിയതു്.

ഒന്നാം സർഗം ഇഷ്ടദേവതാപ്രാർത്ഥനയും പൂർവകവിപ്രശംസയും സാഹിത്യ വിചാരത്തിനുംവേണ്ടി നീക്കിവച്ചിരിക്കുകയാണു്. പുതുമോടിയിൽ ഭ്രമിച്ചു് പഴമയെ പരിഹസിച്ചു കഴിയുന്ന ഖലന്മാരെ വിമർശിക്കുവാനും കവി ഒരുങ്ങിയിട്ടുണ്ടു്. പഴയതെല്ലാം തീയതു്, പുതിയതെല്ലാം നല്ലതു് എന്നതു കാലഘട്ടത്തിന്റെ മിഥ്യാഭ്രമമാണു്. കണ്ണാടിയുടെ ഉപരിതലത്തിൽ വീണ പൊടിപോലെ അതു തട്ടിയാൽ പോകുന്നതാണു്. ഖലന്മാരെ കവി വെറുതെ വിടാൻ ഭാവമില്ല.

വല്ലാതുയർന്ന പുതുമഭ്രമ,മത്ഥമൊട്ട-
മില്ലാത്ത വൈരനില പൂർവമതത്തൊടെല്ലാം
പുല്ലായു് പുരാതനരെയോർപ്പൊരു വൃത്തി,യെന്നി—
തെല്ലാം പെരും ഖലരിൽ നാം നിയമേന കാൺമൂ. I 29

രാമകഥയുടെ മഹത്ത്വത്തിലുള്ള അഭിനിവേശവും കേ്തിവിശ്വാസവും കാരണം മഹാകാവ്യരീതിയിൽത്തന്നെ കവി തന്റെ ആശയങ്ങളെ അവതരിപ്പിക്കുകയാണു്. കഥാനായകനെ കേവലം ആദർശപുരുഷനായി അവതരിപ്പിക്കുക മാത്രമല്ല, തന്റെ കേ്തിപ്രകർഷം പ്രകടമാക്കാൻകൂടി ഉദ്ദേശിച്ചിട്ടുണ്ടെന്നു കവി പ്രഥമസർഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്.

രാമന്റെ ചാരുചരിതം കവിവര്യർ പൂർവർ
സാമർത്ഥ്യമോടു വിവിധം വിരചിക്കിലും താൻ
ആ മഞ്ജുവൃത്തമഹിതാംബുധിയിൽ കടന്നൊ
ന്നാമജ്ജനത്തിനു കൊതിപ്പു മദീയ ചിത്തം.

സൂര്യവംശത്തിന്റെ മഹത്ത്വം വിവരിക്കുന്നതിനു നാന്ദിയായി സൂര്യനിൽനിന്നു ഭ്രമിക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെ ഉല്ലേഖ പ്രധാനമായി ചിത്രീകരിച്ചുകൊണ്ടാണു് രണ്ടാം സർഗം ആരംഭിക്കുന്നതു്. ദിലീപൻ, രഘു, അജൻ എന്നിവരുടെ പ്രതാപങ്ങളെ വർണ്ണിക്കുന്നതും ഈ സർഗത്തിലാണു്.

മഹസ്സിനെല്ലാമവിനാശകോശം
ഗ്രഹവ്രജത്തിനു കുലാധിനാഥൻ
അഹസ്സഹസ്രൗഘവിധാനശില്പി—
യഹസ്കരൻ ദൈവതമീശ്വരർക്കും.

എന്നിങ്ങനെ സൂര്യസ്തുതിക്കുശേഷം 'ദിനേശദേവന്റെ നല്പാവന മാം കുലത്തിൽ' ഉണ്ടായ ദിലീപനെ അവതരിപ്പിക്കുന്നു. ദിലീപൻ വൈരികൾക്കു പേടിസ്വപ്നമായിരുന്നു. 'സത്കർമ്മാനുഷ്ഠാനത്തിൽ ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു രാജ്യം ക്ഷേമൈശ്വര്യങ്ങളാൽ കൊണ്ടു പുഷ്കലമായി. ആലങ്കാരികാരികളോഷയിലാണ് കവി ഇതെല്ലാം വർണ്ണിക്കുന്നതു്. ദിലീപൻ സ്വന്തം പരാക്രമത്തെയ്തു് അരാതിനാരിമാരുടെ കണ്ണീരുകൊണ്ടു കേശരിനനപ്പിക്കുവാനും, ക്ഷാമത്തെ വൃക്ഷമാക്കി അതിന്റെ വേരിനു വാളുകൊണ്ടുവാനും കവി ശ്ലേഷിച്ചിരിക്കുകയാണു്.

ഭൂരിപ്രജാക്ഷാമ മഹീരുഹത്തിൽ
വേരിനു വാൾവയ്ക്കുമവന്റെ ദാനം
ദാരിദ്ര്യശോകാഹതമാം ജനത്തെ
പാരിൽ കുമ്പേരന്റെ നിലയ്ക്കുനിക്കി

അലങ്കാരങ്ങളെല്ലാം അനായാസമായി വന്നുപെടുന്നുണ്ടെങ്കിൽത്തന്നെ ഉചിതമായോ എന്ന പരിഗണന മതിയാവുന്നില്ല. അലങ്കാരത്തിന്റെ കൃത്രിമസ്വഭാവം മഹാകാവ്യഘടനയിൽ അഭംഗിയാവില്ല എന്നു് മഹാകവി ആശ്വാസം കൊള്ളുന്നുണ്ടാകാം.

ശ്രീഹർഷൻ നൈഷധീയചരിതത്തിൽ സർഗസമാപ്തിയെപ്പറ്റി വിവരണം ചേർത്തിട്ടുള്ളപോലെ രഘുവീരവിജയകർത്താവും സർഗാന്ത്യപദ്യങ്ങളിൽ നാമമുദ്ര ചേർത്തിട്ടുണ്ടു്.

ദശരഥന്റെ സവിശേഷവ്യക്തിത്വവും ശ്രീരാമാദികളുടെ അവതാരവും അവരുടെ ക്രീഡകളും ആണു് മൂന്നാം സർഗത്തിൽ അവതരിപ്പിച്ചിട്ടുള്ളതു്. ദശരഥന്റെ അംഗപ്രത്യംഗവർണ്ണന പഴയരീതിയിൽ വാർത്തതാണെങ്കിലും തെളിച്ചവും ജീവനും വന്നിട്ടുണ്ടു്. ദശരഥനു നാല പുത്രന്മാരുണ്ടായി എന്നല്ലാതെ പുത്രകാമേഷ്ടിയിലേക്കൊന്നും കവി നമ്മെ വലിച്ചിഴയ്ക്കുന്നില്ല. ബാലകന്മാരുടെ ലീലകളെല്ലാം ഹൃദയാവർജ്ജകമായ രീതിയിൽ വർണ്ണിച്ചുപോകുന്നുണ്ടു്. വികൃതി കാണിക്കുമ്പോഴും രാവണനു പിടിച്ചുകൊടുക്കുമെന്നു് അവരെ യേപ്പെടുത്തുന്ന പതിവു് രക്ഷിതാക്കൾക്കു് ഉണ്ടായിരുന്നുവത്രെ

നാലുപേർക്കുമൊരുമിച്ചു താൻ മഹീ—
പാലനുള്ള മടിയിൽ കരേറണം.
ലീലയോടതിനു മുമ്പിലോടിടും
മേലണഞ്ഞഥ വഴക്കടിച്ചിടും
.....
സൗമനസ്യമൊടു ലീല ചെയ്യുമാ
കോമളാംഗർ നൃപനേകിയുത്സവം.

ശ്രീരാമന്റെ അഭിഷേകാലോചനയാണ് നാലാം സർഗത്തിലെ പ്രതിപാദ്യം. ആ വാർത്ത ജനങ്ങളെ ആകമാനം സന്തോഷിപ്പിച്ചു. തീരുമാനം ശ്രീരാമനെ അറിയിക്കുവാൻ വസിഷ്ഠൻ പോകുന്ന രംഗം അത്യന്തം ഹൃദ്യമായിട്ടുണ്ട്. വസിഷ്ഠസമീപത്തു വന്ദിച്ചുനിൽക്കുന്ന ശ്രീരാമന്റെ ചിത്രം മനസ്സിൽ പതിയുന്ന മട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. രാജ്യത്തിന്റെ ഭരണച്ചുമതലയേല്പിക്കുമ്പോഴും ശ്രദ്ധിക്കേണ്ട നിരവധി തത്ത്വങ്ങളും കലഹരുടെ ശ്രീരാമനെ ധരിപ്പിക്കുന്നതും ഈ സർഗത്തിലാണ്.

അഞ്ചാംസർഗം കൈകേയി, മന്ഥരാ സംവാദമാണ്. ദിവ്യാശ്രമത്തിലേക്ക് ബുദ്ധധ്വധൂടിയെന്നപോലേയും, ഹംസപൊയ്കയിലേക്ക പെൺസപ്പുമെന്നപോലേയും ആണ് മന്ഥര കൈകേയിമന്ദിരത്തിലേക്ക കടന്നുചെന്നതു്. ശ്രീരാമനെ അധികപ്രസംഗിയായും, ഭരതനെ 'സാരസ്യവേദിസകലാഗമതത്ത്വസാരപാരംഗതൻ' ആയും വിശേഷിപ്പിച്ചുകൊണ്ടാണ് മന്ഥരയുടെ ഉപദേശം ആരംഭിക്കുന്നതു്. ആദ്യം ആരു ജനിച്ചു എന്നതല്ല, ഗുണഗണങ്ങളാണ് രാജ്യാവകാശത്തിനു പ്രമാണമാകേണ്ടതു്. പാല്പുടൽ കടഞ്ഞപ്പോഴും ആദ്യം വിഷമുണ്ടായി, പിന്നെയാണ് അമൃതം വരുന്നതു്: ഏതു സ്വീകരിക്കണമെന്നതിനെക്കുറിച്ച് ആരു തക്കിച്ചുനില്ലും? അതുകൊണ്ട് 'ഭരതനെ ക്ഷിതിനാഥനാക്കാൻ—ശ്വാസം നിലപ്പതുവരെ പണിചെയ്തിടേണം', 'രാമനു വാസഗേഹം' കാടായിത്തീരുകയും വേണം. ഇത്തരം ദുരുപദേശങ്ങളിലൂടെ മന്ഥര കൈകേയിയെ സ്വാധീനത്തിലാക്കുകയും തന്റെ അഭിപ്രായം സ്വീകരിക്കുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു.

ആറാം സർഗം പ്രഭാതവർണ്ണനമാണ്. ദശരഥനെ ഗായകസംഘം പ്രഭാതഗീതങ്ങളും പാടി ഉണർത്തുന്നു. ഏഴാം സർഗത്തിൽ കൈകേയി ദശരഥനോടു് വരം ആവശ്യപ്പെടുന്നതും, ദശരഥന്റെ ദുഃഖഭാവവുമാണ് വർണ്ണിക്കുന്നതു്.

എട്ടാം സർഗത്തിൽ അഭിഷേകത്തിനു സമയമായിട്ടും മഹാരാജാവു വന്നെത്താത്തതിൽ വസിഷ്ഠനും സുമന്ത്രർക്കും അസ്വസ്ഥത വർദ്ധിച്ചു. അവർ ശ്രീരാമനോടുകൂടി മഹാരാജാവിനെ കാണുവാൻ പോയി. ദുഃഖാകുലനായ പിതാവിനെ രാഘവൻ പനിനീർ തളിച്ചും ദേഹംതടവിയും പരിചരിച്ചു. ഉത്സവദിനം ദുർദ്ദിനമായിത്തീർന്നതെങ്ങനെയെന്നു കൈകേയിയുടെ വിവരണത്തിൽ നിന്നാണ് എല്ലാവരും ഗ്രഹിച്ചതു്. പിതാവിന്റെ പ്രതിജ്ഞ പാലിക്കുക പുത്രധർമ്മമായി കരുതി ശ്രീരാമൻ വനയാത്രയ്ക്ക് സന്നദ്ധനായി.

പൗരന്മാരുടെ അസ്വസ്ഥതയും, ലക്ഷ്മണന്റെ ക്ഷോഭവും, ലക്ഷ്മണോപദേശവുമാണ് ഒൻപതാംസർഗത്തിൽ വിവരിക്കപ്പെടുന്നതു്. വനവാസത്തിനു് ഒന്നിച്ചുപോകാൻ സീത നിർബന്ധബുദ്ധി കാണിക്കുന്നതും, വനങ്ങളിലെ പരുക്കൻജീവിതം സഹിക്കാൻ സീത അസമർത്ഥയായേക്കുമെന്നു ശ്രീരാമൻ വിശദീകരിക്കുന്നതും പത്താംസർഗത്തിലാണ്. പതിനൊന്നാം

പന്ത്രണ്ടും സർഗങ്ങളിൽ ചിത്രകൂടത്തിൽ ചെന്നുചേരുന്നതുവരെയുള്ള അനുഭവങ്ങളും വർണ്ണിച്ചിരിക്കുന്നു. രാമലക്ഷ്മണന്മാരോടും സീതയോടും വേർപെട്ട അയോദ്ധ്യയുടെ സ്ഥിതിയാണു് അന്തിമസർഗത്തിൽ ചിത്രീകരിച്ചിട്ടുള്ളതു്.

ധൃതനയമനുജാതൻ ലക്ഷ്മണൻതന്നെയും ഭ്ര—
സുതവരതനുവേയും തത്തപസാരോപദേശം
ഹിതമരുളി രസിപ്പിച്ചുദ്ഗിയിൽ തത്ര വാണാ—
ന്നതരളവിജയ ശ്രീധാമദൻ രാമഭദ്രൻ.

എന്നിങ്ങനെയാണു് കാവ്യം സമാപിക്കുന്നതു്.

രാഘവാഭ്യുദയം—വടക്കുംകൂർരാജരാജവർമ്മ (1891—1970) രാഘവാഭ്യുദയം, രഘുവീരവിജയം, ഉത്തരഭാരതം എന്നു മൂന്നു മഹാകാവ്യങ്ങളും കൈരളിക്കു കാഴ്ചവച്ചിട്ടുണ്ടു്. രാഘവാഭ്യുദയവും രഘുവീരചരിതവും രാമായണത്തെ അവലംബമാക്കിയുള്ള മഹാകാവ്യങ്ങളാണു്. രാഘവാഭ്യുദയത്തിൽ അവസാനിപ്പിച്ചതിന്റെ തുടർന്നുള്ള കഥയാണു് രഘുവീരവിജയത്തിലെ ഉള്ളടക്കം എന്നു പറയാം. എങ്കിലും അവ വേർപെട്ടുനിൽക്കുന്നു.

രാഘവാഭ്യുദയം പൂസ്തകരൂപത്തിൽ പ്രകാശിതമായതു് 1935—ൽ ആണു്. പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരിയാണു് പ്രസാധകൻ. വിശ്വാമിത്രന്റെ യാഗരക്ഷ, സീതാവിവാഹം, ഗൃഹസ്ഥാശ്രമപ്രവേശം എന്നിവയാണു് രാഘവാഭ്യുദയത്തിലെ മുഖ്യപ്രതിപാദ്യം. നായകനായ രാമന്റെ അമാനുഷികപ്രവൃത്തികളേയും തന്നിമിത്തമുണ്ടാകുന്ന അഭ്യുദയങ്ങളേയും ആസ്പദമാക്കിയാണു് കാവ്യത്തിനു രാഘവാഭ്യുദയം എന്നു പേർ നൽകിയിട്ടുള്ളതു്. സർഗാന്ത്യപദ്യങ്ങളും എല്ലാം അഭ്യുദയമെന്ന മംഗലപദത്താൽ അങ്കിതവുമാണു്. 22 സർഗവും 1910 പദ്യവും ഈ കാവ്യത്തിലുണ്ടു്—മഹാകാവ്യപ്രസ്ഥാനം.

വാല്മീകി—ആദികവിയേയും ആദികാവ്യത്തേയും കുറിച്ചു് വടക്കുംകൂർ എഴുതിയിട്ടുള്ള ഒരു സമഗ്രപഠനമാണു് വാല്മീകി. കേരള സാഹിത്യകലാശാലയാണു് അതു പ്രസിദ്ധീകരിച്ചിട്ടുള്ളതു്.

20. രാമകഥാസ്വാധീനം സമൂഹത്തിൽ

വെണ്ണിക്കുളത്തിന്റേയും നാലപ്പാട്ടിന്റേയും സംഭാവനകൾ

വാതിൽത്തുറപ്പാട്ടുകൾ

കർക്കിടകമാസത്തെ രാമായണമാസമായും, ചിങ്ങമാസത്തെ കൃഷ്ണഗാഥാമാസമായും ആചരിക്കുന്ന പതിവ് കേരളത്തിൽ അടുത്ത കാലത്തൊന്നും ആരംഭിച്ചതല്ല. വാല്മീകിരാമായണത്തിന്റേയും, കമ്പരാമായണത്തിന്റേയും, അധ്യാത്മരാമായണത്തിന്റേയും, തുളസീദാസരാമായണത്തിന്റേയും സ്വാധീനം സാഹിത്യത്തിലും ജനജീവിതത്തിലും അടിവേരിറങ്ങിയതു് അങ്ങനെയാണു്.

രാമകഥയുടെ പ്രാചുര്യംകൊണ്ടും പവിത്രതകൊണ്ടും വിവാഹാവസരങ്ങളിൽ കേരളത്തിൽ പാടിവന്നിരുന്ന വാതിൽത്തുറപ്പാട്ടുകൾവഴി രാമായണത്തിന്റെ സ്വാധീനം കുടുംബജീവിതത്തിലേക്കും പകർന്നുകിട്ടി. 'സീതാകല്യാണം' എന്ന വാതിൽ തുറപ്പാട്ടിൽ* വിശ്വാമിത്രനിർദ്ദേശമനുസരിച്ചു് രാമലക്ഷ്മണന്മാർ മിഥിലയിൽ എത്തുന്ന ഭാഗം ഇതാണു്.

അക്ഷണമങ്ങു ജനകപുരിദ്വാരി
പക്ഷീന്ദ്രവാഹനൻ നിൽക്കുന്നേരം
അക്ഷണം മന്ത്രിമാരോടുമൊരുമി—
ച്ചക്ഷിതിപാലകൻ ചെന്ന വേഗം
അക്കഥയിന്നി ഞാൻ ചൊല്ലാമിതിൻ ശേഷം
ഇന്നണിവാതിൽ തുറപ്പിൻ നിങ്ങൾ.

....

കല്യാണകാലമടുത്തിതു സീതയ്ക്കു
കല്യാണമോടു തുറപ്പിൻ വാതിൽ

ഇങ്ങനെ വിവാഹച്ചടങ്ങിന്റെ ഭാഗമായി വീടുകളിൽ രാമകഥ ആലപിക്കപ്പെട്ടുക പതിവായി.

---

* തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിലെ T 1332—ാം നമ്പർ സീതാകല്യാണം വാതിൽത്തുറപ്പാട്ട് മലയാളംപകർപ്പു സംബന്ധിച്ചു് 1951 സെപ്തമ്പർ ലക്കം ഭാഷാത്രൈമാസികത്തിൽ വന്ന ലേഖനം നോക്കുക.

തുളസീദാസരാമായണം

പാലക്കാടൻ പ്രദേശങ്ങളിലെ ദേവീക്ഷേത്രങ്ങളിൽ നാടകരൂപത്തിൽ നടത്തുന്ന ഓലപ്പാവക്കൂത്തിലെ പ്രമേയം കമ്പരാമായണമാണു്. മറ്റു ക്ഷേത്രങ്ങളിൽ കക്കിടമാസങ്ങളിൽ അവതരിപ്പിക്കപ്പെട്ടുന്നതു് ഉമാമഹേശ്വരസംവാദരൂപമായ അധ്യാത്മരാമായണമാണു്. ശാക്തവൈഷ്ണവശൈവചിന്താഗതിക്കാരെ ഒന്നിപ്പിക്കുന്നതിനു രാമകഥ വളരെയേറെ പ്രയോജനപ്പെട്ടിട്ടുണ്ടു്.

തുളസീദാസരാമായണത്തിന്റെ പ്രചാരം കേരളത്തെ സംബന്ധിച്ചു് അധികമുണ്ടായെന്നു പറയുവാൻ വയ്യ. മഹാത്മാഗാന്ധിജിയുടെ ബാല്യകാലത്തു തുളസീദാസരാമായണത്തിന്റെ പാരായണം വലിയൊരു നിയാമകശക്തിയായി പ്രവർത്തിച്ചു എന്നു് ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തുളസീദാസകൃതിയായ രാമചരിതമാനസത്തിനു മലയാളത്തിൽ പല വിവർത്തനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവയുടെ അവതംസസ്ഥാനത്തു സ്ഥിതി ചെയ്യുന്നതു വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ വിവർത്തനമാണു്. അതുല്യം അക്ലിഷ്ടവും അതിരമണീയവുമാണു് അതിലെ ഭാഷാരീതി.

പഞ്ചകന്യാദർശനം

രാമകഥയുടെ സ്വാധീനം കവിയിലേക്കു് ആഞ്ഞിറങ്ങിയതിന്റെ തെളിവാണു് അദ്ദേഹത്തിന്റെ പഞ്ചകന്യാദർശനം. വള്ളത്തോൾ സങ്കല്പവായുവിമാനത്തിലേറി മിഥിലാപുരി ചുറ്റിനോക്കാൻ വായനക്കാരെ ക്ഷണിച്ചപോലെ ഒരു സംരംഭത്തിനു വെണ്ണിക്കുളവും മുതിർന്നു.

'ആകാശസഞ്ചാരലോലുപനായ' കവി വിമാനമാർഗ്ഗം ഒരു ഉദ്യാനത്തിൽ ചെന്നിറങ്ങുന്നു. അവിടെ 'അന്തരാത്മാവിനുണർച്ച നൽകീടുന്ന' 'ഒരു പാടലഗാത്രിയാളെ'—കാണുന്നു. അവർ ആരെന്നു തിരക്കിയപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നു:

ഭൂതലവാസമുപേക്ഷിച്ചു പോന്നൊരു
ഗൗതമപത്നിയഹല്യയാകുന്നു ഞാൻ
കല്പായ്ക്കിടന്നതിൻ കാരണമോർത്തോർത്തു
കണ്ണുനീരെത്ര പൊഴിച്ചില്ല, ദീനയായ്
പൂരുഷസാഹസച്ചെന്തീയിലെത്രയോ
ചാരിത്രപുഷ്പം കരിയുന്നു കഷ്ടമേ!

പിന്നീടു് കവി ചെന്നെത്തിയതു് ഒരു ആശ്രമവേദിയിലാണു്. കാനനശ്രീയുടെ കല്യാണവിഗ്രഹംപോലെ അവിടെ മരുവിയ യോഗിനി താൻ ആരെന്നു സ്വയം പരിചയപ്പെടുത്തി.

... ...

മാനധനത്തിനു മാനവേന്ദ്രന്നു ഹാ!
ജാനകി വിക്രയസാധനംതന്നെയായ്
എന്നാലതൊക്കെസ്സഹിക്കാ, മുപേക്ഷിപ്പ—
തൊന്നരിയാടാതിരുന്നതേ ദുസ്സഹം
സുസ്ഥിരപ്രേമസരസ്സു കലക്കുന്ന—
തുത്തമന്മാരുടെ കർത്തവ്യമായ്വരാം.

സമുദ്രതീരത്തു ചിന്താമഗ്നയായി നിൽക്കുന്ന താരയെയാണു് പിന്നീടു് കാണുന്നതു്. അലയാഴിയോടു ലയം പ്രാപിക്കുകയാണു് താര.

എൻപ്രാണനാഥനെ കാൺമു ഞാനിപ്പൊഴു—
മമ്പു തറച്ച വിരിമാറിടവുമായ്
തീരട്ടെ താപം; ഭവദീയപുത്രിയാം
താരയെക്കൈക്കൊൾകതായേ, സമുദ്രമേ!

ദ്രൗപദിയേയും മണ്ഡോദരിയേയും കണ്ടപ്പോഴും കിട്ടിയ മറുപടിയും കവി രേഖപ്പെടുത്തുന്നുണ്ടു്. പെട്ടെന്നു പുലർക്കോഴിയുടെ ശബ്ദം കേട്ടു് ഉണർന്നപ്പോഴാണു് എല്ലാം സ്വപ്നമായിരുന്നുവെന്നു മനസ്സിലാകുന്നതു്.

സുലോചന

രാമായണം കവികൾക്കു് എന്നെന്നും സർഗാത്മകപ്രവർത്തനത്തിനു പ്രേരകമായിരുന്നിട്ടുണ്ടു്. നാലപ്പാട്ടു നാരായണ മേനോൻ (1887—1954) സുലോചന, ദൈവഗതി എന്നിങ്ങനെ രാമായണാനുബന്ധിയായ രണ്ടു കൃതികളും രചിച്ചിട്ടുണ്ടു്. ഇന്ദ്രജിത്തിന്റെ ഭാര്യയായ സുലോചന എന്ന സാദ്ധ്വിയെ പുരസ്കരിച്ചുള്ള ഒരു ഖണ്ഡകാവ്യമാണു് ആദ്യത്തേതു്. കണ്ണുനീർത്തുള്ളിയിലെപ്പോലുള്ള പരിമുറുക്കം ഇതിൽ കാണുന്നില്ല. നാലപ്പാട്ടിന്റെ ആദ്യകാല രചനകളിൽ ഉൾപ്പെട്ടതാണു് സുലോചനയെങ്കിലും കവന കലയിൽ കൃതഹസ്തനാകാനിരിക്കുന്ന കലാകാരന്റെ കരവിരുതു് ഇതിൽ തെളിഞ്ഞു കാണാം.

യമൻകൂടി ഭയത്തോടെ മാത്രം സൂക്ഷിക്കാറുള്ള യുവധീരനായ തന്റെ മകൻ ഇന്ദ്രജിത്തു് യുദ്ധത്തിൽ മരിച്ചുവെന്ന വാർത്ത ഒരു ഉൾക്കിടലത്തോടെയാണു് രാവണൻ ശ്രവിച്ചതു്. അങ്ങനെ ഷോഭിച്ചു നിൽക്കുന്ന രാവണന്റെ മുമ്പിലേക്കു് സുലോചന കടന്നു വരികയാണു്. ഭർത്തൃചരമകൃന്നയാണു് സ്ത്രീയെന്നു ധരിച്ചു് രാവണൻ അവളെ സമാശ്വസിപ്പിക്കുവാൻ നോക്കുമ്പോൾ ആ സതി ധൈര്യത്തോടെ പറയുന്നു:

മരിച്ചു തൻ കാന്തനിതോത്തു കണ്ണുനീർ
ചൊരിഞ്ഞു നിൽക്കേണ്ടൊരു ഭീരുവല്ല ഞാൻ

നയജ്ഞനായ രാമനെക്കണ്ട് ഭർത്തൃമുഖദർശനത്തിനു് അനുമതി തേടുവാൻ ഉദ്ദേശിക്കുകയാണു്, ആ ഉദ്ദേശം സാധിക്കുന്നതിനു് അനുഗ്രഹമുണ്ടാകാൻ വന്നിരിക്കുകയാകുന്നു. ഇന്ദ്രജിത്തിന്റെ മരണത്തേക്കാൾ രാക്ഷസചക്രവ ത്തിക്കു ഞെട്ടലുണ്ടാക്കിയ സംഭവമായിരുന്നു സുലോചനയുടെ ഈ അനുഗ്ര ഹാഭ്യർത്ഥന.

തുടിച്ച രക്തത്തൊടരക്കനാഞ്ഞു പൽ
കടിച്ച തീക്കട്ട തെറിച്ച കണ്ണുമായ്
ചൊടിച്ചു നിൽക്കെക്കൊടുതായിടും ഭയം
പിടിച്ച ലോകങ്ങളം പരിഭ്രമിച്ചുപോയ്.

ഭർത്തൃഘാതകന്റെ മുമ്പിൽ ലജ്ജയില്ലാതെ യാചനാപാത്രമായി ചെല്ലുക എന്ന കാര്യം രാവണൻ എങ്ങനെ സഹിക്കും? സാധ്വീധർമ്മം ഭർത്താവോ ടൊപ്പം ജീവൻ അവസാനിപ്പിക്കുകയാണു്. അതിനു ശ്രമിക്കയല്ലാതെ അവം തന്റെ മുമ്പിൽ നിന്നാൽ, പെട്ടിനുറുക്കി പെൺകൊല നടത്തി എന്ന പേരുദുഷ്യംകൂടി പേറേണ്ട നില വരുമല്ലൊ! സുലോചന തന്റെ അന്ത്യാഭിലാഷസാക്ഷാത്കാരത്തിനു രാക്ഷസചക്രവർത്തി തടസ്സം നിൽ ക്കരുതെന്നു് വിനയാന്വിതയായി അപേക്ഷിച്ചു.

രാമസന്നിധിയിൽ പോകാനുള്ള കാരണം ഭർത്താവോടുള്ള ബഹുമാന മാകുന്നു. ശിരസ്സു കാണാൻ അനുവാദം വേണം. പ്രിയശിരസ്സു് ഒരു നോക്കു കണ്ടിട്ടു് ചിതാഗ്നിയിൽ ചാടി ജീവൻ ഒടുക്കണം. രാവണൻ പ്രതിവചി ച്ചു. തന്റെ ഏക സോദരിയെ വികലാംഗയാക്കി വിട്ട മനുഷ്യാധമന്റെ നീതിബോധവും മര്യാദയും ഏവർക്കും ഊഹിക്കാവുന്നതേയുള്ളു. ഇതു കേട്ട പ്പോഴം സുലോചനയിലെ ആത്മീയശക്തി സടകുടഞ്ഞെഴുന്നേറ്റു. പരപീ ഡനം ഒരു വിനോദമോ കലയോ ആകാം ദുർജ്ജനത്തിനെന്നു് ഓർക്കാതെ ദയാഭിക്ഷയ്ക്കു കെഞ്ചുന്ന തനിക്കാണു് തെറ്റു പറ്റിയതു്. അവം ഉള്ളിൽ തറയ്ക്കുംപോലെ ചുട്ട മറുപടി കൊടുത്തു:

കടുത്തവാക്കിങ്ങനെ ചൊന്ന നിൻ തല—
യ്ക്കുടുത്തു നാശം രഘുവംശവീരനാൽ
മിടുക്കു കാട്ടപ്പൊ, ഴയന്ന വംശമൊ—
ന്നൊടുക്കുവാൻ തീന്നൊരു ദുഷ്ട ദുർമ്മതേ!

പിടിച്ചു കെട്ടുന്നതു സാധുവെന്നെയ—
ല്ലടിച്ചു കേറും രിപുവിന്റെ നേർക്കു നീ
തടിച്ചൊരിശ്ശരത കാട്ടു; ദംഷ്ടവും
കടിച്ചു നിൽക്കേണ്ട; ഗമിക്കയായി ഞാൻ.

ഇത്തരമൊരു മറുപടി തന്നെ സ്നേഹയിൽനിന്നു് ഉയർന്നപ്പോഴും രാവണ നടക്കം എല്ലാവരും മലച്ചുനിന്നുപോയി.

ഇന്ദ്രജിത്തു് ഹതനായി എന്ന സന്തോഷവാർത്തയുമായിച്ചെന്ന ലക്ഷ്മണനെ രാമൻ ഗാഢാശ്ലേഷം ചെയ്തു അനുമോദിക്കുന്നു. 'ഹതൻ ഹതൻ, രാവണ' എന്നു കപിവീരർ ഒച്ചവയ്ക്കുന്നു. ഈ ഘട്ടത്തിൽ ആണു് ഇന്ദ്രജിത്തിന്റെ പത്നിയുടെ രംഗപ്രവേശം. അസാമാന്യമായ ധൈര്യത്തോടെ രാമസന്നിധിയിലേക്കു പ്രവേശിക്കുന്ന സുലോചനയെക്കണ്ടു് പരാജയം സമ്മതിച്ചു് സമാധാനാഭ്യർത്ഥനയ്ക്കായി രാവണൻ സീതയെ മോചിപ്പിച്ച താണോ എന്നു ചിലർ സംശയിച്ചു. ഇന്ദ്രജിത്തിന്റെ പത്നിയാണെന്നും, മരിച്ച ഭർത്താവിന്റെ മുഖമെന്നു നേരിൽക്കണ്ടു് ഉടൻതടി ചാടി ജീവിതമവസാനിപ്പിക്കാൻ വന്നതാണെന്നും, ആസന്നമരണനായ തന്റെ ഭർത്താവു് അറുപോയ തന്റെ ശിരസ്സു് രാമപദാബ്ജത്തിൽ ഒരു അർച്ചനോപഹാരമായി അർപ്പിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നും ആ സതീരത്നം അറിയിച്ചു. ഭർതൃശിരസ്സു കണ്ടു് തന്റെ സത്യസന്ധത ബോധ്യപ്പെടുത്തിയാൽ മതിയെന്നു ശ്രീരാമൻ വിധിച്ചു. ഉടൻ ശിരസ്സു് സുലോചനയുടെ മുൻവശത്തേക്കു നീങ്ങി. ഒച്ചവച്ച മൊച്ചകയും ഉത്കണ്ഠാകുലരായി ചുറ്റും കൂടി നിന്നു. അജ്ഞതമൂലം തന്റെ കൂട്ടുകാർ ചെയ്ത അനാദരങ്ങൾ പൊറുക്കണമെന്ന അപേക്ഷയോടെ ഹനുമാൻ ആ സാധ്വിയുടെ കാൽക്കൽ വീണു. രാഘവാനുമതിയോടുകൂടി ഭർതൃജഡം ഹോമിച്ച ചിതയിലേക്കു ചാടിയപ്പോഴും, അഗ്നി ചന്ദനമെന്നപോലെ തണുത്തതായിത്തീർന്നു.

ഈ സ്ത്രീ ആരാണെന്നും അലൗകികപ്രകൃതിയുടെ രഹസ്യമെന്താണെന്നും അരുളിച്ചെയ്യണമെന്നു് ലക്ഷ്മണൻ ശ്രീരാമനോടു് അപേക്ഷിച്ചു. ലക്ഷ്മണന്റെ നെഞ്ചത്തു ശ്രീരാമൻ കൈത്തലം വച്ചതും ഒരു പുതിയ ചിന്ത ഉയിർക്കൊണ്ടപോലെ ലക്ഷ്മണനിൽ ഭാവഭേദം കാണപ്പെട്ടതും ഒന്നിച്ചായിരുന്നു.

ഹതൻ ഹാ ഹാ ഞാനെൻ പ്രിയതനുജതൻ കാന്തനെയിതാ
വിതക്കം കൊന്നിട്ടു; മമ മകളതേ കാരണവുമായു്
ചിതച്ചെന്തീയേറി ശിവ ശിവ സുമിത്രാതനയന—
ങ്ങിതയ്യോ! ചൊല്ലിത്താൻ കരയവേ നടുങ്ങീ സകലരും.

അനന്താംശജാതനായ ലക്ഷ്മണൻ ഇന്ദ്രജിത്തുവധത്താൽ ശരിക്കു ജാമാതൃവധമായിരുന്നു നടത്തിയതു്.

ദൈവഗതി

നാലപ്പാട്ട് നാരായണമേനവന്റെ രാമകഥാസ്പർശിയായ മറെറാരു കൃതിയാണ് ദൈവഗതി. 1087–ൽ കവനകൗമുദിയുടെ നാലു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ഒരു ഓട്ടൻതുള്ളലാണിത്.

വാല്മീകിരാമായണം ഉത്തരകാണ്ഡം 59–ാം സർഗത്തിനുശേഷം കാണുന്ന രണ്ട പ്രക്ഷിപ്തസർഗങ്ങളിൽ വിവരിച്ച കഥയാണ് പ്രതിപാദ്യം. ഒരുപക്ഷേ, കഥ വാല്മീകീയമാണെന്ന പറയാൻ മടിക്കുന്നവർപോലും ആയിരത്താണ്ട പഴക്കമുള്ള ആ കഥ ഇന്നും പ്രസക്തമാണെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാകും. നിത്യനൂതനമായ ഒരു ചിരന്തനകഥയാണ് ദൈവഗതിയിലെ പ്രതിപാദ്യം.

മൂലകഥയിൽ രാജാവ്, സചിവന്മാർ എന്നിങ്ങനെ ചുരുക്കം കഥാപാത്രങ്ങളെയുള്ള. ഇതിലാകട്ടെ ഒരു കേസുവിചാരണയിലെ ആദ്യ ഹജ്ജിക്കാരന്റെ രംഗപ്രവേശംമുതൽ രാജവിധി ഉണ്ടാകുന്നതുവരെ ഉത്തരകോസലത്തിലെ പ്രജകളും അഭിപ്രായപ്രകടനം നടത്തിയതായിട്ടാണ് വിവരിക്കുന്നത്. രാമായണകഥാംശങ്ങളെ എങ്ങനെ സാമൂഹ്യപ്രസക്തമാക്കി രൂപാന്തരപ്പെടുത്താമെന്നതിനും ഒരു മാതൃകകൂടി ആയിട്ടുണ്ട് നാലപ്പാടന്റെ ദൈവയോഗം എന്ന കൃതി.

ഇന്നും നിയമസഭ കൂടുമ്പോഴും ചോദ്യോത്തരവേള എന്നൊരു പരിപാടിയുള്ളതിനെ അനുസ്മരിപ്പിക്കുമാറ്, 'ശ്രീരാമൻ ധര കാത്തരുളുമ്പോഴും' സങ്കടഹജ്ജിക്കാർ ആരെങ്കിലും ഉണ്ടോ എന്നു് ആരായുക പതിവായിരുന്നു. കാര്യക്കാരെന്മാർ മഹാരാജാവിന്റെ തൃക്കൈയ്വിളയാട്ടം ആവശ്യമായ രേഖകളും നിരത്തിവച്ചിട്ടുണ്ട്. പ്രധാനമന്ത്രിയോട് ഒന്നോ രണ്ടോ വാക്കു ചോദിക്കും. രാമരാജ്യമായതുകൊണ്ട് അക്കാലത്തു സങ്കടഹജ്ജി കണ്ടുപിടിക്കുക ഒരു പ്രശ്നമായിരുന്നു. ഇന്നു സെക്രട്ടറിയറ്റു പരിസരം ധർണകളുടേയും പ്രകടനക്കാരുടേയും കോലാഹലംകൊണ്ടു മുഖരിതമാണല്ലൊ. അക്കാലത്തു ഒരു സങ്കടഹജ്ജിക്കാരനെ കണ്ടുപിടിച്ച് രാജസന്നിധിയിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥന്മാർ അന്വേഷണപര്യടനം നടത്തി നന്നേ വിഷമിച്ചിരുന്നു.

ഗോപുരവാതിലിൽ ഒരു പട്ടി അവശനിലയിൽക്കിടക്കുന്നതു് ലക്ഷ്മണന്റെ ദൃഷ്ടിയിൽപെട്ടു. പട്ടിയെ തച്ചു് എല്ലൊടിച്ചതു് ആരെന്നു ലക്ഷ്മണൻ അന്വേഷിച്ചു തന്റെ സങ്കടം രാജസന്നിധിയിൽ ഉണർത്തിക്കുകയല്ലാതെ മറു പടിയരോടും പറയുന്ന പതിവു് തനിക്കില്ലെന്നും പട്ടി അറിയിച്ചു. പട്ടിയുടെ കുറുമ്പും വാശിയും അസഹനീയമെന്നു ചുറ്റും നിന്നവർ അഭിപ്രായപ്പെട്ടു. ശ്രീരാമനിർദ്ദേശമനുസരിച്ചു് എല്ലൊടിഞ്ഞു് വ്രണപ്പെട്ട പട്ടിക്കു് രാജസന്നിധിയിൽ പ്രവേശനം ലഭിച്ചു. മഹർഷിമാരും, നീതിശാസ്ത്രവിശാരദന്മാരും, സചിവപ്രമുഖന്മാരുമെല്ലാം സഭയിൽ നിറഞ്ഞിരുപ്പുണ്ട്. ഈ ദുഃസ്ഥിതിക്കുണ്ടായ സാഹചര്യം വിവരിക്കാൻ ശ്രീരാമചന്ദ്രൻ

പട്ടിയോട് ആവശ്യപ്പെട്ട. ഒരു വിളിപ്പാട് അകലെ നിൽക്കുന്ന ഒരു ദുഷ്ട മനുഷ്യൻ ചെയ്ത കടംകൈയാണിതെന്നു പട്ടി മൊഴികൊടുത്തു. നിമിഷങ്കംക്കകം കുറവാളിയെ രാജസന്നിധിയിൽ ഹാജരാക്കി. പ്രതി പറഞ്ഞു, താനൊരു ബ്രാഹ്മണനാണെന്നു്.

അപ്പോഴും പട്ടി പറഞ്ഞതു് ഇങ്ങനെയാണു്. ബ്രാഹ്മണകുമാരനു് തക്കതായ ശിക്ഷ കൊടുക്കണം---കഴിയുമെങ്കിൽ ദേവസ്വംകമ്മറിയുടെ ചെയർമാനാക്കണം. ഭരണം കിട്ടിയാൽ എന്തൊരു മാറ്റമാണു് അയാൾക്കുണ്ടാകുക. നിസ്വൻ കോടീശ്വരനാകുന്ന അവസ്ഥ! ബ്രാഹ്മണന്റെ ഭാഗ്യത്തിൽ പലരും അത്ഭുതപ്പെട്ട. അപ്പോഴും പട്ടി പറയുകയാണു്, താൻ കഴിഞ്ഞ ജന്മത്തിൽ ദേവസ്വം ജീവനക്കാരനായിരുന്ന അന്നു ചെയ്ത പാപങ്ങളുടെ ഫലം ഈ ജന്മത്തിൽ അനുഭവിക്കുകയാണു് എന്നു് പട്ടി ഉടൻ്റ് ഉണർത്തിച്ചു. അങ്ങനെയാകട്ടെ എന്ന തീർപ്പുകല്പിച്ച ശ്രീരാമചന്ദ്രൻ സഭാതലം വിട്ട.

നമ്മോക്തി നിറഞ്ഞ ഈ കൃതി ഹാസ്യസാഹിത്യശാഖയിൽപെടുന്നതാണു്. ശ്രീരാമചന്ദ്രന്റെ നാടുവാഴ്ചയെ വർണ്ണിക്കുന്നതാണെങ്കിലും ക്ഷേത്രോപജീവികളെയാണു് ഇതിൽ പരാമർശിക്കുന്നതു്. ധാർമ്മികമൂല്യങ്ങളെല്ലാം സാമ്പത്തികമൂല്യങ്ങൾക്കു് മുൻഗണന കൊടുക്കുന്ന കക്ഷിരാഷ്ട്രീയത്തിന്റെ ഭരണകാലത്തു ധർമ്മസ്ഥാപനങ്ങൾക്കു് രക്ഷ വേണമെന്നു് രാമായണത്തെ മുൻനിറുത്തി നാലപ്പാടു് നമ്മെ ഉദ്ബോധിപ്പിക്കുകയാണു്.

പാഠകവും ചാക്യാർകൂത്തും

മുമ്പൊരധ്യായത്തിൽ ചമ്പുക്കളെക്കുറിച്ചു പറഞ്ഞപ്പോഴും പാഠകവും ചാക്യാർകൂത്തും വഴി രാമകഥ ആസ്വാകരുടെ ജീവിതത്തിൽ ഊട്ടം പാവുമായി താദാത്മ്യം പ്രാപിച്ചുവെന്നു് വ്യക്തമായല്ലൊ. ആധ്യാത്മികമായ അന്തരീക്ഷം, നർമ്മമധുരമായ കഥാവതരണം ഇങ്ങനെ രണ്ടു് അനുകൂലസാഹചര്യങ്ങളും ഇക്കാര്യത്തിൽ ചാക്യാന്മാർക്കുണ്ടായിരുന്നു. പാഠകമാണെങ്കിലും കൂത്താണെങ്കിലും ഇരുസഭയിൽ ദേവന്മാരുടെ മുമ്പിൽ വച്ചുള്ള നൃത്തത്തേയും, നൈമിശാരണ്യത്തിൽ മഹർഷിമാരുടേയും ബ്രാഹ്മണോത്തമന്മാരുടേയും മുമ്പിൽ സൂതൻ നടത്തിയ ഭഗവത്കഥാപ്രസംഗത്തേയും അനുസ്മരിച്ചു ചെയ്യുന്നതായിട്ടാണു് സങ്കല്പം. അഷ്ടബന്ധപ്രതിഷ്ഠ കഴിച്ച ദേവാലയങ്ങളിൽ മാത്രമേ കൂത്തു നടത്താവൂ എന്നും, ത്രിമൂർത്തികളുടെ സാന്നിധ്യം സൂചിപ്പിച്ചു്, മൂന്നു തിരി കൊളുത്തിയ വിളക്കു് മുൻപിൽ വച്ചിരിക്കണമെന്നും നിർബന്ധമുണ്ടായിരുന്നു. ദേവന്മാരുടേയും മഹർഷിമാരുടേയും സ്ഥാനമാണു് മുമ്പിലിരിക്കുന്നവർക്കു് കല്പിക്കപ്പെട്ടിരിക്കുന്നതു്. നൃത്തം പിഴച്ചാൽ ചാക്യാർ പ്രായശ്ചിത്തം ചെയ്യണമെന്നും, ത്രിമൂർത്തികളുടെ സാന്നി

ധ്യം ഉണ്ടാവുകയാൽ, ചാക്യാർ കഥ പറയുന്നതിനിടയിൽ രംഗവാസികനും ചാക്യാരോട് മറുപടിയൊന്നുരുങ്ങുതെന്നും നിശ്ചയമുണ്ട്. വാചകം, രീതി, വാക്കു് —ഇവയൊക്കെ ചിട്ടപ്പെടുത്തിയിരിക്കുകയാണു്. വാക്കിനു മാധുര്യാദിഷാംഗുണങ്ങളുടെ പരിപൂർണ്ണത വേണം. ഓരോ കഥയ്ക്കും പ്രത്യേകം അവതാരിക ഉണ്ടായിരിക്കും.

ചാക്യാർഫലിതം ശബ്ദനിഷ്ഠമെന്നും അർത്ഥനിഷ്ഠമെന്നും രണ്ടു വിധമുണ്ടു്. തോരണയുദ്ധത്തിൽ അക്ഷയകുമാരൻ മരിച്ച വിവരം ഒരു ഭടൻ രാവണനെ അറിയിക്കുന്നതു ചാക്യാരുടെ ദൃഷ്ടിയിൽ ഇങ്ങനെയാകും: 'കുരങ്ങൻ കുതിരയെ ഒരു കടി, സാരഥിയെ ഒരിടി. വില്ലൊരൊടി, തേരൊരടി, കുമാരന്റെ കഴുത്തിനൊരു പിടി, ആകെക്കൂടി തവിട്ടുപൊടി, ഇതെല്ലാം കണ്ടിട്ടു് എനിക്കൊരു പേടി, മഹാരാജാവിനെ ഉണത്തിക്കാൻ ഒരു മടി' പ്രാസംകൊണ്ടുള്ള ഒരു കളി.

ഹനുമാൻ തന്റെ വാലിലെ തീകൊണ്ടു് ലങ്ക ദഹിപ്പിച്ചു തുടങ്ങി. ആ സമയത്തു രാക്ഷസൻ കാട്ടുന്ന പരിഭ്രമത്തെ ചാക്യാർ ഫലിതപൂർണ്ണമായിട്ടാണു് വർണ്ണിക്കുന്നതു്. 'അവർ അങ്ങോട്ടുമിങ്ങോട്ടും പേടിച്ചോടി, വിഹ്വലചിത്തരായി സകലദിക്കിലും അഗ്നിയേയും വാനരനേയും കണ്ടു്, തങ്ങളുടെ പിതൃപുത്രകളത്രമിത്രാദികളെ വിളിച്ചു നിലവിളിക്കുന്നതു്—അയ്യോ! എന്റെ അച്ഛൻ, അയ്യോ തിയ്യു്, എന്റെ അമ്മ, അയ്യോ കുരങ്ങു്, അച്ചോ തിയ്യു്, കുരങ്ങൻ, അയ്യോ എന്റെ അച്ഛൻ കുരങ്ങൻ—എന്നിങ്ങനെയാണു്. ഈ പ്രലാപം വേഗത്തിലും പരിഭ്രമിച്ചും ആകുമ്പോഴോ എന്റെ അച്ഛൻ കുരങ്ങൻ, എന്റെ അമ്മ കുരങ്ങൻ, എന്റെ ഭാര്യ കുരങ്ങൻ, എന്റെ ഭർത്താവു് കുരങ്ങൻ എന്നായിത്തീരുന്നു. സാധാരണക്കാർക്കു രസിക്കാൻ ഇതുകൊണ്ടു സാധിക്കുന്നു.

പ്രാരംഭത്തിൽ ചൊല്ലുന്ന ശ്ലോകത്തിൽനിന്നു് കഥ ശിവപരമോ വിഷ്ണുപരമോ എന്നു് അറിയാം. തരംപോലെ 'സഃ രാമചന്ദ്രഃ വഃ പായാത്' എന്നോ, 'സഃ ചന്ദ്രചൂഡഃ വഃ പായാത്' എന്നോ വച്ചാകും ആരംഭം. സാധാരണക്കാർക്കു് ഹൃദ്യമാകുമാറു് കഥാഖ്യാനം ചെയ്യുന്നതോടൊപ്പം സാമൂഹ്യപ്രശ്നങ്ങളെ ഉന്നയിച്ചു് അവയ്ക്കു പരിഹാരമാരായുവാനും ചാക്യാന്മാർ രാമകഥയെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. പലതരം പൊടിക്കൈയ്കളും സാമൂഹ്യവിമർശനങ്ങളും ഉൾപ്പെടുത്തി രാമകഥ പറയുവാനും ആസ്വദിപ്പിക്കുവാനും ചാക്യാന്മാർക്കു കഴിഞ്ഞിരുന്നു.

21. രാമകഥ പി.യിലൂടെ

ഏതൊന്നിൽത്തുടിക്കുന്ന മുഗ്ധമാം മലനാട്ടിൻ
ചേതന, മുഴങ്ങുന്ന പൂർവസംസ്കാരംപാരം
പഞ്ജരമില്ലാത്തൊരു കുയിലിൻ പാട്ടാണത്ര
കുഞ്ഞിരാമൻനായർതൻ കവിതേ നമസ്ക്കാരം!

എന്നാണ് കുഞ്ഞിരാമൻ നായരുടെ കവിതയെപ്പറ്റി എസ്.കെ. പൊറ്റെക്കാട്ട് പാടിയത്. പൂർവസംസ്കാരത്തിന്റെ അടിമണ്ണിലേക്ക് വേരു് ഇറങ്ങുന്നതുകൊണ്ടാണ് ആ കവിത ശ്രുഷ്ടിച്ചു മുരടിച്ചു പോകാത്തത്. ചെറുശ്ശേരിയുടെ സൗന്ദര്യബോധവും എഴുത്തച്ഛന്റെ ആദർശശുദ്ധിയും കാലാനുസൃതമായ മാറ്റങ്ങളോടെ സമ്മേളിച്ചാൽ കാവ്യകലയുണ്ടാകുന്ന സൗഷ്ഠവം നമുക്ക് ഊഹിക്കാമല്ലോ. ആദികവിയുടെ രാമായണകഥ ഗദ്യത്തിലും പദ്യത്തിലും ആ ഏകാന്തകോകിലം പാടിയിട്ടുണ്ട്. ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണിയെ മുൻനിർത്തി ചാരിത്രരക്ഷ എന്ന ഗദ്യകാവ്യവും, ഉത്തരരാമായണഭാഗം പുരസ്കരിച്ച് സീത എന്ന ഗദ്യനാടകവും, ശ്രീരാമചരിതം എന്ന പദ്യഗ്രന്ഥവും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തുഞ്ചത്ത് എഴുത്തച്ഛനെപ്പറ്റി നിരവധി ഖണ്ഡകവിതകളും അപ്പപ്പോൾ ആ കളകണ്ഠത്തിൽനിന്ന് ഉതിർന്നു വീണിട്ടുണ്ട്.

ചാരിത്രരക്ഷ

1931-ൽ വള്ളത്തോളിന്റെ അഭിപ്രായത്തോടുകൂടിയാണ് പി. യുടെ ചാരിത്രരക്ഷ പ്രസിദ്ധീകൃതമായത്. 'ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി നാടകത്തെ അവലംബിച്ച് എഴുതപ്പെട്ട ഒരു ഹൃദ്യമായ ഗദ്യഗ്രന്ഥമാണ് ഇതു്. ഈ കൃതി വായിക്കുമ്പോൾ ശക്തിഭദ്രനല്ല, തികഞ്ഞ വൈദുഷ്യവും തെളിഞ്ഞ വാസനയുമുള്ള ശ്രീമാൻ. പി. കുഞ്ഞിരാമൻ നായർ തന്നെയാണ് നമ്മുടെ മനോദൃഷ്ടിപഥത്തെ അലങ്കരിക്കുന്നതു്.....ചുരുക്കത്തിൽ ഒരു അനുവാദമല്ല ഈ പുസ്തകം, ഏതാണ്ട് സ്വതന്ത്രകൃതിയാണ്. നവംനവങ്ങളായ ഉല്ലേഖങ്ങളെ തനി മലയാൺമയിൽ സംക്രമിപ്പിച്ചിട്ടുള്ളതിന്റെ ഭംഗി ഈ ഗ്രന്ഥത്തിലെങ്ങും ഏറെക്കുറെ പരിലസിക്കുന്നുണ്ട്. കുഞ്ഞിരാമൻനായർ അവർകളുടെ വിചാരശീലത്തേയും സ്വാരസ്യാതിശയത്തേയും ഞാൻ അഭിനന്ദിക്കുന്നു'. എന്നാണ് വള്ളത്തോൾ അഭിപ്രായപ്പെട്ടതു്.

പതിനഞ്ചു് അധ്യായങ്ങളിലായി ശ്രീരാമന്റെ വനവാസംതൊട്ട രാവണവധം കഴിഞ്ഞു്, സീതയുടെ പാതിവ്രത്യം അഗ്നിപരീക്ഷയിലൂടെ തെളിയിക്കപ്പെട്ടന്നതുവരെയുള്ള കഥയാണു് ഇതിലെ പ്രതിപാദ്യം. രാമായണകഥയുടെ ബാഹ്യസൗന്ദര്യവും ആന്തരസന്ദേശവും ഒന്നുപോലെ ഉൾക്കൊണ്ടു്, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു് ഉയിർക്കൊണ്ടതാണു് ഇതിലെ ഓരോ അദ്ധ്യായവും, പോരാ, ഓരോ വാക്യവും.

ചിത്രകൂടത്തിന്റെ താഴ്വരയിൽനിന്നു് ഗോദാവരീതീരത്തിലേക്കു് ഇറങ്ങുന്ന അവസരത്തിൽ ലക്ഷ്മണൻ ഒരു സുന്ദരിയെ പെട്ടെന്നു കണ്ടു് അത്ഭുതം കൂറുകയാണു്. 'അതിവിശേഷമായ സൃഷ്ടി — നീണ്ടിടംപെട്ട കണ്ണുകളും, രതിയുടെ അഞ്ജനശലാകപോലുള്ള പുരികക്കൊടികളും; മാറത്തു പാതി മറഞ്ഞും പാതി തെളിഞ്ഞും തത്തിക്കളിക്കുന്ന രണ്ടു കനകപ്പന്തുകളും, ഇതാ വിയന്മാർഗ്ഗത്തിൽനിന്നു കാൽവഴുതി കീഴ്പോട്ടു വീണുപോയ ഒരു ദേവകന്യക. അല്ല—മന്മഥന്റെ പാൽക്കടലിൽ വിളഞ്ഞ ഒരു ശൃംഗാരരത്നം! ഇതെങ്ങനെയാണാവോ ഇക്കൊടുംകാട്ടിന്റെ കൈയിൽ വീണതു്" ഉടൻതന്നെ ലക്ഷ്മണൻ തന്റെ വഴതിയപാടങ്ങളം ശരിപ്പെടുത്തുന്നു. അമ്മയുടെ സത്യരക്ഷയ്ക്കുവേണ്ടി കൊട്ടാരംവിട്ടു് വനവാസത്തിനിറങ്ങിയ രാമചന്ദ്രന്റെ അനുജൻ ഒരു സ്ത്രീയുടെ ബാഹ്യസൗന്ദര്യത്തിൽ കാൽ ഇടറുകയോ? വഴതിക്കാൻ അവം ബോധപൂവ്വം ശ്രമിക്കുന്ന ചിത്രം പി. വരച്ചു കാട്ടുന്നുണ്ടു്. 'സ്ത്രീ അടുത്തെത്തി—തല കുനിച്ചു് പെരുവിരൽകൊണ്ടു് മനോരാജ്യംകുറിച്ചു്', ഇടയ്ക്കിടെ ഇടംകണ്ണിട്ടു നോട്ടംകൊണ്ടു്, ആ സുന്ദരന്റെ കണ്ണുത്തിൽ മംഗളമാല ചാർത്തി ഹൃദയരാഗം പ്രതിഫലിപ്പിച്ചപോലുള്ള സാരി നിലത്തുകിടന്നിഴഞ്ഞു. നെറ്റിത്തടത്തിലെ സിന്ദൂരപ്പൊട്ടിൽ കൂടി വിരിയുന്ന കാമം പ്രത്യക്ഷപ്പെട്ടു. അവളുടെ ശിരസ്സിൽനിന്നു് പൂവു് കൊഴിഞ്ഞു് ലക്ഷ്മണന്റെ കാലിന്നരികെ വീണു. അതു് പൂവു് കൊഴിഞ്ഞതല്ല, അവളുടെ ഹൃദയം ലക്ഷ്മണന്റെ കാൽപിടിച്ചതായിരുന്നു.' അവളുടെ പ്രണയാഭ്യർത്ഥന അസ്ഥാനത്താണെന്നു ലക്ഷ്മണൻ വാദിച്ചതു ഫലിച്ചില്ല.

രണ്ടാമത്തെ അധ്യായം ആരംഭിക്കുന്നതിനു മുൻപു് പി. വായനക്കാരോടു് ചിലതു പറയുന്നുണ്ടു്. 'വായനക്കാരേ, നമുക്കു ത്രേതായുഗത്തിലെ അഥവാ രാവണന്റെ കലിയുഗത്തിലെ പൗരാണികാരണ്യമൊന്നു സന്ദർശിക്കുക. നമുക്കു സങ്കൽപ്പവിമാനത്തിൽ കയറുക. രാമകഥ പഴയതല്ല. അതു ദിവസംപോകുന്തോറും പുതുതാകുന്നു. രാമായണം പുതുതാകുന്നു. രാമൻ പുതുതാണു്, സീത പുതുതാണു്. പഴയ വെളിച്ചം പുതിയ വെളിച്ചമെന്നില്ല. പഴയ സത്യം പുതിയ സത്യമെന്നില്ല. രാമന്മാർ ഇന്നുമുണ്ടു്; രാവണന്മാർ ഇന്നുമുണ്ടു്; സീതകളിലുമുണ്ടു്; ഹനുമാന്മാരുമിന്നുണ്ടു്. ഇന്നും നടക്കുന്ന രാമായണം.'

പുത്രദുഃഖത്താൽ ദ്യുഷി ദശരഥമഹാരാജാവിനെ ശപിച്ച കഥ; സീതാസ്വീകരണം സംബന്ധിച്ച് രാവണനും മന്ത്രിയും തമ്മിൽ നടക്കുന്ന ചർച്ച; അഴകിയരാവണന്റെ പുറപ്പാട്, സീതയോടുള്ള പ്രണയാഭ്യർത്ഥന, ലക്ഷ്മണന്റെ രാവണോപാലംഭം തുടങ്ങിയ ഭാഗങ്ങളും കൂടുതൽ നന്നായിട്ടുണ്ട്. രാവണനെപ്പറ്റി ലക്ഷ്മണൻ പുച്ഛത്തോടെ സംസാരിക്കുന്നതു നോക്കുക—'ഇരുപതു ഭുജങ്ങളും ഉണ്ടെന്നുള്ളകൊണ്ട് രാവണൻ പ്രമാണിയാണെങ്കിൽ ഈ കാട്ടുമരമാണ് വലിയ പ്രമാണി; കാരണം ഈ മരത്തിനു മുപ്പതു ശാഖാഭുജങ്ങളുണ്ട്. പുറത്തെ വലിപ്പമല്ല വലിപ്പം; അകത്തെ വലിപ്പമാണ് വലിപ്പം. ഇരുപതു കരങ്ങളുള്ള ദശമുഖനെ വരിഞ്ഞുകെട്ടി കാർത്തവീര്യൻ തന്റെ കാരാഗൃഹത്തിലടച്ചു. ആ കാർത്തവീര്യന്റെ ആയിരം കൈയും ഹോമത്തിനു ചമതയരിയുംപോലെ ആരു വെട്ടിമുറിച്ചു തള്ളിയോ ആ ഭാർഗവരാമന്റെ—ആ ക്ഷത്രിയകുലാന്തകന്റെ—ചണ്ഡപരശുധം ശ്രീരാമചന്ദ്രന്റെ വീരധനുസ്സിന്റെ മുമ്പിൽ മുട്ടുകുത്തി.'

ചാരിത്രരക്ഷയുടെ ആമുഖത്തിൽനിന്നും ചില വാക്യങ്ങൾകൂടി ഉദ്ധരിക്കട്ടെ—'ഇന്ത്യാരാജ്യത്തു ഗംഗ രണ്ടുണ്ട്. ഒന്ന് മന്ദാകിനി, മറ്റൊന്നു രാമായണം. അനാദിയാണു ആ അമൃതപ്രവാഹം. അവയുടെ പ്രേമാമൃതം ഇന്ത്യയുടെ ഓരോ ചോരക്കുഴലിലും കടന്നു, ഓരോ ചെറുഞരമ്പിലും കലർന്നു, അതിന്റെ ജീവരക്തമായിരിക്കുന്നു. ആ ദിവ്യസരിത്തുകളുടെ കൊച്ചലകൾ ആലപിക്കുന്ന സ്വർഗീയഗാനം ഇന്ത്യയിലെ കൊട്ടാരത്തിലും കുടിലിലും ഉത്സവം പുലർത്തുന്നു. ആ മഹാനദികളിൽ തട്ടിവരുന്ന മന്ദമാരുതൻ ഇന്ത്യയിലെ ഓരോ വീടിന്റേയും ജനലുകളിൽക്കൂടി അകത്തു കടക്കുന്നു. ദ്യുഷിരാജ്യത്തിന്റെ സംസ്കാരദർപ്പണമാണു രാമായണം. ഇന്ത്യ രാമായണവും രാമായണം ഇന്ത്യയുമാണു. രാമന്റെ ചെങ്കോലല്ല, വാല്മീകിയുടെ തൂലികയാണു ഇന്ത്യയെ—യഥാർത്ഥ ഇന്ത്യയെ—ഭരിക്കുന്നതു.'

സീത (ഗദ്യനാടകം)

ഉത്തരരാമായണം കഥയെ അവലംബമാക്കി പി. രചിച്ചിട്ടുള്ള അഞ്ചങ്കങ്ങളും ഉള്ള ഒരു ഗദ്യനാടകമാണു സീത.

രാമരാജ്യത്തിൽ പ്രജാരഞ്ജനം എങ്ങനെ സാധിക്കണം എന്നതേപ്പറ്റി ശ്രീരാമൻ സഹോദരന്മാരുമായി ആലോചിക്കുന്നതാണു നാടകാരംഭത്തിൽ നാം കാണുന്നതു. പ്രജാഹിതത്തിനുവേണ്ടി സ്വന്തം സുഖങ്ങൾ രാജാവു ഉപേക്ഷിക്കുവാൻ തയ്യാറാകണമെന്നാണു ശ്രീരാമൻ പറയുന്നതു. സീതാദേവിയെപ്പറ്റി ജനങ്ങളുടെ ഇടയിൽ അപവാദം പ്രചരിക്കുന്നുണ്ടെന്നു ദുർമ്മുഖൻ എന്ന ചാരൻ ശ്രീരാമനെ ധരിപ്പിച്ചു. രാജാവിന്റെ മുഖ്യ

ധർമ്മം പ്രജാരഞ്ജനമെന്നു ധരിച്ചിട്ടുള്ള ശ്രീരാമൻ സീതയെ വാല്മീകിയുടെ ആശ്രമപരിസരത്തു് ഉപേക്ഷിക്കാൻ നിശ്ചയിച്ചു. സീത വാല്മീകിയുടെ ആശ്രമത്തിൽ രഘുവരന്റെ മുഖം മനസ്സിൽ ധ്യാനിച്ചു് കഴിയുകയാണു്. ധർമ്മപത്നിയോടുള്ള ജ്യേഷ്ഠന്റെ കക്ഷിവൃത്തിയിൽ പ്രതിഷേധിച്ചു് ഭരതൻ രാജ്യംവിട്ടു പോയി. സീതയെ പരിത്യജിച്ചതും ശൂദ്രകപത്നി കൊടുത്ത ശാപവും ശ്രീരാമന്റെ ഹൃദയത്തെ ഒരു നെരുപ്പോടാക്കി മാറ്റി. ചാമ്പൽ മൂടിയ തീക്കനൽപോലെ രാമന്റെ ഹൃദയത്തിൽ എരിഞ്ഞ ദുഃഖം അശ്വമേധാവസരത്തിൽ ആളിക്കത്തി. പ്രജാരഞ്ജനത്തിനുവേണ്ടി സീതാപരിത്യാഗം ചെയ്ത രാമനു് പ്രജാഭിലാഷത്തെ സാക്ഷാത്കരിക്കാൻ സീതാസ്മൃതി വെടിയാൻ കഴിഞ്ഞില്ല. സീതയുടെ സ്വർണ്ണപ്രതിമയുണ്ടാക്കി അശ്വമേധം നടത്താമെന്നു തീരുമാനിക്കുന്നതു് അങ്ങനെയാണു്.

യാഗാശ്വത്തെ പിടിച്ചുകെട്ടിയ ലവൻ ശ്രീരാമപുത്രനാണെന്നും, നിരപരാധിയായ സീതയേയും ലവകുശന്മാരേയും രാമൻ സ്വീകരിക്കണമെന്നും, രാജനീതി മമതാഹീനവും ക്രൂരവും ആയിക്കൂടെന്നും, സീതയെ സ്വീകരിക്കാതിരിക്കുന്നതു ധർമ്മവിരോധവും, മനുഷ്യത്വത്തോടു ചെയ്യുന്ന അനീതിയും ആണെന്നും വാല്മീകി നിർദ്ദേശിച്ചു. വസിഷ്ഠൻ അതിനോടു യോജിച്ചു. രാമലക്ഷ്മണന്മാർ വാല്മീകിയോടൊപ്പം സീതയെ സ്വീകരിക്കാൻ ആശ്രമത്തിലേക്കു പോയി. ശ്രീരാമൻ സീതയുടെ മുൻപിൽ തന്റെ പശ്ചാത്താപം പ്രകടിപ്പിച്ചു. തന്റെ നാഥനെ തിരിച്ചുകിട്ടിയതിൽ സീത സമാശ്വസിച്ചു. രാമനും സീതയും പുത്രസമേതം സുഖമായി വാഴട്ടെയെന്നു് വാല്മീകി ആശീർവദിച്ചു.

പെട്ടെന്നൊരു ഭൂകമ്പം, അതിന്റെ പ്രചണ്ഡതയിൽ ഭൂമി പിളർന്നു. സീത കീഴോട്ടു പോയി. സ്ത്രീത്വത്തിന്റെ പ്രതിനിധിയായി സീത അവതരിച്ചു. ജീവിതകൃത്യം പൂർണ്ണമായി തന്റെ പവിത്രസ്ഥാനത്തേക്കു തിരിച്ചുപോയി.

ശ്രീരാമചരിതം കാവ്യം

തുഞ്ചൻപറമ്പിനെപ്പറ്റിയും എഴുത്തച്ഛനെപ്പറ്റിയും രാമായണത്തെപ്പറ്റിയും എഴുതിയാൽ മതിവരാത്ത ഒരു കവിയാണു് കുഞ്ഞിരാമൻനായർ. 'തുഞ്ചൻപെരുമാളുടെ പഞ്ചവർണ്ണക്കിളിയോടു്', 'വെട്ടത്തുനാട്ടിലൊരു രാത്രി', 'തുഞ്ചൻപറമ്പിൽ' എന്നീ ലഘുകവനങ്ങളിൽ തുഞ്ചൻകൃതികളുടെ അനവദ്യലാവണ്യവും നിത്യനൂതന സന്ദേശവും വെളിവാക്കിയിട്ടുണ്ടു്.

ആയിരം നാവുകളും ആയിരംവട്ടം പാടി പഴകുന്തോറും വീര്യം കൂടി വരുന്ന രാമായണംകഥയാണു് ശ്രീരാമചരിതം. പെറ്റുപത്തിൽ എഴുതിയ ഈ കൃതി രഥോത്സവം എന്ന സമാഹാരത്തിൽ ചേർത്തിട്ടുണ്ടു്.

പറവയിലലിവൂന്ന വീണൊരേതിൻ
ചുടുമിഴിക്കണമാദ്യകാവ്യമായി
ഇരുളിലുദയരശ്മിയാകുമാത്തു—
ലിക മമ കണ്ണിനു കാഴ്ചയേകിടട്ടെ.

എന്നു് ആദികവിയുടെ ശോകം ശ്ലോകമായി രൂപാന്തരം പ്രാപിച്ച സംഭവത്തെ അനുസ്മരിച്ചശേഷം അയോധ്യയെ വർണ്ണിക്കുന്നു. സ്ഥൂലദൃശ്യങ്ങളല്ല, ഭാവസവിശേഷതകളാണു് കവി മുഖ്യമായും ആവിഷ്കരിക്കുന്നതു്. അനീതിയും, ചൂഷണവും അജ്ഞാതമായ അയോധ്യാരാജധാനിയുടെ വ്യതിരിക്തസ്വഭാവത്തിലേക്കും, രാജാവായ ദശരഥനു കൈവന്ന സാംസ്കാരിക മഹത്വത്തിലേക്കും ആണു് കവി വിരൽ ചൂണ്ടുന്നതു്.

ശ്രീരാമാദികളുടെ വിദ്യാഭ്യാസം, വിശ്വാമിത്രന്റെ യാഗരക്ഷ, അഹല്യാമോക്ഷം, ശൈവചാപഭഞ്ജനം, സീതാവിവാഹം ഭാർഗ്ഗവരാമദർപ്പഭംഗം തുടങ്ങിയ ഭാഗങ്ങളും വളരെ ചുരുക്കിയാണു് വർണ്ണിച്ചുപോകുന്നതു്. പട്ടാഭിഷേകതീരുമാനമുണ്ടായപ്പോഴും ഏഷണിയുടേയും അസൂയയുടേയും അഴിഞ്ഞാട്ടംകൊണ്ടു് അതു് മുടങ്ങിയപ്പോഴും ശ്രീരാമനിൽ ഒരു ഭാവഭേദവും ഉണ്ടായില്ല.

രാമായണം ശോകത്തിന്റെ കഥയാണു്. വിരഹദുഃഖം അനുഭവിക്കുന്ന രാമനേയും, അശോകവനികയിൽ ഹനുമാൻ കാണുന്ന സീതയുടേയും ദ്രുപചിത്രം കവി വരച്ചുകാട്ടുന്നതു നോക്കുക.

മഹി കാക്കുവതിന്നശക്തനാ—
യുലകിൽ ക്ഷത്രിയനായു് പിറന്ന ഞാൻ
ഒരു പെണ്ണിനെ നോക്കുവാനുമി—
ന്നിവനാണാജ്ഞയിയാതെ വന്നുപോയു്

....

രാവണൻതന്റെ പൂന്തോപ്പിലല്ല സീതയിരുന്നതും
ചുട്ടെരിഞ്ഞുള്ളൊരാ തീർത്ഥവാസിതൻ ഹൃദയത്തിലാം.
ലങ്ക കണ്ടിട്ടില്ല സീത, രാവണൻതന്നെയൊട്ടുമേ
കണ്ടാഠം തൻ പതിയെസ്സീത, കണ്ടാഠം പഞ്ചവടീവനം.

മന്ദോദരിയെ കവി വിലയിരുത്തുന്നതു നോക്കുക—''ത്രൈലോക്യം കീഴു്മേൽ മറിച്ച ഒരു ചക്രവർത്തിയുടെ പട്ടമഹിഷിയായിട്ടും സന്ന്യാസിനിയെപ്പോലെ ആത്മനിയന്ത്രണമുള്ളവൾ; ഇന്ദ്രജിത്തിന്റെ പെറ്റമ്മയായിട്ടും ഒരു ശിരീഷപുഷ്പംപോലെ വിനീത; പാപത്തിന്റെ രാജകൊട്ടാരത്തിൽ ജീവിച്ചിട്ടും സ്വർഗ്ഗംപോലെ പരിപാവന....പ്രഭാതം സൂര്യനേയും പൂനിലാവു് ചന്ദ്രനേയും അനുവർത്തിച്ചതുപോലെ ധർമ്മിഷ്ഠനായ ഭർത്താവിനെ സീത അനുവർത്തിച്ചതിൽ അത്ഭുതമില്ല. മന്ദോദരിയുടെ പ്രേമം അത്ഭുതമാണു്. അധർമ്മത്തിന്റെ പൂർണ്ണാവതാരം—ലോകൈകണ്ടകൻ—പരസ്ത്രീലമ്പടൻ—തന്നിൽ വിമുഖൻ എന്നിട്ടും രാവണൻ മന്ദോദരിക്കു ഭർത്താവുമാത്രം. റാണിയായിട്ടും ദാസി, അസുരരാജ്യത്തു ജീവിച്ചിട്ടും ദേവി—ഇതാണു് മന്ദോദരിയുടെ മഹത്ത്വം'—ഭർത്താവിനെ സ്നേഹിച്ച കറത്തിനു് ഒരു മനുഷ്യപ്പെണ്ണിനെ വധിക്കാൻ ചെന്ന ഭർത്തൃഹന്താവും ആ കൂപാർദ്ര' ഒരമ്മയെപ്പോലെ തടുത്തു.....അതുകൊണ്ടാണു് കുഞ്ഞിരാമൻ നായർ സീതാദേവിയുടെ സാക്ഷാൽ ജ്യേഷ്ഠത്തിയാണു് മണ്ഡോദരി എന്ന പറഞ്ഞതു്. 'ലങ്കയുടെ ഭാഗ്യകാലത്തിന്റെ ധ്രുവകേതുവായ ആ മനുഷ്യപ്പെണ്ണിനെ—തന്റെ ശത്രുവെ വധിക്കാൻ ഉയർത്തിയ ഭർത്തൃഹസ്തത്തെ തടഞ്ഞുവെന്ന ആ ഒറ്റപ്രവൃത്തി മതി മന്ദോദരിയെ ദേവിയാക്കാൻ. ആദികാവ്യത്തിന്റെ ദിവ്യനഭസ്സിലെ ധ്രുവതാരകയായ മന്ദോദരി' സീതയെക്കുറിച്ചു് പറയുന്നതു നോക്കുക.

സ്ത്രീയെ മാനിച്ചിടുവതേ പുരുഷന്നുറ മാനമാം.
തളർന്ന പുരുഷന്നുള്ള താങ്ങലീയബലാബലം!
സ്ത്രീയാണവൾ മഹാഭോഗ കാമമല്ലിതു ഭക്തിയാം
ഏറെ ശതാബ്ദമായ് മണ്ണിൽ മറഞ്ഞ വനിതാഗുണം
കിളച്ചെടുത്തു ജനകൻ നൽകീ രാമന്നു സീതയായ്.

22. പുത്തേഴത്തിന്റെ രാമായണകഥകൾ

ഭാരതീയസംസ്കാരത്തിന്റെ മഹത്ത്വത്തെപ്പറ്റി തികച്ചും ബോധവാനായ ഒരു സാഹിത്യകാരനാണ് പുത്തേഴത്തു രാമൻമേനവൻ. പ്രാചീന മഹർഷിമാരുമായി യുവാക്കളെ ബന്ധപ്പെടുത്തി നമ്മുടെ സംസ്കാരികപൈതൃകത്തിന്റെ മഹത്ത്വത്തെക്കുറിച്ച് അവരെ ധരിപ്പിക്കേണ്ടതു് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു രാമൻമേനവന്നു തോന്നി. വള്ളത്തോളിന്റെ വാല്മീകിരാമായണവിവർത്തനം അതിനു പ്രചോദകമായിട്ടുണ്ടാകാം. കുട്ടിക്കൃഷ്ണമാരാർ ഭാരതപര്യടനമെഴുതിയപോലെ രാമൻമേനവനും രാമായണത്തെ ഉപജീവിച്ച് ഏഴു ഗദ്യഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. 1 ഹനുമാനും വിഭീഷണനും, 2 ബാലിയും സുഗ്രീവനും, 3 വാല്മീകിയും ശിഷ്യന്മാരും, 4 രാമായണത്തിലെ യുവരാജാക്കന്മാർ, 5 രാമായണത്തിലെ മഹർഷിമണ്ഡലം, 6 രാമായണത്തിലെ ഉപനായികമാർ, 7 രാമായണത്തിൽനിന്നു്, എന്നിവയാണ് പുത്തേഴത്തിന്റെ ഏഴു രാമായണഗ്രന്ഥങ്ങൾ.

''എന്റെ 'രാമായണപര്യടന'ത്തിന്റെ ഫലമായി, ആ അമൂല്യഗ്രന്ഥത്തിലെ പല പാത്രങ്ങളെക്കുറിച്ചും ചരിത്രങ്ങളെക്കുറിച്ചും ചില ഉപന്യാസങ്ങൾ എഴുതുവാൻ ഒരു രസവും ഉത്സാഹവും തോന്നി'' എന്നു് ഹനുമാനും വിഭീഷണനും എന്ന കൃതിയുടെ അവതാരികയിൽ പറഞ്ഞുകാണുന്നു. ഹനുമാനു് 81 പുറങ്ങളും വിഭീഷണനു് 71 പുറങ്ങളും വേണ്ടിവന്നു.

ഹനുമാന്റെ മുഖ്യസ്വഭാവഗുണങ്ങൾ അക്കമിട്ടു കാണിച്ചുകൊണ്ടാണു് ഉപന്യാസത്തിന്റെ തുടക്കം.

ബുദ്ധിർബലം യശോധൈര്യം നിർഭയത്വമരോഗതാ
അജാഡ്യം വാക്പടുത്വം ച ഹനുമത് സ്മരണാത്ഭവേത്

ബുദ്ധി, ബലം, യശസ്സു്, ധൈര്യം, നിർഭയത്വം, അരോഗത, അജാഡ്യത, വാക്പടുത്വം എന്നീ ഗുണങ്ങൾ വേണമെങ്കിൽ ഹനുമദുപാസനകൂടിയേ കഴിയൂ. ഹനുമാൻ ഈ അഷ്ടഗുണങ്ങളുടേയും കേദാരമാണു്.

യത്ര യത്ര രഘുനാഥകീർത്തനം തത്ര തത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂർണ്ണലോചനം മാരുതിം നമത
രാക്ഷസാന്തകം

എന്ന ശ്ലോകം ഹനുമാന്റെ ശ്രീരാമഭക്തിയെ കുറിക്കുന്നു.

ഒരു വിശ്വമോഹന കഥാപാത്രമെന്നാണു് പുത്തേഴൻ ഹനുമാനെപ്പറ്റി പറയുന്നതു്. കിഷ്കിന്ധാകാണ്ഡം മുതൽക്കു രാമായണം മുഴുവനും നിറഞ്ഞു

നിൽക്കുന്ന കഥാപാത്രം ഹനുമാനാണു"; സംശയമില്ല. പാണ്ഡിത്യവും ഹനുമാനുണ്ടു്. അതോടുകൂടി ധൈര്യവും ഉചിതജ്ഞതയും ഒത്തുകൂട്ടുന്നതാണു് ഹനുമാനെ തിളക്കമുള്ള കഥാപാത്രമാക്കുന്നതു്. വിനയവും വിജ്ഞാനവും സ്വാമിഭക്തിയും ത്യാഗസന്നദ്ധതയും ഇത്രമാത്രം മറ്റൊരു കഥാപാത്രത്തിലും വാല്മീകി വിനിയോഗിച്ചിട്ടില്ല.

ഉത്തരകാണ്ഡത്തിൽ അഗസ്ത്യമഹർഷിയാണു് ഹനുമാന്റെ പൂർവകഥ ശ്രീരാമനു് വിവരിച്ചുകൊടുക്കുന്നതു്. സുമേരുപർവതപ്രദേശത്തെ രാജാവായ കേസരിക്കു് ഭാര്യ അഞ്ജനയിൽ ജനിച്ച പുത്രനാണു് ഹനുമാൻ. പ്രസവസമയത്തുതന്നെ നെൽക്കതിർപോലെ നിറം പൂണ്ട മിന്നിയിരുന്ന. വായുഭഗവാന്റെ പ്രസാദം ഹനുമാനു സിദ്ധിച്ചിരുന്നതുകൊണ്ടു് ഹനുമാനെ വായുപുത്രനായും പറയാറുണ്ടു്. സൂര്യനെക്കണ്ടു് പഴമാണെന്നു ധരിച്ചു് മേല്പോട്ട ചാടിയതും, ഇന്ദ്രൻ വജ്രായുധത്താൽ ഹനുവിൽ മുറിവേല്പിച്ചതും, വായു ഹനുമാനേയുംകൊണ്ടു മറഞ്ഞതും, ബ്രഹ്മാദി ദേവന്മാർ വായുവിനെ സന്തുഷ്ടനാക്കി, വാനരബാലനെ ജീവിപ്പിച്ചു് ഹനുമാൻ എന്നു പേരു നൽകിയതുമായ പുരാണകഥ അഗസ്ത്യർ വിവരിക്കുന്നുണ്ടു്. ആദിത്യനിൽ നിന്നാണു് വ്യാകരണാദിശാസ്ത്രങ്ങം ഹനുമാൻ അഭ്യസിച്ചതു്. ഇന്ദ്രിയനിഗ്രഹം ചെയ്ത പരിശുദ്ധമായ ജീവിതചര്യയാണു് ഹനുമാൻ കൈക്കൊണ്ടിട്ടുള്ളതു്. കിഷ്കിന്ധയിൽ സുഗ്രീവനെ സഹായിച്ചുകൊണ്ടിരിക്കുന്ന സമയത്താണു് നാം ഹനുമാനെ ആദ്യമായി കണ്ടുമുട്ടുന്നതു്. ഒരു മുനിശാപം നിമിത്തം തന്നിൽ സൂക്ഷ്മമായിക്കിടക്കുന്ന കഴിവുകളെക്കുറിച്ചു് ഹനുമാൻ ഓക്കാൻ ഇടയാകുന്നതു സമുദ്രലംഘനാവസരത്തിൽ ജാംബവാൻ ഓർമ്മപ്പെടുത്തുമ്പോഴാണു്.

പ്രവൃത്തിക്കും പ്രസംഗത്തിനും ഒന്നുപോലെ പ്രസിദ്ധിയാർജ്ജിച്ച ഒരു കഥാപാത്രമാണു് ഹനുമാൻ. ബ്രഹ്മചാരിവേഷംപൂണ്ടു് രാമലക്ഷ്മണന്മാരെ കണ്ടു സംസാരിച്ച ഹനുമാനെപ്പറ്റി ലക്ഷ്മണൻ പറയുന്നതു നോക്കുക: 'സംസാരത്തിൽ ഒരു അപശബ്ദംപോലും പുറപ്പെട്ടില്ല. ഒരു ഗോഷ്ടിയും കൈയും കലാശവും കാണിച്ചുമില്ല. മധ്യസ്വരത്തിൽ ചുരുക്കമായും വിശ്വാസം വളർത്തുമാറും ധൈര്യസൂചകമായും വിനയാന്വിതമായും ഉചിതവാക്കുകളും മാത്രം ഉപയോഗിച്ച ഇവൻ സാമാന്യനല്ല? രാമസുഗ്രീവന്മാരെ അഗ്നിസാക്ഷികമായി സഖ്യം ചെയ്യിച്ചതു ഹനുമാനാണു്. ബാലിവധശേഷം താരയെ സമാശ്വസിപ്പിക്കുന്നതും, ഭോഗലോലുപനായി അനന്തരകർത്തവ്യം മറന്ന സുഗ്രീവനെ ഉപദേശിച്ചു് സീതാന്വേഷണത്തിനു പ്രേരിപ്പിക്കുന്നതും ഹനുമാനാണു്. സീതാന്വേഷണത്തിനു പുറപ്പെട്ടന്ന ഹനുമാന്റെ കൈയിലാണു് ശ്രീരാമൻ നാമാങ്കിതമായ മോതിരം ഏല്പിക്കുന്നതു്. വാനരസേന ഇച്ഛാഭംഗപ്പെട്ടപ്പോഴും അംഗദനെ മുൻനിറുത്തി ഹനുമാൻ നൽകുന്ന ഉപദേശം ശ്രദ്ധാർഹമാണു്.

ജാംബവാൻ ഹനുമാന്റെ കഴിവുകളെ ഓർമ്മപ്പെടുത്തിയപ്പോഴും ഹനുമാൻ ലങ്കയിലേക്കു് ചാടിയെത്തി. പുഷ്പകവിമാനം തുടങ്ങിയ പല ദൃശ്യങ്ങളും ഹനുമാൻ അവിടെ കണ്ടു മണ്ഡോദരിയെ സീതയെന്നു തെറ്റിദ്ധരിച്ചെങ്കിലും ആ തെറ്റിദ്ധാരണ അല്പനേരമേ ഹനുമാനിൽ നിലനിന്നുള്ള. വ്യാകരണവിരുദ്ധമായ വാക്യത്തിന്റെ അർത്ഥം ഊഹിച്ചു മനസ്സിലാക്കുന്നതുപോലെ ദുഃഖത്തിന്റെ മൂർത്തിമദ്ഭാവമായി ശിംശപാവൃക്ഷമൂലത്തിൽ ഇരിക്കുന്ന സ്ത്രീ സീതയാണെന്നു് ഹനുമാൻ ഊഹിച്ചു. സീതയെ നേരിൽക്കണ്ടു് വിവരം ധരിപ്പിച്ചു.

ഉദ്യാനഭംഗത്തിനുശേഷം രാവണസന്നിധിയിൽ എത്തിയ ഹനുമാൻ, സീതയെ രാമനു സമർപ്പിക്കുകയല്ലാതെ രാവണനു രക്ഷയില്ലെന്നു തീർത്തു പറഞ്ഞു. ലങ്കാദഹനം നടത്തിയശേഷം സമുദ്രം താണ്ടി ഹനുമാൻ ശ്രീരാമ സന്നിധിയിൽ എത്തി സീതാദേവിയുടെ സ്ഥിതി വിശദീകരിച്ചു. ഹനുമാന്റെ വാക്കുകളും പ്രവൃത്തികളും ശ്രീരാമനെ സംതൃപ്തനാക്കി.

യുദ്ധത്തിൽ നഷ്ടചൈതന്യരായിക്കിടന്നവരെ രക്ഷിക്കുവാൻ ഔഷധാനയനത്തിനു പോകുന്നതു ഹനുമാനാണു്. ഔഷധികളെ കാണായ്കയാൽ പർവതശിഖരംതന്നെ അടർത്തിയെടുത്തുകൊണ്ടാണു് ഹനുമാൻ എത്തിച്ചേർന്നതു്. മരിച്ചവരെ ജീവിപ്പിക്കുവാൻ മൃതസഞ്ജീവനി, വ്രണങ്ങളും ഉണക്കുവാൻ വിശല്യക്കരണി, വടുക്കളെ നീക്കി മുൻസ്ഥിതി നേടിക്കൊടുക്കാൻ സാവണ്യക്കരണി, മുറിഞ്ഞ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ സന്ധാനകരണി ഇവയാണു് ഹനുമാൻ കൊണ്ടുവന്ന നാലു ദിവ്യൗഷധങ്ങളും.

രാവണവധം കഴിഞ്ഞ വാർത്ത സീതയെ അറിയിക്കുന്നതു് ഹനുമാനാണു്. ദ്രോഹിച്ച രാക്ഷസികളെ പാടെ നശിപ്പിക്കുവാൻ സീതയോടു് ഹനുമാൻ അനുമതി ചോദിച്ചെങ്കിലും കേവലം ആജ്ഞാനുവർത്തികളായ അവർ വധ്യകളല്ലെന്നും സദ്വൃത്തിയാണു് സജ്ജനദ്വേഷണമെന്നും ദേവി നിർദ്ദേശിച്ചു.

അയോദ്ധ്യയിലേക്കു മടക്കയാത്രയിൽ ഭരദ്വാജാശ്രമത്തിൽ വിശ്രമിക്കുമ്പോൾ, അയോദ്ധ്യയിലെത്തി ഭരതനെ ശ്രീരാമാഗമനവാർത്ത അറിയിക്കുവാൻ നിയോഗിച്ചതു് ഹനുമാനെ ആയിരുന്നു.

അഭിഷേകമെല്ലാം കഴിഞ്ഞപ്പോൾ ശ്രീരാമൻ സീതാദേവിക്കു സമ്മാനിച്ച മുക്താഹാരം, ഭർത്താവിന്റെ അനുമതിയോടെ ദേവി ഹനുമാനു് നൽകി. ഹനുമാനു് ശ്രീരാമനോടു് പറയാനുണ്ടായിരുന്നതു് അചഞ്ചലമായ ഭക്തി രാമനിൽ എപ്പോഴും ഉണ്ടാകണം എന്നായിരുന്നു. അതു പ്രകാരം ശ്രീരാമൻ ഹനുമാനെ അനുഗ്രഹിച്ചു് ആലിംഗനം ചെയ്തു. രാമായണത്തിലെ അത്യദ്ഭുതകഥാപാത്രമായി ഹനുമാൻ എന്നുമെന്നും സ്മരിക്കപ്പെടും.

വിഭീഷണൻ: 'ഏറ്റവും തെറ്റിദ്ധരിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്ന കഥാപാത്രമാകുന്നു വാല്മീകിയുടെ വിഭീഷണൻ. രാവണന്റെ ഒടുവിലത്തെ അനുജനും, സാത്വികാഗ്രേസരനും, വിഷ്ണുഭക്തനും, ചിരഞ്ജീവികളിൽ ഒരാളുമായി സങ്കല്പിക്കപ്പെടുന്നവനുമാണു് വിഭീഷണൻ! അവസരസേവകൻ എന്നു് അതിന്റെ അർത്ഥവും അനർത്ഥവും നല്ലപോലെ അനുഭവമുള്ളവരായിരിക്കാവുന്ന ആധുനിക നേതാക്കന്മാരിൽ പലരും വിഭീഷണനെ പഴിക്കാറുണ്ടു്. രാജ്യദ്രോഹി, സ്വന്തം ജ്യേഷ്ഠനെ ചതിച്ചുകൊല്ലിച്ചവൻ, സ്വാർത്ഥമാത്രനിരതൻ, മഹാഭീരു എന്നു തുടങ്ങി പല അധിക്ഷേപങ്ങളും 'സാധു' വിഭീഷണന്റെ നേർക്കു പ്രയോഗിക്കപ്പെട്ടവരുമുണ്ടു്.' എന്നീ വാക്യങ്ങളെക്കൊണ്ടാണു് പുത്തേഴൻ വിഭീഷണനെ നമുക്കു പരിചയപ്പെടുത്തുന്നതു്. നിഷ്പക്ഷവും സൂക്ഷ്മവുമായ ഒരു പഠനം അർഹിക്കുന്ന കഥാപാത്രമാണു് വിഭീഷണൻ എന്നു തുടർന്നു് എഴുതുന്നുമുണ്ടു്.

വാല്മീകിരാമായണത്തിൽ സുന്ദരകാണ്ഡത്തിൽവച്ചാണു് നാം വിഭീഷണനെ ആദ്യമായി കാണുന്നതു്. ദൂതനായി വന്നവനെ ആരും വധിക്കാറില്ല. വേണമെങ്കിൽ അംഗഭംഗം വരുത്തി വിടാം; വധിക്കാൻ വിധി

യില്ല. എന്നു ജ്യേഷ്ഠനെ ബോധ്യപ്പെടുത്തുന്നതു വിഭീഷണനാണു്. അങ്ങനെയാണു് വാലിനു തീകൊളുത്തി വിടാൻ തീരുമാനമായതു്.

ശ്രീരാമൻ സൈന്യത്തോടുകൂടി ലങ്കയിൽ പ്രവേശിക്കാൻ ഒരുങ്ങിയപ്പോഴും, യുദ്ധത്തിനു വട്ടംകൂട്ടാനുള്ള നിർദ്ദേശമാണു് രാവണനു ലഭിച്ചതു്. വിഭീഷണൻ മാത്രം മറിച്ചു് ഉപദേശം നൽകി. സീതയെ അപഹരിച്ചു എന്നതു് അപകീർത്തികരമാണു്. അവരെ ശ്രീരാമനെ ഏല്പിച്ചില്ലെങ്കിൽ രാജ്യം നശിക്കുകയാവും ഫലം. വിഭീഷണന്റെ വാക്കുകളും രാവണനെ കൂടുതൽ ക്രുദ്ധനാക്കി. മന്ത്രാലോചനയിൽ നിന്നിറങ്ങിയ വിഭീഷണൻ നാലു സഖാക്കളോടുകൂടി ശ്രീരാമനെ അഭയംപ്രാപിച്ചു.

ചതിക്കാൻ വന്നവരാണെന്നും അവരെ സ്വീകരിക്കരുതെന്നും സുഗ്രീവൻ ഉപദേശിച്ചു ഹനുമാൻ വിഭീഷണനെ സ്വീകരിക്കണമെന്നു് അഭിപ്രായപ്പെട്ടു. 'കഷ്ടത്തിൽപ്പെട്ട ഒരാൾ ശരണാഗതിയായി വന്നാൽ അവനു് അഭയം ഞാൻ നൽകും, അതെന്റെ വ്രതമാണു്' എന്നു ഭഗവാൻ അരുളിച്ചെയ്തു.

ശ്രീരാമപാദങ്ങളിൽ വീണു് 'സർവവും സമർപ്പിച്ചിരിക്കുകയാണു് എന്നെ കൈക്കൊണ്ടാലും' എന്നു വിഭീഷണൻ പ്രാർത്ഥിച്ചു. ലങ്ക കീഴടക്കുവാൻ ശ്രീരാമന്റെ സൈന്യത്തിൽ ഒരു യോദ്ധാവായി ചേരുവാൻ സന്നദ്ധനാണെന്നും വിഭീഷണൻ അറിയിച്ചു. ശ്രീരാമൻ സമുദ്രജലം വരുത്തി ലക്ഷ്മണനെക്കൊണ്ടു് വിഭീഷണനെ ലങ്കാധിപതിയായി അഭിഷേകം ചെയ്യിച്ചു.

വാനരപ്പട ലങ്കയിൽ പ്രവേശിക്കുവാൻ വഴികാട്ടിയും ഉപദേശകനുമായി വർത്തിച്ചതു വിഭീഷണനാണു്. പ്രച്ഛന്നവേഷരായി ശ്രീരാമപാളയത്തിൽ പ്രവേശിച്ച ശുകസാരണന്മാരെ തിരിച്ചറിയാൻ ശ്രീരാമനെ സഹായിച്ചതു വിഭീഷണനാണു്. ഇന്ദ്രജിത്തുമായുള്ള യുദ്ധത്തിൽ രാമപക്ഷക്കാക്കു വിഭീഷണൻ വലിയ സഹായമായിരുന്നു. ഇന്ദ്രജിത്തും വിഭീഷണനുമായി ഒരു വാദപ്രതിവാദം നടക്കുന്നുണ്ടു്, അതിനു പുറമെ ഇരുവരും തമ്മിൽ ഏറ്റുമുട്ടുന്നുമുണ്ടു്. രാവണനുമായുള്ള യുദ്ധത്തിൽ വിഭീഷണൻ കുതിരകളെ അടിച്ചുകൊന്നു. രാവണൻ വിഭീഷണനെറെ നേക്കു പ്രയോഗിച്ച വേലു് ലക്ഷ്മണൻ എയ്തു മുറിച്ചു. രാവണൻ ക്രുദ്ധനായി വിഭീഷണനെറെ നേർക്കടുത്തപ്പോഴും ലക്ഷ്മണൻ മുന്നിൽക്കടന്നു് വിഭീഷണനെ രക്ഷിച്ചു.

ജ്യേഷ്ഠനെറെ മരണത്തിൽ വിഭീഷണൻ ദുഃഖിച്ചു. എന്നാൽ അധർമ്മിയും ക്രൂരനും പരദാരഹർത്താവുമായ രാവണനെ സംസ്കരിക്കാൻ വിഭീഷണൻ ഇഷ്ടപ്പെട്ടില്ല. മരണാനന്തരമുള്ള ശത്രുതയ്ക്കു് അർത്ഥമില്ലെന്നും, അനന്തരകർത്തവ്യങ്ങൾക്കു വിഭീഷണൻ തയ്യാറാകണമെന്നുള്ള രാമനിർദ്ദേശമനുസരിച്ചു് വിധിപ്രകാരം സംസ്കാരകർമ്മങ്ങൾ നടന്നു.

അഗ്നിവിശുദ്ധയായ സീതയോടൊപ്പം പുഷ്പകവിമാനത്തിൽ ശ്രീരാമൻ അയോദ്ധ്യയിലേക്കു മടങ്ങുമ്പോൾ, ശ്രീരാമപട്ടാഭിഷേകത്തിൽ സംബന്ധിക്കാൻ വിഭീഷണനും കൂടെ വിമാനത്തിൽ ഉണ്ടായിരുന്നു. ഒരു മാസത്തെ അയോദ്ധ്യാവാസത്തിനുശേഷം ലങ്കയിലേക്കു മടങ്ങുമ്പോൾ ശ്രീരാമചന്ദ്രൻ 'ലങ്കാം പ്രശാധി ധർമ്മേണ ധർമ്മജ്ഞസ്ത്വം മതോ മമ' എന്നാണു് പറഞ്ഞതു്. വിഭീഷണൻ വഞ്ചകനാണെന്ന അഭിപ്രായം തിരുത്തേണ്ടിയിരിക്കുന്നു. രാമായണത്തിലെ ചിരഞ്ജീവികളിൽ ഒരാളായ വിഭീഷണൻ എന്നും സ്മരിക്കപ്പെടും.

23. ശ്രീകണ്ഠൻ നായരുടെ നാടകത്രയം

ആധുനിക മലയാളനാടകകൃത്തുക്കൾക്ക് രാമകഥ അസംസ്കൃതവസ്തുവായി പ്രയോജനപ്പെടുന്നുണ്ടെന്നുള്ളതിന് സി. എൻ. ശ്രീകണ്ഠൻനായരുടെ രാമായണകഥാപരങ്ങളായ നാടകങ്ങൾ ദൃഷ്ടാന്തമാണ്. 1965—ൽ സാകേതവും, 1974—ൽ ലങ്കാലക്ഷ്മിയും, 1958-ൽ കാഞ്ചനസീതയും പൂർത്തിയായി.

സി. എൻ. തന്റെ നാടകത്രയത്തിലൂടെ മലയാളനാടകവേദിയെ ആദികവിയുമായി ബന്ധിപ്പിക്കുകയാണോ ചെയ്തത്? ഈ ചോദ്യത്തിന് പ്രൊഫ. പി. കെ. ബി. നായർ മറുപടികൊടുക്കുന്നത് ഇങ്ങനെയാണ്: 'വാല്മീകിയുടെ മാർഗ്ഗത്തിൽനിന്ന് അധികം വ്യതിചലിക്കാതെ, വിട്ടുപോയ കണ്ണികളെ കൂട്ടിച്ചേർക്കുന്നതിനും, കഥാപാത്രങ്ങളുടെ അന്തർഭാവങ്ങൾ അനാവരണം ചെയ്യുന്നതിനും, നാടകകലാതത്ത്വത്തിന് ഇണങ്ങുന്ന രംഗങ്ങൾ അവതരിപ്പിക്കുന്നതിനും, അസാധാരണമായ ഔചിത്യബോധം അദ്ദേഹം കാണിച്ചിട്ടുണ്ട്. അത്യത്കടമായ സംഘർഷനിമിഷങ്ങൾ, ഉദ്വേഗവും ഉൽകണ്ഠയും നിറഞ്ഞ സംഭാഷണപരമ്പരകൾ, സത്വരജസ്സുമോ ഗുണങ്ങളുടെ മർത്ത്യാകാരംപൂണ്ട കഥാപാത്രങ്ങൾ, യക്ഷകിന്നരുഷന്മാരും, ദേവാസുരപ്രകൃതികളും, ഗിരിശൃംഗങ്ങൾ, പാരാവാരങ്ങൾ ഉൾക്കൊണ്ട കർമ്മരംഗങ്ങൾ —എന്നിങ്ങനെ മനുഷ്യമനസ്സിനെ അഭിരമിപ്പിക്കുന്ന അനേകം വിഭവങ്ങൾ നാടകത്രയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

സാകേതം

സാകേതത്തിലെ മുഖ്യകഥാപാത്രം ദശരഥനാണ്. ദശരഥനും, തന്റെ ദശമുഖവ്യക്തിത്വത്തിന്റെ സാക്ഷാത്കാരങ്ങളായ വസിഷ്ഠൻ, സുമന്ത്രൻ തുടങ്ങിയ പത്തു കഥാപാത്രങ്ങളും ചേർന്നുള്ള പ്രതീകാത്മകചലനങ്ങളാണ് നാടകത്തിന്റെ ആകൃതുക.

സാകേതത്തിനു് അയ്യപ്പപ്പണിക്കർ എഴുതിയ ആമുഖത്തിൽ, സാകേതം ഒരു ശാപകഥയുടെ നാടകീയാവിഷ്കാരമാണെന്നാണ് പറയുന്നത്. 'ആ ശാപകഥയാകട്ടെ, സ്വന്തം ഇച്ഛാശക്തിക്കതീതമായ എന്തോ ഒന്നിനാൽ പ്രേരിതനായിട്ടെന്നപോലെ, സാകേതാധിപൻ അനുഷ്ഠിച്ച പാപകർമ്മത്തിന്റെ പിഞ്ഞുടച്ചയുമാണ്.'

വിച്ഛിന്നാഭിഷേകവും ഇഷ്വാകുപത്നിയുടെ ദുഷ്ബുദ്ധിയും സാകേതാധിപന്റെ എല്ലാ സ്വപ്നങ്ങളേയും നിലംപരിശാക്കി. ജീവിതസായാഹ്നത്തിൽ ദുഃഖസമുദ്രത്തിൽ നീന്തിക്കഴയുന്ന ദശരഥൻ യൗവനത്തിലുണ്ടായ അവിവേകത്തെക്കുറിച്ചും, പുത്രശോകാർത്തനായ വൃദ്ധമുനിയുടെ ശാപത്തെക്കുറിച്ചും അനുസ്മരിച്ചു. ചോര വാർന്നൊലിക്കുന്ന മുനികുമാരന്റെ രൂപവും ആളിപ്പടരുന്ന തീയിൽ ചാടുന്നതിനു മുൻപു് ശാപം ചൊരിഞ്ഞ വൃദ്ധമുനിയുടെ ശോകവും ദശരഥന്റെ മനോമണ്ഡലത്തിൽ നിറഞ്ഞു നിന്നു.

നിത്യജീവിതത്തിലെ പ്രശ്നശതങ്ങൾക്കുപരി അടിസ്ഥാനപരമായ ചില ജീവിതസത്യങ്ങളിലേക്കു് ആണ് സാകേതം വിരൽ ചൂണ്ടുന്നത്. ദാർശനികപരിവേഷവും സാകേതത്തിന്റെ കാന്തി വർദ്ധിപ്പിക്കുന്നുണ്ട്.

ലങ്കാലക്ഷ്മി

ലങ്കാലക്ഷ്മിയിലെ നായകൻ രാവണനാണ്. രാമാപദാനകീർത്തനങ്ങൾക്കിടയിൽ അവഗണിക്കപ്പെട്ട രാവണൻ എന്ന വീരനായകൻ ഒരു തമോഗുണമൂർത്തിയല്ലെന്നും, അദ്ദേഹത്തിന്റെ ബഹുമുഖവ്യക്തിത്വം പഠനാർഹമാണെന്നും ഇതിൽ നാടകകർത്താവ് വ്യക്തമാക്കിയിരുന്നു. മൂന്നു ലോകങ്ങളും കിടിലം കൊള്ളിച്ച രാക്ഷസചക്രവർത്തിയുടെ അത്ഭുതവിക്രമങ്ങളും വംശരക്ഷയ്ക്കുവേണ്ടി ചെയ്ത സാഹസകർമ്മങ്ങളും ശബളാഭമായ വ്യക്തിപ്രഭാവം വെളിപ്പെടുത്താൻ പര്യാപ്തമായിട്ടുണ്ട്.

രാവണൻ രാമായണത്തിലെ പ്രതിനായകനാണെങ്കിലും നഗരപ്രൗഢിയുടെ കാര്യത്തിൽ ലങ്ക ഒന്നുകൊണ്ടും അയോദ്ധ്യയ്ക്കു താഴെയായിട്ടില്ല വാല്മീകി കല്പിച്ചതു്.

ലങ്ക രാക്ഷസന്മാരുടെ ആസ്ഥാനമായിരുന്നു. അതു് ഒഴിഞ്ഞുതരാൻ ജ്യേഷ്ഠൻനിലയ്ക്കു് രാവണൻ അപേക്ഷിച്ചു. അനുജനോട് ഒരു നഗരം സംബന്ധിച്ചു് ശണ്ഠയ്ക്കു നിൽക്കുന്നതു ഭംഗിയല്ലെന്നു കരുതി കുബേരൻ തന്റെ പുഷ്പകവിമാനത്തിൽ ലങ്കവിട്ടുപോയി. പുഷ്പകവിമാനവും യുദ്ധം ചെയ്തു രാവണൻ കൈവശപ്പെടുത്തി. ഐശ്വര്യദേവതയെ ലങ്കാകവാടത്തിൽ കാവൽ നിർത്തിയാണു് രാവണൻ ലങ്കയിൽ വിരാജിച്ചതു്. ഹനുമാന്റെ പ്രഹരമേറ്റു് ശാപമോക്ഷം നേടി ലങ്കാലക്ഷ്മി തിരോധാനം ചെയ്തതോടുകൂടി ലങ്കയുടെ അധഃപതനം ആരംഭിച്ചു.

രാക്ഷസസഭയുടെ 'വാർകൗൺസിൽ' ചേർന്നപ്പോൾ ആപത്തൊഴിവാക്കാൻ സീതയെ വിട്ടുകൊടുക്കുകയാണു് ബുദ്ധിയെന്നു സുപാർശ്വനും വിഭീഷണനും അഭിപ്രായപ്പെട്ടു. യുക്തിവാദം വഴി ആ ഉപദേശം രാവണൻ തിരസ്കരിച്ചു. വിഭീഷണൻ മറുപക്ഷത്തു ചേർന്നു. യുദ്ധത്തിൽ ഇന്ദ്രജിത്തും കുംഭകർണ്ണനുമെല്ലാം മരിച്ചപ്പോൾ രാവണൻ വീണ്ടും രണാങ്കണത്തിലേക്കു പുറപ്പെട്ടു. രാവണൻ രാക്ഷസവംശത്തോടൊപ്പം എല്ലാ ശാപഫലങ്ങളും അനുഭവിക്കുമാറു് മരിച്ചുവീണു. 'ആപത്തുകളുടെ മധ്യത്തിൽ അചഞ്ചലനായി മരണത്തിന്റെ മുമ്പിലേക്കു കുതിക്കുന്ന രാവണന്റെ സ്വജനസ്നേഹവും പുത്രവാത്സല്യവും വായനക്കാർ വിസ്മരിക്കുകയില്ല.'

കാഞ്ചനസീത

ശ്രീകണ്ഠൻനായരുടെ നാടകങ്ങളിൽ ഏറ്റവും പ്രഖ്യാതം കാഞ്ചനസീതയാണു്. രചനയുടെ കാലക്രമം നോക്കുമ്പോൾ ഒന്നാമത്തേതും, കഥാവസ്തുവിന്റെ കാലക്രമം നോക്കുമ്പോൾ മൂന്നാമത്തേതുമാണു് കാഞ്ചനസീത. രാമായണം ഉത്തരകാണ്ഡത്തിലെ സീതാപരിത്യാഗമാണു് കാഞ്ചനസീതയ്ക്കു് ആധാരമായ കഥാഭാഗം. 'രാമന്റെ ജീവിതം സുദീർഘമായ പരീക്ഷണമായിത്തീരുന്നു. അവസാനത്തെ പരീക്ഷ(ണം) കാഞ്ചനസീതയിൽ നാം കാണുന്നു. രാമൻ പരാജയപ്പെട്ടുമെങ്കിൽ വിജയം ഈ ഭൂമിയിൽ അസാദ്ധ്യമെന്ന കരുതിയാൽ മതി എന്ന കാഞ്ചനസീതയുടെ അന്ത്യത്തിൽ രാമനെക്കൊണ്ടു പറയിക്കുന്ന നാടകകൃത്തു് ജീവിതത്തിന്റെ വിജയപരാജയങ്ങളെപ്പറ്റി അകംനൊന്തു് ആലോചിച്ചിട്ടുണ്ടെന്നു തീർച്ച.' ദശകേതത്തിന്റെ അവതാരികയിൽ കാണുന്ന ഈ ഭാഗംകൊണ്ടുതന്നെ കാഞ്ചനസീതയുടെ പ്രാധാന്യം വെളിവാകുന്നു.

1963—ൽ കേരളസാഹിത്യ അവാർഡു ലഭിച്ച ഈ കൃതി ഇന്ത്യാ ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ ഡൽഹിയിൽവച്ചു നടത്തപ്പെട്ട ഗ്രീഷ്മ കാലനാടകോത്സവത്തിൽ അവതരിപ്പിച്ചിട്ടുണ്ടു്.

രാമായണത്തിൻെറ ഒരു സവിശേഷത, ഗ്രന്ഥകാരൻതന്നെ കഥാ പാത്രമാകുന്നു എന്നതാണല്ലൊ. യുദ്ധകാണ്ഡംവരെയുള്ള രാമായണകഥയിൽ അജയ്യനും അമാനുഷനുമായ രാമൻ ഉത്തരകാണ്ഡം വരുമ്പോഴേയ്ക്കും ആ സ്ഥാനം സീതയ്ക്കു വിട്ടുകൊടുക്കുകയാണു്. വസിഷ്ഠൻ തൻെറ സ്ഥാനം വാല്മീകിക്കും രാമായണം സീതായനമാകുന്ന സുപ്രധാന ഭാഗമാണു് ഉത്തര കാണ്ഡം. അതു പ്രക്ഷിപ്തമായാലും അല്ലെങ്കിലും.

ഈ നാടകത്തിൽ നമ്മുടെ ഹൃദയത്തെ ഏറ്റവുമധികം ആകർഷിക്കുന്ന രണ്ടു കഥാപാത്രങ്ങളാണു് സീതയും വാല്മീകിയും. അല്പനേരമേ രംഗത്തു പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും, അധികവാക്കുകൾ സംസാരിക്കുന്നില്ലെങ്കിലും മറക്കാനാവാത്ത ഒരു ദുഃഖചിത്രമാണു് സീതയുടേതു്. ഗ്രന്ഥനാമമായ കാഞ്ചനസീതയുടെ പ്രതീകമായ സൗവർണ്ണഹൃദയം നാം ആ ചിത്രത്തിൽ കാണുന്നു. ശ്രീരാമനോടുള്ള നിസ്വാർത്ഥപ്രേമം, ലക്ഷ്മണനോടുള്ള അകൈതവമായ സ്നേഹം, ഗുരുവരനായ വാല്മീകിയോടുള്ള കൃതജ്ഞതാഭരങ്ങൾ, കുശലവന്മാരോടുള്ള വാത്സല്യം—ഇതെല്ലാം ആ വാക്കുകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. ദിവ്യമായ പരിവേഷം ചാർത്തിയ ഒരു സ്വപ്നദൃശ്യംപോലെ, അണയാൻ പോകുന്ന സായംസന്ധ്യപോലെ ആദ്യം വാല്മീകിയുടെ ആശ്രമപ്രാന്തത്തിൽവച്ചും, പിന്നീടു് നൈമിശാരണ്യത്തിലെ ആശ്രമ പ്രാന്തത്തിൽ വച്ചും സീത നമ്മുടെ മുമ്പിൽ വന്നു മറയുന്നു. അവർ കടന്നുപോന്ന ദുരിതാനുഭവങ്ങളുടെ അവശിഷ്ടമായ വിദ്വേഷമോ വൈരാഗ്യമോ അവളുടെ നിഷ്കളങ്കതയിൽ കരി പുരട്ടുന്നില്ല. സീത മൃൺമയമായ അവളുടെ ശരീരത്തോടുകൂടി കുറച്ചുസമയമേ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും നാടകത്തിലാദ്യവസാനം ആ രണ്ടക്ഷരമന്ത്രംതന്നെയാണു്.' കെ. അയ്യപ്പപ്പണിക്കർ ഇരുപത്തിയഞ്ചുപേജുള്ള തൻെറ ആമുഖം അവസാനിപ്പിക്കുന്നതു് ഇങ്ങനെയാണു്:

'മലയാളത്തിൽ ലക്ഷണമൊത്ത ശോകാന്തനാടകങ്ങളും കുറവാണു്. സമ്പൂർണ്ണമായ സഹാനുഭൂതിയോടും അത്ഭുതാദരങ്ങളോടുംകൂടി നമുക്കു സാത്മ്യം പ്രാപിക്കാൻ കഴിയുന്ന ഒരു ദുരന്തനായകനെ അവതരിപ്പിക്കുവാനുള്ള കഴിവു് വളരെ കുറച്ചുപേർക്കേ ഉണ്ടായിട്ടുള്ളൂ....ലക്ഷണമൊത്ത ഒരു ശോകനാടകം വായനയെങ്കിലും ചെയ്യുന്ന ഈ അനുഭൂതി കാഞ്ചനസീത വായിക്കുന്നവർക്കും അഭിനയിച്ചുകാണുന്നവർക്കും ലഭിക്കുമെന്നതന്നെയാണു് എൻെറ വിശ്വാസം.'

ലക്ഷണമൊത്ത ശോകനാടകം രചിക്കുന്നതിനും നമുക്കു് ആദികവിയെ ആശ്രയിക്കേണ്ടി വന്നതു രാമായണത്തിൻെറ അനശ്വരത്വത്തിനു തെളിവാണു്.

കവീന്ദ്രം നൗമി വാല്മീകിം
യസ്യ രാമായണീം കഥാം
ചന്ദ്രികാമിവ ചിന്വന്തി
ചകോര ഇവ സാധവഃ

എന്ന പൂർവസൂരികളുടെ അഭിപ്രായം എത്ര ആവർത്തിച്ചാലും മതിയാകുന്നതല്ല.

24. രാവണപക്ഷവും രാമപക്ഷവും

'....ചിത്തവൃത്തിയുടെ ഗുണദോഷങ്ങളിൽ കാലപരിണതിപോലെ വർണ്ണവ്യത്യാസം ഭവിക്കാറുണ്ട്. അപ്രകാരം വാല്മീകിരാമായണത്തിലെ കഥാപാത്രങ്ങളെ സംബന്ധിച്ചും നാം കണ്ടുതുടങ്ങിയിരിക്കുന്നു. വാല്മീകിയുടെ സങ്കല്പലോകത്തിൽ ഗുണാധികനായി രാമനും ദോഷാധികനായി രാവണനും ഈ അടുത്ത കാലംവരേക്കും വാണിരുന്നല്ലൊ. ഇപ്പൊഴാകട്ടെ രാമനിൽ ചില കുറവുകളും രാവണനിൽ ചില തികവുകളും കാലദർപ്പണം നമ്മെ കാണിച്ചു തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് പരിഭവിക്കുവാനോ പരിഭ്രമിക്കുവാനോ ഇല്ല. രാമനിലെന്നപോലെ രാവണനിലും ഐശ്വര്യമുണ്ടെന്നു വാല്മീകിതന്നെ സമ്മതിച്ചിട്ടുള്ളതാണ്. രാമന്റെ ഐശ്വര്യമല്ല, രാവണന്റേതാണ് ഇക്കാലത്തു് അധികം രുചിക്കുന്നതെന്നു വന്നാലും വാല്മീകിയുടെ പ്രതിഷ്ഠയും രാമായണത്തിന്റെ പ്രശസ്തിക്കും കോട്ടമേതും ഇല്ല. ....യുക്തിപൂർവം വിമർശിച്ചുകൊണ്ടു വേണം ഏതു സംഭവത്തിലും വിധി കല്പിക്കുവാൻ.'....'രാവണപക്ഷം' എന്ന സ്വന്തം പുസ്തകത്തിനു കണ്ണൻ ജനാർദ്ദനൻ (കുന്നത്തു ജനാർദ്ദനമേനോന്റെ തൂലികാനാമം) എഴുതിയ പ്രസ്താവനാരൂപത്തിലുള്ള ആമുഖമാണ് മേൽ ഉദ്ധരിച്ചിട്ടുള്ളതു്.

രാവണന്റെ ഭാഗത്തു് എന്തെല്ലാം ഗുണാംശങ്ങളാണു് ഉള്ളതെന്നു് ഒരു അന്വേഷണത്തിനു വിഷയമായതുതന്നെ പ്രതിനായകപക്ഷത്താണു് രാവണൻ എന്ന ഭംഗ്യന്തരേണ സ്ഥാപിക്കുന്നുണ്ടു്. ഏതായാലും വർഗ്ഗസമരമല്ല വാല്മീകി ഉദ്ദേശിച്ചതു് എന്നതിനു് രാവണസഹോദരനായ വിഭീഷണനെ ശ്രീരാമൻ മിത്രമായി സ്വീകരിച്ചതു് മതിയായ തെളിവാകുന്നു. ബാലിയെ വധിച്ചുവെങ്കിലും ബാലിപുത്രനായ അംഗദനെ മാനിക്കുന്നുണ്ടു്. താരയോടും സുഗ്രീവനോടും വിരോധമില്ല. അതെന്തുമാകട്ടെ രാമായണം ചൂട്ടുകളയുന്നതിനും രാവണായനം എഴുതുന്നതിനും തമിഴനാട്ടിൽ നീക്കങ്ങളുണ്ടായ സാഹചര്യത്തിൽ ആണു് കുന്നത്തു ജനാർദ്ദനമേനവൻ രാവണപക്ഷം എന്നൊരു പുസ്തകം രചിക്കാൻ ഇടയായതു്.

വിചിത്രമായ വാദഗതികളാണു് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നതു്. രാമനെയല്ല, രാവണനെയാണു് നായകനായി കാണേണ്ടതു എന്നതിനു മി. മേനോൻ പറയുന്ന യുക്തികം നോക്കുക: 'രാമായണത്തിൽ ആദ്യന്തമുള്ളതു് ഈശ്വരലീലയാണെന്നിരിക്കിൽ അതു ലോകത്തിലെങ്ങും എന്നുമുള്ളതാകയാൽ അതിന്മേൽ നായകത്വം ചാർത്തുന്നതു കഥയ്ക്കു് അത്ര ഭംഗിയല്ല. ആ ഈശ്വരലീലയ്ക്കു രാമായണത്തിൽ ഹേതുഭൂതനായതു് ആരോ ആ ആളെയാണു് നായകനായി നാം കൽപ്പിക്കേണ്ടതു്. അതുകൊണ്ടു് ആദികാവ്യത്തിലെ നായകൻ രാവണനാണു്; രാമനല്ല. രാവണവിജയമാണു് നാം ആദ്യം കാണുന്നതു്. രാവണനുവേണ്ടി രാമനുണ്ടായി എന്നു കഥയിൽ പറയുന്നു. അപ്പോഴും ആ കഥയിലെ നായകൻ രാവണൻതന്നെ. ഭൂമിയിൽ നമ്മുടെ ഇടയിലേക്കു് ഈശ്വരനെ രാവണൻ വരുത്തി. രാവണനെ കാണുവാനാണു് രാമരൂപത്തിൽ ഈശ്വരൻ അയോധ്യയിൽ ജനിച്ചതു്. ഭാരതവർഷത്തിന്റെ വടക്കേ അറ്റത്തുനിന്നു് തെക്കേ അറ്റംവരേയ്ക്കും ഈശ്വരനെ രാവണൻ ആനയിച്ചു. തന്റെ രാജ്യത്തിലേക്കു്—തന്റെ രാജധാനി

യിലേക്ക്—രാവണൻ ഈശ്വരനെ പ്രവേശിപ്പിച്ചു. എന്നിട്ട് രാവണൻ ഈശ്വരനിൽ വിലീനനാകുകയും ചെയ്തു. ഇതിൽ രാവണനല്ലാതെ മറ്റാരാണ് നായകൻ?'

രാക്ഷസന്മാരാണ് ദേവന്മാരെ അപേക്ഷിച്ച് മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചുപോരുന്നതെന്ന് യുക്തിവാദംകൊണ്ട് മേനവൻ സമർത്ഥിക്കുന്നുണ്ട്. 'സാധാരണമായി രാക്ഷസന്മാരുടെ ആഹാരം മനുഷ്യരാണെന്നു എവിടേയും കണ്ടിട്ടില്ല. മനുഷ്യശരീരം രാക്ഷസന്നല്ലൊരു മിഠായിയാണെങ്കിൽ അവർ തമ്മിൽ രതിബന്ധമുണ്ടാകുന്നതു സ്വാഭാവികമല്ലല്ലോ. മാനുഷസ്ത്രീകളെ അവർ കാമിക്കുന്നതും, രാക്ഷസിയെ മനുഷ്യർ വേഴുന്നതും രാക്ഷസനും മനുഷ്യനുമായി സൗഹൃദത്തോടെ ഇടപെടുന്നതും പുരാണേതിഹാസങ്ങളിൽ കാണുന്നുണ്ട്. അത്രയുള്ളൂപ്പം മനുഷ്യക്ക് ദേവന്മാരോടില്ല. ....രാവണൻ രാക്ഷസകുലജാതനാണെന്നുവച്ച് അദ്ദേഹത്തെ നിന്ദിക്കേണ്ടതില്ല.

രാവണൻ ശൈവപക്ഷക്കാരായ ഭൗതികവാദികളുടെ പ്രതിപുരുഷനും, വസിഷ്ഠവിശ്വാമിത്രന്മാർ വൈഷ്ണവപക്ഷക്കാരുടെ വക്താക്കളുമാണെന്നു സങ്കൽപ്പിച്ച് ശൈവമതധ്വംസനത്തിനു വൈഷ്ണവപക്ഷക്കാർ ഗൂഢാലോചനചെയ്തതിന്റെ വിവരണമാണ് രാമായണമെന്നാണ് മേനോൻ വാദിക്കുന്നതു്. എങ്കിൽ വസിഷ്ഠവിശ്വാമിത്രന്മാർ തമ്മിൽ നടന്ന കിടമത്സരം എന്തിനായിരുന്നു? വൈഷ്ണവമതം ശൈവമതത്തെ കീഴ്പ്പെടുത്തിയ ചരിത്രമാണ് രാമായണമെങ്കിൽ ഉമാമഹേശ്വരസംവാദമായി അധ്യാത്മരാമായണം അവതരിപ്പിക്കുമായിരുന്നുവോ?

സാങ്കല്പികമായ പൈഷ്ണവഗൂഢാലോചനയെ ജനാർദ്ദനമേനോൻ തനതായ ശൈലിയിൽ വിവരിക്കുന്നുണ്ട്. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനെ പാട്ടിൽപിടിച്ച് ദശരഥന്റെ മരണം ഏതു നിമിഷത്തിലുമായേക്കാമെന്നു സംഭ്രാന്തനാക്കുകയാണത്രെ വസിഷ്ഠൻ നേരത്തവത്തിലുള്ള വൈഷ്ണവസംഘം ചെയ്തതു്. മന്ഥരയെക്കൊണ്ട് അവർ കൈകേയിയെ മയക്കുകയും, മനസ്സു കലങ്ങിയ ദശരഥനെ സത്യപ്രതിജ്ഞയാൽ ബന്ധിച്ച് പാവകളിപ്പിക്കുകയും ചെയ്തിരിക്കയാണത്രെ. ഭരതനെ മാതാമഹന്റെ ഗൃഹത്തിലേക്ക് അയച്ചിരുന്നില്ലെങ്കിൽ, രാമനെ കാട്ടിലേക്ക് അയയ്ക്കുവാൻ സാധിക്കുമായിരുന്നില്ല. സുമിത്രാപക്ഷത്തെ ദുർബലമാക്കുവാനാണത്രെ വൈഷ്ണവ ഉപജാപകസംഘം ശത്രുഘ്നനേയും കേകയത്തിലേക്കു പറഞ്ഞുവിട്ടതു്. ശൈവമതധ്വംസനത്തിനു രാമനെ കിട്ടുവാൻവേണ്ടി ആ വൈഷ്ണവശ്രേഷ്ഠന്മാർ ദശരഥനെ കൊല്ലുകയാണ് ഉണ്ടായതു് എന്നുവരെ ഗ്രന്ഥകാരൻ പറയുന്നുണ്ട്.

വാല്മീകിയുടെ ആശ്രമത്തിൽവച്ച് ശൈവക്കു് എതിരെ ഗൂഢാലോചനകളും ധ്വംസനപദ്ധതികളുടെ ആവിഷ്കരണങ്ങളും രാമന്റെ സാന്നിധ്യത്തിൽ നടന്നതു ചാരന്മാർവഴി രാവണൻ അറിഞ്ഞിരിക്കാമെന്നാണ് ഗ്രന്ഥകാരന്റെ നിഗമനം. ചിത്രകൂടത്തിനും ദണ്ഡകാരണ്യത്തിനും ഇടയ്ക്കുള്ള മാരാധിപതികളെ സ്വപക്ഷത്തേക്കു് ആകർഷിക്കാനായിരുന്ന ശ്രീരാമൻ ദണ്ഡകാരണ്യത്തിൽ തമ്പടിച്ചതു്.

കിഷ്കിന്ധയിൽ കടന്നാക്രമണം നടത്തി രാമനെ വകവരുത്താമെന്നായിരുന്നുവത്രെ രാവണന്റെ പദ്ധതി ആ ആലോചന നിശ്ചയത്തിലെത്തുംമുമ്പ് വിഭീഷണൻ അട്ടിമറിച്ചുവെന്നാണ് ഗ്രന്ഥകാരൻ പറയുന്നതു്. ചണ്ഡവിക്രമനും, മഹോരസാഹന്നമായ ഒരു ഉത്തമനേതാവാണ് രാവണൻ എന്നു ശത്രുവായ രാമൻതന്നെ അഭിനന്ദിക്കുന്നുണ്ട്. ഏതായാലും രാവണപക്ഷം വിചിത്രവാദങ്ങളെ അവതരിപ്പിച്ച് ജനശ്രദ്ധ പിടിച്ചുപറ്റാനുള്ള സഫലശ്രമം മാത്രമായി അവശേഷിക്കുന്നു.

കേകയത്തിൽനിന്നു ഭരതൻ അയോദ്ധ്യയിലേക്കു തിരിച്ചുവരുമ്പോൾ ആദർശശാലിയായ രാജാവു് ഉണ്ടായാലും ഇല്ലായ്മയായാലും ഉള്ള അനുഭവത്തിന്റെ ഏകദേശചിത്രം രാമായണത്തിൽ കൊടുത്തിട്ടുണ്ടു്. ചിത്രകൂടത്തിൽവച്ചു് ശ്രീരാമൻ രാജ്യഭരണവിഷയത്തിൽ ഒരു രാജാവു് ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഭരതനു വിശദീകരിച്ചുകൊടുക്കുന്നുണ്ടു്. രാജാവിനു വേണ്ട ഗുണങ്ങളും ഇല്ലാത്തവനായി രാവണനെ ശൂർപ്പണഖ ശകാരിക്കുന്ന ഭാഗവും ഈ വിഷയത്തിൽ വാല്മീകിക്കുള്ള അഭിപ്രായത്തെ എടുത്തുകാട്ടുന്നുണ്ടു്. ആസന്നമരണനായ ബാലി രാമൻ ചെയ്ത പ്രവൃത്തി രാജനീതിക്കു യോജിച്ചതല്ലെന്നു സമർത്ഥിക്കുന്നുണ്ടു്. അതുപോലെ ജ്യേഷ്ഠനായ രാവണനോടു് വിഭീഷണൻ രാജനീതി സംബന്ധമായ ഒരു ഉദ്ബോധനം നടത്തുന്ന സന്ദർഭവും രാമായണത്തിലുണ്ടു്. ജ്യേഷ്ഠനുവേണ്ടി പൊരുതി വീരചരമം വരിച്ച കുംഭകർണ്ണനും യുദ്ധത്തിനു പോകുന്നതിനുമുൻപു് രാജനീതി സംബന്ധിച്ച പല കാര്യങ്ങളും ഉദ്ബോധിപ്പിക്കുന്നുണ്ടു്.

രാജധർമ്മം എന്തെല്ലാമാണെന്നും, അതെല്ലാം എങ്ങനെ ശ്രീരാമൻ അനുസരിച്ചുവെന്നും, രാവണനു് അക്കാര്യത്തിൽ എത്രകണ്ടു വീഴ്ച പറ്റിയെന്നും കാണിക്കുകയായിരുന്നു വാല്മീകിയുടെ ലക്ഷ്യം. ശ്രീരാമനാകട്ടെ പ്രജാഹിതത്തെ മാനിച്ചു് സ്വന്തം പത്നിയെപ്പോലും ഉപേക്ഷിച്ചു. കുലഗുരുവായ വസിഷ്ഠനെ പദേപദേ അനുസരിച്ചുപോന്നു. രാവണനോ, സ്വാർത്ഥപൂർത്തിക്കുവേണ്ടി സന്ന്യാസിവേഷം കെട്ടി പരസ്ത്രീയെ മോഷ്ടിച്ചുകൊണ്ടുപോന്നു. ഭോഗാഭിലാഷം വെടിഞ്ഞു രക്ഷപ്രാപിക്കുവാൻ ഉപദേശിച്ച ശുകന്റെ നേരെ ക്രുദ്ധനായി. ക്ഷത്രിയനായ ശ്രീരാമന്റെ വസിഷ്ഠനോടുള്ള സമീപനവും 'പൗലസ്ത്യപുത്രനാം ബ്രാഹ്മണാധ്യ'നായ രാവണന്റെ ശുകനോടുള്ള സമീപനവും തമ്മിൽ എന്തൊരന്തരമാണുള്ളതു്?

വർഗ്ഗസമരസിദ്ധാന്തത്തെ രാമായണകാരൻ ഒരിടത്തും അംഗീകരിക്കുന്നില്ല സീത, അഹല്യ, താര, മണ്ഡോദരി എന്നീ നാലു് ആദർശവനിതമാർ നാല വിഭാഗത്തെയാണു് പ്രതിനിധീകരിക്കുന്നതു്. രാവണസോദരന്മാരിൽ വിഭീഷണൻ സദ്വൃത്തനാണു്. ധർമ്മാധർമ്മങ്ങളും തമ്മിലുള്ള പോരാട്ടമാണു് രാമായണത്തിന്റെ പ്രതിപാദ്യം. അയോദ്ധ്യയിലെന്നപോലെ ലങ്കയിലും ഉണ്ടു് രണ്ടിനേറെയും പ്രതിപുരുഷന്മാർ. താടക, ബാലി, രാവണൻ തുടങ്ങിയവർ അധർമ്മവുമായി ബന്ധപ്പെട്ടകാരണം വധ്യരായി. നേരെ മറിച്ചു് ഗുഹൻ, ഹനുമാൻ, വിഭീഷണൻ, ശബരി എന്നിവർ ധർമ്മത്തിനുവേണ്ടി നിലകൊള്ളുകയാൽ ശ്രീരാമന്റെ അനുഗ്രഹത്തിനുപാത്രമായി.

ധർമ്മസംസ്ഥാപനത്തിനു് ഈശ്വരൻ ഭൂമിയിൽ അവതരിച്ചതായാണു് രാമായണം ഉദ്ഘോഷിക്കുന്നതു്. കർമ്മഭക്തിജ്ഞാനമാർഗ്ഗങ്ങൾവഴി മോക്ഷമെങ്ങനെ കൈവരിക്കാമെന്നു് കഥാരൂപത്തിൽ വാല്മീകി നമുക്കു വിവരിച്ചു തരികയാണു്. സഹസ്രാബ്ദങ്ങളായി വേദസംസ്കാരത്തെ ഇന്ത്യയിൽ നിലനിർത്തിപ്പോരുന്നതു് രാമായണകഥയാണു്.

രാമായണത്തിന്റെ പഴക്കത്തേയും ആനുകാലികപ്രസക്തിയേയും എടുത്തുകാട്ടിക്കൊണ്ടു് ടാഗോർ പറയുന്നതു നോക്കുക. പൂർണ്ണത മുറ്റിയ ഒരു മാതൃകാപുരുഷന്റെ സ്വഭാവവിവരണം രാമായണത്തിലുണ്ടു്. അതു കേൾക്കാനാണു് രാമായണം എഴുതപ്പെട്ടതു്. അനന്ത സന്തോഷത്തോടെ നമ്മുടെ കാലത്തിലും ഇന്ത്യ അതു കേട്ടുകൊണ്ടിരിക്കുന്നു. അതു് ഒരു യാഥാർത്ഥ്യമായി ഭാരതം അംഗീകരിക്കുന്നു. ആദികവി ഇന്ത്യയുടെ ഹൃദയത്തെ എന്നെന്നേക്കുമായി കീഴ്പ്പെടുത്തിയിരിക്കുകയാണു്. ആർഷ സംസ്കാരത്തിന്റെ അമൃതം പകർന്നു തരാൻ പര്യാപ്തമായ ഒരു പരമോന്നത ഗ്രന്ഥമാണു് അതു്. ആദർശപരമായ ഔന്നത്യവും യാഥാർത്ഥ്യത്തിന്റെ അധോ

മണ്ഡലവും കൂട്ടിച്ചേർക്കുന്ന ചക്രവാളംപോലെ എന്നുമെന്നും അതു പ്രസക്തമായിരിക്കുന്നു. ആയുധങ്ങൾക്കു് അപ്രതിരോധ്യമായ അയോദ്ധ്യ, ആധുനിക പരിഷ്കാരങ്ങളും നിറഞ്ഞ ലങ്ക, രണ്ടിനേയും രാമായണത്തിൽ ഇണക്കിച്ചേർത്തിരിക്കുന്നു. വസിഷ്ഠന്റെ ധൈഷണികതയും, വിശ്വാമിത്രന്റെ ഭൗതികസിദ്ധികളും രാമനിൽ സമന്വയിക്കുകയും വാല്മീകിയുടെ ധർമ്മസങ്കല്പമായി വികസിക്കുകയും ചെയ്യുന്ന കാഴ്ചയാണു് രാമായണം നമ്മുടെ കൺമുന്നിൽ അനാവരണം ചെയ്യുന്നതു്!

25. രാമായണത്തിലെ ഋഷിപ്രഭാവം

'ശ്രീവാല്മീകി പ്രകീർത്തിത'മാണു് രാമായണകഥ. 'തപഃ സ്വാധ്യായ നിരത'നായ നാരദനാണു് വാല്മീകിക്കു രാമായണകഥ ഉപദേശിക്കുന്നതു്. വസിഷ്ഠൻ, വിശ്വാമിത്രൻ, ഭരദ്വാജൻ, ഋശ്യശൃംഗൻ തുടങ്ങിയ മഹർഷിമാരുടെ മാഹാത്മ്യമാണു് അതിൽ വർണ്ണിക്കപ്പെടുന്നതു്. അതിൽ നിന്നു് മഹർഷിമാരെ ഒഴിവാക്കിയാൽ പിന്നെയുള്ളതു ചില തല്ലും കൊല്ലും തലകീറലും മാത്രമാണു്. 'രാമായണത്തിലെ മഹർഷിമണ്ഡലം' എന്ന പുത്തേഴത്തിന്റെ കൃതിയിൽ, രാക്ഷസന്മാരുടെ നിഗ്രഹകഥകളേക്കാൾ, മഹർഷിമാരുടെ അനുഗ്രഹകഥകൾക്കാണു് രാമായണത്തിൽ മുൻതൂക്കമെന്നു് സമർത്ഥിച്ചിട്ടുണ്ടു്.

ബാലകാണ്ഡം മുഴുവൻ മഹർഷിമാരുടെ കഥകളാണെന്നുപറയാം. വസിഷ്ഠവിശ്വാമിത്രന്മാരുടെ കഥകളും, ഭരദ്വാജാശ്രമപ്രവേശം, ഭരതനു് ഭരദ്വാജൻ വിരുന്നു നൽകുന്നതു്, അത്രിമഹർഷിയെ സന്ദർശിച്ചു് ദിവ്യാലങ്കാരങ്ങളും സ്വീകരിക്കുന്നതു് തുടങ്ങിയ സംഭവങ്ങളെല്ലാം മഹർഷിതപത്തിന്റെ മാറ്റു രച്ചകാട്ടുന്ന രംഗങ്ങളാണു്. ആരണ്യകാണ്ഡം ആരംഭിക്കുന്നതു മഹർഷിമാരുടെ ശരണാഗതിയോടുകൂടിയാണു്. ശരഭംഗമഹർഷിയുടെ അഗ്നിപ്രവേശം, സുതീക്ഷ്ണ——അഗസ്ത്യസന്ദർശനം, കബന്ധന്റെ പൂർവചരിത്രകഥനം, ശബരിയുടെ സ്വർഗ്ഗാരോഹണം എന്നിവയെല്ലാം ഋഷിചരിത്രപരമാണു്. സുന്ദരകാണ്ഡത്തിൽ മഹർഷിമാരെപ്പറ്റി അധികമൊന്നും പറയപ്പെട്ടുന്നില്ല. യുദ്ധകാണ്ഡത്തിൽ അഗസ്ത്യഭഗവാൻ ശ്രീരാമനു് ആദിത്യഹൃദയം ഉപദേശിക്കുന്ന ഘട്ടം പ്രധാനമാണു്.

വസിഷ്ഠൻ

വസിഷ്ഠനെപ്പോലെ വൈശിഷ്ട്യമുള്ള ഒരു പുണ്യനാമം ഹൈന്ദവപുരാണേതിഹാസങ്ങളിൽ വേറെ ഇല്ലെന്നാണു് ചിലരുടെ പക്ഷം. വേദേതിഹാസപുരാണങ്ങളിലെല്ലാം നാം വസിഷ്ഠനെ കാണുന്നു. 'വശി' എന്ന പദത്തിൽ നിന്നാണു് വസിഷ്ഠപദത്തിന്റെ ഉത്ഭവം.*. ഇന്ദ്രിയങ്ങളെയെല്ലാം വശത്താക്കിയ മുനിയാണു് വശി. വശികളിൽ ശ്രേഷ്ഠനോ വിശിഷ്ടനോ ആയതുകൊണ്ടാകാം ആ പേരു സിദ്ധിച്ചതു്. വസിഷ്ഠനും വിശ്വാമിത്രനും തമ്മിലുള്ള കിടമത്സരം ബ്രാഹ്മണക്ഷത്രിയ മത്സരത്തെയാകാം കുറിക്കുന്നതു്.

---

* വസിഷ്ഠ: സമാനാനാം മധ്യേ അതിശയേന വാസയിതാ——സമാനക്കിടയിൽ ഏറ്റവും കൂടുതൽ പ്രശോഭിക്കുന്നവൻ വസിഷ്ഠൻ (വസ് ധാതുവിനു് ശോഭിക്കുക എന്നും അർത്ഥമുണ്ടു്.) ധർമ്മനിഷ്ഠനായി വസിക്കുന്നവൻ വസിഷ്ഠൻ എന്നും അർത്ഥമുണ്ടു്.

വസിഷ്ഠനെ രാമായണത്തിൽ നാം ആദ്യമായി കാണുന്നതു ബാല കാണ്ഡം ഏഴാം സർഗ്ഗത്തിലാണു്. ലൗകികകാര്യങ്ങളിൽ മുഖ്യമന്ത്രി സുമന്ത്രർ ആയിരുന്നെങ്കിൽ വൈദികകാര്യങ്ങളിൽ മുഖ്യൻ വസിഷ്ഠനായിരുന്നു. എട്ടു ലൗകികമന്ത്രിമാരോടും എട്ടു വൈദികമന്ത്രിമാരോടും ആലോചിച്ച ശേഷമാണു് ദശരഥൻ കാര്യങ്ങളും തീരുമാനിച്ചിരുന്നതു്. വസിഷ്ഠമുനിയുടെ അഭിപ്രായമനുസരിച്ചാണു് ദശരഥൻ പുത്രകാമേഷ്ടിയും അശ്വമേധവും നടത്തിയതു്. ദശരഥപുത്രന്മാരുടെ നാമകരണം, ഉപനയനം, വിദ്യാഭ്യാസം മുതലായ വകയെല്ലാം ഉള്ള ചുമതല സൂര്യവംശത്തിന്റെ കുലഗുരുവായ വസിഷ്ഠനായിരുന്നു. രാക്ഷസനിഗ്രഹത്തിനു സ്വയം കഴിവുള്ള വിശ്വാമിത്രൻ രാമലക്ഷ്മണന്മാരെ കൂട്ടുന്നതു് അവർക്കു ഗുണത്തിനായിട്ടാണെന്നു ദശരഥനെ സാന്ത്വനപ്പെടുത്തി അവരെ അയച്ചുകൊടുക്കുന്നതു വസിഷ്ഠോപദേശമനുസരിച്ചാണു്.

സീതാവിവാഹകാര്യമായി മിഥിലയിൽനിന്നു് ദൂതന്മാർ വന്നപ്പോഴും ദശരഥൻ വസിഷ്ഠനേയും വാമദേവനേയും വിളിച്ചാണു് പരിപാടികളും ഉറപ്പിച്ചതു്. വധൂവരന്മാരുടെ വംശചരിത്രവിവരണം ബന്ധുത ഉറപ്പിക്കുന്നതിനുമുൻപു് പതിവുള്ളതാണു്. വരപക്ഷത്തെ പുരോഹിതനായ വസിഷ്ഠനാണു് മഹാസദസ്സിൽവച്ചു് ബ്രഹ്മാവുമുതൽ ശ്രീരാമൻ വരെയുള്ള സൂര്യവംശചരിത്രം വിവരിച്ചതു്. വസിഷ്ഠനും വിശ്വാമിത്രനും ചേർന്നു സീതാരാമവിവാഹവേളയിൽ ആശീർവാദംനടത്തി.

ശ്രീരാമപട്ടാഭിഷേകം രാജസദസ്സു് അംഗീകരിച്ചപ്പോഴും അനന്തര നടപടികളെക്കുറിച്ചു് വസിഷ്ഠൻ നൽകിയ നിർദ്ദേശങ്ങളും വേദവാക്യംപോലെ ശ്രീരാമൻ സ്വീകരിച്ചു. വിപ്പിന്നാഭിഷേകഘട്ടത്തിൽ കൈകേയി ഭഞ്ജാവിനെ ധിക്കരിച്ചും സീതാരാമന്മാരോടു് നിർദ്ദയമായും സംസാരിച്ചപ്പോഴും ആത്മരോഷത്തോടെയാണു് വസിഷ്ഠമാമുനി കൈകേയിയെ ഭർത്സിച്ചതു്.

രാജ്യം അനാഥമായിത്തീർന്നപ്പോഴും ഭരതശത്രുഘ്നന്മാരെ വരുത്തുന്നതും, ആശ്വാസവചനങ്ങളും നൽകി അവരെക്കൊണ്ടു് പിതൃക്രിയകളും നടത്തിക്കുന്നതും വസിഷ്ഠനാണു്. ചിത്രകൂടത്തിൽവച്ചു് ഭരതൻ ശ്രീരാമനെക്കണ്ടു് അയോദ്ധ്യയിലേയ്ക്കു മടങ്ങാൻ പ്രേരിപ്പിക്കുപ്പോഴും, വസിഷ്ഠൻ സൂര്യവംശചരിത്രംതന്നെ വിവരിച്ചു്, കുലപാരമ്പര്യത്തിനു ചേർന്തല്ല മൂത്തപുത്രൻ രാജ്യം ഉപേക്ഷിക്കുന്നതെന്നു പറയുന്നുണ്ടു്. പിതാവിനോടു് സത്യംചെയ്ത താൻ സത്യവിരോധമായി ചെയ്യാൻ ആചാര്യൻ പറഞ്ഞാലും അനുസരിക്കുന്നതെങ്ങനെയാണു്? എന്നായിരുന്നു ശ്രീരാമന്റെ മറുപടി. രാവണവധാനന്തരമുള്ള ശ്രീരാമപട്ടാഭിഷേകാവസരത്തിലും കുലഗുരുവും പുരോഹിതനുമായ വസിഷ്ഠനെ നാം കണ്ടുമുട്ടുന്നുണ്ടു്.

ജ്ഞാനോദയം കൊണ്ടല്ലാതെ ദുഃഖശമനമുണ്ടാവില്ലെന്നു മനസ്സിലാക്കിയ ബ്രഹ്മാവു് ജ്ഞാനവിതരണത്തിനുള്ള ഉപാധിയെന്ന നിലയിലാണു് തന്നെ സൃഷ്ടിച്ചതെന്നു് ശ്രീരാമന്റെ ഒരു ചോദ്യത്തിനു് ഉത്തരമായി വസിഷ്ഠൻ പറയുന്നുണ്ടു്. വസിഷ്ഠനും ശ്രീരാമനും തമ്മിൽ——ഗുരുശിഷ്യന്മാർ തമ്മിൽ——നടക്കുന്ന സംഭാഷണമാണു് ജ്ഞാനവാസിഷ്ഠത്തിലെ പ്രതിപാദ്യം. പതിനെട്ടു ദിവസത്തെ ആശയ സംവാദത്തിനു ശേഷം ശ്രീരാമചന്ദ്രൻ വസിഷ്ഠനെ നമസ്കരിച്ചു പറഞ്ഞു——'മോഹാന്ധകാരത്തെ നീക്കിയ സൂര്യനായ ഭവാൻ എന്റെ അഭിവന്ദ്യ ഗുരുവാകുന്നു.'

വിശ്വാമിത്രൻ

വിശ്വത്തിനു മുഴുവൻ മിത്രമായവൻ എന്ന അർത്ഥത്തിലാണു് വിശ്വാമിത്രപദം വ്യാഖ്യാനിക്കേണ്ടതു്. എന്നാൽ സാധാരണക്കാരുടെ ഇടയിൽ

വിശ്വാമിത്രനെക്കുറിച്ച് പല തെറ്റായ ധാരണകളാണ് ഉള്ളത്. മേനകയെ കാമിച്ച് തപോവിഘ്നം വരുത്തിയവൻ, ഹരിശ്ചന്ദ്രനെക്കൊണ്ട് കളവു പറയിക്കാൻ പരിശ്രമിച്ച് പരാജിതനായവൻ, ത്രിശങ്കുസ്വർഗ്ഗത്തിന്റെ സൃഷ്ടാവ്—എന്നിങ്ങനെ പലതരം ധാരണകളായിരിക്കും വിശ്വാമിത്രപദം നമ്മിലുണ്ടാക്കുക.

ജനക്ഷേമതത്പരനായ ഒരു രാജാവായിരുന്നു വിശ്വാമിത്രൻ. ഒരിക്കൽ സൈന്യസമേതനായ വിശ്വാമിത്രനെ വിവേകസമ്പന്നമായ സദ്യനൽകി വസിഷ്ഠൻ സൽക്കരിച്ചു. വസിഷ്ഠന്റെ ഹോമധേനുവിന്റെ പ്രഭാവത്താലാണ് അതു സാധിച്ചതു്. വിശ്വാമിത്രൻ ആ വിശിഷ്ടധേനുവിനെ കിട്ടണമെന്നു ആവശ്യപ്പെട്ടു. വസിഷ്ഠൻ കാമധേനുവിനെ വിട്ടുകൊടുക്കാൻ തയ്യാറായില്ല. കോപാന്ധനായ വിശ്വാമിത്രൻ സൈന്യബലമുപയോഗിച്ച് കാമധേനുവിനെ പിടിച്ചുകെട്ടിക്കൊണ്ടു പോയി. വസിഷ്ഠൻ തപോബലത്താൽ കാമധേനു വേണ്ടത്ര സേനാബലം സൃഷ്ടിച്ച് വിശ്വാമിത്രനെ പരാജയപ്പെടുത്തി. 'ബ്രഹ്മതേജോബലം ബലം' എന്നു മനസ്സിലാക്കിയ വിശ്വാമിത്രൻ പുത്രന്മാരെ രാജ്യഭാരമേല്പിച്ച് ഹിമാലയത്തിലേക്കു തപസ്സിനായി പുറപ്പെട്ടു. ഉഗ്രതപസ്സുകൊണ്ട് ശിവനെ പ്രീണിപ്പിച്ച് ധനുർവേദരഹസ്യവും അസ്ത്രശസ്ത്രാദികളുടെ പ്രയോഗവും സ്വായത്തമാക്കി.

അതോടെ വിശ്വാമിത്രനും വസിഷ്ഠനും ബ്രാഹ്മണക്ഷത്രിയ ശക്തികളുടെ പ്രതിപുരുഷന്മാരായിത്തീർന്നു. അക്കാലത്തു ഉടലോടെ സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിച്ച ത്രിശങ്കുരാജാവ് വസിഷ്ഠപുത്രന്മാരുടെ ശാപത്താൽ ചണ്ഡാലനായിത്തീർന്നു. വസിഷ്ഠനാൽ തിരസ്കരിക്കപ്പെട്ട ത്രിശങ്കുവിനെ വിശ്വാമിത്രൻ സ്വർഗ്ഗത്തിലേക്ക് അയച്ചെങ്കിലും അവിടെ സ്വീകരണം ലഭിക്കാതെ വന്നപ്പോൾ, പുതിയൊരു സ്വർഗ്ഗം സൃഷ്ടിച്ചതാണ് ത്രിശങ്കുസ്വർഗ്ഗം.

രാമായണത്തിൽ യാഗരക്ഷയ്ക്കായി ദശരഥചക്രവർത്തിയെ സമീപിച്ച രാമലക്ഷ്മണന്മാരെ ഏറ്റുവാങ്ങുന്നതുതൊട്ട് സീതാവിവാഹം കഴിഞ്ഞു് അയോധ്യയിലേക്കു പുറപ്പെടുന്നതുവരെ വിശ്വാമിത്രൻ അനുഷ്ഠിച്ച കർമ്മങ്ങൾ സുപ്രധാനങ്ങളാണ് രാമലക്ഷ്മണന്മാർക്ക് ദിവ്യമന്ത്രങ്ങൾ ഉപദേശിച്ചു. അസ്ത്രപ്രയോഗത്തിൽ പരിശീലനം നൽകി. മിഥിലയിൽവച്ച് സീതാവിവാഹം നടന്നശേഷം വിശ്വാമിത്രൻ ഹിമാലയത്തിലേക്കു തപസ്സിനു പോകുന്നതായിട്ടാണ് കാണുന്നതു്.

ബാലകാണ്ഡം 32—ാം സർഗത്തിൽ വിശ്വാമിത്രൻ സ്വന്തം വംശചരിത്രം രാമനു വിവരിച്ചുകൊടുക്കുന്നുണ്ട്. ബ്രഹ്മപുത്രനായ കുശനാഭന്റെ പുത്രനാണ് ഗാധി. പരമധർമ്മിഷ്ഠനായ ഗാധിയുടെ പുത്രനാണ് വിശ്വാമിത്രൻ. കൗശികനദിയായി പ്രവഹിക്കുന്നതു വിശ്വാമിത്രന്റെ ജ്യേഷ്ഠസഹോദരിയായ സത്യവതിയാണ്. സ്വവംശകഥ മാത്രമല്ല, ഭഗീരഥന്റെ ചരിത്രം, ഗംഗാവതരണം, കുമാരസംഭവം, പാലാഴിമഥനം തുടങ്ങിയ നിരവധി പുരാണകഥകളിൽ രാജകുമാരന്മാർക്കു താത്പര്യമുണ്ടാക്കാൻ വിശ്വാമിത്രനു കഴിഞ്ഞു. ചുരുക്കത്തിൽ തീരാശ്രമങ്ങളുടേയും ധീരതയുടേയും നിദർശനമാണ് വിശ്വാമിത്രൻ.

ഭരദ്വാജൻ

സീതാസമേതരായ രാമലക്ഷ്മണന്മാർ പ്രയാഗയെ ലക്ഷ്യമാക്കി സഞ്ചരിക്കുമ്പോഴാണ് ഭരദ്വാജാശ്രമം കാണുന്നതു്. ലക്ഷ്മണൻ തങ്ങളാരെന്നു മഹർഷിയെ പരിചയപ്പെടുത്തി. മഹർഷി അവരെ യഥാവിധി സല്ക്കരിച്ചു. ഒരു പകലും ഒരു രാത്രിയും ഭരദ്വാജാശ്രമത്തിൽ തങ്ങിയശേഷം, അടുത്ത താവളം ചിത്രകൂടമാകുന്നതു എന്തുകൊണ്ടും ഉചിതമാണെന്നുള്ള

ഭരദ്വാജവചനമനുസരിച്ചാണ് രാമാദികളും അങ്ങോട്ടുപോകുന്നത്. പിതാവു് പുത്രന്മാരെയെന്നപോലെ മഹർഷി അവരെ ഏതാനും ദൂരം അനുയാത്രചെയ്തു ആശീർവദിച്ചു

ശ്രീരാമനെ തിരിച്ചുകൊണ്ടു വരാനായിപോകുന്ന ഭരതൻ വസിഷ്ഠാദികളെ മുൻനിറുത്തി ഭരദ്വാജാശ്രമത്തിൽ പ്രവേശിക്കുന്നുണ്ടു്. വസിഷ്ഠനെ കണ്ടയുടൻ എഴുന്നേറ്റു് അർഘ്യപാദ്യാദികളും അപ്പിക്കാൻ ശിഷ്യന്മാർക്കു് ആജ്ഞകൊടുത്തു. സൈന്യത്തിന്റെ സ്ഥിതി, ധനശേഷി, ബന്ധുക്കളുടേയും മന്ത്രിമാരുടേയും പ്രതികരണം തുടങ്ങിയ വിവരങ്ങളെല്ലാം മഹർഷി ഭരതനോടു് ആരാഞ്ഞറിഞ്ഞു മഹർഷിയുടെ തപശ്ശക്തികൊണ്ടു് ഗംഭീരമായ സദ്യതന്നെ ഭരതന്റെ ആഗമനം പ്രമാണിച്ചു് അവിടെ ഒരുക്കപ്പെട്ടു. ഭരതൻ യാത്രയാകുമ്പോൾ ശ്രീരാമന്റെ താവളത്തെക്കുറിച്ചുള്ള വിവരം ഭരദ്വാജൻ നൽകുന്നുണ്ടു്.

രാവണവധാനന്തരമുള്ള മടക്കയാത്രയിൽ പുഷ്പകവിമാനം ഭരദ്വാജാശ്രമപ്പടിക്കൽ നിലത്തിറങ്ങുന്നുണ്ടു്. ശ്രീരാമൻ മഹർഷിയെ കണ്ടു് നഗരത്തിലെ സ്ഥിതിയെപ്പറ്റിയെല്ലാം അന്വേഷിച്ചു. ആ പഞ്ചമിദിവസം വനവാസത്തിന്റെ പതിന്നാലാം സംവത്സരം പൂർത്തിയാകുന്നതുകൊണ്ടു് ശൃംഗവേരപുരത്തിൽ ഗുഹനേയും, നന്ദിഗ്രാമത്തിൽ ഭരതനേയും കണ്ടു് വിവരമറിയിക്കുവാൻ ശ്രീരാമൻ മുൻകൂട്ടി ഹനുമാനെ അയക്കുന്നതു ഭരദ്വാജാശ്രമത്തിൽ വച്ചാണു്. ഹനുമാൻ തിരിച്ചു വരുന്നതിനുമുൻപു് ശ്രീരാമൻ ഭരദ്വാജാശ്രമം വിട്ടിരുന്നുണ്ടു്.

അഷ്ടൈശ്വര്യ സിദ്ധികളും സ്വായത്തമായിരുന്നിട്ടും തപോനിരതമായ ഏകാന്തജീവിതം നയിച്ച ഭരദ്വാജൻ ധന്യധന്യനാണു്.

അഗസ്ത്യൻ

രാമായണം ആരണ്യകാണ്ഡത്തിലാണു് അഗസ്ത്യൻ ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. അഗസ്ത്യമുനിയുടെ ആസ്ഥാനത്തെക്കുറിച്ചു് ശ്രീരാമൻ മനസ്സിലാക്കുന്നതു സുതീക്ഷ്ണമുനിയിൽ നിന്നാണു്. പൂവും കായും നിറഞ്ഞു് കുനിഞ്ഞുചാഞ്ഞ മരങ്ങളും, തിപ്പലിയുടെ സുഗന്ധം വഹിക്കുന്ന കാറ്റും, കാർമേഘത്തിന്റെ അഗ്രംപോലെ ചുഴലവും വ്യാപിച്ചിട്ടുള്ള ഹോമധൂമവും കൊണ്ടു് ശ്രീരാമനു് അഗസ്ത്യാശ്രമം തിരിച്ചറിയുവാൻ ക്ലേശമുണ്ടായില്ല.

ബ്രാഹ്മണരെ ചതിച്ചുകൊല്ലുക നിത്യവിനോദമാക്കിയിരുന്ന ഇലലനും വാതാപിയും പാർത്തിരുന്നതു ഈ പരിസരത്തായിരുന്നു. മായാവികളായ അവർ ബ്രാഹ്മണവേഷം ധരിച്ചു് ശ്രാദ്ധമൂട്ടുവാനായി ബ്രാഹ്മണരെ വീട്ടിലേക്കു ക്ഷണിച്ചു വരുത്തും. ശ്രാദ്ധത്തിനുള്ള ഭക്ഷണം അജരുപത്തിലുള്ള വാതാപിയുടെ ശരീരമായിരിക്കും. ഭക്ഷണം കഴിച്ചുകഴിയുമ്പോൾ ഇലലൻ 'വാതാപി പുറത്തു വാ' എന്നു വിളിച്ചുപറയും. ബ്രാഹ്മണന്റെ വയറു കീറി അജരുപത്തിൽ വാതാപി പുറത്തുവരും. അങ്ങനെ ജ്യേഷ്ഠാനുജന്മാർ ഊട്ടിയ ശ്രാദ്ധത്തിനും കൊന്ന ബ്രാഹ്മണർക്കും കണക്കില്ലായിരുന്നു.

ഒരു ദിവസം അവർ അഗസ്ത്യനേയും ശ്രാദ്ധത്തിനു ക്ഷണിച്ചു. അഗസ്ത്യൻ ഭക്ഷണം കഴിക്കുമ്പോൾ ദഹനമന്ത്രം ജപിച്ചിരുന്നു. വാതാപിയെ ഇലലൻ വിളിച്ചപ്പോൾ അഗസ്ത്യന്റെ ജഠരാഗ്നിയിൽ വാതാപി ദഹിച്ചു കഴിഞ്ഞിരുന്നു. കോപിഷ്ഠനായ ഇലലൻ അഗസ്ത്യനെ ആക്രമിക്കാൻ ഒരുങ്ങിയപ്പോൾ, ആ ദ്രുഷീശ്വരന്റെ കോപാഗ്നിയിൽ അസുരൻ ചാമ്പലായി. ആ സ്ഥലത്താണു് അഗസ്ത്യമഹർഷി തന്റെ പ്രശാന്തമായ ആശ്രമം സ്ഥാപിച്ചതു്.

ശ്രീരാമൻ അഗസ്ത്യപാദങ്ങളും തൊട്ടു നമസ്കരിച്ചു. നമസ്കരിച്ചെഴുന്നേറ്റ ശ്രീരാമനും ലക്ഷ്മണനും സീതയ്ക്കും അഗസ്ത്യൻ അർഘ്യദാനം

ചെയ്തു. ഭോജനം നൽകി. മുനിശ്രേഷ്ഠൻ ഇരുന്ന ശേഷമാണു് അഞ്ജലി ബദ്ധനായി ശ്രീരാമൻ ഇരുന്നതു്. ദിവ്യാസ്ത്രദാനം എന്ന വിശേഷ കർമ്മത്തിനുശേഷം അഗസ്ത്യൻ ശ്രീരാമനു വിജയമാശംസിച്ചു് കൃതകൃത്യത പൂണ്ടു. സീതയെ മുൻനിറുത്തി ഒരു സ്ത്രീധർമ്മപ്രഭാഷണവും ഈ അവസരത്തിൽ മഹർഷി ചെയ്യുന്നുണ്ടു്.

വിന്ധ്യനെ അടിച്ചമർത്തിയതും തമിഴിനു് ആദ്യമായി വ്യാകരണം രചിച്ചതും അഗസ്ത്യനാണു്. അദ്ദേഹത്തെ ഒരു ദാക്ഷിണാത്യനായിട്ടാണു് കരുതപ്പെടുന്നതു്. രാമരാവണയുദ്ധത്തിൽ തളർച്ചപററിനിന്ന ശ്രീരാമനു് യുദ്ധാവസരത്തിൽ ആദിത്യഹൃദയം എന്ന മഹാമന്ത്രം ഉപദേശിച്ചതു് അഗസ്ത്യനാണു്. ഏതാണ്ടു് ഒരു സർഗംതന്നെ ആദിത്യഹൃദയമന്ത്രത്തിനും അതിന്റെ മാഹാത്മ്യവർണ്ണനക്കുമായി വാല്മീകിമഹർഷി വിനിയോഗിച്ചിട്ടുണ്ടു്.

ജാബാലി

നിരീശ്വരവാദിയായ ഒരു മഹർഷിയാണു് ജാബാലി. ശ്രീരാമനെ വാനവാസത്തിൽനിന്നു പിന്തിരിപ്പിക്കാൻ ഭരതന്റെ കൂടെ ജാബാലിയും പോകുന്നുണ്ടു്. വസിഷ്ഠനും ജാബാലിയും തമ്മിൽ അഭിപ്രായൈക്യം ഇല്ലായിരുന്നെങ്കിലും പരസ്പരധാരണയും ബഹുമാനവും അവർ നിലനിത്തി എന്നതു് എത്രയും രസകരമായി തോന്നുന്നു. ഹിന്ദുധർമ്മത്തിൽ വിശുദ്ധവും വിശാലവുമായ അഭിപ്രായസഹിഷ്ണുത ഉണ്ടായിരുന്നുവെന്നതിനു് ജാബാലി വസിഷ്ഠന്മാരുടെ സൗഹാർദ്ദപരമായ സന്നിധാനം ഒന്നു മതി തെളിവിനായിട്ടു്.

വാല്മീകിരാമായണം അയോദ്ധ്യാകാണ്ഡം 108—ാം അധ്യായത്തിൽ ഭരതൻ പല ന്യായവാദങ്ങളും മുന്നോട്ടുവച്ചിട്ടും അവയെ ഖണ്ഡിക്കുന്ന പ്രത്യുത്തരങ്ങളും ശ്രീരാമൻ നിരത്തിവച്ചു. അപ്പോഴാ ജാബാലി മുന്നോട്ടുവന്നു് ശ്രീരാമനോടു് നിരീശ്വരത്വം പ്രസംഗിക്കുന്ന ഒരു സന്ദർഭം രാമായണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

നിരീശ്വരത്വത്തെക്കുറിച്ചുള്ള ആദ്യപ്രസ്താവം കാണുന്നതു് ചാർവാകമതത്തിലാണു്. ചാർവാകമതത്തിന്റെ അടിസ്ഥാനപ്രമാണം ബൃഹസ്പതിസൂത്രങ്ങളാണു്. സർവദർശനസംഗ്രഹം എന്ന ഗ്രന്ഥത്തിൽ ആ സൂത്രങ്ങളെക്കുറിച്ചുള്ള വിവരണമുണ്ടു്—ആത്മാവു് ദേഹം മാത്രമാണു്. ദൈവം എന്നൊന്നില്ല. ദേഹം പഞ്ചഭൂതാത്മകമാണു്. ദേഹം നശിക്കുമ്പോൾ അതു പഞ്ചഭൂതങ്ങളിൽ ലയിക്കുകയാണു്. ഭൂതങ്ങളുടെ സംയോഗത്തിൽ വന്നുഭേദങ്ങളും ഭേദാവസ്ഥയും ഉണ്ടാകുന്നു. മരണാനന്തരം ആ ബോധമോ പ്രജ്ഞയോ ഒന്നും അവശേഷിക്കുന്നില്ല. ഇന്ദ്രിയസുഖാനുഭവംതന്നെ ജീവിതോദ്ദേശ്യം. അതു ദുഃഖസമ്മിശ്രമല്ല. ശരീരലയത്തിൽ കവിഞ്ഞ ഒരു മോക്ഷവുമില്ല.

ജാബാലി ശ്രീരാമനോടു് ധർമ്മവിരുദ്ധമായ വാക്യത്തെ പറഞ്ഞു എന്നാണു് വാല്മീകിയുടെ മുഖവുര. എന്നാലും അദ്ദേഹത്തെ ബ്രാഹ്മണോത്തമൻ എന്നു ശ്ലാഘിക്കുകയും ചെയ്യുന്നുണ്ടു്. ജാബാലിയുടെ വാദത്തെ പൂത്തേഴത്തു രാമൻമേനോൻ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു.

'അല്ലയോ ശ്രീ രാഘവ! ദേശാചാരതത്പരനും കുലധർമ്മനിഷ്ഠനുമായ അങ്ങേയ്ക്കു് കേവലം പാമരോചിതമായ ചിന്തകളും അനുവദനീയമല്ല. ഏതു മനുഷ്യനു് ആരാണു് ബന്ധു? അങ്ങനെ ഒന്നുണ്ടോ? ജീവൻ ഏകനായിട്ടു ജനിക്കുന്നു; ഏകനായിട്ടുതന്നെ മരിക്കുന്നു. ആരെങ്കിലും അമ്മ എന്നോ അച്ഛൻ എന്നോ ഉള്ള വല്ല പാശത്താലും ബദ്ധനാണെന്നു വിചാരി

വെങ്കിൽ, അവനെ ഭ്രാന്തൻ എന്നു പറയണം. ഒരാൾ ഒരു ഗ്രാമത്തിൽനിന്നു് മറ്റൊരു ഗ്രാമത്തിലേയ്ക്കു പോകുമ്പോൾ, വല്ല സ്ഥലത്തും രാത്രി കഴിച്ചു കൂട്ടുന്നു. പിറേന്നു് അവിടം വിട്ടു പോകുന്നു. വീടെന്നും നാടെന്നും മാതാവെന്നും പിതാവെന്നും വസ്തുവെന്നും സ്വത്തെന്നും മറ്റുമുള്ള കാര്യമോർത്തു് ബുദ്ധിമാന്മാർ ആസക്തരാകാറില്ല.

കഃ കസ്യ പുരുഷോ ബന്ധുഃ കിം കാര്യം
കസ്യകേനചിത്
യദേകോ ജായതേ ജന്തുരേക ഏവ വിനശ്യതി
തസ്മാന്മാതാ പിതാ ചേതി രാമ സജ്ജേത യോ നരഃ
ഉന്മത്ത ഇവ സജ്ഞേയോ നാസ്തി കശ്ചിദ്ധി കസ്യചിത്
യഥാഗ്രാമാന്തരം ഗച്ഛന്നരഃ കശ്ചിത് കുയിദ്വസേത്
ഉത്സൃജ്യ ച തമാവാസം പ്രതിഷ്ഠേതാപരേഽഹനി
ഏവമേവ മനുഷ്യാണാം പിതാ മാതാ ഗൃഹം വസു
ആവാസമാത്രം കാകുസ്ഥ സജ്ജന്തേ നാത്ര സജ്ജനാഃ

അങ്ങു് പിതാവിൽനിന്നു ലഭിച്ച രാജ്യം ഉപേക്ഷിച്ചു് ഈ വിധ്വംസനം തുടരുന്നതു് യുക്തമല്ല. ഇതു ദുഃഖമയവും ക്ലേശകരവുമായ വക്രമാർഗ്ഗമാണു്. അയോധ്യയിലെ രാജലക്ഷ്മി അങ്ങയെത്തന്നെ കാത്തുകൊണ്ടിരിക്കുന്നു. ദശരഥൻതന്നെ ഇല്ലാത്ത സ്ഥിതിക്കു് ദശരഥൻ പിതാവു് എന്നു ചിന്തിച്ചു് വ്യസനിക്കുന്നതു ബുദ്ധിശൂന്യതയാണു്. അങ്ങു് അയോധ്യയിൽച്ചെന്നു് രാജാവായി സസുഖം വസിച്ചാലും.

ഇത്രയും ശക്തിയായി വാദിച്ച ജാബാലിയെ ശ്രീരാമൻ നിന്ദിക്കുവടിയെന്നാണു് സംബോധനചെയ്തതു്. പ്രതിപക്ഷബഹുമാനത്തിനു ശ്രീരാമൻ മാതൃകയായിരുന്നുവെന്നു് ജാബാലിയെ ശ്ലാഘിച്ചതിൽനിന്നു വെളിവാകുന്നു.

വിശാലവും ധൈഷണികവുമായ ഒരു സംസ്കാരത്തെയാണു് വാല്മീകി രാമായണം മഹർഷിമാർ വഴി നമുക്കു് ഏല്പിച്ചതന്നിരിക്കുന്നതു്.

പൂർവം രാമ തപോവനാനി ഗമനം ഹത്വാമൃഗം കാഞ്ചനം
വൈദേഹിഹരണം ജടായുമരണം സുഗ്രീവസംഭാഷണം
ബാലിനിഗ്രഹണം സമുദ്രതരണം ലങ്കാപുരീദാഹനം
പശ്ചാദ്രാവണ കുംഭകർണ്ണനിധനം ഏതദ്ധി രാമായണം.

വാമേഭ്രമിസുതാ പുരസ്സ ഹനുമാൻ
പശ്ചാത് സുമിത്രാ സുതഃ
ശത്രുഘ്നോ ഭരതശ്ച പാർശ്വദളയോർ
വായ്വാദി കോണേഷു ച
സുഗ്രീവശ്ച വിഭീഷണശ്ച യുവരാട്
താരസുതോ ജാംബവാൻ
മദ്ധ്യേ നീല സരോളകോമളരുചിം
രാമം ഭജേ ശ്യാമളം


കേരളസാഹിത്യ അക്കാദമി


കേരളസാഹിത്യ അക്കാദമി



രാമകഥ

മലയാളത്തിൽ